


# ഗുരുപ്രഭാവം

**Course Code: SGB24ML202ME**

Major Discipline Specific Elective

Malayalam Language and Literature (Honours)

Self Learning Material


SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala


SGOU

# SREENARAYANAGURU OPEN UNIVERSITY

SGOU

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# ഗുരുപ്രഭാവം

## Course Code: SGB24ML202ME

## Semester- IV

SGOU

## Four Year Undergraduate Programme
## Malayalam Language and Literature (Honours)
## Major Course
## Self Learning Material
## (with Model question paper sets)

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

SREENARAYANAGURU OPEN UNIVERSITY

# ഗുരുപ്രഭാവം

Course Code: SGB24ML 202ME
Semester- IV
Major Course
BA Malayalam Language and Literature (Honours)

**Academic Committee**

Dr. T. K. Manoj
Dr. Smitha Dharan,
Dr. Satheesh S.
Dr. Vinod Chandra S.S.
Dr. Hari V. S.
Dr. Sharon Susan Jacob
Dr. Ajith Kumar R.
Dr. Smiju I.S.
Dr. Nimitha Aboobaker

**Development of the Content**

Dr. Deepam S.
Prof. Asha G.
Smija P.M.
Dr. Krishnamoorthy M.V.

**Review and Edit**

Prof. Asha G.

**Linguistics**

Prof. Reghunathan Pillai G.

**Scrutiny**

Dr. Thara S.S.,
Dr. Deepam S.
Aswani A.P.
Dr. Deepthi V.S,
Dr. Lathika A.C.

**Design Control**

Azeem Babu T.A.

**Cover Design**

Jobin J.

**Co-ordination**

**Director, MDDC :**
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.

Scan this QR Code for reading the SLM on a digital device.

**Edition**
January 2025

**Reprint**
December 2025

**Copyright**
© Sreenarayanaguru Open University

ISBN 978-81-996171-6-2

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear learner,

It is with great pleasure that I welcome you to the Four Year UG Malayalam Language and Literature Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The Four Year UG Malayalam Language and Literature Programme covers all relevant areas aligned with Malayalam language and literary studies. We have incorporated the latest trends in Malayalam studies to ensure a comprehensive and up-to-date curriculum. Moreover, the programme encompasses flexible options for learners to choose from a range of Ability Enhancement Courses, Multi-disciplinary Courses, Value Added Courses, and Skill Enhancement Courses, complemented by discipline-oriented Advanced and Additional Advanced Courses.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, overcoming the limitations often associated with distance education. We are confident that this programme will enhance your understanding of Malayalam language and literature, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme. We wish you success in your academic journey with Sreenarayanaguru Open University.

SGOU

Regards,
Dr. Jagathy Raj V. P.

01-12-2025

# Contents


| | | |
|---|---|---|
| **BLOCK 1** | **പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം** | **1** |
| | യൂണിറ്റ് 1 പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം | 2 |
| **BLOCK 2** | **ശ്രീനാരായണ ഗുരുവിന്റെ ജീവിതഘട്ടങ്ങൾ, ആശയപോരാട്ടങ്ങൾ** | **18** |
| | യൂണിറ്റ് 1 ശ്രീനാരായണ ഗുരുവിന്റെ ജീവിതഘട്ടങ്ങൾ, ആശയപോരാട്ടങ്ങൾ | 19 |
| **BLOCK 3** | **ആശയപോരാട്ടങ്ങളുടെ ചരിത്രഘട്ടം** | **35** |
| | യൂണിറ്റ് 1 സവർണ പ്രത്യയശാസ്ത്ര വിരുദ്ധമായ ആശയപോരാട്ടങ്ങൾ | 36 |
| **BLOCK 4** | **ശ്രീനാരായണഗുരുവും സമകാലിക നവോത്ഥാനനായകരും** | **49** |
| | യൂണിറ്റ് 1 ശ്രീനാരായണഗുരുവും സമകാലിക നവോത്ഥാനനായകരും | 50 |
| **BLOCK 5** | **ശ്രീനാരായണഗുരുവിന്റെ സാഹിതീയസംഭാവനകൾ** | **77** |
| | യൂണിറ്റ് 1 ശ്രീനാരായണഗുരുവിന്റെ സാഹിതീയസംഭാവനകൾ | 78 |
| **BLOCK 6** | **ശ്രീനാരായണഗുരുവും കേരളത്തിന്റെ ആധുനീകരണവും** | **112** |
| | യൂണിറ്റ് 1 ശ്രീനാരായണഗുരുവും കേരളത്തിന്റെ ആധുനീകരണവും | 113 |
| | **Model Question Paper Sets** | **124** |


SGOU

# BLOCK - 1

# പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം

SGOU

BLOCK - 1

# യൂണിറ്റ് 1 പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം

## Learning Outcomes

- പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിലെ സാമൂഹിക ജീവിതത്തെപ്പറ്റി അറിയുന്നു
- കേരളത്തിൽ നിലനിന്ന ആദ്യകാല ജാതിവ്യവസ്ഥയെപ്പറ്റി അറിയുന്നു
- കേരളത്തിൽ ഉടലെടുത്ത അയിത്തോച്ചാടന ജാതിവിരുദ്ധസമരങ്ങളെപ്പറ്റി ഗ്രഹിക്കുന്നു
- നവോത്ഥാനനായകരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഗ്രഹിക്കുന്നു

## Prerequisite

നവമായ ഉത്ഥാനം അഥവാ പുതിയ ഉയിർത്തെഴുന്നേൽപ്പ് എന്നാണ് നവോത്ഥാനം എന്ന പദം അർഥമാക്കുന്നത്. നിയതമായ ഒരു കാലഗണനയ്ക്കുള്ളിൽ നിൽക്കുന്ന ഒന്നല്ല നവോത്ഥാനം. ഒരു ചെറിയ തീപ്പൊരി നീറി നീറി എങ്ങനെ ഒരു ജ്വാലയായി പ്രശോഭിക്കുന്നുവോ അങ്ങനെ വൃദ്ധിപ്രാപിക്കുന്ന ഒരു പ്രക്രിയയാണ് നവോത്ഥാനം. ഏറ്റവും മഹത്തായ പുരോഗമന വിപ്ലവം എന്നാണ് പ്രശസ്ത മാർക്സിയൻ ചിന്തകനായ ഫ്രെഡറിക് ഏംഗൽസ് നവോത്ഥാനത്തെ വിശേഷിപ്പിക്കുന്നത്. മനുഷ്യന് സ്വയം മാറാനും മറ്റെല്ലാറ്റിനെയും മാറ്റിമറിക്കാനുമുള്ള വാസന നൈസർഗികമായിട്ടുണ്ട്. മനുഷ്യനിലുണ്ടായ ബാഹ്യവും ആഭ്യന്തരവുമായ ഒരു പരിവർത്തന പ്രക്രിയയാണ് നവോത്ഥാനം. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ മേഖലകളിൽ അതുവരെ ഉണ്ടായിട്ടില്ലാത്ത ഒരുമാറ്റം ഉണ്ടാക്കുന്നതിന് അതിന് കഴിഞ്ഞു. പല നാടുകളിലും പല കാലങ്ങളിലുമായാണ് നവോത്ഥാനം അരങ്ങേറിയത്. പ്രശസ്ത ഇറ്റാലിയൻ കവി ദാന്തെ അലിഗിരിയുടെ 'ഡിവൈൻ കോമഡി' എന്ന പ്രശസ്തകാവ്യം യൂറോപ്യൻ നവോത്ഥാനത്തിന്റെ തുടക്കം കുറിച്ചുവെന്ന് കരുതുന്നു.

ഇന്ത്യൻ നവോത്ഥാനത്തിന്റെ ശില്പിയായി ചരിത്രം രേഖപ്പെടുത്തുന്നത് രാജാറാം മോഹൻറോയിയെയാണ്. ഭാരതത്തിലെ പൗരാണിക മൂല്യങ്ങളിലും സാംസ്കാരികസത്തയിലും അടിയുറച്ചതായിരുന്നു രാജാറാംമോഹൻറോയ് ഉൾപ്പെടെയുള്ള ആദ്യകാല നവോത്ഥാന നായകന്മാരുടെ പ്രവർത്തനങ്ങൾ. രാജാറാംമോഹൻറോയിക്ക് ശേഷം വന്ന കേശവചന്ദ്ര സെൻ, ഈശ്വരചന്ദ്രവിദ്യാസാഗർ, ശ്രീരാമകൃഷ്ണ പരമഹംസൻ, വിവേകാനന്ദ സ്വാമികൾ, ദയാനന്ദ സരസ്വതി, ജ്യോതിറാവുഫുലെ തുടങ്ങിയ വിപ്ലവകാരികൾക്ക് വടക്കേ ഇന്ത്യയിലെ നവോത്ഥാനപ്രക്രിയകളെ ഏകോപിപ്പിച്ച് പൂർണ്ണവിജയത്തിലെത്തിക്കാൻ കഴിഞ്ഞില്ല. ഇവിടെയാണ് സാമൂഹിക നവോത്ഥാനത്തിൽ കേരളം കൈവരിച്ച വിജയത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നത്. അയ്യാ വൈകുണ്ഠസ്വാമികൾ (1809-1851) തുടങ്ങിവെച്ച കേരള നവോത്ഥാനം ആറാട്ടുപുഴ വേലായുധപണിക്കരിലൂടെ ചട്ടമ്പിസ്വാമികളിലൂടെ ശ്രീനാരായണഗുരുവിലൂടെ വളർന്നു വികസിച്ചു. നവോത്ഥാന പ്രക്രിയയിൽ ശ്രീനാരായണഗുരു മാറ്റത്തി

SGOU

ന്റെ മഹാപ്രപഞ്ചം തന്നെയാണ് സൃഷ്ടിച്ചത്. തുടർന്ന് ഡോ. പല്പു, അയ്യൻകാളി, സഹോദരൻ അയ്യപ്പൻ, ടി.കെ. മാധവൻ, പൊയ്കയിൽ അപ്പച്ചൻ, വാഗ്ഭടാനന്ദൻ, വി.ടി. ഭട്ടതിരിപ്പാട്, കേളപ്പൻ, മുഹമ്മദ് അബ്ദുൽ റഹ്മാൻ, വക്കം അബ്ദുൽ ഖാദർ മൗലവി, മന്നത്ത് പത്മനാഭൻ, എ.കെ.ജി, ഇ.എം.എസ്., ദാക്ഷായണി വേലായുധൻ, ആനിമസ്ക്രീൻ, കെ. ചിന്നമ്മ, എ.വി. കുട്ടിമാളുവമ്മ, അന്നാചാണ്ടി, അക്കമ്മ ചെറിയാൻ, ആര്യാപള്ളം, പാർവതി നെന്മിനിമംഗലം എന്നിങ്ങനെ ഒരു നീണ്ട നിരതന്നെ സാമൂഹിക പരിഷ്കരണരംഗത്ത് അണിനിരക്കുന്നുണ്ട്. കേരളത്തിലേതുപോലെ ചടുലവും വേഗവും ഏറിയ നവോത്ഥാനം ഇന്ത്യയിൽ ഒരിടത്തും സംഭവിച്ചിട്ടില്ല. അതിന് പ്രധാന കാരണം ശ്രീനാരായണഗുരുവിന്റെ ക്രാന്തദർശിത്വത്തോടുകൂടിയുള്ള പ്രവർത്തനമാണ്.


## Keywords

19 -ാം നൂറ്റാണ്ട് - കേരളം - സാമൂഹിക ജീവിതം - ജാതിവ്യവസ്ഥ - പരിഷ്കരണ ചിന്തകൾ - കേരളീയനവോത്ഥാനം - ജാതി വിരുദ്ധസമരങ്ങൾ - നവോത്ഥാന നായകർ - ബ്രിട്ടീഷ് സ്വാധീനം - ക്രിസ്ത്യൻ മിഷണറിമാർ


## Discussion

### 1.1.1 പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയാന്തരീക്ഷം സാമൂഹിക സ്വാതന്ത്ര്യത്തിലും സമത്വത്തിലും പൂർണ്ണമായ ദൃഢത കൈവരിച്ചിരുന്നില്ല. അതിനു കാരണം ഇവിടെ നിലനിന്നിരുന്ന അതിരൂക്ഷമായ ജാതിവ്യവസ്ഥയും അതിനോടനുബന്ധിച്ച് സംഭവിച്ച സാമൂഹിക പ്രശ്നങ്ങളുമായിരുന്നു. ജാതിപിശാചിന്റെ പ്രകടമായ കാർന്ന് തിന്നൽ അന്നത്തെ കേരളീയ സമൂഹത്തെ മുഴുവനായി ബാധിച്ചിരുന്നു. ബ്രിട്ടീഷുകാർ സ്വന്തം താല്പര്യങ്ങളെ സംരക്ഷിക്കുന്നതിന് മാടമ്പിമാരേയും പ്രഭുക്കന്മാരേയും പിന്തുണച്ചതും ഈ സ്ഥിതിഗതികളെ കൂടുതൽ വഷളാക്കി. ഏകീകൃതമായ ഒരു നിയമം അന്നത്തെ കേരളീയാന്തരീക്ഷത്തിൽ സാധ്യമായിരുന്നില്ല. സമൂഹത്തിലെ ഉന്നതരെന്ന് മുദ്രകുത്തപ്പെട്ടവർ ഭൂനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു. കഠിനശിക്ഷ താഴ്ന്നവർക്കു മാത്രം നൽകുക, അക്കാലത്തെ രീതിയായിരുന്നു. അടിമ സമ്പ്രദായം ഈ നൂറ്റാണ്ടിൽ നിലനിന്നിരുന്ന മറ്റൊരു പ്രാകൃതാചാരമായിരുന്നു. ജീവിക്കുവാനുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുടെ ദുഃഖങ്ങളും ദുരിതങ്ങളും അക്കാലത്തെ സാധാരണ ജീവിതത്തെ കൂടുതൽ കഠിനമാക്കി തീർത്തു. എന്നാൽ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ ബ്രിട്ടീഷുകാരും ഭാരതീയരുമായ ഭരണകർത്താക്കളും സ്വതന്ത്രമായ ചിന്താപദ്ധതിയിൽ പ്രചോദിതരായി തീർന്നു. ഇതോടെ ഒട്ടേറെ പരിഷ്കാരങ്ങൾ അന്നത്തെ സമൂഹത്തിൽ നടപ്പിലാക്കുവാൻ തുടങ്ങി. അടിമ സമ്പ്രദായം നിർത്തലാക്കിയത് ഇക്കാലത്തെ ഏറ്റവും വലിയ സാമൂഹിക പുരോഗതിയായി വിലയിരുത്താവുന്നതാണ്. ഭരണസമ്പ്രദായത്തിന്റെ മൊത്തത്തിലുള്ള അഴിച്ചുപണി മറ്റൊരു സാമൂഹിക മുന്നേറ്റമായിരുന്നു. നീതിന്യായ സംവിധാനത്തിൽ പാശ്ചാത്യരീതി പിന്തുടർന്നതും പടിഞ്ഞാറൻ നിയമസംഹിതകളെ മാതൃകയാക്കി നിർമ്മിച്ച പുതിയ നിയമസംഹിതകൾ രൂപം കൊണ്ടതുമൊക്കെ ഇക്കാലയളവിലെ നവോത്ഥാന മുന്നേറ്റങ്ങളായിരുന്നു.

കേരളീയ നവോത്ഥാനത്തിന് കൃത്യമായ ഒരു വർഷഗണന കല്പിക്കുന്നതിന് പ്രസക്തിയില്ല. എങ്കിലും 19-ാം നൂറ്റാണ്ടിന്റെ തുടക്കം മുതലാണ് സ്പഷ്ടമായ രീതിയിലുള്ള സാമൂഹിക ചലനങ്ങൾ കേരളീയ പൊതുജീവിതത്തിൽ സംഭവിച്ചത്. അത് പലതും അവകാശങ്ങൾ നേടിയെടുക്കുന്നതിൽ അധിഷ്ഠിതമായിരുന്നു.

SGOU

ഒന്നുകിൽ വഴി നടക്കാൻ അല്ലെങ്കിൽ വസ്ത്രധാരണത്തിന്. ഇതു രണ്ടും ലഭ്യമല്ലാതിരുന്നവരിൽ നിന്നുമാണ് അതിനായുള്ള പോരാട്ടങ്ങൾ ഉണ്ടായത്. കേരളീയ ജനജീവിതം അക്കാലത്ത് ക്ഷേത്രസങ്കേതങ്ങളുടെ അടിസ്ഥാനത്തിലാണ് ചിട്ടപ്പെടുത്തിയിരുന്നത്. ഓരോ ദേശത്തുമുള്ള പ്രധാന ക്ഷേത്രങ്ങളുടെ ഭരണസംവിധാനത്തെയാണ് സങ്കേതങ്ങൾ എന്നതുകൊണ്ട് അർഥമാക്കിയിരുന്നത്. ആ സങ്കേതത്തിന്റെ തീരുമാനങ്ങളായിരുന്നു സമൂഹജീവിതത്തിന്റെ അടിസ്ഥാനം. ക്ഷേത്രങ്ങളുമായി ബന്ധമില്ലാത്ത ഒരടിമണ്ണുപോലും കേരളത്തിൽ ഇല്ലായിരുന്നു. പൊതുഇടം (public sphere) എന്നത് ക്ഷേത്രസങ്കേതങ്ങളായിരുന്നു. പക്ഷെ ഈ പൊതുഇടത്തിൽ ഇടം കിട്ടാതിരുന്നവരായിരുന്നു പൊതുനിരത്തിൽകൂടി നടക്കാൻ അനുവാദമില്ലാതിരുന്നവർ. ഒട്ടുമിക്ക പൊതുനിരത്തുകളുമാകട്ടെ ക്ഷേത്രത്തിലേക്ക് ചെന്നുചേരാനുള്ളതുമായിരുന്നു. ക്ഷേത്രസ്പർശിയായി കടന്നുപോകുന്ന നിരത്തുകളിൽ നിന്നും അകന്നു നിൽക്കാൻ സ്വാഭാവികമായും അവർണ വിഭാഗം വിധിക്കപ്പെട്ടവരായിമാറി.

### 1.1.1.1 സാമൂഹികജീവിതം

നവോത്ഥാനം പലപല മണ്ഡലങ്ങളിലായിട്ടാണ് കേരള സമൂഹത്തിൽ രൂപപ്പെട്ടു തുടങ്ങിയത്. പലപ്പോഴും ഭരണകൂടങ്ങൾ അല്ലായിരുന്നു പുരോഗമനത്തിന് എതിരായിരുന്നത് എന്ന കാര്യം ശ്രദ്ധാർഹമാണ്. ഭരണത്തിന്റെ പാർശ്വവർത്തികളായിരുന്ന പുരോഹിതവർഗവും ജന്മി - നാടുവാഴി മേധാവിത്വവുമായിരുന്നു മാറ്റങ്ങളോട് മുഖം തിരിച്ചിരുന്നത്. അവരെയാണ് കുമാരനാശാൻ ദുരവസ്ഥയിൽ, 'മുമ്പോട്ടുകാലം കടന്നു പോയീടാതെമുമ്പേ സ്മൃതികളാൽ കോട്ടകെട്ടി വമ്പാർന്നനാചാര മണ്ഡലച്ഛത്രരായ്' വാണിരുന്നവർ എന്ന് വിശേഷിപ്പിച്ചത്. നവോത്ഥാനത്തിന് എതിരായിരുന്നു മണ്ഡലച്ഛത്രർ. കാലത്തെ മുമ്പോട്ട് കടത്തിവിടാത്ത അവർക്കെതിരെയായി നടന്നവരായിരുന്നു നവോത്ഥാനത്തിന് നാന്ദി കുറിച്ചത്.

ക്രിസ്തീയസഭയുടെ അനാചാരങ്ങൾക്കെതിരെയായിരുന്നു യൂറോപ്യൻ നവോത്ഥാനം. ഭാരതത്തിലാകട്ടെ ഹിന്ദുമതത്തിന്റെ ആചാരങ്ങൾക്കെതിരെയും. മതങ്ങളോ സംഘടിത സമുദായക്രമങ്ങളോ കൊണ്ടുവരുന്ന ആചാരങ്ങൾ യുക്തിരഹിതമായ അനുഷ്ഠാനങ്ങളായി മാറാം. കുമാരനാശാൻ പാടിയതുപോലെ,

> 'ഇന്നലെച്ചെയ്തോരബദ്ധം മൂഢർ-
> ക്കിന്നത്തെയാചാരമാവാം.
> നാളത്തെ ശാസ്ത്രമതാവാം.'

ഇങ്ങനെയാണ് ചില ആചാരങ്ങൾ ഉറച്ചുപോകുന്നത്. അപ്പോഴാണ് സമൂഹം നിശ്ചലമാകുന്നത്. നിശ്ചലമാകുമ്പോൾ കാലത്തിന്റെ മുമ്പോട്ടുള്ള ഒഴുക്ക് തടയുകയും, മാലിന്യങ്ങൾ സമൂഹത്തിൽ അടിഞ്ഞുകൂടുകയും, അടിഞ്ഞുകൂടിയ മാലിന്യങ്ങൾ ഉറച്ചുപോവുകയും ചെയ്യും. അത്തരം സന്ദർഭങ്ങളെയാണ് ചരിത്രത്തിൽ ഇരുളടഞ്ഞകാലം എന്നു വിളിക്കുന്നത്. വിഡ്ഢിത്തം നിറഞ്ഞ ആചാരങ്ങൾ ശാസ്ത്രങ്ങളാണെന്ന്, ആ ആചാരങ്ങൾകൊണ്ട് ഗുണം അനുഭവിക്കുന്നവർ ശഠിക്കും. അതിന്റെ ദുരിതം അനുഭവിക്കുന്നവർ അതിനെ ചോദ്യം ചെയ്തു തുടങ്ങും. അപ്പോഴാണ് കുമാരനാശാൻ പറഞ്ഞതുപോലെ 'അതിൽ മൂളായ്ക സമ്മതം' എന്ന് ഒരു വിഭാഗം തീരുമാനിക്കുന്നതും. തങ്ങൾ തുടർന്നുപോന്ന സമ്പ്രദായങ്ങൾ തെറ്റെന്നറിഞ്ഞാൽ അതിനെല്ലാം സമ്മതംമൂളിയിരുന്ന ജനത തിരുത്തലിനു തയ്യാറാകും. മാറ്റങ്ങളും, തിരുത്തലുകളും, പരിഷ്കരണങ്ങളും തുടങ്ങി പലവിധ ഘടകങ്ങൾ ചേർന്ന ഒരു പ്രക്രിയയാണ് നവോത്ഥാനം. അതൊരു നിരന്തരപ്രക്രിയകൂടിയാണ്.

### 1.1.1.2 ജാതിവ്യവസ്ഥ

ഭാരതത്തിൽ മറ്റെങ്ങുമില്ലാതിരുന്ന 'വഴിവിലക്ക്' കേരളത്തിൽ മാത്രം നിലനിന്നിരുന്നത് ജനജീവിതം ക്ഷേത്രവുമായി ബന്ധപ്പെട്ടിരുന്നതുകൊണ്ടാണ്. ജാതിസ്പർദ്ധയും ഉച്ചനീചത്വവുമൊക്കെ ബംഗാളിൽ ഉണ്ടായിരുന്നിട്ടും കേരളീയർക്ക് ഭ്രാന്താണെന്ന് പറയാൻ വിവേകാനന്ദനെ പ്രേരിപ്പിച്ചത് ഈ 'വഴിയാട്ടും' വഴിവിലക്കുകളുമായിരിക്കണം. മറ്റെല്ലാത്തരം ജാതിഭേദങ്ങളും ഉണ്ടായിരുന്ന നാട്ടിൽ നിന്നാണല്ലോ സ്വാമി വിവേകാനന്ദനും ഇവിടെ വന്നത്. ഇന്ത്യയിലെ മറ്റേതൊരു ദേശത്തേക്കാളും പൊതുനിരത്തിലെ അപ്രാപ്യത അവർണവിഭാഗം അനുഭവിച്ചത് കേരളത്തിൽ തന്നെയായിരിക്കണം.

SGOU

പൊതുമണ്ഡലത്തിൽ നിന്നും അയിത്തം കല്പിച്ച് ഒരു വിഭാഗം ജനതയെ മാറ്റി നിർത്തുന്നത് കണ്ടിട്ടാണ് സ്വാമി വിവേകാനന്ദൻ കേരളം ഒരു ഭ്രാന്താലയമാണെന്ന് വിശേഷിപ്പിച്ചത്. പൊതുമണ്ഡലത്തിലേക്ക് തങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യമാണ് വഴിനടക്കാനുള്ള അവകാശത്തിലൂടെ അവർണർ ഉന്നയിച്ചത്. പൊതുമണ്ഡലത്തിന്റെ വൃത്തപരിധി വർധിപ്പിക്കുന്ന സമരമുറകളാണ് 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളം കണ്ടത്. എല്ലാം ദേവനും, ദേവസ്വവുമായി ബന്ധപ്പെട്ടിരുന്നതു കൊണ്ട് ഭൂദേവന്മാർക്ക് സമൂഹത്തിൽ പ്രാധാന്യം സിദ്ധിച്ചു. അതുകൊണ്ട് അവർ കല്പിച്ച ആചാരങ്ങൾ അനുഷ്ഠിക്കുവാൻ ഹിന്ദുസമൂഹത്തിലെ എല്ലാ വിഭാഗങ്ങളും നിർബന്ധിതരായി. ഭൂദേവൻ ദേവന്റെ പ്രതിപുരുഷനാകയാൽ അവൻ നൽകുന്ന വിധിനിഷേധങ്ങൾ കണ്ണുമടച്ചു സ്വീകരിക്കാൻ വർണഭേദമില്ലാതെ എല്ലാവരും നിർബന്ധിതരായി. ക്രമേണ മതം എന്നത് ആചാരമായി മാറി. അത് ചോദ്യം ചെയ്യാതെ അനുഷ്ഠിക്കേണ്ടതാണെന്നും വന്നുകൂടി. യുക്തിക്ക് അനുഷ്ഠാനകർമ്മങ്ങളിൽ സ്ഥാനമില്ലാതായി. യുക്തിപരമായി ചിന്തിച്ചവർ ആചാരങ്ങളേക്കാൾ മൂല്യത്തിന്, ധർമ്മത്തിന് പ്രാധാന്യം നൽകി. മതം എന്നത് കേവലം ആചാരമല്ല മൂല്യമാണ് എന്ന് അവർ സ്ഥാപിച്ചെടുത്തു. അങ്ങനെയുണ്ടായ, മൂല്യനവീകരണ പ്രസ്ഥാനങ്ങളാണ് നവോത്ഥാനം എന്ന പ്രക്രിയയ്ക്ക് ബീജാവാപം ചെയ്തത്. മറ്റുദേശങ്ങളെയപേക്ഷിച്ച് കേരളത്തിൽ നവോത്ഥാനശ്രമങ്ങൾക്ക് രണ്ടുനൂറ്റാണ്ടിന്റെയെങ്കിലും കാലവിളംബം ഉണ്ടായിരുന്നുവെന്ന് നാം ഓർക്കേണ്ടതുണ്ട്.

### 1.1.1.3 വിദ്യാഭ്യാസരംഗം

ആധുനിക കാലത്തു പൊതുമണ്ഡലം രൂപപ്പെട്ട ഇടങ്ങളാണ് വിദ്യാലയങ്ങൾ, ജനപ്രതിനിധി സഭകൾ തുടങ്ങിയവ. 19-ാം നൂറ്റാണ്ടിനുമുമ്പ് ഇവ രണ്ടും പൊതുമണ്ഡലങ്ങളേ അല്ലായിരുന്നു. കുറച്ചാളുകൾക്ക് മാത്രം അനുവാദം കിട്ടിയിരുന്ന ഇടങ്ങളായിരുന്നു. ഗുരുക്കന്മാരുടെ വീടുകൾ കേന്ദ്രീകരിച്ച് മാത്രം വിദ്യാർഥികൾ എത്തിച്ചേർന്ന ഗുരുകുലങ്ങളായിരുന്നു ഉണ്ടായിരുന്നത്. ദൂരത്തേക്ക് പരിവർജിപ്പിക്കേണ്ടവനെ അകത്തേയ്ക്കാനയിക്കാൻ ഗുരുക്കന്മാർ സന്നദ്ധരായിരുന്നില്ല. പൊതുവിദ്യാലയങ്ങൾ കടന്നുവന്നതോടെയാണ് വിദ്യയുടെ ഇടം പൊതുഇടമായി മാറിയത്. ഇതു തന്നെയായിരുന്നു ജനപ്രതിനിധി സഭയുടെയും കാര്യം. സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ളവരുടെ കൂട്ടങ്ങളാണ് ഭരണനിർവഹണത്തിൽ രാജാക്കന്മാർക്ക് നിർദ്ദേശം നൽകിയിരുന്നത്. ഒത്താശ എന്ന പ്രയോഗമാണ് കുറേക്കൂടി ഉചിതം. മുന്നൂറ്റവർ, അറുനൂറ്റവർ, സഭകൾ, സങ്കേതങ്ങൾ, എന്നെല്ലാം അറിയപ്പെട്ട അത്തരം സമിതികൾ നമ്മുടെ ജനപ്രാതിനിധ്യത്തിന്റെ പൂർവരൂപങ്ങളായിരുന്നു. ശ്രീമൂലം പ്രജാസഭ (1888) രൂപം കൊണ്ടതോടെയാണ് ജനപ്രാതിനിധ്യത്തിന്റെ ഏകദേശരൂപമെങ്കിലും 19-ാം നൂറ്റാണ്ടവസാനത്തോടെ നമ്മുടെ നാട് ദർശിച്ചു തുടങ്ങിയത്.

### 1.1.2 കേരളീയനവോത്ഥാനത്തിന്റെ ആരംഭം

ഏതൊരു കാര്യത്തിലുമെന്നപോലെ നിർവചനത്തിന് പൂർണ്ണമായി വഴങ്ങാത്ത ഒന്നാണ് നവോത്ഥാനം എന്ന് മനസ്സിലാക്കേണ്ടതുണ്ട്. നവോത്ഥാനംകൊണ്ട് പ്രാകൃതരീതികളെല്ലാം മാറിയെന്നു കരുതരുത്. മാറിയെന്നു കരുതിയവ തീരെ മാറിയിട്ടില്ല. ചിലപ്പോൾ തിരിച്ചുവരാം. പലപ്പോഴും മാറ്റിയ ശീലങ്ങൾ തലപൊക്കുന്നത് നമ്മൾ കാണാറുണ്ട്. അതിനാൽ നവോത്ഥാനം സമൂഹത്തിന്റെ പൂർണ്ണമായ മാറ്റമല്ല. പഴയതിന്റെ അവശേഷിപ്പിനുമേൽ പടുത്തുയർത്തിയ നവീകരണത്തെയും നവോത്ഥാനം എന്ന് വിളിക്കാറുണ്ട്. കേരളീയ നവോത്ഥാനം എന്നുമുതൽ തുടങ്ങിയെന്നു കൃത്യമായി പറയുക അസാധ്യമാണ്. എന്തിനുവേണ്ടി തുടങ്ങി എന്നും പറയുകവയ്യ. ആരിൽ തുടങ്ങി എന്നും ഖണ്ഡിതമായി പറയാൻ കഴിയില്ല. വഴിനടക്കാനുള്ള അവകാശത്തിൽ തുടങ്ങിയോ, മാറുമറയ്ക്കാനുള്ള അവകാശത്തിൽ തുടങ്ങിയോ. ക്ഷേത്രത്തിൽ കയറാനുള്ള അവകാശത്തിൽ തുടങ്ങിയോ എന്നിങ്ങനെ ഓരോ സന്ദർഭങ്ങളെ മുൻനിർത്തി നവോത്ഥാനത്തിന്റെ പ്രാരംഭത്തെക്കുറിച്ച് വാദഗതികൾ ഉണ്ടാകാം. മേൽപ്പറഞ്ഞ അവകാശങ്ങൾക്കെല്ലാം വേണ്ടി ഓരോരോ ദേശങ്ങളിലും ഓരോരോ കാലങ്ങളിലുമായി പോരാട്ടങ്ങളുണ്ടായിട്ടുണ്ട്. വൈക്കം സത്യഗ്രഹത്തിന് ഒരു നൂറ്റാണ്ടുമുമ്പ് സംഘടിതരായി അവർണ വിഭാഗം വൈക്കം ക്ഷേത്രത്തിൽ പ്രവേശിച്ചിരുന്നതായി

SGOU

രേഖപ്പെടുത്തിയിട്ടുണ്ട്. ചാന്നാർ ലഹളയ്ക്കും വൈകുണ്ഠസ്വാമികൾക്കും മുമ്പ് പശുവിനെ വളർത്തുവാൻ മാത്രം അവകാശമുണ്ടായിരുന്ന ഈഴവർ, പ്രസവിച്ചുകഴിഞ്ഞ പശുവിനെ തമ്പ്രാക്കന്മാരെ ഏൽപ്പിക്കുന്നതിനു പകരം സ്വന്തമായി പാൽ കറന്നെടുത്ത സമരമുറകളും 18-ാം നൂറ്റാണ്ടിൽത്തന്നെ നടന്നിട്ടുണ്ട്. മുലക്കരം ചോദിച്ചുവന്നവർക്ക് മുലയറുത്ത് തൂശനിലയിൽ കാഴ്ചവച്ച ചരിത്രവും പൊതുബോധത്തിൽ മറയാതെ നിൽക്കുന്നു. ഇങ്ങനെ സമരങ്ങളുടെയും, പോരാട്ടങ്ങളുടെയും ചരിത്രം പുറകോട്ടു നീണ്ടു നീണ്ടു പോകുകയാണ്. എങ്കിലും കേരളീയ നവോത്ഥാനത്തിന്റെ ബഹുലചരിത്രം തുടങ്ങിയത് 19-ാം നൂറ്റാണ്ടിന്റെ ആരംഭം മുതലാണ് എന്ന് സാമാന്യമായിപ്പറയാം.

## 1.1.3 കേരളത്തിലെ ജാതിവിരുദ്ധസമരങ്ങൾ

### 1.1.3.1 ദളവാക്കുളം സംഭവം

ചാന്നാർ ലഹളയിൽ നിന്നും തുടങ്ങുന്ന ഒന്നായാണ് കേരളീയ നവോത്ഥാനത്തെ വിലയിരുത്തിപ്പോരുന്നത്. ചാന്നാർ കലാപത്തിനു മുമ്പുതന്നെ അതിപ്രധാനമായ ഒരു സംഭവം തിരുവിതാംകൂറിന്റെ വടക്കേയറ്റത്ത് 18-ാം നൂറ്റാണ്ടൊടുവിൽ (1798-ൽ) നടന്നിരുന്നു. അതിനെക്കുറിച്ച് നിശ്ചയമായും ചരിത്രപഠിതാക്കൾ അറിഞ്ഞിരിക്കേണ്ടതാണ്. ഇന്ന് ആ സംഭവം ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ദളവാക്കുളം സംഭവം എന്ന പേരിലാണ്. ബാലരാമവർമ്മ തിരുവിതാംകൂർ ഭരിച്ചിരുന്നത് 1798 മുതൽ 1810 വരെയായിരുന്നു. അതായത് 19-ാം നൂറ്റാണ്ടിലേക്ക് എത്തിനോക്കുന്ന സമയത്താണ് ബാലരാമവർമ്മ ഭരണഭാരം ഏറ്റെടുത്തത്. അന്ന് വൈക്കത്തെ അധഃകൃതർ (ഈഴവർ) വൈക്കം മഹാദേവക്ഷേത്രത്തിൽ പ്രവേശിച്ച് പ്രാർഥന നടത്തിയതായി രേഖപ്പെടുത്തിക്കാണുന്നു. ഏകദേശം ഇരുനൂറിലധികം ഈഴവർ, കരിപ്പണിക്കർ, കുന്നേൽചേന്നി, ഒട്ടായി, മുണ്ടത്തേലിങ്കൽ, മാലുത്തണ്ടാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ബലമായി ക്ഷേത്രത്തിനുള്ളിൽ കയറി പ്രാർഥിച്ചു. ക്ഷേത്രപ്രവേശനത്തിനും നൂറ്റിമുപ്പത്തെട്ട് കൊല്ലം മുമ്പ് വൈക്കം ക്ഷേത്രത്തിൽ കയറുവാൻ തീരുമാനിച്ച ആ ധീരയോദ്ധാക്കളെ ഭരണകൂടം വെറുതെവിട്ടില്ല. ബാലരാമവർമ്മയുടെ സർവാധികാര്യക്കാരനായിരുന്ന കുഞ്ചിക്കുട്ടിയും, പടനായകനായിരുന്ന കുതിരപ്പക്കിയും പടയാളികളും ചേർന്ന് അവരെ മുഴുവനും വെട്ടിക്കൊന്നു. ക്ഷേത്രക്കുളത്തിൽത്തന്നെ മൃതദേഹങ്ങൾ മണ്ണിട്ടുമൂടി. അന്നു മുതൽ ഈ കുളത്തിന്റെ പേര് ദളവാക്കുളം എന്നറിയപ്പെടുന്നു. അവർണ്ണർ ക്ഷേത്രത്തിൽ പ്രവേശിക്കരുത് എന്ന ആചാരത്തെ ലംഘിച്ചതുകൊണ്ടാണ് ദളവാക്കുളം സംഭവവും നവോത്ഥാനചരിത്രത്തിൽ ഇടം നേടിയത്. ആചാരങ്ങളുടെ ലംഘനം തന്നെയാണ് ഏതുകാലത്തും നവോത്ഥാനത്തിനു നിദാനമാകുന്നത്. ആ ധീരന്മാർ ക്ഷേത്രപ്രവേശനം നടത്തിയ അതേ സ്ഥലത്താണ് നൂറ്റിഇരുപത്താറു കൊല്ലത്തിനുശേഷം വൈക്കത്തമ്പലത്തിന്റെ പുറവഴിയേ വേണ്ടിയുള്ള അവകാശത്തിനു വേണ്ടിയായിരുന്നു വൈക്കം സത്യാഗ്രഹം നടന്നത്.

### 1.1.3.2 ചാന്നാർ ലഹള

നവോത്ഥാന ചരിത്രത്തിൽ മറ്റെവിടെയുമെന്നതുപോലെ കേരളത്തിലും സ്ത്രീകളുമായി ബന്ധപ്പെട്ടാണ് അവകാശപ്പോരാട്ടം നടക്കുന്നത്. സാമൂഹികസമത്വമെന്നോ സ്ത്രീസമത്വമെന്നോ ഒക്കെ അവകാശപ്പെടാവുന്ന രീതിയിലാണ് ആദ്യത്തെ സംഘടിതവും ശക്തവുമായ സമരം ഇവിടെ അരങ്ങേറിയത്. കീഴാളവിഭാഗങ്ങളായിരുന്നു ആ സമരത്തിന്റെ സംഘാടകർ. ചാന്നാർ ലഹളയെന്ന് പിൽക്കാല ചരിത്രം അതിനെ രേഖപ്പെടുത്തി. ചാന്നാർ ലഹളയിലേക്ക് പോകുംമുമ്പ് പറയേണ്ട ഒരു നവോത്ഥാനപ്രക്രിയയാണ് അധഃകൃതരുടെ മതംമാറ്റം. ഹിന്ദുമതത്തിനുള്ളിൽ നിലനിന്നിരുന്ന ജാത്യാചാരങ്ങൾ കൊണ്ട് പൊറുതിമുട്ടിയ കീഴാളജനതയ്ക്ക് ആശ്വാസമായാണ് ക്രിസ്ത്യൻ മിഷണറിമാർ രംഗത്തുവന്നത്. 1806-ൽ ഫാദർ. വില്യം ടോബിയാസ് റിംഗിൽറ്റാബ് തിരുവിതാംകൂറിൽ മിഷണറി പ്രവർത്തനം തുടങ്ങി. വഴിനടക്കാൻ അവകാശമില്ലാതിരുന്നവർ മറ്റുമതത്തിൽ ചേർന്നാൽ ഏതു വഴിയിലൂടെയും നടക്കാം എന്നത് മതംമാറ്റത്തിന് ആക്കംക്കൂട്ടി. ദുരവസ്ഥയിൽ ആശാൻ പാടിയതുപോലെ;

SGOU

‘എത്രയോ ദൂരം വഴിതെറ്റിനിൽക്കേണ്ടാ-
രേഴച്ചെറുമൻ പോയ്തൊപ്പിയിട്ടാൽ
ചിത്രമവനെത്തിച്ചാരത്തിരുന്നിടാം
ചെറ്റുംപേടിക്കേണ്ടാ നമ്പൂരാരേ.’

മറ്റു മതങ്ങൾ സ്വീകരിച്ചാൽ ആട്ടുംതുപ്പും കൊള്ളേണ്ടെങ്കിൽ പിന്നെന്തിനു ഹിന്ദുമതത്തിൽ തന്നെ നിൽക്കണം എന്ന ചിന്ത പിന്നാക്കക്കാരിൽ ഉടലെടുത്തു. തെക്കൻകേരളത്തിൽ ചാന്നാർ, നാടാർ തുടങ്ങി ചില കീഴാളവിഭാഗങ്ങൾ ക്രിസ്തുമതത്തിൽ ചേർന്നു. മതംമാറിയ ചാന്നാർ സ്ത്രീകൾ സവർണ്ണസ്ത്രീകളെപ്പോലെ വസ്ത്രം ധരിക്കുവാൻ തുടങ്ങിയതാണ് ചാന്നാർ ലഹളയ്ക്ക് കാരണമായത്. ക്രിസ്ത്യൻ സ്ത്രീകളെപ്പോലെ ചട്ടയും മുണ്ടും, ധരിക്കുകയല്ല ചാന്നാർ സ്ത്രീകൾ ചെയ്തത്. അവർ സവർണ്ണസ്ത്രീകളുടെ വേഷവിധാനങ്ങൾ സ്വീകരിച്ചു. റൗക്കയ്ക്ക് മുകളിൽ മറ്റൊരു ചേലകൂടിയിട്ടത് സവർണ്ണമേധാവികൾക്ക് സ്വീകാര്യമായില്ല. 1822-ൽ മേൽശീല ധരിച്ചതിന് ചാന്നാർസ്ത്രീകൾക്കെതിരെ സർക്കാർ നടപടിയെടുത്തു. ഇതിനെതിരെ തുടങ്ങിയതാണ് ചാന്നാർ ലഹള.

1822-ൽ തന്നെ ചാന്നാർ സമുദായത്തിൽപ്പെട്ട പൂതത്താൻകുട്ടിചാന്നാനും ഭാര്യ ഇശക്കിയും സവർണ്ണവേഷത്തിൽ മാടൻപിള്ള എന്ന മാടമ്പിയുടെ വീട്ടിൽ ചെന്ന് സമനിലയിൽ പെരുമാറി. വീണ്ടും ലഹളയ്ക്ക് കാരണമായി ആ സംഭവം. കേണൽ മൺറോ ക്രിസ്ത്യൻസ്ത്രീകൾ ധരിക്കുന്ന വസ്ത്രം അണിയാൻ ചാന്നാർസ്ത്രീകൾക്ക് നിർദ്ദേശം കൊടുത്തു. പക്ഷേ ആ വസ്ത്രം ധരിച്ചിട്ടും കൽക്കുളം ചന്തയിൽവെച്ച് ചാന്നാർ സ്ത്രീകളുടെ ജാക്കറ്റും മേൽമുണ്ടും സവർണ്ണമാടമ്പിമാർ വലിച്ചുകീറി. ഭരണകൂടത്തിന്റെ മൗനാനുവാദം മാടമ്പിമാർക്കൊപ്പമായിരുന്നു. ചാന്നാർസ്ത്രീകൾ മാറുമറയ്ക്കാൻ പാടില്ല എന്ന കല്പനയിറക്കാൻ അന്നത്തെ ദിവാനായിരുന്ന വെങ്കട്ടറാവുവിന് യാതൊരുമടിയും ഉണ്ടായില്ല. 1822-ൽ തുടങ്ങിയ ഈ പോരാട്ടം റൗക്കധരിക്കാനും, റൗക്കയ്ക്കു മുകളിൽ ശീലയിടാനും കൂടിയുള്ളതായി പരിണമിച്ചു. ഏകദേശം മൂന്ന് ദശകങ്ങളിലായി ഒട്ടേറെത്തവണ സവർണ്ണർ ചാന്നാർസ്ത്രീകളെ കൈയേറ്റം ചെയ്യുകയുണ്ടായി. കൈയേറ്റത്തിനു വിധേയരായവർ ലഹളക്കാരായി ചിത്രീകരിക്കപ്പെട്ടു.

1859-ലും ചാന്നാർസ്ത്രീകൾ മാടമ്പിമാരാൽ ആക്രമിക്കപ്പെട്ടു. തെക്കൻ തിരുവിതാംകൂറിന്റെ പലഭാഗങ്ങളിലും വിശേഷിച്ചു കോട്ടാറിലും, കുമാരപുരത്തും, ചാന്നാർസ്ത്രീകളെ നഗ്നരാക്കി നടത്തിക്കുകയും ചെയ്തു. കളിയിക്കാവിള, ആറാലുംമൂട്, ചെമ്പൻവിള, ആണ്ടിതോപ്പ്, പാറശ്ശാല തുടങ്ങിയ ഇടങ്ങളിൽ ലഹളയും സംഘർഷവും തുടർന്നുകൊണ്ടേയിരുന്നു. ഉത്രം തിരുനാൾ ഗത്യന്തരമില്ലാതെ 1859 ജൂലൈ 26-ന് ചാന്നാർസ്ത്രീകളായ എല്ലാവർക്കും റൗക്ക ധരിക്കാൻ അനുവാദം നൽകി വിളംബരം പുറപ്പെടുവിച്ചു. വസ്ത്രധാരണം എങ്ങനെയാണ് നവോത്ഥാനത്തിന് ഉപകരണമായത് എന്നതിന്റെ ദൃഷ്ടാന്തമാണ് ചാന്നാർ ലഹള. പാശ്ചാത്യ ദേശത്ത് വസ്ത്രം ഉപേക്ഷിച്ചുകൊണ്ടായിരുന്നു സ്ത്രീകൾ പ്രക്ഷോഭത്തിനിറങ്ങിയതെങ്കിൽ നമ്മുടെ നാട്ടിൽ വസ്ത്രം അണിഞ്ഞുകൊണ്ടായിരുന്നു പോരാട്ടം നടത്തിയത്. രണ്ടും സ്ത്രീകളുടെ അവകാശം തന്നെയാണ് എന്നത് ഇന്ന് ചിന്തനീയമാണ്.

### 1.1.3.3 അവർണ്ണരുടെ വിദ്യാലയപ്രവേശനം

അയ്യൻകാളിയുടെ തലമുറയ്ക്കുണ്ടായ ദുരനുഭവമാണ് വിദ്യാനിഷേധം. വരും തലമുറകൾക്കും ഈ ദുര്യോഗം ഉണ്ടാവാതിരിക്കാൻ അദ്ദേഹം വിദ്യാലയപ്രവേശനത്തിനുവേണ്ടി വാദിച്ചു. സർക്കാർ സ്കൂളുകളിൽ അവർണ്ണർക്ക് പ്രവേശനം നിഷേധിച്ചതിനാൽ പുലയർക്കായി സ്വന്തമായി കുടിപ്പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന മിച്ചൽ സായ്പ്പിന്റെ ഇടപെടലിന്റെ ഫലമായി 1910 -ൽ അവർണ്ണർക്ക് സർക്കാർ പള്ളിക്കൂടത്തിൽ പ്രവേശനം അനുവദിച്ചെങ്കിലും സവർണ്ണർ ഇതംഗീകരിക്കാൻ തയ്യാറായില്ല. ബാലരാമപുരം ഊരൂട്ടമ്പലം സർക്കാർ സ്കൂളിൽ പഞ്ചമി എന്ന പെൺകുട്ടിയെ ചേർക്കാൻ അയ്യൻകാളി എത്തിയെങ്കിലും സവർണ്ണർ ആ സ്കൂൾ കത്തിച്ചുകളയുകയും നിരപരാധികളായ പുലയരെ ആ കേസിൽ പ്രതികളാക്കുകയും ചെയ്തു. അവർണ്ണരും സവർണ്ണരും തമ്മിൽ ഏഴുദിവസം തുടർച്ചയായി സംഘട്ടനം നടന്നു. പുലയലഹള എന്ന പേരിൽ അറിയപ്പെട്ട ഈ സംഘട്ടനം കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. മിച്ചൽ സായ്പ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ അധികൃ

SGOU

തർ നേരിട്ടെത്തി ദലിതരെ സ്കൂളിൽ ചേർക്കാൻ തുടങ്ങി. അഡ്മിഷൻ ലഭിച്ച കുട്ടികൾ പ്രവേശിച്ചപ്പോൾ സവർണ്ണരായ കുട്ടികൾ ഇറങ്ങിപ്പോയി. സർക്കാർ എത്ര ശ്രമിച്ചിട്ടും അവർണ്ണർക്ക് സ്കൂൾ പ്രവേശനം അസാധ്യമായപ്പോൾ അയ്യൻകാളി സ്വന്തമായി സ്കൂൾ ആരംഭിച്ചു. പക്ഷേ അവിടെ പഠിപ്പിക്കാൻ തയ്യാറായ അധ്യാപകർ ആക്രമിക്കപ്പെടുന്ന സ്ഥിതിയുണ്ടായി. എങ്കിലും ക്രമേണ സ്കൂളിൽ പുലയവിദ്യാർഥികളുടെ എണ്ണം വർധിച്ചുതുടങ്ങി.

### 1.1.3.4 തൊണ്ണൂറാമാണ്ട് ലഹള

1904-ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ കർഷകതൊഴിലാളികളെ ചേർത്ത് സംഘടിപ്പിച്ച് നടന്ന സമരമാണിത്. ശമ്പളവർദ്ധനവ്, ദലിത് കുട്ടികളുടെ സ്കൂൾ പ്രവേശനം എന്നിവയായിരുന്നു തൊണ്ണൂറാമാണ്ട് ലഹളയുടെ പ്രധാന ലക്ഷ്യങ്ങൾ. ഒരു വർഷം നീണ്ടുനിന്ന സമരത്തിന്റെ ഫലമായി 1907-ൽ തിരുവിതാംകൂർ സർക്കാർ ദലിത് കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം പ്രഖ്യാപിച്ചെങ്കിലും ജന്മിമാർ ഇതംഗീകരിക്കുവാൻ തയ്യാറായിരുന്നില്ല. അങ്ങനെ പലതരത്തിലുള്ള സംഘർഷങ്ങൾക്കു തിരുവിതാംകൂർ വേദിയായി. അവസാനം ജനത ശക്തമായ സമരനടപടികൾ ആരംഭിച്ചു. ആക്രമണങ്ങളും പ്രത്യാക്രമണങ്ങളുമായി സമരം അനിശ്ചിതകാലത്തേക്ക് നീണ്ടു. ഇതിന്റെ ഫലമായി സമരം അവസാനിപ്പിക്കുവാനുള്ള സമവായശ്രമങ്ങൾ അനേകം നടന്നുവെങ്കിലും ഒന്നും വിജയം കണ്ടില്ല. അവസാനം അന്നത്തെ ദിവാൻ രാജഗോപാലാചാരി സമരം അവസാനിപ്പിക്കുന്നതിനായി മധ്യസ്ഥനായി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റായ കണ്ടല സി.കെ. നാഗർപിള്ളയെ നിയോഗിച്ചു. ഇദ്ദേഹം ഇരുകൂട്ടരുമായി സംസാരിക്കുകയും സമരാനുകൂലികളുടെ ആവശ്യം സർക്കാരിനെ അറിയിക്കുകയും ചെയ്തു. തുടർന്ന് സർക്കാർ അവരുടെ ആവശ്യം അംഗീകരിക്കുകയും സ്കൂൾ പ്രവേശന ഉത്തരവ് ഇറക്കുകയും ചെയ്തു. അങ്ങനെ 1913 ൽ തുടങ്ങിയ സമരം 1914 ലാണ് അവസാനിച്ചത്. ഒരു വർഷം നീണ്ടുനിന്ന ഈ സമരം തൊണ്ണൂറാമാണ്ട് ലഹള എന്നറിയപ്പെടുന്നു.

### 1.1.3.5 പെരിനാട്ടു ലഹള

അയിത്തജാതിക്കാർ അടയാളമായി ധരിച്ചിരുന്ന കല്ലുമാല ഉപേക്ഷിക്കണമെന്ന് അയ്യൻകാളി നിർദ്ദേശിച്ചു. എന്നാൽ ഈ തീരുമാനം സവർണ്ണർക്ക് സഹിക്കാനായില്ല. 1915 ഒക്ടോബർ 24-ന് ഞായറാഴ്ച കൊല്ലം പെരിനാട്ട് പുലയരുടെ യോഗം വിളിച്ചു. സവർണ്ണർ ആ യോഗത്തിൽ പങ്കെടുത്തവരെ ആക്രമിച്ചു. തുടർന്ന് സവർണരും അവർണരും തമ്മിൽ വലിയ സംഘട്ടനം നടന്നു. അയ്യൻകാളി കൊല്ലത്തേക്ക് വരികയും നാലായിരത്തോളം ആളുകൾ പങ്കെടുത്ത വലിയ സമ്മേളനം വിളിച്ചുചേർക്കുകയും അവിടെ വച്ച് സ്ത്രീകൾ അവരുടെ കല്ലുമാലയറുത്ത് കൂമ്പാരമായി കൂട്ടിയിടുകയും ചെയ്തു.

### 1.1.3.6 പന്തിഭോജനം

വസ്ത്രധാരണത്തെ അടിസ്ഥാനമാക്കി ആരംഭിച്ച പ്രക്ഷോഭങ്ങൾ പലവിധ വഴികളിലൂടെ കടന്ന് ഭക്ഷണ വിഷയത്തിലും എത്തിച്ചേർന്നു. ആരൊക്കെ എന്തൊക്കെ കഴിക്കണമെന്ന് നിശ്ചയിച്ചത് ഭരണകൂടമൊന്നുമല്ലായിരുന്നു. എങ്കിലും അലിഖിത നിയമമെന്നപോലെ ഭക്ഷണത്തിലും ഉണ്ടായിരുന്നു വിവേചനം. ഒരേ ഭക്ഷണം തന്നെ ജാതിശ്രേണിയും അധികാരശ്രേണിയുമനുസരിച്ച് പല പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. അധഃകൃതന്റെ 'കരിക്കാടി'ക്കും, ഉൽക്കൃഷ്ടന്റെ 'അമൃതേത്തി'നും ഉപയോഗിച്ചിരുന്ന ഭോജ്യവസ്തു മിക്കവാറും നമ്മുടെ നാട്ടിൽ വിളഞ്ഞിരുന്ന നെല്ലു തന്നെയായിരുന്നു. ഉച്ചനീചഭേദമനുസരിച്ച് കരിക്കാടിയായും. അമൃതേത്തായും പേരുകൾ മാറിയെന്നേയുള്ളൂ. മേനിയും തിരുമേനിയും പോലെ. ദേശഭേദവും ജാതിഭേദവും അനുസരിച്ച് ഭക്ഷണത്തിൽ പല വേർതിരിവുകളുണ്ടായിരുന്നു.

ഇരുപതാം നൂറ്റാണ്ടിൽ കേരളം നേരിട്ട ഭക്ഷണപ്രശ്നം, ആർക്കൊക്കെ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാം, സമഭാവനയോടെ ഒരേ പന്തിയിലിരുന്ന് ഭക്ഷണം കഴിക്കാം എന്നതായിരുന്നു. ഒരേ പന്തിയിലിരുന്ന് ഭക്ഷണം കഴിക്കാൻ ഒരുവിധത്തിലും നമ്മുടെ ആചാരങ്ങൾ നമ്മെ അനുവദിച്ചിരുന്നില്ല. ഒരേ ജാതിയിൽ പെട്ടവരാണെങ്കിലും

SGOU

സ്ത്രീകൾക്ക് പുരുഷനൊപ്പം പന്തിയിലിരിക്കാൻ യോഗ്യതയില്ലായിരുന്നു. നമ്പൂതിരി ഇല്ലത്തെ പന്തിഭോജനം എങ്ങനെയായിരുന്നുവെന്നു നോക്കാം. ആചാരങ്ങൾക്ക് വളരെയധികം കണിശത ഉണ്ടായിരുന്നു. ഒന്നാം പന്തിയിൽ കുട്ടികളെയിരുത്തും. രണ്ടാം പന്തിയിൽ പുരുഷന്മാരെ. ഇവരെല്ലാം ആഢ്യവിഭാഗങ്ങളായിരുന്നുവെന്ന് പ്രത്യേകം പറയേണ്ടല്ലോ. മൂന്നാം പന്തിയിൽ അന്തർജനങ്ങൾ. നാലാം പന്തിയിൽ അന്തർജനങ്ങളുടെ തോഴിമാരായ ശൂദ്രസ്ത്രീകൾ. അവർക്ക് പ്രത്യേകം ഇലയിടില്ലായിരുന്നു. അന്തർജനങ്ങൾ ഉണ്ടുകഴിഞ്ഞ ഇലയിലേക്ക് തന്നെ അവർക്കായി ഭക്ഷണം വിളമ്പിയിരുന്നു. എച്ചിലിലയിൽ ഉണ്ണുന്നതിന് ഉണ്ണുന്നവർക്കും ഊട്ടുന്നവർക്കും യാതൊരു പന്തികേടും തോന്നിയിരുന്നില്ല. ഒരേ ജാതിസമൂഹത്തിനുള്ളിലെ പന്തിയിലെ പന്തികേടാണ് മേൽ വിവരിച്ചത്. ഈ സാഹചര്യത്തിൽ വ്യത്യസ്ത ജാതികളിൽ പെടുന്നവരുടെ പന്തിഭോജനം എളുപ്പമായിരുന്നില്ല.

നവോത്ഥാന പ്രക്രിയയിലെ ഒരു പ്രധാനഘടകമായി പന്തിഭോജനം മാറിയിരുന്നു. വൈകുണ്ഠസ്വാമിയുടെ കാലത്തും അതിനു മുമ്പും പന്തിഭോജനങ്ങളൊക്കെ നടന്നിരുന്നു. ക്രിസ്ത്യൻ മിഷണറിമാരും, വൈകുണ്ഠസ്വാമിയുടെ സമത്വസമാജവും, ചട്ടമ്പിസ്വാമികളും പന്തിഭോജനം നടത്തിയിരുന്നു. ശ്രീനാരായണഗുരുവിന്റെ ആശ്രമത്തിലും വ്യത്യസ്ത ജാതിയിലുള്ളവർ 1917-നു മുമ്പ് ഒരേ പന്തിയിലിരുന്നു ഭക്ഷണം കഴിച്ചിരുന്നു. ബ്രഹ്മവിദ്യാ സംഘാംഗങ്ങളും മിശ്രഭോജനം നടത്തിയിരുന്നു. പക്ഷേ അതൊന്നും സമരായുധമായി മാറിയില്ല. ഇതിൽ നിന്നും വ്യത്യസ്തമായ ഒരു നവോത്ഥാനപ്രക്രിയയായിട്ടു വേണം സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടത്തിയ പന്തിഭോജനത്തെ കാണുവാൻ. അത് മിശ്രഭോജനമായിരുന്നു. ജാത്യാചാരങ്ങളെ ലംഘിച്ചു യാഥാസ്ഥിതികരെ പ്രകോപിപ്പിക്കുന്നതിന് തയ്യാറായിത്തന്നെ എടുത്ത തീരുമാനമായിരുന്നു 1917 മെയ് 29-ന് നടന്ന പന്തിഭോജനം.

നോട്ടീസടിച്ചിറക്കി പ്രതിജ്ഞ ചൊല്ലിത്തന്നെയാണ് പരിപാടി ആസൂത്രണം ചെയ്തത്. അയ്യപ്പന്റെ വീടിനടുത്തുവച്ച് ഒരു യോഗം കൂടി മിശ്രഭോജനത്തിനായി തീരുമാനമെടുത്തു. പക്ഷേ നിശ്ചിതദിവസം എത്തിയപ്പോൾ സമ്മേളനത്തിൽ പങ്കെടുത്ത പലരും പിൻവാങ്ങിയിരുന്നു. ആകെ 24 പേർ മാത്രമേ പങ്കെടുത്തുള്ളൂ. പുലയവിഭാഗത്തിൽപ്പെട്ട അയ്യൻ എന്ന വ്യക്തിയും അദ്ദേഹത്തിന്റെ മകൻ കണ്ണനും ആയിരുന്നു അതിഥികളായെത്തിയത്. കണ്ണന് അന്ന് പത്ത് വയസ്സായിരുന്നു പ്രായം. ആ ബാലനെ നടുക്കിരുത്തി മറ്റുള്ളവർ തൊട്ടുണ്ടു. എല്ലാ ഇലയിലും വിഭവങ്ങൾ വിളമ്പി. സഹോദരസംഘാംഗങ്ങളായിരുന്നു കണ്ണനെ തൊട്ടുണ്ടത്. അവർക്കെല്ലാം വിജ്ഞാനവർദ്ധിനിസഭ ഭ്രഷ്ടുകൽപ്പിച്ചു. പുലച്ചോവന്മാർ എന്ന് കുറേക്കാലം അവരെ വിളിക്കുകയും ചെയ്തു. അവർക്ക് തീയും വെള്ളവും വിലക്കി. മറ്റുവിലക്കും ഏർപ്പെടുത്തി. ചിലർ കൈയേറ്റത്തിനും വിധേയരായി. ജനം രണ്ടുവശത്തായി. കുമാരനാശാൻപോലും സഹോദരസംഘത്തിന്റെ എടുത്തുചാട്ടമായി ഇതിനെ വിലയിരുത്തി. എന്നാൽ മിതവാദി സി. കൃഷ്ണൻ പന്തിഭോജനത്തെ അനുകൂലിച്ചു. അയ്യപ്പൻ, ശ്രീനാരായണഗുരുവിനെ നേരിട്ടു ചെന്നുകണ്ട് ഒരു സന്ദേശം ഗുരുവിൽ നിന്ന് എഴുതി വാങ്ങിച്ചു. പ്രസിദ്ധമായ ആ സന്ദേശം ഇതാണ്- മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെ ഇരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല.'

### 1.1.3.7 വൈക്കം സത്യാഗ്രഹം

അയിത്തോച്ചാടന പ്രസ്ഥാനത്തിലെ ആദ്യത്തെ സമരമാണ് വൈക്കം സത്യാഗ്രഹം. ഈ സത്യാഗ്രഹം നടന്നത് 1924-1925 കാലത്താണ് സമരക്കാരുടെ പ്രധാന ആവശ്യം വൈക്കം ക്ഷേത്രത്തിലേക്കുള്ള വഴികളിൽ അവർണ്ണ ഹിന്ദുക്കൾക്ക് കൂടി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കണമെന്നതായിരുന്നു. വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം നല്കിയത് ടി.കെ. മാധവൻ, കെ.പി. കേശവമേനോൻ, മന്നത്ത് പത്മനാഭൻ, ചങ്ങനാശേരി പരമേശ്വരൻപിള്ള, സി.വി. കുഞ്ഞുരാമൻ, കെ. കേളപ്പൻ തുടങ്ങിയവരാണ്. സമരത്തിന്റെ പ്രധാനമായ മറ്റൊരു ഘടകം, മന്നത്ത് പത്മനാഭൻ സമരത്തിന് നല്കിയ പിന്തുണയായിരുന്നു. സവർണ ഹിന്ദുക്കൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച

SGOU

സവർണജാഥ ശ്രദ്ധേയമാണ്. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട വലിയ ഒരു സംഭവമായി ഇത് മാറി. ജാഥാംഗങ്ങൾ തിരുവനന്തപുരത്ത് വന്ന് മഹാറാണി സേതുലക്ഷ്മിബായിയെ സന്ദർശിക്കുകയും തങ്ങളുടെ ആവശ്യം റാണിയെ ബോധ്യപ്പെടുത്തുകയും ചെയ്തു.

കാലക്രമേണ ക്ഷേത്രപ്രവേശനത്തിനനുകൂലമായ പൊതുജനങ്ങളുടെ അഭിപ്രായം സംഘടിപ്പിക്കുന്നതിന് വൈക്കം സത്യാഗ്രഹവും സവർണ്ണജാഥയും വളരെ പ്രയോജനപ്പെടുകയും ചെയ്തു. സത്യാഗ്രഹം ഇരുപതുമാസമാണ് നീണ്ടുനിന്നത്. സത്യാഗ്രഹത്തിൽ നിരവധി അറസ്റ്റുകൾ നടന്നു. അവസാനം മഹാത്മാഗാന്ധി സത്യാഗ്രഹത്തിൽ ഇടപെടൽ നടത്തി. 1925 ൽ വൈക്കം സത്യാഗ്രഹം വിജയകരമായി പര്യവസാനിച്ചു. സത്യാഗ്രഹത്തിന്റെ ഫലമായി വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളും പൊതുവഴികളും എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കപ്പെട്ടു. അവർണ ഹിന്ദുവിഭാഗങ്ങൾക്ക് വൈക്കത്ത് ലഭിച്ച ഈ സൗജന്യം കേരളത്തിലെ മറ്റ് ക്ഷേത്രങ്ങളിൽ ഉടനെ ലഭിച്ചില്ല. തുടർന്ന് ഈ ലക്ഷ്യം നിറവേറുന്നതിനായി വീണ്ടും സമരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. 1928 – ൽ തിരുവിതാംകൂറിൽ എല്ലാ ക്ഷേത്രനിരത്തുകളും സമീപപ്രദേശ വഴികളും ജാതിപരിഗണന നിശ്ചയിക്കാതെ സമസ്ത ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കുകയാണുണ്ടായത്.

### 1.1.3.8 ഗുരുവായൂർ സത്യാഗ്രഹം

അയിത്തോച്ചാടന പ്രസ്ഥാനത്തിലെ മറ്റൊരു പ്രധാന സത്യാഗ്രഹമായിരുന്നു ഗുരുവായൂർ സത്യാഗ്രഹം. ഇത് നടന്നത് 1932 ലാണ്. 1931–ൽ കേരള പ്രദേശ് കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നവംബർ 1–ാം തീയതിയാണ് സത്യാഗ്രഹം ആരംഭിച്ചത്. ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണമെന്നതായിരുന്നു സമരത്തിന്റെ പ്രധാന ലക്ഷ്യം. കെ.കേളപ്പനായിരുന്നു സത്യാഗ്രഹത്തിന്റെ നേതാവായി അറിയപ്പെട്ടിരുന്നത്. സന്നദ്ധസംഘത്തിന്റെ ക്യാപ്റ്റൻ എ.കെ. ഗോപാലനുമായിരുന്നു. സത്യാഗ്രഹത്തിന്റെ സ്വാധീനം ഭാരതമെങ്ങും അറിയപ്പെടാൻ തുടങ്ങി. ഇതനുസരിച്ച് ഭാരതത്തിന്റെ നാനാ ദേശങ്ങളിൽ നിന്നും രാഷ്ട്രീയ-സമരാനുകൂലികൾ സത്യാഗ്രഹികളെ സഹായിക്കുന്നതിന് ഗുരുവായൂരിൽ എത്തിച്ചേർന്നു. സത്യാഗ്രഹത്തെ എതിർത്ത യാഥാസ്ഥിതികർ ഡിസംബർ 26–ാം തീയതി എ.കെ. ഗോപാലനെ മർദ്ദിക്കുകയും അങ്ങനെ സത്യാഗ്രഹം നിരവധി പ്രക്ഷുബ്ധരംഗങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കൈയേറ്റം ജനങ്ങളെ അക്രമാസക്തരാക്കുകയും അവർ കൂട്ടത്തോടെ സർവ്വശക്തിയുമെടുത്ത് ക്ഷേത്രത്തിനുള്ളിൽ കടക്കാൻ തുനിയുകയും ചെയ്തു. തന്മൂലം ക്ഷേത്രം ഒരു മാസത്തിലേറെക്കാലം അടച്ചിട്ടു. സത്യാഗ്രഹം പത്തുമാസത്തോളം അനിശ്ചിതമായി തുടർന്നു. കെ. കേളപ്പൻ 1932 സെപ്തംബർ 22–ാം തീയതി ക്ഷേത്രത്തിന്റെ മുന്നിൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിച്ചു. 1932 ഒക്ടോബർ 2–ാം തീയതി ഗാന്ധിജി സമരത്തിലിടപെട്ടു. തുടർന്ന് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കെ. കേളപ്പൻ തന്റെ ഉപവാസം നിർത്തുകയും ചെയ്തു. ക്ഷേത്രപ്രവേശനത്തിനെക്കുറിച്ച് പൊതുജനാഭിപ്രായം അറിയുന്നതിന് കോൺഗ്രസ് പൊന്നാനി താലൂക്കിലെ ഹിന്ദുക്കൾക്കിടയിൽ ഒരു ജനഹിത പരിശോധന നടത്തി. ഹരിജനങ്ങൾക്ക് ക്ഷേത്രത്തിനുള്ളിൽ കടക്കുന്നതിനെ അനുകൂലിക്കുന്നവരാണ് എഴുപത് ശതമാനത്തിലേറെപ്പേർ എന്നാണ് ആ പരിശോധനയിൽ തെളിഞ്ഞത്. ഇങ്ങനെ പരിപൂർണ്ണമായ ലക്ഷ്യം നേടിയെടുക്കുന്നതിൽ സമരം പരാജയമായിരുന്നെങ്കിലും അയിത്തോച്ചാടന പ്രസ്ഥാനത്തിനെ അനുകൂലിക്കുന്ന ഒരു സാഹചര്യം രൂപപ്പെടുത്തുന്നതിൽ ഗുരുവായൂർ സത്യാഗ്രഹം വിജയിക്കുക തന്നെ ചെയ്തു.

### 1.1.3.9 ക്ഷേത്രപ്രവേശന വിളംബരം – 1936

ശ്രീ. പദ്മനാഭദാസവഞ്ചിപാല സർ രാമവർമ്മ കുലശേഖര കിരീട പതിമന്നേ സുൽത്താൻ മഹാരാജ രാമരാജ ബഹദൂർ ഷംഷെർ ജംഗ്, നൈറ്റ് ഗ്രാൻഡ് കമാൻഡർ ഓഫ് ദ ഇയർ എംപയർ, തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സുകൊണ്ട് 1936 നവംബർ 12–നു ശരിയായ 1112 തുലാം 12–ന് പ്രസിദ്ധപ്പെടുത്തിയ വിളംബരമാണ് ക്ഷേത്രപ്രവേശനവിളംബരം.

തിരുവിതാംകൂറിലെ അവശസമുദായക്കാർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചുകൊണ്ട് മഹാരാജാവ് പുറപ്പെടുവിച്ച വിളംബരമാണിത്. ഇതിന്റെ

SGOU

സാമൂഹികപശ്ചാത്തലം ശ്രദ്ധേയമാണ്. തിരുവിതാംകൂറിൽ നിന്നാരംഭിച്ച് കേരളമൊട്ടാകെ തന്നെ സാമൂഹികപുരോഗതിക്കു വഴി തെളിയിച്ച സുപ്രധാന ഘട്ടമായി ഇതിനെ വിശേഷിപ്പിക്കാവുന്നതാണ്. ഏറ്റവും ബൃഹത്തായ സാമൂഹിക പരിഷ്കാരമായി വിളംബരത്തെ ഒറ്റവാക്കിൽ നിർവചിക്കാവുന്നതാണ്. തിരുവിതാംകൂർ ഉൾപ്പെടെയുള്ള കേരളത്തിന്റെ നാനാദിക്കുകളിൽ നിലനിന്നിരുന്ന അയിത്തത്തിന്റെ ഭാഗമായി അധഃസ്ഥിത വിഭാഗങ്ങൾക്ക് പൊതുസ്ഥലങ്ങളിലും നിരത്തുകളിലും ക്ഷേത്രങ്ങൾക്കുള്ളിലും പ്രവേശനം നിഷേധിച്ചിരുന്നു.

കാലാന്തരത്തിൽ അയിത്തമുൾപ്പെടെയുള്ള ജാതീയവിവേചനങ്ങൾക്കെതിരെ പ്രതിഷേധം ശക്തമാകുവാൻ തുടങ്ങി. അവർണ്ണരുടെ അവശതകൾക്കെതിരെ ശക്തമായി പ്രതിഷേധിക്കുന്ന തരത്തിലുള്ള പ്രക്ഷോഭങ്ങളും സമരങ്ങളും നടക്കാൻ തുടങ്ങി. സമത്വസമാജം സ്ഥാപകനായ വൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, ഡോ. പല്പു, ടി.കെ. മാധവൻ, മന്നത്ത് പത്മനാഭൻ, അയ്യൻകാളി തുടങ്ങിയ നവോത്ഥാനനായകരുടെ പ്രബോധനവും പ്രവർത്തനവും ഇത്തരം അയിത്താചാരങ്ങൾക്കെതിരെ പൊരുതുവാൻ ജനങ്ങളെ ശക്തരാക്കി. അധഃകൃതജനതയുടെ ക്ഷേത്രപ്രവേശനത്തെപറ്റി പഠിക്കുന്നതിന് 1932 - ൽ ഒരു കമ്മിറ്റി നിയമിതമായി. അതിൽ ഉള്ളൂർ എസ്. പരമേശ്വരയ്യർ, മഹാദേവ അയ്യർ, നമ്പി നീലകണ്ഠശർമ്മ എന്നിവരായിരുന്നു പ്രധാനികൾ. എന്നാൽ കമ്മിറ്റിയുടെ റിപ്പോർട്ട് നിരാശാജനകമായിരുന്നു. തുടർന്ന് വീണ്ടും ഒരു കമ്മറ്റിയെ മഹാരാജാവ് നിയോഗിച്ചു. എട്ടംഗ സമിതി രണ്ടുവർഷത്തിനു ശേഷം സമർപ്പിച്ച റിപ്പോർട്ടിൽ അനുകൂലമായ നടപടിയുണ്ടായിരുന്നില്ല. എന്നിരുന്നാലും അയിത്താചാരണത്തിനെതിരെ സ്വീകരിക്കേണ്ട നടപടികൾ സമിതി ശിപാർശ ചെയ്തു 1936 - ൽ ഇത്തരം നടപടികൾ സർക്കാർ നടപ്പിലാക്കുകയും ചെയ്തു. ഇവയെല്ലാം തന്നെ ക്ഷേത്രപ്രവേശനവിളംബരത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയാണുണ്ടായത്.

### 1.1.3.10 ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനം

1936-ൽ ക്ഷേത്രപ്രവേശനവിളംബരം നടന്നെങ്കിലും മലബാറിലെ ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനം ലഭിച്ചില്ല. അവർ ഉത്സവത്തിനാവശ്യമായ നെല്ല്, പച്ചക്കറികൾ, കോഴികൾ എന്നിവ ക്ഷേത്രത്തിൽ കാഴ്ചവെച്ച് ദൂരെനിന്ന് പ്രസാദം വാങ്ങിപ്പോകുകയാണ് ചെയ്തിരുന്നത്. ആനന്ദതീർഥൻ ഈ രീതി അവസാനിപ്പിച്ചു. പ്രവേശനം നൽകാത്ത ക്ഷേത്രങ്ങളിൽ കാഴ്ചയർപ്പിക്കുന്നതിന് പകരം സ്വന്തം കുട്ടികൾക്ക് നല്ല ആഹാരം നൽകിയാൽ മതിയെന്ന് അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. തീയ്യസമുദായക്കാർ പോലും അവരുടെ ക്ഷേത്രങ്ങളിൽ ഹരിജനങ്ങളെ പ്രവേശിപ്പിച്ചിരുന്നില്ല. പയ്യന്നൂരിനടുത്ത് ഏഴോം ക്ഷേത്രത്തിൽ ആനന്ദതീർഥന്റെ നിർദ്ദേശാനുസരണം കാഴ്ച ബഹിഷ്കരിച്ച ഹരിജനങ്ങളെ സവർണ്ണർ ക്രൂരമായി മർദ്ദിച്ചു. തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ പ്രവേശനം ഹിന്ദുക്കൾക്ക് മാത്രം എന്ന ബോർഡ് സ്ഥാപിച്ചതിനെതിരെ അദ്ദേഹം സത്യാഗ്രഹം സംഘടിപ്പിച്ചു. ഒടുവിൽ ക്ഷേത്രകമ്മിറ്റിക്ക് ആ ബോർഡ് നീക്കേണ്ടിവന്നു. ഗുരുവായൂർ ക്ഷേത്രത്തിലെ ബ്രാഹ്മണസദ്യയ്ക്കെതിരെയും ആനന്ദതീർഥൻ സമരം ചെയ്തതിന്റെ ഫലമായി ഭോജനശാല എല്ലാവർക്കും തുറന്നുകൊടുക്കുന്ന സ്ഥിതിയുണ്ടായി.

### 1.1.3.11 പാലിയം സത്യാഗ്രഹം - 1947

1947 ഡിസംബർ മുതൽ 1948 മാർച്ച് വരെ നടന്ന സമരമാണ് പാലിയം സമരം. ചേന്ദമംഗലത്ത് പാലിയത്തച്ചന്റെ ഭവനത്തിന് മുന്നിലുള്ള പൊതുവഴിയിൽ കൂടി നടക്കാനുള്ള സ്വാതന്ത്ര്യം അവർണ്ണർക്കും അഹിന്ദുക്കൾക്കും നിഷേധിക്കപ്പെട്ടിരുന്നു. ഈയവസരത്തിൽ ഇത്തരം അയിത്താചാരങ്ങൾക്കു തടയിടാൻ വേണ്ടി നടത്തിയ സമരമാണ് പാലിയം സമരം. അതിന്റെ ഔപചാരികമായ ഉദ്ഘാടനം ഡിസംബർ 4-ന് നിർവഹിച്ചത് സി.കേശവനാണ്. ഗവൺമെന്റ് ഇതിനെ പ്രതിരോധിക്കുവാനായി നിരോധനാജ്ഞ പുറപ്പെടുവിച്ചിരുന്നു. നാനാഭാഗത്തു നിന്നും ദിവസേന വന്നുചേർന്നിരുന്ന സത്യാഗ്രഹാനുകൂലികൾ നിരോധനാജ്ഞ ലംഘിക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു സർക്കാർ സമരാനുകൂലികളെ നേരിടാൻ ലാത്തിപ്രയോഗം, അറസ്റ്റ് തുടങ്ങിയ മർദ്ദനമുറകൾ സ്വീകരിച്ചു. ഈ സത്യാഗ്രഹത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നത് അതിലെ സവർണ്ണപങ്കാളിത്തമായിരുന്നു. കൊച്ചി-

SGOU

കൊടുങ്ങല്ലൂർ രാജകുടുംബാംഗങ്ങളും നമ്പൂതിരി കുടുംബാംഗങ്ങളും ഈ സത്യാഗ്രഹത്തിൽ പങ്കുചേർന്നു. ജാഥ നയിച്ച എ.ജി. വേലായുധൻ പോലീസ് മർദ്ദനത്തിൽ രക്തസാക്ഷിയായത് സത്യാഗ്രഹാനുകൂലികളെ ചൊടിപ്പിക്കുകയും പാലിയം സത്യാഗ്രഹം രൂക്ഷമാക്കുകയും ചെയ്തു. അക്രമ സംഭവങ്ങൾക്കൊടുവിൽ സത്യാഗ്രഹം തൽക്കാലം നിർത്തിവയ്ക്കുകയാണുണ്ടായത്. 1948 ഏപ്രിലിൽ ക്ഷേത്രപ്രവേശനം അനുവദിച്ചതുമൂലം പാലിയം റോഡിലൂടെ സഞ്ചരിക്കുന്നതിന് അഹിന്ദുക്കൾക്കും അവർണ്ണർക്കും അനുമതി ലഭിക്കുകയും ചെയ്തു.

### 1.1.4 അയ്യാ വൈകുണ്ഠസ്വാമികൾ

തെക്കൻ തിരുവിതാംകൂറിലെ പ്രക്ഷോഭങ്ങൾക്കെല്ലാം പ്രേരകനായി ഭവിച്ച ഒരു യോഗിവര്യനായിരുന്നു അയ്യാ വൈകുണ്ഠസ്വാമികൾ. തെക്കൻ പ്രദേശങ്ങളിലെ അധഃസ്ഥിത വിഭാഗങ്ങളുടെ ശബ്ദം ഉയർന്നുതുടങ്ങിയത് വൈകുണ്ഠസ്വാമികളുടെ പ്രവർത്തനങ്ങളുടെ ഫലമായാണ്. 1809-ലാണ് സ്വാമികളുടെ ജനനം. നാടാർ സമുദായത്തിലാണ് അദ്ദേഹം ജനിച്ചത്. അധഃകൃതജനതയുടെ മോചനമായിരുന്നു സ്വാമികളുടെ ജീവിതലക്ഷ്യം. നീണ്ടകാലത്തെ തപസിനും ആധ്യാത്മിക ശിക്ഷണത്തിനും ശേഷം മാനവസമത്വത്തിനായി പ്രവർത്തിക്കുവാനാണ് അദ്ദേഹം തീരുമാനിച്ചത്. മുത്തുക്കുട്ടി എന്ന പേര് മാറ്റി പകരം വൈകുണ്ഠസ്വാമികൾ എന്ന പേര് സ്വയം സ്വീകരിക്കുകയായിരുന്നു. 1836-ൽ സമത്വസമാജം എന്ന ഒരു സംഘടന രൂപീകരിച്ചു. അധഃസ്ഥിതരിൽ സ്വാഭിമാനം ഉണർത്തുകയെന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. ഹിന്ദുസമുദായത്തിലെ അനാചാരങ്ങളായ അയിത്തത്തിനും തീണ്ടലിനുമെതിരെ സമപന്തിഭോജനം നടത്തിക്കൊണ്ടാണ് വർണ്ണവ്യവസ്ഥയെ അദ്ദേഹം വെല്ലുവിളിച്ചത്. നിർബന്ധിത അടിമവേലയ്ക്കെതിരെയും ശബ്ദമുയർത്തി. 'വേലയ്ക്ക് കൂലിവേണം' എന്നായിരുന്നു അദ്ദേഹം ആവശ്യപ്പെട്ടത്. പൊതുകിണറുകൾ കുഴിച്ച് എല്ലാവർക്കും വെള്ളമെടുക്കാനുള്ള സൗകര്യമൊരുക്കി. എല്ലാ ജനവിഭാഗങ്ങളെയും പ്രവേശിപ്പിക്കുന്നതിനായി ക്ഷേത്രങ്ങൾ പണികഴിപ്പിച്ചു സ്വജനങ്ങളെ മോടിയിൽ വസ്ത്രം ധരിക്കാൻ ആഹ്വാനം ചെയ്തു. തോൾ ശീലയും തലയിൽക്കെട്ടും ധരിച്ച് കണ്ണാടിയുടെ മുമ്പിൽ തൊഴുന്നതിന് അദ്ദേഹം സ്വാമിത്തോപ്പിൽ കണ്ണാടി പ്രതിഷ്ഠ നടത്തിയിരുന്നു. മനുഷ്യരെല്ലാം ഒരു ജാതിയും ഒരു കുലവുമാണെന്ന് അരുളുകയും അധഃകൃത വിഭാഗങ്ങളെ ഒന്നടങ്കം സംഘടിപ്പിച്ച് ശുചീന്ദ്രം ക്ഷേത്രത്തിലെ തേരോട്ടത്തിൽ പങ്കെടുപ്പിക്കുകയുംചെയ്തു. തേരിന്റെ കയറിൽ കീഴ്ജാതിക്കാരെക്കൊണ്ട് പിടിപ്പിക്കുകയും അതിന്റെ പേരിൽ തിരുവിതാംകൂറിന്റെ ഭരണാധികാരികൾ സ്വാമികളെ ജയിലിലടയ്ക്കുകയും ചെയ്തു. സ്വാതിതിരുനാളിന്റെ കാലഘട്ടത്തിലായിരുന്നു ഈ അനീതി അരങ്ങേറിയത്. ജയിലിൽവച്ച് കൊടിയ മർദ്ദനത്തിന് അദ്ദേഹം വിധേയനായി. അന്നത്തെ ജയിലറായിരുന്ന പി. സുബ്ബരായൻ എന്ന തൈക്കാട്ട് അയ്യാവ് പിന്നീട് വൈകുണ്ഠസ്വാമികളുടെ ശിഷ്യനായി മാറി. നാല്പത്തിരണ്ടാമത്തെ വയസ്സിൽ വൈകുണ്ഠ സ്വാമികൾ നിര്യാതനായി.

#### 1.1.4.1 വസ്ത്രധാരണം, ആഭരണം നവോത്ഥാനത്തിൽ

വസ്ത്രധാരണവിഷയത്തിൽ രാജകീയവിളംബരമുണ്ടായ അതേ വർഷംതന്നെയാണ് (1859) ഇതിഹാസപുരുഷനായിരുന്ന ആറാട്ടുപുഴ വേലായുധപ്പണിക്കർ ഈഴവസ്ത്രീകളെ മൂക്കുത്തി ധരിപ്പിച്ച് കായംകുളം പ്രദേശങ്ങളിലെ തെരുവിലൂടെ ജാഥയായിപ്പോയത്. ഈഴവരുടെയിടയിലെ സമ്പന്നനും ധീരനുമായ ഒരു പോരാളിയായിരുന്നു വേലായുധപ്പണിക്കർ. സ്വന്തമായി ഒരു ശിവക്ഷേത്രം നിർമ്മിക്കുകയും കഥകളിയോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്ത ആറാട്ടുപുഴ വേലായുധപ്പണിക്കർ സവർണ്ണവിഭാഗങ്ങളുടെ കണ്ണിലെ കരടായി മാറിയിരുന്നു. സവർണ്ണജന്മിമാരുടെ ഒത്താശയോടുകൂടി കായംകുളം കായലിൽവച്ച് പണിക്കരെ കുത്തിക്കൊല്ലുകയായിരുന്നു. വേലായുധപ്പണിക്കർ കീഴാളസ്ത്രീകളെ ആഭരണം അണിയിച്ചുകൊണ്ടാണ് നവോത്ഥാനം നടത്തിയതെങ്കിൽ 1915-ൽ കീഴാളസ്ത്രീകളുടെ ജാതിസൂചകമായ ആഭരണങ്ങൾ മുറിച്ചെറിഞ്ഞുകൊണ്ടായിരുന്നു മഹാത്മാ അയ്യൻകാളി നവോത്ഥാനശ്രമങ്ങൾക്ക് നേതൃത്വം കൊടുത്തത്. സാധുജന പരിപാലന സംഘത്തി

SGOU

ന്റെ സമ്മേളനത്തിൽ അധഃകൃതരെന്നു പറയുന്നവർ അണിയണമെന്നു നിർദ്ദേശിച്ചിരുന്ന കല്ലുമാലയും അദ്ദേഹം അവരെക്കൊണ്ട് ഉപേക്ഷിപ്പിച്ചു. ആഭരണംപോലും സമരായുധമായിമാറിയ ഒരു കാലഘട്ടം കേരളീയ നവോത്ഥാനചരിത്രത്തിനു മാത്രം അവകാശപ്പെട്ടതാണ്.

## 1.1.5 ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾ

ബ്രിട്ടീഷുകാരുടെ കാലത്താണ് കേരളത്തിൽ പാശ്ചാത്യ വിദ്യാഭ്യാസം ആരംഭിക്കുന്നത്. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾ ഇതിനെ വേഗത്തിലാക്കി. പാശ്ചാത്യ വിദ്യാഭ്യാസം കേരളത്തിന്റെ സാമൂഹിക പരിവർത്തനത്തെ ഏറെ സ്വാധീനിച്ചു. ബ്രിട്ടീഷ് ഭരണാധികാരികൾ ജാതിയുടെ അടിസ്ഥാനത്തിലല്ലാതെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ നാട്ടുകാർക്ക് ജോലികൾ നൽകിയപ്പോൾ ക്രിസ്ത്യാനികളും, നായന്മാരുമടക്കമുള്ള സവർണ്ണഹിന്ദുക്കളും സർക്കാർ ജോലികൾ ലഭിക്കാൻ വേണ്ടി പാശ്ചാത്യ വിദ്യാഭ്യാസം നേടാൻ തയ്യാറായി രംഗത്ത് വന്നു. മിഷണറിമാർ ജാതിമതചിന്തകൾക്കതീതമായി പാശ്ചാത്യ വിദ്യാഭ്യാസം ജനങ്ങളിൽ എത്തിക്കാൻ വേണ്ടി സ്തുത്യർഹമായ സേവനമാണ് ചെയ്തത്. ലത്തീൻ മിഷൻ സൊസൈറ്റി (LMS, CMS), ചർച്ച് മിഷൻ സൊസൈറ്റി എന്നിവയിലെ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ 19 -ാം നൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ തിരുവിതാംകൂറിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നു. വൈജ്ഞാനികരംഗത്തും ഭാഷാസാഹിത്യ രംഗത്തും വേഗത്തിൽ ചലനമുണ്ടാക്കിയ ഒരു സംഭവമാണ് അച്ചടിവിദ്യയുടെ ആവിർഭാവം, പത്രമാസികകളുടെ പ്രസാധനം, ഗദ്യഭാഷയുടെ വികാസം തുടങ്ങിയവ ഇതിന്റെ പരിണിതഫലമാണ്.

കേരളത്തിൽ മിഷണറി പ്രവർത്തനങ്ങളിൽ ശ്രദ്ധവെച്ചത് 1805-ൽ പ്രവർത്തനമാരംഭിച്ച ലത്തീൻ മിഷണറിയിലെ റവ. മീഡ് ആയിരുന്നു. 1813-ൽ ചർച്ച് മിഷൻ കോട്ടയത്ത് ഒരു കോളേജും ഒരു സെമിനാരിയും സ്ഥാപിച്ചു. സാൽവേഷൻ ആർമി എന്ന മിഷണറി സംഘവും, റിംഗിൾറ്റാബ് എന്ന സ്പാനിഷ് മിഷണറിയും നാഗർകോവിലിലും പരിസരങ്ങളിലും പ്രവർത്തനം ആരംഭിക്കുകയും ഒട്ടേറെ ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. 1821-ൽ ചർച്ച് മിഷനിൽപ്പെട്ട സ്ത്രീകൾ കോട്ടയത്ത് ഒരു ഗേൾസ് സ്കൂൾ ആരംഭിച്ചു. ഈ മിഷനിൽപ്പെട്ട ബെയ്ലി, ബേക്കർ തുടങ്ങിയ മിഷണറിമാർ പാശ്ചാത്യ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. കൊച്ചിയിലും മലബാറിലും പാശ്ചാത്യ മിഷണറിമാരുടെ പ്രവർത്തനം നടന്നു. റവ. ഡാസൻ എന്ന ഇംഗ്ലീഷ് മിഷണറി ഗവൺമെന്റ് സഹായത്തോടെ മട്ടാഞ്ചേരിയിൽ ഒരു സ്കൂൾ തുടങ്ങി. മലബാറിൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ എന്ന സംഘടനയുടെ നേതൃത്വത്തിലാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയത്. കണ്ണൂരിലെ തലശ്ശേരിയിലും, കോഴിക്കോട് കല്ലായിയിലും ഇവരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് സ്കൂളുകൾ ആരംഭിച്ചു.

മതപ്രചാരണം ലക്ഷ്യമാക്കിയ മിഷണറിമാർ ഇതിനു കണ്ടെത്തിയ വഴിയാണ് വിദ്യാഭ്യാസ പ്രവർത്തനം. ഗവൺമെന്റും ഇതിനെ പ്രോത്സാഹിപ്പിച്ചു. ജാതിമതഭേദമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകാൻ മിഷണറിമാർ തയ്യാറായതോടെ താഴ്ന്ന ജാതിക്കാരും സർക്കാർ ജോലിയിൽ പ്രവേശിക്കാൻ തുടങ്ങി. പൊതുവിദ്യാഭ്യാസം വളർത്തുന്നതിനായി സർക്കാരും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം, തൃശൂർ എന്നിവിടങ്ങളിൽ ഗവൺമെന്റ് വിദ്യാലയങ്ങൾ തുടങ്ങി. തിരുവനന്തപുരം മഹാരാജാസ് കോളേജും (1866) എറണാകുളം മഹാരാജാസ് കോളേജും (1875) നിലവിൽ വന്നു. ഉന്നതവിദ്യാഭ്യാസത്തിന് ഇത് വഴിയൊരുക്കി. തലശ്ശേരിയിൽ ബാസൽ മിഷൻ 1862 -ൽ ബ്രണ്ണൻ സ്കൂൾ സ്ഥാപിച്ചു. പിന്നീട് ഇത് കോളേജാക്കി ഉയർത്തി. ഇതിനു പുറമേ നിയമം, ആയുർവേദം, സംസ്കൃതം തുടങ്ങിയവയിൽ പ്രത്യേക പരിശീലനം നൽകുന്ന കോളേജുകളും തുടങ്ങി. 20-ാം നൂറ്റാണ്ടോടു കൂടി കേരളത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നുവരികയും വിദ്യാഭ്യാസം സാർവത്രികമാവുകയും ചെയ്തു.

കൊളോണിയൽ ആധുനികതയിൽ വിദ്യാഭ്യാസരംഗത്തും സാമൂഹിക സാംസ്കാരിക രംഗത്തും നവോത്ഥാനമുണ്ടായി. മതപരിഷ്കാരം, അയിത്തനിവാരണം, ജാതിനശീകരണം എന്നീ പരിഷ്കരണ സംഭവങ്ങൾ അരങ്ങേറി.

SGOU

ചാന്നാർ ലഹള (മേൽമുണ്ട് സമരം) കല്ലുമാല സമരം തുടങ്ങിയ സാമൂഹികസമുദായ പരിഷ്കരണപ്രക്ഷോഭങ്ങൾ ഉദയം ചെയ്തു. മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, എസ്.എൻ.ഡി.പി., എൻ.എസ്.എസ്, സാധുജന പരിപാലന സംഘം, പ്രത്യക്ഷ രക്ഷാസഭ എന്നീ സംഘടനകളുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ ജാതീയ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും മാറ്റി മറിക്കാനും മാനവികതയ്ക്ക് ഊന്നൽ നൽകുന്ന സാമൂഹികാവസ്ഥ രൂപപ്പെടാനും കാരണമായി.

കേരളത്തിൽ പാശ്ചാത്യ വിദ്യാഭ്യാസം ആരംഭിക്കുന്നത് ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളോടു കൂടിയാണ്. 1816 വരെ ഇക്കാര്യത്തിൽ മുൻകൈ എടുത്തത് പ്രൊട്ടസ്റ്റന്റ് മിഷണറിമാരാണ്. റിംഗിൾ റ്റാബ് എന്ന സ്പാനിഷ് മിഷണറി 1806 മുതൽ തിരുവനന്തപുരം നാഗർകോവിൽ ഭാഗങ്ങളിൽ ഒട്ടേറെ സ്കൂളുകൾ സ്ഥാപിക്കുകയും പാവപ്പെട്ട കുട്ടികളെ ജാതിമതഭേദമില്ലാതെ സൗജന്യമായി പഠിപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഏറ്റവും മഹനീയമായ സേവനം ഡോക്ടർ മീഡിന്റേതാണ്. തന്റെ സമയം അതിനുവേണ്ടി അദ്ദേഹം ചെലവിട്ടു. മുഴുവൻ വിദ്യാഭ്യാസപ്രചരണത്തിന് സാധാരണ വിദ്യാലയങ്ങൾക്ക് പുറമേ തൊഴിൽ പരിശീലനത്തിനുള്ള വിദ്യാലയങ്ങളും സ്ഥാപിച്ച അദ്ദേഹം സ്ത്രീവിദ്യാഭ്യാസത്തിനും പ്രോത്സാഹനം നൽകി. 1821-ൽ സിറിയൻ പാതിരിമാർ കോട്ടയത്ത് ഒരു ഗ്രാമർ സ്കൂൾ തുടങ്ങി. അവരുടെ ഭാര്യമാർ ഒരു പെൺപള്ളിക്കൂടവും തുടങ്ങി. സി.എം.എസ് മിഷണറിമാരിൽ ബെയിലി, ബേക്കർ തുടങ്ങിയവർ പ്രസിദ്ധരാണ്. കൊച്ചി ഭാഗത്ത് റവറന്റ് ഡാസൺ എന്ന ഇംഗ്ലീഷ് മിഷണറി ഗവൺമെന്റിന്റെ സഹായത്തോടെ മട്ടാഞ്ചേരിയിൽ വിദ്യാലയം തുടങ്ങി. മലബാറിൽ കോഴിക്കോട് കല്ലായിയിൽ 1848 ലും തലശ്ശേരിയിൽ 1856 ലും ബാസൽ ഇവാൻജലിക്കൽ മിഷൻ ഒരു വിദ്യാലയം കൂടി സ്ഥാപിച്ചു.

ക്രിസ്ത്യൻ മിഷണനറിമാർ തുടങ്ങിവെച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആ രംഗത്ത് കടന്നുചെല്ലാൻ സർക്കാരിനെ പ്രേരിപ്പിച്ചു. 1817-ൽ റാണി ഗൗരി പാർവ്വതിഭായി, ദിവാനായിരുന്ന കേണൽ മൺറോയുടെ സഹായത്തോടു കൂടി സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനു ശ്രമിച്ചു. നാടിന്റെ എല്ലാ ഭാഗങ്ങളിലും മലയാളം പ്രൈമറി സ്കൂളുകൾ സ്ഥാപിതമായി. അഞ്ച് വയസിനും പത്തുവയസിനും മധ്യേ പ്രായമുള്ള കുട്ടികളെ രക്ഷാകർത്താക്കൾ നിർബന്ധമായും സ്കൂളുകളിൽ അയക്കേണ്ടതാണ് എന്ന നിയമവും വന്നു. യോഗ്യതയുള്ള അധ്യാപകരെ നിയമിച്ച് സർക്കാരിൽനിന്നു ശമ്പളം നൽകി. വിദ്യാഭ്യാസം പ്രചരിപ്പിക്കേണ്ട ചുമതല സർക്കാരിന്റേതാണെന്ന തത്വം നിലവിൽ വന്നു. 1834-ൽ സ്വാതിതിരുനാളിന്റെ കാലത്ത് തിരുവനന്തപുരത്ത് ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിതമായി. 1836-ൽ ആ സ്കൂൾ കോളേജിന്റെ പദവിയിലേക്കുയർന്നു. 1845-ൽ എറണാകുളത്ത് ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. നാടൊട്ടുക്ക് കോളേജുകളും സ്കൂളുകളും ഉയർന്നു വന്നു. പൊതുവിദ്യാഭ്യാസത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു ഇത്തരം സ്ഥാപനങ്ങൾ. അച്ചടിയുടെ പ്രചാരം പത്രമാസികകളുടെ ആവിർഭാവത്തിനു തുടക്കമിട്ടു. ഇവ രണ്ടും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക നവോത്ഥാനരംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കി.

## Recap

- നവമായ ഉത്ഥാനം അഥവാ പുതിയ ഉയിർത്തെഴുന്നേൽപ്പ് എന്നാണ് നവോത്ഥാനം എന്ന പദം അർഥമാക്കുന്നത്.
- പഞ്ചമി എന്ന പെൺകുട്ടിയെ ബാലരാമപുരം ഊരൂട്ടമ്പലം സർക്കാർ സ്കൂളിൽ ചേർക്കാൻ അയ്യൻകാളി എത്തിയപ്പോൾ ഉണ്ടായ സംഘർഷം പുലയലഹള എന്ന പേരിൽ അറിയപ്പെട്ടു.

SGOU

- 1904-ൽ കർഷകത്തൊഴിലാളികളെ ചേർത്ത് അയ്യൻകാളിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സമരമാണ് തൊണ്ണൂറാമാണ്ട് ലഹള.
- ശമ്പളവർദ്ധനവ്, ദലിത് കുട്ടികളുടെ സ്കൂൾ പ്രവേശനം എന്നിവയായിരുന്നു തൊണ്ണൂറാമാണ്ട് ലഹളയുടെ പ്രധാന ലക്ഷ്യങ്ങൾ.
- സഹോദരൻ അയ്യപ്പൻ ഗുരുവിൽ നിന്ന് എഴുതി വാങ്ങിച്ച പ്രസിദ്ധമായ സന്ദേശം - 'മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെ ഇരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല.'
- വ്യത്യസ്തമായ ഒരു നവോത്ഥാന പ്രക്രിയയായിരുന്നു സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടന്ന പന്തിഭോജനം
- ജാത്യാചാരങ്ങളെ ലംഘിച്ചു യാഥാസ്ഥിതികരെ പ്രകോപിപ്പിക്കുന്നതിന് തയ്യാറായി ത്തന്നെ എടുത്ത മിശ്രഭോജനമായിരുന്നു 1917 മെയ് 29-ന് നടന്ന പന്തിഭോജനം
- അയിത്തോച്ചാടന പ്രസ്ഥാനത്തിലെ ആദ്യത്തെ സമരമാണ് വൈക്കം സത്യാഗ്രഹം. (1924-1925)
- വൈക്കം ക്ഷേത്രവഴികളിൽ അവർണ്ണഹിന്ദുക്കൾക്ക് കൂടി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം
- 'ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണമെന്നതായിരുന്നു ഗുരുവായൂർ സത്യാഗ്രഹസമരത്തിന്റെ പ്രധാന ലക്ഷ്യം.
- കെ. കേളപ്പനായിരുന്നു ഗുരുവായൂർ സത്യാഗ്രഹത്തിന്റെ നേതാവായി അറിയപ്പെട്ടിരുന്നത്.
- 1936 തിരുവിതാംകൂറിലെ അവശസമുദായക്കാർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചുകൊണ്ട് മഹാരാജാവ് പുറപ്പെടുവിച്ച വിളംബരമാണ് ക്ഷേത്രപ്രവേശന വിളംബരം.
- 1947 ഡിസംബർ മുതൽ 1948 മാർച്ച് വരെ നടന്ന സമരമാണ് പാലിയം സമരം.
- വൈകുണ്ഠസ്വാമികൾ 1836-ൽ സമത്വസമാജം എന്ന ഒരു സംഘടന രൂപീകരിച്ചു.
- കേരളത്തിൽ പാശ്ചാത്യ വിദ്യാഭ്യാസം ആരംഭിക്കുന്നത് ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളോടു കൂടിയാണ്.
- പാശ്ചാത്യ വിദ്യാഭ്യാസം കേരളത്തിന്റെ സാമൂഹ്യ പരിവർത്തനത്തെ ഏറെ സ്വാധീനിച്ചു.
- ക്രിസ്ത്യൻ മിഷണറിമാർ തുടങ്ങിവെച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആ രംഗത്ത് കടന്നുചെല്ലാൻ സർക്കാരിനെ പ്രേരിപ്പിച്ചു.
- ജാതിമതഭേദമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകാൻ മിഷണറിമാർ തയ്യാറായതോടെ താഴ്ന്ന ജാതിക്കാരും സർക്കാർ ജോലിയിൽ പ്രവേശിക്കാൻ തുടങ്ങി.

SGOU

## Objective Type Questions

1. വൈകുണ്ഠസ്വാമികൾ സ്ഥാപിച്ച സംഘടനയുടെ പേരെന്ത്?
2. നവോത്ഥാനം എന്ന പദത്തിന്റെ അർഥമെന്ത്?
3. സഹോദരൻ അയ്യപ്പന്റെ പന്തിഭോജനം നടന്ന വർഷം ഏത്?
4. തൊണ്ണൂറാമാണ്ട് സമരം എന്നറിയപ്പെടുന്ന സമരം ഏത്?
5. സ്വാമി വിവേകാനന്ദൻ കേരളത്തെ വിശേഷിപ്പിച്ചതെങ്ങനെ?
6. അയ്യൻകാളിയെ പുലയമഹാരാജാവ് എന്ന് വിശേഷിപ്പിച്ചത് ആര്?
7. തൊണ്ണൂറാമാണ്ട് സമരത്തിനു നേതൃത്വം നല്കിയത് ആര്?
8. തിരുവിതാംകൂർ ചരിത്രമെഴുതിയതാര്?

9. 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം' എഴുതിയതാര്?
10. ചാന്നാർ ലഹളയുടെ ഉദ്ദേശ്യലക്ഷ്യമെന്തായിരുന്നു?
11. ചാന്നാർ ലഹള അറിയപ്പെടുന്നത് ഏതെല്ലാം പേരുകളിലാണ്?
12. മാറുമറയ്ക്കാൻ അനുവാദം നൽകി വിളംബരം പുറപ്പെടുവിച്ച വർഷമേത്?
13. കല്ലുമാല ബഹിഷ്കരിച്ച സമരമേത്? നടന്നതെന്ന്?
14. കല്ലുമാല സമരത്തിന്റെ മറ്റൊരു പേര്?
15. ആരുടെ ആഹ്വാനമനുസരിച്ചായിരുന്നു കീഴാളസ്ത്രീകൾ ജാതി സൂചകമായ ആഭരണ ങ്ങൾ ഉപേക്ഷിച്ചത്?
16. വൈക്കം സത്യാഗ്രഹത്തിന്റെ ലക്ഷ്യമെന്തായിരുന്നു?
17. തിരുവിതാംകൂറിൽ മിഷണറി പ്രവർത്തനത്തിന് തുടക്കംക്കുറിച്ചതാര്?
18. ഒരേ ഭക്ഷണത്തിന് ജാതിശ്രേണിയനുസരിച്ച് വ്യത്യസ്തപേരുകൾ പറയുന്നതിനുദാഹ രണമെഴുതുക?
19. നമ്പൂതിരി ഇല്ലത്തെ പന്തിയിൽ ഭക്ഷണം വിളമ്പുന്ന ക്രമം എങ്ങനെയായിരുന്നു?
20. വാഗ്ഭടാനന്ദൻ നടത്തിയ പന്തിഭോജനം ഏതു പേരിലറിയപ്പെടുന്നു?
21. വൈക്കം സത്യഗ്രഹത്തിലെ മുൻനിര നേതാക്കന്മാർ ആരൊക്കെയായിരുന്നു?
22. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം ഏത്?
23. ഗുരുവായൂർ സത്യഗ്രഹത്തിന്റെ ജാഥാ ക്യാപ്റ്റൻ ആരായിരുന്നു?
24. ക്ഷേത്രപ്രവേശന വിളംബരം നടത്തിയ വർഷവും തീയതിയും?
25. പാലിയം സത്യാഗ്രഹം നടന്ന വർഷം ഏത്?

## Answers

1. സമത്വസമാജം
2. പുതിയതായി സംഭവിക്കുന്ന മാറ്റങ്ങൾ അഥവാ ഉണർവ്വ്.
3. 1917
4. 1904 ലെ ആദ്യ കർഷകസമരം (തൊണ്ണൂറാമാണ്ട് സമരം)
5. കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചു
6. ഗാന്ധിജി
7. അയ്യൻകാളി
8. പി. ശങ്കുണ്ണിമേനോൻ
9. പി. ഭാസ്കരനുണ്ണി
10. ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം
11. മേൽമുണ്ട് സമരം, ശീലകലാപം
12. 1859
13. കല്ലുമാല സമരം (1915 ഒക്ടോബർ 24)
14. പെരിനാടു കലാപം
15. അയ്യൻകാളിയുടെ
16. വൈക്കം ക്ഷേത്രവഴിയിലൂടെ എല്ലാവർക്കും സഞ്ചാരസ്വാതന്ത്ര്യം ലഭിക്കുക
17. ഫാദർ റിംഗിൾ റ്റാബ്
18. കരിക്കാടി, അമൃതേത്ത്
19. കുട്ടികൾ, പുരുഷന്മാർ, അന്തർജ്ജനങ്ങൾ, തോഴിമാർ

20. പ്രീതിഭോജനം
21. ടി.കെ. മാധവൻ, കെ.പി. കേശവമോനോൻ, ഇ.വി. രാമസ്വാമി നായ്ക്കർ, ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള, മന്നത്ത് പദ്മനാഭൻ
22. 1931
23. എ.കെ. ഗോപാലൻ
24. 1936 നവംബർ 12
25. 1947

## Assignment

1. 19-ാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായ ജാതി വിരുദ്ധസമരങ്ങളെ അപഗ്രഥിക്കുക
2. കേരളചരിത്രത്തിലെ നവോത്ഥാന കാലത്തിലെ പ്രധാന സമരമായിരുന്നു തൊണ്ണൂറാമാണ്ട് ലഹള-വിശദീകരിക്കുക
3. തിരുവിതാംകൂറിലെ ആദ്യത്തെ കർഷക തൊഴിലാളി സമരമെന്ന നിലയിൽ തൊണ്ണൂറാമാണ്ട് ലഹളയുടെ പ്രാധാന്യം വ്യക്തമാക്കുക
4. 19-ാം നൂറ്റാണ്ടിലെ കേരള നവോത്ഥാനരംഗത്ത് ക്രിസ്ത്യൻ മിഷണറിമാരുടെ സംഭാവന കൾ വിലയിരുത്തുക
5. ചാന്നാർ ലഹളയ്ക്ക് കാരണമായ കേരളത്തിലെ സാമൂഹിക സാഹചര്യങ്ങൾ വിശദമാക്കുക

## Suggested Reading


1. പി. കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരളചരിത്രവും, ഡി .സി ബുക്സ്, കോട്ടയം.
2. പി. ഗോവിന്ദപ്പിള്ള, കേരള നവോത്ഥാനശില്പികൾ (5 വോള്യം)
3. എം. കെ. സാനു, സഹോദരൻ അയ്യപ്പൻ, എസ് .പി .സി .എസ്, കോട്ടയം
4. പി. ഭാസ്കരനുണ്ണി, കേരളം : ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശൂർ.


## Reference


1. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി. കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം.
3. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
4. പി. ഭാസ്കരനുണ്ണി, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശൂർ.


SGOU

# BLOCK - 2

# ശ്രീനാരായണ ഗുരുവിന്റെ ജീവിതഘട്ടങ്ങൾ, ആശയപോരാട്ടങ്ങൾ

SGOU

# യൂണിറ്റ് 1 ശ്രീനാരായണ ഗുരുവിന്റെ ജീവിതഘട്ടങ്ങൾ, ആശയപോരാട്ടങ്ങൾ

## Learning Outcomes

- ഗുരുദേവന്റെ ബാല്യകാല ജീവിതത്തെ അറിയുന്നു
- ഗുരുവിന്റെ പരിവ്രാജകജീവിതത്തെക്കുറിച്ച് അറിയുന്നു
- ഗുരുവിന്റെ നവോത്ഥാന ദർശനങ്ങൾ ഗ്രഹിക്കുന്നു
- ഗുരുചിന്തകളിലെ ബൗദ്ധദർശന സ്വാധീനം തിരിച്ചറിയുന്നു

## Prerequisite

പ്രപഞ്ചം വളരെ ശ്രദ്ധയോടെയാണ് ഓരോ മനുഷ്യനെയും സൃഷ്ടിക്കുന്നത്. മനുഷ്യന്റെ അസാധാരണമായ ബുദ്ധിയും വൈഭവവും അവൻ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന് പ്രപഞ്ചം നിരീക്ഷിച്ചറിയുകയും ചെയ്യും. പലരും ഒരു ചെറിയ വൃത്തത്തിൽ തന്റെ ജീവിതം നയിച്ചു കടന്നുപോകുന്നു. എന്നാൽ ശ്രീനാരായണ ഗുരുവിന്റെ ജീവിതവും പ്രവർത്തനങ്ങളും അങ്ങനെയല്ല. അതു നാം കണ്ടറിയണം. സന്യാസിശ്രേഷ്ഠൻ, സാമൂഹിക പരിഷ്കർത്താവ്, കവി, ക്രാന്തദർശി, വിദ്യാഭ്യാസ വിചക്ഷണൻ, ഏകലോകദർശി, ഏകമതവാദി, പ്രകൃതിസ്നേഹി, മനുഷ്യസ്നേഹി, ധന്വന്തരി, നർമ്മരസികൻ, മൗനം പൂണ്ട വിപ്ലവകാരി- ഇങ്ങനെ ഏതും ഗുരുവിന്റെ വ്യക്തിത്വത്തിന് പ്രഭ ചൊരിയുന്നു. ജീവിതം എങ്ങനെ കലാപരമായി ജീവിക്കണമെന്ന് നമ്മെ ബോധ്യപ്പെടുത്താൻ വന്ന 'പൂർണ്ണമനുഷ്യ'നായിരുന്നു ശ്രീനാരായണഗുരു.

കേരളീയ ജനസമൂഹത്തെ അടിച്ചമർത്തിയിരിക്കുന്നത് ജാതിഭേദവും മതദ്വേഷവും ആണെന്ന് മനസ്സിലാക്കിയ ഗുരു മതത്തെ പരിഷ്കരിക്കാനും അതിന്റെ അസ്തിത്വത്തിൽ നിലനിർത്താനും ശ്രമിച്ചു. മാത്രമല്ല ഒരു മഹാമന്ത്രം കൂടി ജനങ്ങൾക്ക്, കേരള സമൂഹത്തിനു മുൻപിൽ സുവർണ്ണലിപികളാൽ ആലേഖനം ചെയ്യാനും ഗുരുവിന് കഴിഞ്ഞു. ജാതിഭേദമോ, മതദ്വേഷമോ ഇല്ലാതെ ഏവരും സഹോദര്യത്തോടെ വർത്തിക്കാനുള്ള ഇടമാണ് ലോകമെന്ന് ഗുരു എഴുതി. ആത്മീയചൈതന്യം തുളുമ്പുന്ന ഗുരുവിന്റെ ഉള്ളിൽ നിന്ന് അടർന്ന് വീഴുന്ന വാക്കുകൾക്ക് അസാധാരണത്വം ഉണ്ടാവുക സ്വാഭാവികം. ആ പ്രകാശത്തിന്റെ അലയൊലികൾ കേരളം മുഴുവൻ വ്യാപിച്ചു. അങ്ങനെ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്ന മൂന്ന് ആദർശങ്ങൾ ഗുരു പറയുക മാത്രമല്ല അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുകയും ചെയ്തു. അങ്ങനെ ഗുരു കേരളനവോത്ഥാന പ്രസ്ഥാനത്തിന്റെ പ്രചാരകനായി മാറി.

SGOU

'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന സന്ദേശത്തിലൂടെ മനുഷ്യത്വത്തിന്റെ മഹിമ ഗുരു വ്യക്തമാക്കുന്നു. മനുഷ്യന് വേണ്ടിയാണ് ദർശനങ്ങൾ ഉണ്ടായത്. മനുഷ്യന്റെ സമ്പൂർണ്ണമായ ഉയർച്ചയാണ് ഓരോ ദർശനത്തിന്റെയും പരമമായ ലക്ഷ്യം. അതിനുവേണ്ടിയാണ് പുരോഹിതൻ (മുൻപിൽ നിൽക്കുന്നയാൾ)നിലനിൽക്കേണ്ടത്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'എന്നതാണ് ഗുരുവിന്റെ സന്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്. മനുഷ്യന്റെ വിചാരവും വാക്കും പ്രവൃത്തിയും നേർരേഖയിലൂടെ കടന്നുപോകണമെന്ന് ഗുരു നിഷ്കർഷിച്ചു. ഇതിന് വേണ്ട ഗുണമാണ് ശ്രദ്ധ. 'ശ്രദ്ധവാൻ ലഭ്യതേ ജ്ഞാനം' എന്ന സൂക്തം ഗുരു കൂടെക്കൂടെ പറയുമായിരുന്നു. ദേഹശുദ്ധി, വാക്ശുദ്ധി, ഇന്ദ്രിയശുദ്ധി, മനശുദ്ധി, ഗൃഹശുദ്ധി എന്ന ശുദ്ധിപഞ്ചകവും അഹിംസ, സത്യം, അസ്തേയം, അവ്യഭിചാരം, മദ്യവർജ്ജനം എന്ന ധർമ്മപഞ്ചകവും ബ്രഹ്മയാഗം, ദൈവികയാഗം, പിത്യാതൃയാഗം, ഭുതികയാഗം, മാനുഷികയാഗം എന്ന യാഗപഞ്ചകവും അനുഷ്ഠിക്കുന്ന മനുഷ്യൻ മനുഷ്യത്വത്തിന്റെ പൂർണ്ണാവസ്ഥയിൽ എത്തിച്ചേരുമെന്ന് ഗുരു വ്യക്തമാക്കിയിട്ടുണ്ട്. ഒരാൾ എല്ലാ മതഗ്രന്ഥങ്ങളും വായിക്കണമെന്നും പഠിക്കണമെന്നും ഗുരു ഉപദേശിച്ചു. മതകലഹങ്ങൾ ഇല്ലാതാകാൻ ഇത് സഹായകമാകുമെന്ന് ഗുരു വിശ്വസിച്ചിരുന്നു. ശിവഗിരി മഠത്തിലെ കുട്ടികളെ ബൈബിൾ, ഖുറാൻ തുടങ്ങിയ കൃതികൾ പഠിപ്പിക്കുമായിരുന്നു. വൈദിക ദർശനത്തിൽനിന്ന് വേറിട്ട് നിൽക്കുന്ന ഒന്നല്ല ശ്രീനാരായണ ദർശനം; അത് സാധാരണ മനുഷ്യന് വേണ്ടി ഗുരു കടഞ്ഞെടുത്ത അമൂല്യ നിധിയാണ്.

## Keywords

ഗുരുദേവന്റെ ജനനം - ബാല്യം - സന്യാസം - പരിവ്രാജകജീവിതം - ചട്ടമ്പിസ്വാമികൾ - നവോത്ഥാനദർശനം - വൈദികദർശനം - ശ്രീനാരായണ ദർശനം - ബൗദ്ധദർശനപ്രഭാവം

## Discussion

### 2.1.1 ശ്രീനാരായണ ഗുരുവിന്റെ ജീവിതം

#### ജനനം

തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിലെ വയൽവാരം വീട്ടിലായിരുന്നു ഗുരുവിന്റെ ജനനം. 1856 സെപ്തംബർ 14-ാം തീയതി വെളുപ്പിന് ബ്രാഹ്മമുഹൂർത്തത്തിലായിരുന്നു കുട്ടി ഭൂജാതനായത്. അച്ഛൻ മാടനാശാനും അമ്മ കുട്ടിയമ്മയുമായിരുന്നു. ഗുരുവിന്റെ അച്ഛനായ മാടനാശാൻ കൃഷിക്കാരനും കളരിയാശാനും കുടിപ്പള്ളിക്കൂടത്തിലെ ആശാനും ഭക്തനും പുരാണകൃതികളിൽ തല്പരനുമായിരുന്നു.

### 2.1.1.1 ബാല്യം

കുട്ടിക്കാലത്ത് രാവിലെ എഴുന്നേറ്റ് കുളിച്ചു കുറിയിട്ടു നടന്നിരുന്ന നാണുവിനെ ആളുകൾ "നാണു ഭക്തൻ" എന്ന് കളിയാക്കി വിളിച്ചിരുന്നു. എന്നാൽ കുട്ടി ശാന്തപ്രകൃതക്കാരൻ അല്ലായിരുന്നു എന്ന് കുമാരനാശാൻ എഴുതിയ ഗുരുവിന്റെ ജീവചരിത്രത്തിൽ വ്യക്തമാക്കുന്നുണ്ട്. സ്വാമി കുട്ടിക്കാലത്ത് ശാന്തനായിരുന്നില്ല, ചൊടിപ്പുള്ള ഒരു കുട്ടിയായിരുന്നു. ചില സംഗതികളിൽ ഒരുവിധം വികൃതിയായിരുന്നു എന്നുകൂടി പറയാം.

SGOU

നാണുവിന്റെ ആദ്യ ഗുരു പിതാവായ മാട നാശാൻ ആയിരുന്നു. എന്നാൽ വിദ്യാരംഭം കുറിച്ചത് ചെമ്പഴന്തിപിള്ളമാരുടെ തറവാട്ടിലെ അന്നത്തെ കാരണവരായിരുന്നു. അദ്ദേഹം ഒരു നല്ല ജോത്സ്യനും സ്ഥലത്തെ പ്രവർത്തിയാരും ആയിരുന്നു. 1860 ഒക്ടോബർ 2 വിജയദശമി ദിനത്തിലായിരുന്നു അത്. നാണുവിന്റെ പ്രാഥമിക വിദ്യാഭ്യാസം കണ്ണങ്കര മൂത്തപിള്ളയുടെ പള്ളിക്കൂടത്തിൽ ആയിരുന്നു. മലയാളവും തമിഴും കൂടാതെ അന്നത്തെ വിദ്യാഭ്യാസരീതി അനുസരിച്ച് സംസ്കൃതത്തിലെ സിദ്ധരൂപം, ബാലപ്രബോധനം, അമരകോശം, എന്നിവയും ആ ബാലൻ മനഃപാഠമാക്കി. നാണുവിന് തെളിഞ്ഞ ഓർമ്മശക്തിയും സൂക്ഷ്മ ഗ്രഹണപാടവവും ഉണ്ടായിരുന്നു. അതുകൊണ്ട് നാണുവിനെ പള്ളിക്കൂടത്തിലെ ചട്ടമ്പി (മോണിറ്റർ) ആയി തിരഞ്ഞെടുത്തു. അന്നത്തെ ചട്ടമ്പിക്ക് പഠിപ്പിക്കാനും ശിക്ഷിക്കാനുമുള്ള അധികാരമുണ്ടായിരുന്നു.

സ്വദേശത്ത് ഉയർന്നതരം പഠിത്തത്തിന് അവസരം ഇല്ലാത്തതുകൊണ്ട് നാണുവിന് പഠിത്തം നിർത്തേണ്ടിവന്നു. കുടുംബത്തിലെ പ്രധാന ജോലി കൃഷിയായിരുന്നു. നാണു കൃഷികാര്യത്തിൽ വ്യാപൃതനായി. അങ്ങനെയിരിക്കെ ഒരുദിവസം കൃഷ്ണൻ വൈദ്യൻ ഒരു സംസ്കൃത ശ്ലോകവുമായി വീട്ടിലെത്തി. സംസ്കൃതത്തിൽ പാണ്ഡിത്യമുള്ളയാളാണ് വൈദ്യരെങ്കിലും ആത്മീയരഹസ്യം ഒളിഞ്ഞിരുന്ന ശ്ലോകത്തിന്റെ പൂർണ്ണമായ അർഥം ഗ്രഹിക്കാൻ അദ്ദേഹത്തിനായില്ല. നാണു രണ്ടുപ്രാവശ്യം വായിച്ചതിനുശേഷം ശ്ലോകത്തിന്റെ അർഥം സരസമായി, ലളിതമായി പറഞ്ഞുകൊടുത്തു. നാണുവിന്റെ മുഖത്തേക്ക് അദ്ഭുതത്തോടെ നോക്കിയ കൃഷ്ണൻ വൈദ്യൻ അതോടെ നാണുവിനെ കരുനാഗപ്പള്ളിയിലെ സംസ്കൃതം പണ്ഡിതനും ജ്യോതിഷിയുമായ കുമ്മംപള്ളിൽ രാമൻപിള്ള ആശാന്റെ സമീപത്ത് അയച്ചു പഠിപ്പിക്കണം എന്ന തീരുമാനത്തിലെത്തി. 1876ൽ നാണു കൃഷ്ണൻവൈദ്യനോട് ഒന്നിച്ച് കരുനാഗപ്പള്ളിയിലേക്ക് യാത്രതിരിച്ചു. അക്കാലത്ത് നാടിന്റെ പലഭാഗത്തും ധനിക കുടുംബക്കാർ മിടുക്കരായ മറ്റു കുട്ടികളെ സ്വന്തം കുട്ടികളോടൊപ്പം എല്ലാ സൗകര്യങ്ങളും കൊടുത്തു താമസിപ്പിച്ച് ഉപരിപഠനത്തിന് സഹായിച്ചിരുന്നു. അധ്യാപകന്റെ ചെലവ് വഹിക്കുന്നതും ഈ കുടുംബം തന്നെയായിരിക്കും.

നർമ്മരസം കലർന്ന സാരവത്തായ ചെറിയ വാക്യങ്ങളിലൂടെ ഏതൊരുവാദത്തേയും നിശബ്ദമാക്കാൻ നാണുവിന് അസാധാരണമായ വൈഭവം ഉണ്ടായിരുന്നു. അനാവശ്യമായ വാദങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി അകലെയിരിക്കാനും ആവശ്യമെന്നുകണ്ടാൽ സൗമ്യമായി പ്രതികരിക്കാനും നാണു ശ്രദ്ധിച്ചിരുന്നു. അക്കാലത്ത് നാണു കൃഷ്ണഭക്തനായിരുന്നു. ശ്രീ 'വാസുദേവാഷ്ടക'വും 'ശ്രീകൃഷ്ണവിഭൂതി'യും വാരണപ്പള്ളിയിൽ വെച്ചു എഴുതിയ കൃതികളാണ്. ആ കൃതികളെപ്പറ്റി രാമൻപിള്ള ആശാൻ ശിഷ്യന്മാരോട് പറഞ്ഞത് ഇങ്ങനെയാണ്. നാം ദിനംപ്രതി പാരായണം ചെയ്യുന്ന മൂലഭാഗവതം പന്ത്രണ്ട് സ്കന്ദങ്ങളും മുന്നൂറ്റിമുപ്പത്തിയഞ്ചു അധ്യായവും പതിനെണ്ണായിരം ശ്ലോകവും ഉൾക്കൊള്ളുന്ന ഗ്രന്ഥസാരം അദ്ദേഹം നമ്മെ കേൾപ്പിച്ച 8 ശ്ലോകങ്ങളിൽ അടങ്ങിയിരിക്കുന്നു. മഹാജ്യോതിഷി കൂടിയായ രാമൻപിള്ള ആശാൻ നാണുവിന്റെ മഹത്വം കണ്ടറിഞ്ഞ ഗുരുവായിരുന്നു.

വാരണപ്പള്ളിയിലെ താമസവും പഠനവും രണ്ടുവർഷം പിന്നിട്ടപ്പോൾ നാണുവിന് അതികലശലായ രക്താതിസാരം പിടിപെട്ടു. ഒരു സന്ദർഭത്തിൽ നാണു ബോധരഹിതനായി. അതിനെത്തുടർന്ന് ഒരാൾ ചെമ്പഴന്തിയിൽ ചെന്ന് വിവരമറിയിച്ചു. കൃഷ്ണൻ വൈദ്യനും കൂട്ടരും ഉടൻതന്നെ വാരണപ്പള്ളിയിലെത്തി നാണുവിനെ ചെമ്പഴന്തിയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. കൃഷ്ണൻ വൈദ്യന്റെ ചികിത്സയിൽ അധികം താമസിയാതെ നാണു സുഖം പ്രാപിച്ചു. വയൽവാരത്തുവീട്ടിൽ ഒരു കുടിപ്പള്ളിക്കൂടം നിർമ്മിച്ച് കുട്ടികളെ പഠിപ്പിക്കാൻ നാണു തീരുമാനിച്ചു. ജാതിമതഭേദമന്യേ എല്ലാവർക്കുമായി തുടങ്ങിയ പാഠശാലയായിരുന്നു അത്. എന്നാൽ ചില കുട്ടികൾ താഴ്ന്ന ജാതിക്കാരോടൊന്നിച്ച് പഠിക്കാൻ തയ്യാറായില്ല. നാണുആശാനാകട്ടെ താഴ്ന്ന ജാതിക്കാരുടെ വീടുകളിൽ പോയി അവിടത്തെ കുട്ടികളെയും പഠിപ്പിക്കാൻ തുടങ്ങി. അതോടെ ശുചിത്വബോധവും ആത്മവിശ്വാസവും പകർന്ന് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ നാണു ആശാൻ ശ്രമം ആരംഭിച്ചു.

SGOU

### 2.1.1.2 ഗുരുവിന്റെ പരിവ്രാജക ജീവിതം

എല്ലാ മനുഷ്യരും ജീവിക്കാനാണ് ഈ ലോകത്തു വരുന്നത്. ജനനത്തിനും മരണത്തിനു ഇടയിലുള്ള അവന്റെ ചലനങ്ങളാണ് ജീവിതം എന്ന് വിശ്വസിക്കുന്നത്. ബഹുഭൂരിപക്ഷം ജനങ്ങളും മറ്റുള്ളവർ പോയ പാതയിലൂടെ സഞ്ചരിച്ച് സംതൃപ്തരായി മടങ്ങുന്നു. നൂറ്റാണ്ടുകൾക്കിടയിൽ വരുന്ന ചിലർ ആകട്ടെ ജീവിതത്തിന്റെ അപൂർണ്ണത തിരിച്ചറിയുന്നു. അപൂർണ്ണതയിൽ നിന്ന് പൂർണ്ണതയിൽ എത്തിയാൽ മാത്രമേ അവർക്ക് സുഖം ലഭിക്കുകയുള്ളൂ. രാജകീയ സുഖം ഉപേക്ഷിച്ച സിദ്ധാർത്ഥനും സത്യം തേടിയലഞ്ഞ യേശുവും ഗുഹയിൽ ഏകാന്തവാസം നയിച്ച മുഹമ്മദ് നബിയും എന്ന് വേണ്ട ലോകത്തിലെ ശ്രേഷ്ഠരായ സന്യാസിമാരെല്ലാം ഈ വിഭാഗത്തിലുള്ളവരാണ്. സാധാരണ മനുഷ്യന്റെ ജീവിതം അവർ മണ്ണടിയുന്നതോടെ ഇല്ലാതാകുന്നു. എന്നാൽ സത്യദർശികൾ ആകട്ടെ ലോകം ഉള്ള കാലത്തോളം ചിരംജീവികളായി അനന്തര തലമുറകൾക്ക് പ്രകാശം നൽകി നിലനിൽക്കുന്നു.

സത്യപ്രകാശം ഏറ്റുവാങ്ങിയ ശ്രീനാരായണഗുരുവിന് പരിമിതിക്കുള്ളിൽ ഒതുങ്ങി ജീവിക്കാനാവില്ല. അദ്ദേഹത്തിന്റെ അന്തർനേത്രം ലൗകിക ജീവിതത്തിന്റെ ഇരുട്ടും, നിഴലും, നിലാവും തിരിച്ചറിയുന്നു. വെളിച്ചത്തിലേയ്ക്ക് നീതനാകാൻ ആഗ്രഹിച്ച ഗുരുവിന് വീടും പരിസരവും ബന്ധുജനങ്ങളും അസ്വാതന്ത്ര്യത്തിന്റെ ചങ്ങലക്കണ്ണികളാണെന്നു ബോധ്യപ്പെടുന്നു. സത്യം തേടി ദേശങ്ങൾ തോറും അലഞ്ഞു നടക്കുന്ന കാലഘട്ടത്തിലെ ജീവിതത്തെയാണ് 'പരിവ്രാജക ജീവിതം' എന്ന് വിളിക്കുന്നത്.

### 2.1.1.3 സന്യാസം

ഒരു യഥാർഥ മനുഷ്യൻ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നീ ചതുരാശ്രമങ്ങളിലൂടെയാണ് കടന്നുപോകേണ്ടത്. മനസ്സ് ഏകാഗ്രമാക്കി വിദ്യ അഭ്യസിക്കുന്ന കാലമാണ് ബ്രഹ്മചര്യം: പൂർണ്ണമായ, ബൃഹത്തായ അറിവിലൂടെ നാം സഞ്ചരിക്കുന്നു. കാമവും അർഥവും (ധനം) നേടാൻ വേണ്ടി ഗൃഹസ്ഥാശ്രമം നയിക്കുമ്പോഴും നമ്മെ കോർത്തിണക്കുന്ന അറിവിനെ നാം ധരിക്കണം. അങ്ങനെ ഗൃഹസ്ഥജീവിതം ആശ്രമതുല്യമാക്കാൻ നമുക്കു കഴിയും.

എല്ലാ മതവും ഇതാണ് ഓതുന്നത്. സം (നന്നായി) ന്യാസം (ഉപേക്ഷിക്കൽ) ആണ് സംന്യാസം. അഞ്ചു ഇന്ദ്രിയങ്ങളിലൂടെയാണ് നാം പ്രപഞ്ചത്തെ (പ്രകർഷേണ ചലിക്കുന്നത്)അറിയുന്നത്. പ്രധാന ഇന്ദ്രിയമായ കണ്ണ് പൂട്ടുമ്പോൾ പ്രകൃതിയെ നാം കാണുന്നില്ല. വീണ്ടും മുന്നോട്ടുപോകുമ്പോൾ ശരീരത്തെ അറിയുന്നില്ല. മനസ്സിന്റെ ചിന്തകളെ ശ്രദ്ധിച്ചിരിക്കുമ്പോൾ ചിന്തയില്ലാതാകുന്നു. ചിന്തകളുടെയും വികാരങ്ങളുടെയും ആകെത്തുകയാണ് മനസ്സ്. മനസ്സ് പിൻവലിഞ്ഞാൽ ചലിക്കുന്ന ബുദ്ധി നിശ്ചലബുദ്ധിയായി മാറ്റുന്നു. വീണ്ടും പിറകിലേയ്ക്ക് പോയി ജീവന്റെ (അഹം)ഞാനെന്ന ഭാവത്തെ പ്രകാശപൂരിതമാക്കി ഇല്ലാതാക്കാൻ നമുക്ക് കഴിയുന്നു. അപ്പോൾ ഉള്ളിൽ പ്രകാശം നിറയുന്നു. ആ പ്രകാശവും നാമല്ല. അവിടെ ദ്വൈതം (രണ്ട്) ഉണ്ട്. പ്രകാശം എന്ന ദൃശ്യവും കാഴ്ച്ചക്കാരനായ ദൃഷ്ടാവും വീണ്ടും മുന്നോട്ടു പോകുമ്പോൾ നാം പ്രകാശവുമായി അലിയുന്നു. അത് നാം അറിയുന്നില്ല. അത് അനുഭവമാണ്. വെള്ളത്തിൽ വീണ പഞ്ചസാര ജലത്തിൽ അലിഞ്ഞാൽ ജലമായി മാറുന്നു. അത് കൊണ്ട് പഞ്ചസാരയ്ക്ക് വേറിട്ട് നിന്ന് അറിയാൻ പറ്റില്ല. അറിവാകുന്ന വ്യക്തിസത്ത ശുദ്ധമായ, പൂർണ്ണമായ, വിശാലമായ അറിവിൽ അലിയുന്ന പ്രക്രിയാണ് സന്യാസം. ഉള്ളിലേയ്ക്കുള്ള പാതവെട്ടിത്തെളിച്ചാൽ സന്യാസിക്ക് ഉള്ളിലേയ്ക്ക് പോകാനും ലൗകിക വ്യവഹാരങ്ങളിൽ ഏർപ്പെടാനും കഴിയും. നിശ്ചലമായ അറിവാണ് നാം. നിശ്ചലതത്വങ്ങളിൽ നിന്ന് തിരിച്ചു വരുമ്പോൾ അവന്റെ ദർശനം വ്യത്യസ്തമാകുന്നു. എല്ലാ വസ്തുക്കളിലും ഒരു പ്രകാശം മാത്രം കാണാൻ അയാൾക്ക് കഴിയും. അതുകൊണ്ടാണ് ആത്മോപദേശ ശതകത്തിലെ ഇരുപത്തിനാലാമത്തെ ശ്ലോകത്തിൽ ഗുരു ഇങ്ങനെ വർണിക്കുന്നത്.

'അവനിവൻ എന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരു ആത്മരൂപം'

അവൻ ഇവൻ എന്ന് നാം വേർതിരിച്ചു പറയുന്നതൊക്കെ ഓർത്തു നോക്കുകയാണെങ്കിൽ

SGOU

എല്ലാ ആദിമമായ ആ ആത്മരൂപം (വെളിച്ചം) ആണെന്ന് തിരിച്ചറിയാനാകും. നാം പുറത്തേയ്ക്ക് നോക്കുന്നതുകൊണ്ടാണ് ഈ സത്യത്തെ അറിയാതെ പോകുന്നത്. ഉള്ളിലേയ്ക്ക് നോക്കുകയാണെങ്കിൽ ആ പ്രകാശത്തെ നമുക്ക് ദർശിക്കാം. അനിത്യമായ മായയെ, ഇരുളിനെ മാറ്റിയ ശ്രേഷ്ഠനാണ് ശ്രീനാരായണ ഗുരുദേവൻ.

ഒരു സന്യാസിയുടെ ഏറ്റവും വലിയ ധനമാണ് നിർഭയത്വം. സത്യത്തിന്റെ കൊടുമുടിയിലേയ്ക്ക് കയറുമ്പോൾ ഭയമാണ് പലരേയും പിന്നിലേയ്ക്ക് വലിക്കുന്നത്.

യോഗയുടെ അഷ്ടമാർഗങ്ങളിൽ മൂന്നാമത്തേതാണ് ആസനം (ഇരിപ്പ്). ധ്യാനത്തിൽ ഉപവിഷ്ടനാകുന്ന ആൾ നീണ്ടു നിവർന്നു അനങ്ങാതെ ഇരിക്കുന്നു. ഇരിപ്പ് ഉറപ്പിക്കുക പ്രയാസമുള്ള കാര്യമാണ്. ജന്മസിദ്ധമായ കഴിവുള്ള ഒരാളിന് ഏതും ക്ഷിപ്രസാധ്യമാണ്. ആസനം ഉറച്ചാൽ ആന്തരിക സുഖം സിദ്ധമാകും. ആത്മോപദേശക ശതകത്തിൽ (ശ്ലോകം 15) ഗുരു ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

'പരയുടെ പാല് നുകർന്ന ഭാഗ്യവാന്മാർ -
ക്കൊരു പതിനായിരമാണ്ട് ഒരല്പനേരം'.

പരപ്രകൃതിയുടെ (ശരിയായ അറിവ്) പാല് നുകരുന്ന (ആത്മസുഖം) ഭാഗ്യവാന്മാർക്ക് പതിനായിരം ആണ്ട് ഒരല്പനേരമായി അനുഭവപ്പെടും.

വാരണപ്പള്ളിയിൽ നിന്ന് ചെമ്പഴന്തിയിൽ എത്തിയ ഗുരു സ്വദേശത്തും കടക്കാവൂരിലെ മീരാൻകടവിലും പള്ളിക്കൂടങ്ങൾ തുടങ്ങി. അക്കാലഘട്ടത്തിൽ അഞ്ചുതെങ്ങിലെ ജ്ഞാനേശ്വര ക്ഷേത്രമണ്ഡപത്തിലായിരുന്നു ധ്യാനവും ഉറക്കവും. അവിടെ കൂടിയ ഭക്തജനങ്ങളുടെ ആവശ്യപ്രകാരം ഗുരു 'ഗീതഗോവിന്ദം' പഠിപ്പിക്കുകയുണ്ടായി. പഠിതാക്കളിൽ ചിലർ ക്ലാസ് കഴിഞ്ഞതിനുശേഷം ഗുരുവിന്റെ സമീപത്ത് സംശയനിവൃത്തിക്കായി കൂടുമായിരുന്നു. മനസ്സിനെ ശുദ്ധമാക്കി നിശ്ചലബോധത്തിൽ കൊണ്ടുചെന്നെത്തിക്കാനുള്ള ശ്രമമാണ് ധ്യാനമെന്നും അതിന്റെ പരിസമാപ്തിയാണ് സമാധിയെന്നും അതിനു ഏകാന്തജീവിതം ആവശ്യമാണെന്നും ഗുരു വ്യക്തമാക്കിക്കൊടുത്തു.

പിന്നീട് ഗുരു അവിടം വിട്ട് യാത്രയായി. പത്മനാഭപുരം ക്ഷേത്രം, ചാല, ഒരുവാതിൽക്കോട്ട, കഴക്കൂട്ടം, വേളിമല തുടങ്ങിയ സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് ജനജീവിതം കണ്ടറിഞ്ഞു. വേളി മലയിൽ ഒരു ചെറിയ കുടിൽകെട്ടി അവിടെ കുറേക്കാലം താമസിച്ചു.

സത്യാന്വേഷി പല കടമ്പകളും കടന്നാണ് പരമപദത്തിൽ എത്തിച്ചേരുന്നത്. ധീരനായ സത്യാന്വേഷി അനായാസമായി പ്രശ്നങ്ങളെ നേരിടും. ഗുരുവിന്റെ യാത്രയെ ഇല്ലാതാക്കാൻ വീട്ടുകാർ ശ്രമിച്ചു. മാടനാശാന്റെ ശേഷകാരിയുടെ മകൾ കാളിയമ്മയെ ഗുരുവിന്റെ വധുവായി അവർ തിരഞ്ഞെടുത്തു. അക്കാലത്തെ രീതിയനുസരിച്ച്, സഹോദരിമാർ പുടവ കൊടുത്ത് വധുവിനെ ചെമ്പഴന്തിയിലെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു. വീട്ടിൽ വന്ന സ്ത്രീയോട് ഗുരു അപ്രീതിയൊന്നും കാണിച്ചില്ല. എന്നാൽ ലൗകികാർഥത്തിലുള്ള കുടുംബജീവിതം നയിക്കാൻ ഗുരു തയ്യാറായില്ല. ഗുരുവിന്റെ ജീവചരിത്രം എഴുതിയ മൂർക്കോത്തുകുമാരന്റെ അഭിപ്രായത്തിൽ, നാരായണഗുരു തന്റെ ജന്മഗൃഹം വിട്ടുപോകുന്നതിനു മുൻപ് ഇപ്രകാരം പറഞ്ഞു. 'നാമെല്ലാം ഈ ലോകത്ത് വന്നു പിറക്കുന്നത് ഏതെങ്കിലും ലക്ഷ്യം സാധിക്കുന്നതിനാണ്. എനിക്കെന്റെ ജോലി ചെയ്തു തീർക്കാനുണ്ട്. നിങ്ങൾക്ക് നിങ്ങളുടേതും. ഞാൻ എന്റെ വഴിക്ക് പോകട്ടെ, നിങ്ങൾ നിങ്ങളുടെ വഴിക്കും പോകുക.' തുടർന്ന് ഗുരു വീട് വിട്ടിറങ്ങി.

സത്യാന്വേഷണത്തിന്റെ പാതയിൽ ലൗകിക ബന്ധങ്ങൾക്ക് അല്പം സ്ഥാനം നൽകുന്നതുപോലും അധികപ്പറ്റാണ്. വീട് വിട്ടിറങ്ങിയ ഗുരു കേരളത്തിന്റെ തീരപ്രദേശങ്ങളിലൂടെയും കാട്ടിലൂടെയും മേട്ടിലൂടെയും തമിഴ്നാട്ടിലെ ഗ്രാമാന്തരീക്ഷത്തിലൂടെയും അലഞ്ഞു നടന്നു. ബാല്യകാലത്ത് തന്നെ ഗുരുവിന് തമിഴ് പരിജ്ഞാനമുണ്ടായിരുന്നു. തിരുക്കുറൾ, തിരുപ്പാവൈ, ശിവപുരാണം, തിരുമന്തിരം തുടങ്ങിയ തമിഴ് ആത്മീയ ഗ്രന്ഥങ്ങൾ വായിക്കാനും മനനം ചെയ്യാനും ഗുരുവിന് അവസരമുണ്ടായി.

ഗുരു നെയ്യാറ്റിൻകരയ്ക്ക് അടുത്തുള്ള പ്രസിദ്ധമായ പുലിവാതുക്കൽ ഭവനത്തിൽ എത്തി. ചെമ്പഴന്തിയിലെ, തന്റെ കുടുംബവു

SGOU

മായി ബന്ധമുള്ളവരായിരുന്നു പുലിവാതുക്കൽ കുടുംബക്കാർ. കാരണവരായ വേലായുധൻ വൈദ്യർ മന്ത്രതന്ത്രാദികളിലും വൈദ്യശാസ്ത്രത്തിലും പരിണത പ്രജ്ഞനായിരുന്നു. ഏതാനും ദിവസങ്ങൾ ഗുരു അവിടെ താമസിച്ചു. അപ്പോൾ അമ്മയ്ക്ക് രോഗം കലശലാണെന്ന വിവരം അറിഞ്ഞു. ഉടൻ തന്നെ ഗുരു അമ്മയുടെ സമീപത്തെത്തി. അമ്മ തന്റെ വേദനകളും പരിഭവങ്ങളും ഗുരുവിലർപ്പിച്ചു. അമ്മയെ ശുശ്രൂഷിച്ച്, ഗുരു അവിടെ കഴിയവേ അമ്മ ഇഹലോകവാസം വെടിഞ്ഞു (1881). തുടർന്നുള്ള ചടങ്ങുകൾ കഴിഞ്ഞപ്പോൾ അച്ഛനോടും അമ്മാവനായ കൃഷ്ണൻ വൈദ്യനോടും ഇങ്ങനെ പറഞ്ഞു. 'കർമ്മബന്ധമനുസരിച്ചാണ് മനുഷ്യജന്മം ഉണ്ടാകുന്നത്. നമുക്കെല്ലാം ജീവിതത്തിൽ ഓരോ ലക്ഷ്യമുണ്ട്. അത് നിർവ്വഹിക്കുകയാണ് ധർമ്മം. ആർക്കായാലും അത് അനുഷ്ഠിക്കാതെ ഈ ജീവിതത്തിൽ നിന്ന് വിരമിക്കുക വയ്യ. അതുകൊണ്ട് എന്റെ മാർഗം തേടിപ്പോവുകയാണ് ഞാൻ'. അച്ഛനും അമ്മാവനും എല്ലാം കേട്ടിരുന്നു. തങ്ങൾക്ക് അതീതനായി ഗുരു വളർന്നിരിക്കുന്നു എന്ന സത്യം അവർ മനസ്സിലാക്കി.

ലൗകിക ബന്ധങ്ങളെല്ലാം പൊട്ടിച്ചെറിഞ്ഞ നടന്ന പരിവ്രാജക കാലഘട്ടത്തിൽ ഗുരു ധ്യാനത്തിന്റെ ധന്യത തൊട്ടറിഞ്ഞു. ഒപ്പം പുതിയ പുതിയ അനുഭവങ്ങൾ, സുഖദുഖങ്ങളിൽ, ഊയലാടുന്ന മനുഷ്യർ, നീതി നിഷേധിച്ച ജനങ്ങൾ, കൈവെടിഞ്ഞവർ, ജാതിഭേദങ്ങൾ, മതഭേദങ്ങൾ, പുതുമയുള്ള ജീവിതക്രമങ്ങൾ, അജ്ഞാനികൾ, മനുഷ്യനേക്കാൾ തന്നെ മനസ്സിലാക്കുന്ന പഞ്ചഭൂതങ്ങൾ, പ്രകൃതിയുടെ നൂപുരധ്വനികൾ, പഞ്ചാരിമേളങ്ങൾ എല്ലാം ഗുരുവിന് പകർന്നു കിട്ടിയ വ്യത്യസ്ത വിഭവങ്ങളായിരുന്നു. ആത്മീയതയും ലൗകികതയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളാണെന്ന സത്യം ഗുരു തൊട്ടറിഞ്ഞു.

തമിഴ്നാട്, കേരളം, കർണ്ണാടകം തുടങ്ങിയ സ്ഥലങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ഗ്രാമീണ ജീവിതത്തിന്റെ ചൂരും ചൂടും മാത്രമല്ല ഗുരു അറിഞ്ഞത്, ദിവ്യ വ്യക്തിത്വങ്ങളെ കണ്ടെത്താനും സാധിച്ചു. തിരുനെൽ വേലിയിലെ ചേരമാൻ ദേവി, കാഞ്ചീപുരത്തെ ജ്യോതിരാമലിംഗ സ്വാമികൾ, നഗർകോവിലിലെ യോഗിനി അമ്മാൾ എന്നിവരെ സന്ദർശിക്കാനും അവരുടെ സാമിപ്യം ലഭിക്കാനും ഗുരുവിന് ഇടയായിട്ടുണ്ട്. യോഗിനി അമ്മാളെ കാണുമ്പോൾ അവർ നിർവ്വികല്പസമാധിയിൽ (മനസ്സ് ശുദ്ധമായ അറിവിൽ അലിയുന്ന അവസ്ഥ) കിടക്കുകയായിരുന്നു; പലപ്പോഴും ഗുരു അവരെ സന്ദർശിച്ചിട്ടുണ്ടായിരുന്നു. മണക്കാട് വെച്ച് പരിചയപ്പെട്ട ചട്ടമ്പിസ്വാമികളുമായി തെക്കൻ തിരുവിതാംകൂറിലെ പല സ്ഥലങ്ങളിലൂടെയും ഗുരു സഞ്ചരിക്കുകയുണ്ടായി.

### 2.1.2 ചട്ടമ്പിസ്വാമികളുമായുള്ള ആത്മബന്ധം

നാണു ആശാൻ പരിവ്രാജകനായി ചാല, ശംഖുമുഖം, വേളിമല, പേട്ട, ഒരുവാതിൽക്കോട്ട തുടങ്ങിയ സ്ഥലങ്ങളിൽ സഞ്ചരിക്കുകയായിരുന്നു. ഒരു ദിവസം നാണു സ്നേഹിതനായ പെരുനെല്ലി കൃഷ്ണൻ വൈദ്യരെ കണ്ടുമുട്ടി. കൃഷ്ണൻ വൈദ്യൻ സംസ്കൃത പണ്ഡിതനും കവിയും മലയാള നാടകപ്രസ്ഥാനത്തിന് തുടക്കം ഇട്ടവരിൽ ഒരാളുമായിരുന്നു. അക്കാലത്തു വൈദ്യരെക്കാണാൻ ധാരാളം സാഹിത്യപ്രേമികൾ എത്താറുണ്ടായിരുന്നു. അവിടെവെച്ചാണ് ചട്ടമ്പി സ്വാമികൾ നാണുവാശാനെ പരിചയപ്പെടുന്നത്. ചട്ടമ്പിസ്വാമികൾ തിരുവനന്തപുരത്ത് കണ്ണമ്മൂലയിൽ ഉള്ളൂർകോട് എന്ന തറവാട്ടിലാണ് (1853 ഓഗസ്റ്റ് 23)ജനിച്ചത്. അയ്യപ്പൻ എന്നാണ് മാതാപിതാക്കൾ ഇട്ട പേരെങ്കിലും കുഞ്ഞൻപിള്ള എന്ന പേരിലാണ് അറിയപ്പെട്ടത്. അദ്ദേഹത്തിന്റെ ജീവിതസാഹചര്യം ക്ലേശപൂർണ്ണമായിരുന്നു. എങ്കിലും വിദ്യാഭ്യാസം ചെയ്ത് ഹജ്ജൂർ കച്ചേരിയിൽ ഗുമസ്തനായി. തൈക്കാട് അയ്യാവ് സ്വാമി എന്ന യോഗീശ്വരനുമായുണ്ടായ കൂടിക്കാഴ്ച ചട്ടമ്പിസ്വാമികളുടെ ജീവിതത്തെ മാറ്റിമറിച്ചു. ചട്ടമ്പിസ്വാമിയും നാണുആശാനും പരിചയപ്പെട്ടപ്പോൾത്തന്നെ സൗഹാർദ്ദത്തിലായി.

മനുഷ്യനാൽ നിർമ്മിക്കപ്പെട്ട ജാതി വ്യത്യാസം അർഥശൂന്യമാണെന്ന ചിന്താഗതിക്കാരായിരുന്നു രണ്ടുപേരും. രണ്ടുപേരുടെയും ആശയങ്ങളും അഭിരുചിയും ഒന്നായിരുന്നു. ജീവിതത്തിന്റെ നിലനിൽപ്പിന്റെ കാരണം തേടിയുള്ള യാത്രയിലായിരുന്നു രണ്ടുപേരും. തൈക്കാവ് അയ്യാവ്

SGOU

സ്വാമികളുടെ മഹത്വത്തെയും കഴിവുകളെയും പറ്റി ചട്ടമ്പിസ്വാമി വാചാലനായി. അയ്യാവ് സ്വാമിയെ കണ്ട് ഹഠയോഗവും രാജയോഗവും പഠിക്കണമെന്ന് നാണുആശാൻ ആഗ്രഹം പ്രകടിപ്പിച്ചു. ചട്ടമ്പിസ്വാമികൾ അയ്യാവ് സ്വാമികളെ പരിചയപ്പെടുത്തിക്കൊടുത്തു. അയ്യാവ് സ്വാമിക്ക് നാണുആശാനെ ഇഷ്ടമായി. അദ്ദേഹം എല്ലാ സിദ്ധികളും നാണുആശാനെ പഠിപ്പിച്ചു കൊടുത്തു.

സുബ്രഹ്മണ്യ ഭക്തനായ അയ്യാവ് സ്വാമികളുടെ ശിക്ഷണത്തിൽ യോഗ പരിശീലിക്കുന്ന കാലഘട്ടത്തിൽ ഗുരുവും ചട്ടമ്പിസ്വാമിയും ആശ്രമതുല്യമായ ആ ഭവനത്തിൽ കുറേക്കാലം താമസിക്കുകയുണ്ടായി. അന്ന് ചട്ടമ്പിസ്വാമികൾക്ക് 'ഷണ്മുഖദാസൻ' എന്ന പേരും ഗുരുവിന് 'ഷൺമുഖഭക്തൻ' എന്ന പേരും അയ്യാവ് സ്വാമികൾ നൽകി. എങ്കിലും ചട്ടമ്പിസ്വാമികൾ നാരായണഗുരുവിനെ ആശാനെന്നും ഗുരു ചട്ടമ്പിസ്വാമികളെ ചട്ടമ്പി എന്നും ആണ് വിളിച്ചിരുന്നത്. സിദ്ധികളിൽ പ്രാവീണ്യം നേടിയ നാണുആശാനോട് അയ്യാവ് സ്വാമികൾ ചോദിച്ചു.

മനസ് 'ഇഹത്തിന് വേണ്ടിയാണോ പരത്തിന് വേണ്ടിയാണോ പ്രയത്നിക്കുന്നത്?' നാണുആശാൻ - 'പരത്തിനു വേണ്ടി'. 'എന്നാൽ ഇനി മേൽ സിദ്ധികൾ കാണിക്കരുത്. സിദ്ധിയിലൂടെ നേടുന്ന ധനവും മറ്റും സത്യത്തിലേക്കുള്ള യാത്രയിൽ തടസ്സമായി നിൽക്കും. നിന്റെ ഉള്ളിൽ വളരുന്ന ദീപ്തിയെ നീ തന്നെ ഊതി പെരുപ്പിക്കണം. ജീവനും പ്രകാശവും നീ തന്നെ നൽകണം. നീ തന്നെ അതിന്റെ വഴി തുറക്കണം. അപ്പോഴേ ഉള്ളിലെ ദീപ്തി നിനക്ക് അനുഭവമാകൂ. പുറമേ പ്രകാശിക്കും. അതിന് സാധന വേണം. അതിനു വേണ്ട സന്നദ്ധത നിന്റെ മനസ്സിനുണ്ട്; ഏകാഗ്രതയുമുണ്ട്. ചുറ്റുപാടുകളുടെ സ്വൈര്യം കെടുത്തലുകൾ ഉണ്ടാകാതിരിക്കാൻ കഴിയുമെങ്കിൽ മരുന്നുമലയിൽ (മരുത്വാമല) പ്പോകൂ'.

ചട്ടമ്പിസ്വാമികൾക്കും അത് സ്വീകാര്യമായി തോന്നി. അദ്ദേഹം മുൻപ് കുറച്ചുകാലം അവിടെ തപസ്സനുഷ്ഠിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമിയും നാണുവിന്റെ കൂടെ കൂടി. യാത്രാമധ്യേ അവർ നെയ്യാറ്റിൻകര, മാർത്താണ്ഡം തുടങ്ങിയ സ്ഥലങ്ങളിൽ വിശ്രമിച്ചു മരുത്വാമലയിൽ എത്തിച്ചേർന്നു. ചട്ടമ്പി സ്വാമി പല സ്ഥലങ്ങളും കാണിച്ചു കൊടുത്തെങ്കിലും നാണു ആശാൻ തനിക്ക് ഇഷ്ടപ്പെട്ട സ്ഥലം കണ്ടെത്തി. കുറച്ചു കാലത്തെ തപസ്സിനു ശേഷം ചട്ടമ്പി സ്വാമികൾ മടങ്ങിപ്പോയി. അവർ തമ്മിലുള്ള ബന്ധം വീണ്ടും തുടർന്നു കൊണ്ടിരുന്നു.

നാഗർകോവിലിൽ നിന്ന് കന്യാകുമാരിയിലേയ്ക്ക് പോകുമ്പോൾ ഏകദേശം പത്ത് കിലോമീറ്റർ കഴിഞ്ഞാൽ (പൊറ്റത്തടം) കാണുന്ന ഒരു വലിയ പാറക്കെട്ടാണ് മരുത്വാമല. സമുദ്രനിരപ്പിൽ നിന്ന് ഉദ്ദേശം 1400 അടി ഉയരം ഉള്ള ഒരു മലയാണിത്. ഇടതിങ്ങിയ വൃക്ഷലതാദികൾ, നീരുറവകൾ, ഹൃദ്യമായ പ്രകൃതിദൃശ്യങ്ങൾ, സമുദ്രത്തിൽ നിന്ന് ഒഴുകിയെത്തുന്ന ഊർജതരംഗങ്ങൾ, പച്ചില മരുത്തിൽ തഴുകിവരുന്ന സുഗന്ധങ്ങൾ ഇവയെല്ലാം സത്യാന്വേഷിക്ക് അനുകൂലമായ സാഹചര്യങ്ങൾ പ്രദാനം ചെയ്തിരുന്നു.

മരുത്വാമലയുടെ ഏറ്റവും മുകളിലുള്ള ഗുഹയാണ് പിള്ളത്തടം. ഈ ഗുഹയിൽ വെച്ച് ഗുരുവിന്റെ ഉപാസനാമൂർത്തിയായ സുബ്രമണ്യൻ ബാലന്റെ (പിള്ള) രൂപത്തിൽ പ്രത്യക്ഷപ്പെട്ടതുകൊണ്ടാണ് പിള്ളത്തടം എന്ന പേര് ലഭിച്ചത്. അല്പം വിസ്താരമുള്ള ഗുഹയാണ് പിള്ളത്തടം. പുറമേ പാറയെ വീക്ഷിക്കുന്നവർക്ക് ഗുഹാദ്വാരം കാണാൻ കഴിയില്ല. ഗുഹയുടെ അറ്റത്തെ ഇടുങ്ങിയ ഒരു ദ്വാരത്തിലൂടെയാണ് ഇതിനകത്ത് പ്രവേശിക്കേണ്ടത്. അകത്ത് കയറിയാൽ രണ്ടുപേർക്ക് ഇരിക്കാവുന്ന ഒരു ഇരിപ്പിടം ഉണ്ട്. അവിടെയായിരുന്നു ഗുരു ധ്യാനനിഷ്ഠനായത്. അതിന് അഭിമുഖമായി. ഒരു വലിയ ഗുഹാദ്വാരമുണ്ട്. അതിലൂടെ നോക്കിയാൽ അങ്ങകലെ നേർന്ന രേഖപോലെ സമുദ്രത്തിന്റെ അതിര് കാണാം. അവിടെ നിന്ന് വരുന്ന കാറ്റ് ഗുഹയെ ശുദ്ധീകരിച്ചു കൊണ്ടിരിക്കുന്നു. ഗുഹാമുഖത്തിന്റെ താഴേയ്ക്ക് നോക്കിയാൽ അഗാധമായ ഗർത്തം. ഒരു സന്യാസിക്ക് ഏകാന്തതയും ഊർജ്ജവും ശാന്തിയും നൽകുന്ന ശ്രേഷ്ഠമായ തടമാണ് പിള്ളത്തടം.

1884 മുതൽ 1885 വരെയുള്ള രണ്ടുവർഷക്കാലം ഗുരു മരുത്വാമലയിലായിരുന്നുവെന്ന് വ്യക്തമാക്കുന്നു. അക്കാലത്ത് അവിടെയുണ്ടായിരുന്ന

SGOU

പച്ചിലകൾ, കാട്ടുകിഴങ്ങുകൾ എന്നിവയായിരുന്നു ഗുരു ഭക്ഷിച്ചിരുന്നത്. ആനന്ദമാകുന്ന ഗംഗാ ജലത്തിന്റെ തണുപ്പും സുഖവും പരിശുദ്ധിയും ഗുരു ഏറ്റു വാങ്ങിയ ഇടമാണ് പിള്ളത്തടം. അഭിഷേക ജലം കൊണ്ട് ശുദ്ധീകരിച്ച ഗുരു സത്യപ്രകാശത്തെ കണ്ടെത്തി. പക്ഷേ സമസ്യഷ്ടങ്ങളായ ജനങ്ങളുടെ ദീനതയാർന്ന മുഖങ്ങൾ കണ്ട് മനസ്സലിഞ്ഞ ഗുരു പിള്ളത്തടം വിട്ട് അരുവിപ്പുറത്തേയ്ക്ക് യാത്രയായി.

പരിവ്രാജകനായി കാട്ടിലും മേട്ടിലും കടൽക്കരയിലെ പാവങ്ങളുടെ കുടിലുകളിലും വായനശാലകളിലും പുണ്യാത്മാക്കളുടെ ദർശനത്തിലും മുഴുകുമ്പോൾ അജ്ഞാനം ഇല്ലായ്മ ചെയ്യാനുള്ള മാർഗം ഗുരു തേടുകയായിരുന്നു. ഏകാന്തവാസം അനുഷ്ഠിച്ച ശേഷം മരുത്വാമലയിൽനിന്ന് പുറത്തിറങ്ങിയ നാരായണഗുരു എല്ലാ പ്രശ്നങ്ങളെയും തരണം ചെയ്യാനുള്ള ഇടമായി അരുവിപ്പുറത്തെക്കണ്ടു.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലാണ് അരുവിപ്പുറം സ്ഥിതിചെയ്യുന്നത്. വന്യമൃഗങ്ങൾ ഉള്ളതും വൃക്ഷലതാദികൾ നിറഞ്ഞതും പാറക്കെട്ടുകൾ ധാരാളം ഉള്ളതുമായ കൊടിതൂക്കിമലയിലാണ് ഗുരു ധ്യാനനിഷ്ഠനായത്. ആ ഗുഹയിൽ സൂര്യപ്രകാശം കടന്ന് ചെല്ലാറില്ല. ചെറിയൊരു പാത ഗുഹാമുഖത്തേക്ക് ഉണ്ട്. ഗുഹാദ്വാരം കഴിയുമ്പോൾ കൽപാതയില്ല. താഴെ അഗാധമായ ഗർത്തം. മലയുടെ താഴ്‌വാരത്ത് കൂടി അഗസ്ത്യകൂടത്തിന്റെ സന്തതിയായ നെയ്യാർ ഒഴുകുന്നു. അഗസ്ത്യമുനിയുടെ യാഗശാലയിൽ നിന്ന് ഒഴുകിയ നെയ്യ് നെയ്യാറായി, നദിയായി മാറിയെന്നാണ് ഐതിഹ്യം. മനുഷ്യരാരും കടന്നു ചെല്ലാത്ത ആ വനപ്രദേശത്ത് ഗുരു ചെന്നതിന്റെ മൂന്നാംനാൾ കാലിമേച്ചു നടന്ന ഒരു ബാലൻ കൂട്ടംതെറ്റി വന്നെത്തി. അല്പം അകലെയായി വെള്ള മുണ്ടുടുത്ത് വെള്ള മേൽമുണ്ട് ചുറ്റി നിൽക്കുന്ന ഗുരുവിനെ കണ്ടു അവൻ അദ്ഭുതപ്പെട്ടു. അവൻ ഭയത്തോടെ ഗുരുവിനെ സമീപിച്ചു. ഗുരു സ്നേഹവാത്സല്യത്തോടെ കുശലാന്വേഷണം നടത്തി. ഗുരുവിന്റെ പ്രഥമ ശിഷ്യനായി മാറിയ അയ്യപ്പൻപിള്ളയെന്ന ആ ബാലനാണ് പിൽക്കാലത്ത് പ്രശസ്തനായ ശിവലിംഗ സ്വാമിയായി മാറിയത്.

കേരളചരിത്രത്തിൽ സുവർണ്ണലിപികളാൽ എഴുതപ്പെട്ട ദിനമായിരുന്നു 1888 മാർച്ച് 12. അന്ന് ശിവരാത്രിയായിരുന്നു. ബ്രാഹ്മണ്യത്തിന്റെ പരമാധികാരത്തെ തച്ചുടച്ചുകൊണ്ട് നിശബ്ദനായി ഭക്തിസാന്ദ്രമായി ഗുരു ശിവപ്രതിഷ്ഠ നടത്തി. നെയ്യാറിൽ നിന്ന് മുങ്ങിയെടുത്ത ഒരു പാറക്കഷ്ണത്തെ, തേച്ചു മിനുക്കാത്ത കല്ലിനെ ശിവമാക്കിയ ശിവചൈതന്യമാണ് ശ്രീനാരായണഗുരു. ലോകത്ത് മറ്റാരും ചിന്തിക്കാത്ത മറ്റാർക്കും ചെയ്യാൻ കഴിയാത്ത ധീരമായ പ്രവൃത്തിയുടെ ഉടമയായി തീർന്നു ഗുരു. അതോടെ അരുവിപ്പുറം ജനകോടികളുടെ ശ്രദ്ധാകേന്ദ്രമായി.

### 2.1.3 ഗുരുദേവന്റെ നവോത്ഥാനദർശനം

രാജാറാംമോഹൻറോയിക്ക് ശേഷം വന്ന കേശവചന്ദ്രസെൻ, ഈശ്വരചന്ദ്ര വിദ്യാസാഗർ, ശ്രീരാമകൃഷ്ണ പരമഹംസൻ, വിവേകാനന്ദ സ്വാമികൾ, ദയാനന്ദ സരസ്വതി, ജ്യോതിബായ്ഫൂലെ തുടങ്ങിയ വിപ്ലവകാരികൾക്ക് വടക്കേ ഇന്ത്യയിൽ ആരംഭിച്ച നവോത്ഥാനപ്രക്രിയകളെ ഏകോപിപ്പിച്ച് വിജയത്തിലെത്തിക്കാൻ കഴിഞ്ഞില്ല. ഇവിടെയാണ് സാമൂഹിക നവോത്ഥാനത്തിൽ നമ്മുടെ കൊച്ചുകേരളം കൈവരിച്ച വിജയത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നത്. അയ്യാ വൈകുണ്ഠസ്വാമികൾ (1809-1851) തുടങ്ങിവെച്ച കേരളനവോത്ഥാനം ആറാട്ടുപുഴ വേലായുധപ്പണിക്കരിലൂടെ ചട്ടമ്പിസ്വാമികളിലൂടെ ശ്രീനാരായണഗുരുവിലൂടെ വളർന്നു വികസിച്ചു. നവോത്ഥാനപ്രക്രിയയിൽ ശ്രീനാരായണ ഗുരു മാറ്റത്തിന്റെ മഹാപ്രപഞ്ചം തന്നെയാണ് സൃഷ്ടിച്ചത്. തുടർന്ന് ഡോ. പല്പു, അയ്യൻകാളി, സഹോദരൻ അയ്യപ്പൻ, ടി.കെ. മാധവൻ, പൊയ്കയിൽ അപ്പച്ചൻ, വാഗ്ഭടാനന്ദൻ, വി.ടി. ഭട്ടതിരിപ്പാട്, കേളപ്പൻ, മുഹമ്മദ് അബ്ദുൽ റഹ്മാൻ, വക്കം അബ്ദുൽ ഖാദർ, മന്നത്ത് പത്മനാഭൻ, എ.കെ.ജി, എന്നിങ്ങനെ ഒരു നീണ്ട നിര തന്നെ സാമൂഹിക പരിഷ്കരണരംഗത്ത് അണിനിരക്കുന്നുണ്ട്. കേരളത്തിലേത് പോലെ ചടുലവും വേഗവും ഏറിയ നവോത്ഥാനം ഇന്ത്യയിൽ ഒരിടത്തും സംഭവിച്ചിട്ടില്ല. അതിന് പ്രധാന കാരണം ശ്രീനാരായണഗുരുവിന്റെ ക്രാന്തദർശിത്വമാണ്.

SGOU

അയ്യാ വൈകുണ്ഠസ്വാമികൾ സാമൂഹിക അസമത്വങ്ങൾക്ക് എതിരെ നാടാർ സമൂഹത്തെ ഉയർത്താൻ ശ്രമിച്ചു. എങ്കിലും എതിർപ്പിനെ തുടർന്ന് അയ്യാസ്വാമികൾ ജയിലിലായതിനുശേഷം പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് പോകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ആറാട്ടുപുഴ വേലായുധപ്പണിക്കരും അനീതികൾക്കെതിരെ കായിക ശേഷിയും സാമ്പത്തികശക്തിയും ഉപയോഗിച്ച് പൊരുതാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തെ പ്രതിയോഗികൾ ഇല്ലാതാക്കി. ഇവർക്ക് ശേഷമായിരുന്നു ശ്രീനാരായണഗുരുവിന്റെ രംഗപ്രവേശം. ബ്രാഹ്മണാധിപത്യം തങ്ങളുടെ സുഖത്തിനും സൗകര്യത്തിനും വേണ്ടി മഹാഭൂരിപക്ഷത്തെ അടിച്ച് അമർത്തിവെച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. രാജാക്കന്മാരാകട്ടെ ബ്രാഹ്മണരുടെ ഹിതാനുവർത്തികളും. നൂറ്റാണ്ടുകളിലൂടെ അവർ കെട്ടിയുയർത്തിയ ശക്തമായ കോട്ടയാണ് അതിർലംഘിക്കേണ്ടതെന്ന സത്യം ഗുരുവിന് അറിയാമായിരുന്നു. അത് അതീവശ്രദ്ധയോടെ സാവധാനത്തിൽ ചെയ്യണമെന്നും ഗുരു കണ്ടറിഞ്ഞു.

### 2.1.4 വൈദികദർശനവും ശ്രീനാരായണ ദർശനവും

വേദം എന്ന പദത്തിനർഥം അറിവ് എന്നാണ്. വേദനിയമങ്ങൾ അനുസരിച്ച് ജീവിക്കുന്നവരാണ് വൈദികർ. വേദസാരം തേടിപ്പോയ യോഗികൾ കണ്ടെത്തിയ ദർശനങ്ങളാണ് (കാണൽ)വൈദിക ദർശനം. പ്രപഞ്ചം ചലിച്ചുകൊണ്ടിരുന്നു. ചലിക്കാത്ത ഒരു പ്രതലത്തിൽ നിന്നു കൊണ്ടു മാത്രമേ അതിന് ചലിക്കാൻ കഴിയൂ. ചലിക്കാത്ത വസ്തു സത്യമാണ്. നിത്യമാണ്. മറ്റെല്ലാം അസത്യമെന്ന് വേദങ്ങൾ കണ്ടെത്തി. മനുഷ്യൻ ബാഹ്യവസ്തുക്കളെ ആശ്രയിച്ചാൽ സത്യം കണ്ടെത്താനാവില്ല. തന്റെ ഉള്ളിലേയ്ക്ക് കടന്നുപോയാൽ മാത്രമേ അതിനെ കണ്ടെത്താൻ കഴിയൂ. സംഖ്യാശാസ്ത്രമനുസരിച്ച് ഇരുപത്തഞ്ചാമത് നിൽക്കുന്ന വസ്തുവാണ് സത്യം. അഞ്ച് ഭൂതങ്ങൾ ചേർന്ന സ്ഥൂലശരീരം ;അഞ്ച് ജ്ഞാനേന്ദ്രീയങ്ങൾ, അഞ്ച് കർമ്മേന്ദ്രീയങ്ങൾ, അഞ്ച് പ്രാണന്മാർ, മനസ്സ്, ബുദ്ധി ഇവ ചേർന്ന സൂക്ഷ്മ ശരീരം, വാസനയുടെ ഉറവിടമായ കാരണശരീരം, ഇരുപത്തിനാലാമത് നില്ക്കുന്ന അവ്യക്താവസ്ഥ, ഇരുപത്തിയഞ്ചാമത് നിൽക്കുന്ന സത്യം ഇവയാണ് സത്യത്തിലേക്കുള്ള വഴി. ഗുരുവിന്റെ 'ദൈവദശക'ത്തിലെ രണ്ടാമത്തെ ശ്ലോകത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

'ഒന്നൊന്നായിയെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം'

തൊട്ടു എണ്ണാവുന്ന ദൃശ്യപ്രപഞ്ചങ്ങൾ എല്ലാം ഒന്നൊന്നായി ഒടുങ്ങുമ്പോൾ ദൃക്ക് പോലെ (ബ്രഹ്മം)ഉള്ളം അസ്പന്ദമാകും. സത്യത്തെ തേടിപ്പോകുന്ന മാർഗത്തെ കർമ്മ കാണ്ഡമെന്നും സത്യസ്വരൂപത്തെ ജ്ഞാനകാണ്ഡമെന്നും വേദങ്ങൾ തരം തിരിച്ചിട്ടുണ്ട്. നാല് വേദങ്ങളെ അടിസ്ഥാനമാക്കിയാണ് വൈദികദർശനം രൂപം കൊണ്ടിട്ടുള്ളത്.

1. ഋഗ്വേദം
2. യജുർവേദം
3. സാമവേദം
4. അഥർവവേദം

'പ്രജ്ഞാനം ബ്രഹ്മ' മെന്ന് ഋഗ്വേദവും 'അഹം ബ്രഹ്മാസ്മി' യെന്ന് യജുർവേദവും 'തത്വമസി' എന്ന് സാമവേദവും 'അയം ആത്മാബ്രഹ്മ'മെന്ന് അഥർവവേദവും ഉദ്ഘോഷിക്കുന്നു. ഈ വൈദിക ദർശനങ്ങളിൽ നിന്ന് ഒരു കാര്യം ചിന്തയിലൂടെ സത്യപ്രകാശത്തിൽ എത്തിച്ചേരുന്നു. ഒരു മനുഷ്യൻ സത്യത്തെ കണ്ടെത്താൻ കൂടിയാണ് ഈ ലോകത്ത് വരുന്നത്. തന്നെത്തന്നെ അറിയുക എന്നതാണ് വൈദികദർശനത്തിന്റെ കാതൽ. എല്ലാം മതങ്ങളും അതുതന്നെയാണ് ഊന്നിപ്പറയുന്നത് എന്ന സത്യം നാം മറക്കരുത്.

ആത്മസാക്ഷാക്കാരം ലഭിച്ചയാൾ ബ്രഹ്മജ്ഞാനിയല്ല ബ്രഹ്മമാണെന്ന് അദ്വൈതവാദിയായ ശങ്കരാചാര്യർ വ്യക്തമാക്കുന്നു. ധർമത്തിന് നാല് പാദങ്ങൾ ഉള്ളതായി വൈദികമതം സിദ്ധാന്തിക്കുന്നു. 1.സത്യം 2.ദാനം 3.ദയ 4. ശൗചം. വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും ഒരാൾ സത്യസന്ധത പുലർത്തുന്നതിനെയാണ് സത്യം എന്ന് പറയുന്നത്. ബാഹ്യവും ആഭ്യന്തരവുമായ ദാനം ചെയ്യലാണ് ദാനം. വസ്തുവകകൾ തന്റെതല്ല, ബന്ധുക്കൾ തന്റേതല്ല, ശരീരം ഇന്ദ്രീയങ്ങൾ, മനസ്സ്, ബുദ്ധി തുടങ്ങിയ ഒന്നും ത

SGOU

ന്റേതല്ല. ഇങ്ങനെ ഓരോന്നിനെയും ഉപേക്ഷിച്ചു വരുമ്പോൾ താൻ സത്യമാണെന്ന് കണ്ടെത്താൻ കഴിയുന്നു. വസ്തുവകകളോടോ ബന്ധുക്കളോടോ അധികം മമതാബന്ധം പാടില്ല. ആ ഒട്ടിപ്പിടിക്കലാണ് ദുഃഖത്തിന് കാരണം. അങ്ങനെ മനസുകൊണ്ട് എല്ലാം ദാനം ചെയ്യുന്നയാൾക്ക് നിരാശ്രയബോധം ഉണ്ടാകുകയും അവൻ ശക്തിയുടെ കഥാപാത്രമായി മാറുകയും ചെയ്യും. ഇതാണ് ദാനത്തിന്റെ പരമമായ ലക്ഷ്യം. ഒരു അഭ്യാസി നിരന്തരമായ അഭ്യാസത്തിലൂടെ വടത്തിലൂടെ നടക്കുന്നതുപോലെ നിരന്തരമായ അഭ്യാസത്തിലൂടെ ഇത് നേടിയെടുക്കാൻ കഴിയും.

എല്ലാ പ്രവൃത്തികളുടെയും കേന്ദ്രം ഞാനല്ല, ബോധമാണെന്ന് തിരിച്ചറിയുമ്പോൾ അഹങ്കാരം ഇല്ലാതാവുകയും സത്യപ്രകാശം നമുക്ക് വലയം സൃഷ്ടിക്കുകയും ചെയ്യും. സത്യപ്രകാശം ഏറ്റുവാങ്ങിയ ഒരാൾക്ക് സഹജമായി ഉണ്ടാകുന്ന ഗുണമാണ് ദയ. മണൽത്തരി മുതൽ സൂര്യനിൽ വരെ ഒരേ ചൈതന്യത്തെ ദർശിക്കാൻ അവർക്കാകും. ശരീരത്തിനും മനസ്സിനും ആത്മാവിനും ഉണ്ടാകേണ്ട ശൗചത്യത്തിന് (ശുദ്ധി)വൈദികമതം വളരെ പ്രാധാന്യം കൊടുക്കുന്നു. കുളിക്കുമ്പോൾ ശരീരം ശുദ്ധമാകുന്നു നല്ല ചിന്തകൾ കൊണ്ട് മനസ്സ് ശുദ്ധിയാകുന്നു. ആ മനസ്സിലേയ്ക്ക് ഞാൻ ശുദ്ധമായ അറിവാണെന്ന ബോധം ഉണ്ടാക്കണം. ആ ബോധ്യപ്പെടുത്തലിന്റെ ആവർത്തനം കൊണ്ട് മനസ് ശുദ്ധമായി ഇല്ലാതാവുകയും അതിനെ ചുറ്റിക്കിടന്ന പ്രാണൻ ശിരസ്സിലേയ്ക്ക് ഉയർന്നു തണുത്ത് ജലമായി, ഗംഗയായി ഓരോ അണുവിനെയും ശുദ്ധീകരിച്ച് സുഖം പകരുന്നു. അങ്ങനെ ആത്മാവ് ശുദ്ധാത്മാവായി മാറുന്നു. ഈ നാല് പാദങ്ങളും ഒരാൾ അനുഷ്ഠിക്കുമ്പോൾ മനുഷ്യൻ ശിവ (മംഗളം)മായി, ചൈതന്യമായി പരിലസിക്കുന്നു. വൃഷം എന്ന പദത്തിന് ധർമം എന്നും കാളയെന്നും അർഥമുണ്ട്. ധർമ്മമാകുന്ന ശിവന്റെ നാല് പദങ്ങളാണ് സത്യം, ദാനം, ദയ, ശൗചം. സാധാരണ ജനങ്ങൾക്ക് വേണ്ടിയാണ് കാളപ്പുറത്ത് സഞ്ചരിക്കുന്ന ശിവകഥ പറയാറുള്ളത്. കഥയിലെ രഹസ്യം കണ്ടെത്താൻ സൂക്ഷ്മദർശികൾക്ക് കഴിയുന്നു.

ധർമ്മത്തിന് ഹാനി സംഭവിക്കുമ്പോൾ അത് ശുദ്ധീകരിക്കാൻ പ്രാപഞ്ചിക ശക്തി അവതാരങ്ങളെ ഭൂമിയിലേയ്ക്ക് അയയ്ക്കുന്നു. താഴേയ്ക്ക് വരുന്ന താരങ്ങൾ (നക്ഷത്രങ്ങൾ)ആണ് അവതാരങ്ങൾ. അങ്ങനെ വന്നു ചേർന്ന അവതാരപുരുഷനാണ് ശ്രീനാരായണഗുരു. വൈദിക ദർശനത്തെ മറച്ചിരുന്ന അജ്ഞാനത്തെ മാറ്റി പ്രകാശം ചൊരിഞ്ഞ ആദിസൂര്യനായിരുന്നു ഗുരു. മനുഷ്യന് അവശ്യം വേണ്ട ഏറ്റവും വലിയ ഗുണമാണ് മനുഷ്യത്വം. അതായിരിക്കണം മനുഷ്യന്റെ മതമെന്ന് ഗുരു ലളിതമായി ഉപദേശിക്കുന്നു. മനുഷ്യന്റെ ജാതി പറയേണ്ട ആവശ്യമില്ല. മനുഷ്യനെ കണ്ടാൽ അത് വ്യക്തമാകും. ഒരു മൃഗം മറ്റൊരു മൃഗത്തെ കണ്ടാൽ അത് സ്വന്തം ജാതിയിലുള്ളതാണെന്ന് തിരിച്ചറിയുന്നു. മനുഷ്യന് മാത്രം ആ അറിവില്ലെന്ന് ഗുരു വ്യക്തമാക്കുന്നു. മനുഷ്യന് ഊർജ്ജം ലഭിക്കുന്നത് അവന്റെ സ്രഷ്ടാവിൽനിന്നാണ്. സൃഷ്ടിയും സ്രഷ്ടാവും ഒന്നാണ്. സൂര്യന്റെ കിരണവും സൂര്യനും ഒന്നാകുന്നത് പോലെ സ്രഷ്ടാവും സൃഷ്ടിയും ഒന്നാകുന്നു.

### 2.1.5 ബൗദ്ധദർശനത്തിന്റെ സ്വാധീനം ഗുരുചിന്തയിൽ

അജ്ഞേയവാദത്തിലും സത്യത്തിലും ധർമ്മത്തിലും അധിഷ്ഠിതമായിരുന്നു ബുദ്ധമതം. പത്ത് ശതാബ്ദകാലത്തിൽ അധികം (ബി.സി. മൂന്നാം ശതകം മുതൽ എ.ഡി. എട്ടാം ശതകം വരെ) ഇന്ത്യയിൽ മാത്രമല്ല ചൈന, ജപ്പാൻ, മലേഷ്യ, ഇൻഡോനേഷ്യ, സിംഗപ്പൂർ, ശ്രീലങ്ക തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ബുദ്ധമതം പ്രചരിച്ചിരുന്നു. ബുദ്ധമതം മനുഷ്യസ്നേഹത്തിനും അനുകമ്പയ്ക്കും പ്രാധാന്യം കൊടുത്തതുകൊണ്ട് ജനങ്ങളുടെ ശ്രദ്ധ പെട്ടെന്ന് പിടിച്ചുപറ്റാൻ അതിന് കഴിഞ്ഞു. വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്ത അവർ എല്ലാ ജനവിഭാഗത്തേയും ഒന്നായിക്കണ്ടു. ബുദ്ധന്റെ അഷ്ടാംഗമാർഗം ജീവിതത്തിന്റെ പരമോന്നതവസ്ഥയ്ക്ക് നിദാനമാണ്.

1.ശരിയായ വീക്ഷണം

2.ശരിയായ ദൃഢനിശ്ചയം

3.ശരിയായ സംസാരം

4.ശരിയായ പെരുമാറ്റം

SGOU

5.ശരിയായ ഉപജീവനമാർഗം

6.ശരിയായ പരിശ്രമം

7.ശരിയായ ശ്രദ്ധ

8.ശരിയായ സമാധി

ഈ എട്ട് മാർഗത്തിലൂടെ സഞ്ചരിക്കുന്ന ആൾ ബുദ്ധനാകും എന്ന് ബുദ്ധമതാനുയായികൾ വിശ്വസിക്കുന്നു.

ഓരോ മനുഷ്യന്റെ മേധാശക്തിയും ഉള്ളിലുള്ള ഏകത്വത്തിലേയ്ക്ക്, കുതിക്കാൻ വെമ്പൽ കൊള്ളുകയാണ്. അവിടെ എത്തിച്ചേരുമ്പോൾ മനുഷ്യന് പരിപൂർണ്ണ സുഖം ലഭിക്കുന്നു അജ്ഞാനത്തിൽ നിന്ന് ജ്ഞാനത്തിന്റെ പുതുവെളിച്ചത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ മനുഷ്യൻ നവീനമായ ഉത്ഥാന അവസ്ഥയിൽ എത്തിച്ചേരുന്നു. അതിനുള്ള ഏകാഗ്രത മനനമന്ത്രമാണ്.

'ബുദ്ധം ശരണം ഗച്ഛാമി
ധർമം ശരണം ഗച്ഛാമി
സംഘം ശരണം ഗച്ഛാമി'

സദാ ചലിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിയെ ഏകാഗ്രതയിലേയ്ക്ക് സമനിലയിലേയ്ക്ക് അതിസൂക്ഷ്മമായി കൊണ്ടുപോകുമ്പോൾ പ്രബുദ്ധാവസ്ഥ സിദ്ധമാകുന്നു. സത്യം, സ്നേഹം, അനുകമ്പ, നിഷ്കളങ്കത, നിർഭയത്വം, അനസൂയ, സമഭാവന എന്നീ ധർമ്മം പരിപാലിക്കുന്നവരാണ് ബുദ്ധസന്യാസിമാർ. സംഘം ചേർന്നുള്ള പ്രവർത്തനങ്ങൾ ഏത് കർമ്മത്തെയും വിജയത്തിലെത്തിക്കുന്നു. ബാഹ്യവും ആഭ്യന്തരവുമായ സംഘടനാവൈഭവമാണ് അവർ ലക്ഷ്യമിടുന്നത്. മനുഷ്യന്റെ നിർവാണാവസ്ഥയിലേക്കുള്ള യാത്രയിൽ ഉള്ളിലെ എല്ലാ അഴുക്കുകളെയും മാറ്റി ശരീരത്തെയും ഇന്ദ്രീയങ്ങളെയും മനസ്സിനെയും പ്രാണനെയും ബുദ്ധിയെയും നേർരേഖയിലൂടെ സംഘടിപ്പിച്ചു നീങ്ങുന്നു. ഇതാണ് ആന്തരിക സംഘടനകൊണ്ട് അർഥമാക്കുന്നത്. ശരിയായ ദൃഢനിശ്ചയത്തിലൂടെ ശരിയായ സമാധിയിലെത്തി സ്വാതന്ത്ര്യദീപ്തി ഉൾക്കൊണ്ട, മനുഷ്യൻ അവിദ്യയുടെ ഇരുട്ടറയിൽ വീണു വലയുന്ന ജനതയെ കൈപിടിച്ചു ഉയർത്താനും പുരോഗമനത്തിലേയ്ക്ക് നയിക്കാനും സഹായിക്കുന്നു.

ശ്രീനാരായണഗുരുവിനെ ചിലർ അഭിനവ ബുദ്ധൻ എന്ന് വിശേഷിപ്പിക്കാറുണ്ട്. ബുദ്ധന്റെ ജീവിതവും ശുദ്ധിയും സത്യവും സ്നേഹവും അനുകമ്പയും ധർമ്മവും ഗുരുവിൽ കണ്ടെത്താൻ കഴിയുന്നു. സാഗരത്തെത്തേടിപ്പോകുന്ന നദികൾ കടലിന്റെ ആഴവും പരപ്പും വൈവിധ്യവും അറിഞ്ഞ് അതായി മാറുന്നു. പിന്നെ നദിയില്ല കടൽ മാത്രം. അതുപോലെ സത്യത്തെ അറിഞ്ഞ സന്യാസിമാർ ഏകഭാവത്തിൽ വർത്തിക്കുക സ്വാഭാവികം. അവർ എല്ലാ ഗുണങ്ങളുടെയും വിളനിലമാണ്. ബുദ്ധനെപ്പോലെ ഗുരുവും അനുകമ്പയുടെ മൂർത്തിമത്ഭാവമാണ്. ഗുരുവിന്റെ 'അനുകമ്പാദശക'ത്തിൽ അനുകമ്പ പ്രകടമാകുന്നതോടൊപ്പം സത്യത്തിന്റെ മാർഗവും ഗുരു വ്യക്തമാക്കുന്നു. ഏത് സമയത്തും കരുണാകരന്റെ ചിന്തയിൽ അലിയുന്ന വ്യക്തിസത്ത സത്യത്തിൽ എത്തിച്ചേരും.

'ഒരുപീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര ! നൽകുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും'

ഒരു ചെറുജീവിയുടെ ജീവനിലും നാം, നമ്മെ കണ്ടെത്തുമ്പോൾ അതിനെ ഉപദ്രവിക്കാൻ നമുക്കാവില്ല. എന്നിലെ ബോധവും ഉറുമ്പിലെ ബോധവും ഒന്നാണെന്ന ബോധത്തിൽ നിന്നാണ് അനുകമ്പയുടെ ഉറവപൊട്ടുന്നത്.

വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തവരായിരുന്നു ബുദ്ധനും ഗുരുവും. അക്കാലഘട്ടത്തിൽ വിദേശികളെപ്പോലും ആകർഷിച്ചിരുന്നു നളന്ദ, തക്ഷശില തുടങ്ങിയ സർവകലാകേന്ദ്രങ്ങൾ ബുദ്ധന്റെ സംഭാവനകളായിരുന്നു. പിൽക്കാലത്ത് ബുദ്ധമതത്തെ എതിർത്തവർ അവ ഇല്ലാതാക്കി. സമൂഹത്തിന്റെ ഉണർച്ചയ്ക്ക് വേണ്ടി ക്ഷേത്രങ്ങൾ സ്ഥാപിച്ച ഗുരു, ക്ഷേത്രങ്ങളോടനുബന്ധിച്ച് പാഠശാലകൾ തുടങ്ങി. ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കമിട്ടു. മനുഷ്യരുടെ അറിവില്ലായ്മ ഇല്ലാതാക്കാനും ശക്തിപകരാനും വിദ്യാഭ്യാസത്തിന് കഴിയുമെന്ന ദൃഢമായ ബോധം ഗുരുവിനുണ്ടായിരുന്നു. ബുദ്ധനെപ്പോലെ ഗുരുവും ധർമ്മത്തിനും പ്രാധാന്യം കൊടുത്തിരുന്നു. ധർമ്മത്തെ ദൈവമാണെന്നും അതിലൂടെ ശ്രേയസ്സ് കൈവരിക്കാനാകുമെന്നും ഗുരു വിശ്വസിച്ചിരുന്നു. അഹിംസ, സത്യം, സ്നേഹം, അവ്യഭിചാരം, മദ്യവർജ്ജനം ഇവയായിരുന്നു ഗുരുവിന്റെ പഞ്ചധർമ്മങ്ങൾ. ജീവികളെ ഹിംസിക്കരുത് എന്ന തത്വം മാത്രമല്ല അഹിംസാസിദ്ധാ

SGOU

ന്തത്തിലുള്ളത്. ഒരാളെയും വാക്കുകൊണ്ടോ നോട്ടം കൊണ്ടോ പ്രവൃത്തികൊണ്ടോ വേദനിപ്പിക്കരുതെന്നും അത് വ്യക്തമാക്കുന്നു. ഗുരുവിന്റെ 'ജീവകാരുണ്യ പഞ്ചക'ത്തിൽ അഹിംസ ജീവ കാരുണ്യമാണെന്നും മറ്റ് ജീവികളെ ഹിംസിക്കാതിരിക്കുന്ന മനുഷ്യനാണ് വിവേകിയെന്നും ഹിംസിക്കുന്ന അവിവേകിയും മൃഗവും തമ്മിൽ ഒരു ഭേദവുമില്ലെന്നും ഗുരു ഉപദേശിക്കുന്നു. എന്തൊക്കെ ഗുണങ്ങൾ ഉണ്ടെങ്കിലും ഹിംസിക്കുന്നയാൾക്ക് ശാന്തി ലഭിക്കുകയില്ലെന്ന് അസന്ദിഗ്ധമായി പറയാനും ഗുരു മടിക്കുന്നില്ല.

തന്റെ ചിന്താപദ്ധതികളോട് ചേർന്ന് നിൽക്കുന്ന ബുദ്ധമത സിദ്ധാന്തങ്ങളോട് ഗുരുവിന് താല്പര്യമുണ്ടായിരുന്നു. ശിവഗിരിയിലെ തീർഥാടനത്തെപ്പറ്റി ചർച്ച നടക്കുമ്പോൾ ഏതു വസ്ത്രമാണ് അണിയേണ്ടതെന്ന് ശിഷ്യന്മാർ ഗുരുവിനോട് ചോദിക്കുകയുണ്ടായി. ബുദ്ധന്റെയും കൃഷ്ണന്റെയും മഞ്ഞ വസ്ത്രമാകാമെന്നും വ്രതത്തെപ്പറ്റി ചോദിച്ചപ്പോൾ ബുദ്ധന്റെ പഞ്ചശുദ്ധി ആകാമെന്നും ഗുരു പറഞ്ഞു. ഗുരുവിന്റെ ശ്രീലങ്കൻ യാത്രയ്ക്കിടയിൽ ഏതാണ് മതം എന്ന സന്യാസിയുടെ ചോദ്യത്തിന് ബുദ്ധമതം എന്ന് പറയുവാനും ബുദ്ധനെപ്പോലെ അദ്വൈതവാദിയാണെന്ന് വ്യക്തമാക്കാനും ഗുരു മടിച്ചില്ല. ബുദ്ധന്റെ പ്രവർത്തനങ്ങളും ഗുരുവിന്റെ ചിന്താപദ്ധതികളും ഒന്നാണ്. എന്നാൽ ജാതിഭേദം ഇല്ലാതാക്കാൻ ബുദ്ധൻ ശ്രമിച്ചില്ല. ധർമ്മം പുനഃസ്ഥാപിക്കുമ്പോൾ ജാതി തനിയേ ഇല്ലാതാകുമെന്ന് ബുദ്ധൻ വിശ്വസിച്ചു. ബുദ്ധന്റെ ആ വിശ്വാസം പരാജയമായിരുന്നു. ഗുരുവാകട്ടെ അവസാനശ്വാസം വരെ ജാതിയുടെ നിരർഥകത ചൂണ്ടികാണിക്കുകയും ജാതി ഇല്ലായ്മ ചെയ്യാൻ നിരന്തരം പ്രവർത്തിക്കുകയും ചെയ്തു.

ഗുരുക്കന്മാർ പരമ്പരയാണ്. ഒരു ഗുരു നല്ലതെന്നോ മറ്റൊരാൾ ചീത്തയെന്നോ പറയുന്നത് അർഥശൂന്യമാണ്. വിശ്വചൈതന്യത്തിൽ നിന്ന് ഉയിർകൊണ്ട ശുക്രനക്ഷത്രങ്ങളാണ് ഗുരുക്കന്മാർ.

### 2.1.6 അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കുമെതിരായ ചിന്തകൾ

വെളിച്ചം വരുമ്പോൾ ഇരുട്ട് താനേ മാറുമെന്ന് ഗുരു ഉപദേശിക്കാറുണ്ട്. പുറമേ എത്ര വിളക്ക് കത്തിച്ചുവെച്ചാലും ഉള്ളിലെ ഇരുട്ട് മാറുകയില്ല. അറിവില്ലായ്മയും അജ്ഞതയുമാണ് അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും നിദാനം. വളരെയേറെക്കാലം അടിച്ചമർത്തപ്പെട്ട അവശവിഭാഗം എത്രത്തോളം ഹീനമാകുമെന്ന് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. തികഞ്ഞ മനഃശാസ്ത്രപടുവായിരുന്നു ശ്രീനാരായണ ഗുരു. അറിവ് നൽകുന്നതിന് മുൻപ് അവരുടെ മതവിശ്വാസത്തിന്റെ ഊന്നുവടിയെ അല്പം മിനുസപ്പെടുത്തി അവർക്ക് നൽകി. അതുവരെ ദേവതമാർക്ക് കോഴിയുടെ രക്തംകൊണ്ട് അഭിഷേകം ചെയ്തിരുന്ന അവർ തുളസിയിട്ട ജലംകൊണ്ട് ദേവതമാരെ അഭിഷേകം ചെയ്യാൻ തുടങ്ങി. മദ്യത്തിനും മാംസത്തിനും പകരം പഴവും അവലും നിവേദിക്കാനും ഗുരു പഠിപ്പിച്ചു.

ദൈവത്തിനും മനുഷ്യനും ഇടയ്ക്ക് പുരോഹിതൻ വേണ്ടെന്ന് നിർദ്ദേശിച്ച ഗുരു പൂജാപാഠങ്ങൾ ജനങ്ങളെ പഠിപ്പിച്ചു. ആർപ്പും അട്ടഹാസവും തുള്ളലും മാറ്റി പകരം അർഥവത്തായ സ്ത്രോത്രകാവ്യങ്ങൾ രചിച്ച് അവരെകൊണ്ട് ചൊല്ലിപ്പിച്ചു. ശുചിത്വം ഇല്ലാതിരുന്നവരെ കുളിക്കാനും ശുദ്ധമായ വസ്ത്രം ഉടുക്കാനും ഉപദേശിച്ചു. ഗൃഹവും പരിസരവും ശുദ്ധമായി വെയ്ക്കേണ്ടതിന്റെ ആവശ്യം ഉണർത്തിച്ചു. മടികൂടാതെ, കൃഷിയിലും കൈത്തൊഴിലിലും ഏർപ്പെടാനുള്ള സൗകര്യം ഉണ്ടാക്കി കൊടുത്തു. അങ്ങനെ അടിസ്ഥാനപരമായ മാറ്റം വരുത്തിയതിന് ശേഷം പാകപ്പെട്ട മനസ്സിലേയ്ക്ക് അറിവിന്റെ തിരിനാളം കത്തിച്ചുവെച്ചു.

ഭക്തിയുടെ ശക്തി ലഭിച്ച ജനങ്ങളോട് അനാചാരങ്ങൾ ഇല്ലാതാക്കണമെന്ന് ഗുരു നിർദ്ദേശിച്ചു. തിരണ്ടുകുളി, പുളികുടിയടിയന്തരം, താലികെട്ട്, വിവാഹധൂർത്ത് തുടങ്ങിയ അനാചാരങ്ങൾ നിർത്തണമെന്ന് ഗുരു ഉപദേശിച്ചു. ആർഭാടവും അനാവശ്യമായ ധൂർത്തും ഇല്ലാതാക്കണമെന്ന് ഗുരു പറഞ്ഞു. വിവാഹരീതി പുതിയ രീതിയിലേക്ക് മാറ്റി. വധുവിന് താലി ചാർത്തുക, പരസ്പരം പുഷ്പഹാരങ്ങൾ ചാർത്തുക, ദീപത്തിന് ചുറ്റും മൂന്നു പ്രാവശ്യം പ്രദക്ഷിണം ചെയ്യുക തുടങ്ങി പത്ത് മിനിറ്റിൽ അവസാനിപ്പിക്കുന്ന ചടങ്ങിൽ പത്ത് പേർ മാത്രമേ പങ്കെടുക്കാവൂ എന്ന് ഗുരു നിർദ്ദേശിച്ചു. ഭാര്യയും ഭർത്താവും പരസ്പരബഹുമാനത്തോ



SGOU

ടെ സ്നേഹത്തോടെ സഹനത്തോടെ ജീവിതം നയിക്കണം. കുട്ടിയെ വളർത്തുമ്പോഴും ശ്രദ്ധ ഉണ്ടായിരിക്കണം. മഹത് വ്യക്തികളുടെ കഥകളിലൂടെ, നല്ല വാക്കുകളിലൂടെ നല്ല ശീലങ്ങളിലൂടെ കുട്ടികളെ വളർത്താൻ ശ്രദ്ധിക്കണമെന്ന് ഗുരു ഉപദേശിച്ചു. സമൂഹത്തിന്റെ പുരോഗതിക്ക് അടിസ്ഥാനമായി വർത്തിക്കുന്ന ഘടകം കുടുംബമാണെന്ന് ഗുരുവിനറിയാമായിരുന്നു. കുടുംബം നന്നായാൽ സമൂഹം നന്നാകും. സമൂഹം നന്നായാൽ ലോകം നന്നാകും എന്ന തത്വം ഗുരു പറയാതെ പറഞ്ഞിരിക്കുന്നു.

'മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കുടിക്കരുത്, കൊടുക്കരുത്' എന്ന ഗുരു സന്ദേശം അന്നും ഇന്നും അമൂല്യമാണ്. മദ്യം ബുദ്ധിയേയും ആരോഗ്യത്തേയും നശിപ്പിക്കും. മദ്യവില്പനകൊണ്ട് വൻലാഭമുണ്ടാക്കാൻ കഴിയുമെങ്കിലും അത് ഏറ്റവും പാപമായ തൊഴിലാണ്. മുട്ടത്തറ വെച്ചു കൂടിയ പുലയരുടെ യോഗത്തിലും മദ്യത്തിനെതിരെ ഗുരു ഇങ്ങനെ പറയുന്നു. 'മദ്യം കഴിക്കുന്നത് നിർത്തണം. ഇനി കുട്ടികളെ കള്ള് കുടിക്കാൻ അനുവദിക്കരുത്. പ്രായം ചെന്നവരും കഴിക്കുന്നത് മാറ്റണം.' മനുഷ്യരുടെ ശീലങ്ങളാണ് സ്വഭാവമായി മാറുന്നത്. അത് പെട്ടെന്ന് നിർത്താനാവില്ല. പുതിയ തലമുറയ്ക്ക് മദ്യം വിളമ്പരുതെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം പഴയ തലമുറയെ പുതിയ ശീലത്തിലേയ്ക്ക് പതിയെ കൊണ്ടുവരാൻ ഗുരു ശ്രമിക്കുന്നത് പ്രസ്തുത വരികളിലൂടെ വ്യക്തമാകുന്നു.

അക്കാലത്ത് അന്ധവിശ്വാസങ്ങളിൽ നിന്ന് ഉടലെടുത്ത ഭയം പലരേയും പിടികൂടിയിരുന്നു. പലരും ചാത്തനേറ്, ബാധ തുടങ്ങിയ പല കാര്യങ്ങൾക്കും ഗുരുവിനെ സമീപിച്ചിരുന്നു. നർമ്മരസികനായ ഗുരുവാകട്ടെ ഗൂഢമായ ചിരിയോടെ അത് മാറ്റുന്ന രീതി പലരും വിവരിച്ചിട്ടുണ്ട്. അതിന് നന്ദി പറയാൻ വന്നപ്പോൾ ഗുരു പറഞ്ഞു. നിങ്ങളുടെ വിശ്വാസമാണ് രക്ഷിച്ചത്.' ജനനാൽ ഉള്ളതാണ് ജാതി. ഒരാൾ ജനിക്കുമ്പോൾ ഉള്ള രൂപം നോക്കിയാണ് ജാതി നിശ്ചയിക്കുന്നത്. അതുകൊണ്ട് മനുഷ്യന്റെ ജാതി മനുഷ്യത്വമാണെന്ന് ഗുരു വിശ്വസിക്കുന്നു. മിശ്രവിവാഹത്തിലൂടെ, മിശ്രഭോജനത്തിലൂടെ, വൈദേശിക വിവാഹത്തിലൂടെ പടിപടിയായി സമൂഹത്തെ ഉദ്ധരിക്കാൻ ശ്രമിച്ച മഹാത്മാവായിരുന്നു ശ്രീനാരായണ ഗുരുദേവൻ.

## Recap

- ഗുരുവിന്റെ ജനനം, ബാല്യകാലം, പരിവ്രാജക ജീവിതം എന്നിവ അറിയുന്നു
- ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും ആശയങ്ങളും അഭിരുചിയും ഒന്നായിരുന്നു
- 'പലമതസാരവുമേകമെന്ന് 'കണ്ടറിഞ്ഞു ഗുരു
- നർമ്മരസം കലർന്ന സാരവത്തായ ചെറിയ വാക്യങ്ങളിലൂടെ ഏതൊരുവാദത്തേയും നിശബ്ദമാക്കാനും ഗുരുവിന് അസാധാരണമായ വൈഭവമുണ്ടായിരുന്നു
- ചട്ടമ്പിസ്വാമികൾ കണ്ണമ്മൂലയിൽ ഉള്ളൂർകോട് എന്ന തറവാട്ടിലാണ് (1853 ഓഗസ്റ്റ് 23) ജനിച്ചത്.
- മനുഷ്യനാൽ നിർമ്മിക്കപ്പെട്ട ജാതി വ്യത്യാസം അർഥശൂന്യമാണെന്ന ചിന്താഗതിക്കാരായിരുന്നു രണ്ടുപേരും.
- ചട്ടമ്പിസ്വാമികൾക്ക് 'ഷണ്മുഖദാസൻ' എന്ന പേരും ഗുരുവിന് 'ഷൺമുഖഭക്തൻ' എന്ന പേരും അയ്യാവ് സ്വാമികൾ നൽകി.
- സിദ്ധിയിലൂടെ നേടുന്ന ധനവും മറ്റും സത്യത്തിലേക്കുള്ള യാത്രയിൽ തടസ്സമായി നിൽക്കും.
- സത്യാന്വേഷിക്ക് അനുകൂലമായ സാഹചര്യങ്ങൾ പ്രദാനം ചെയ്തിരുന്നു

SGOU

- ഒരു സന്യാസിക്ക് ഏകാന്തതയും ഊർജ്ജവും ശാന്തിയും നൽകുന്ന ശ്രേഷ്ഠമായ തടമാണ് പിള്ളത്തടം
- ആനന്ദമാകുന്ന ഗംഗാജലത്തിന്റെ തണുപ്പും സുഖവും പരിശുദ്ധിയും ഗുരു ഏറ്റു വാങ്ങിയ ഇടമാണ് പിള്ളത്തടം
- അജ്ഞാനം ഇല്ലായ്മ ചെയ്യാനുള്ള മാർഗം ഗുരു തേടുകയായിരുന്നു
- കേരളചരിത്രത്തിൽ സുവർണലിപികളാൽ എഴുതപ്പെട്ട ദിനമായിരുന്നു 1888 മാർച്ച് 12
- നവോത്ഥാനപ്രക്രിയയിൽ ശ്രീനാരായണഗുരു മാറ്റത്തിന്റെ മഹാപ്രപഞ്ചം തന്നെയാണ്
- വേദസാരം തേടിപ്പോയ യോഗികൾ കണ്ടെത്തിയ ദർശനങ്ങളാണ് (കാണൽ)വൈദിക ദർശനം
- നാല് വേദങ്ങളെ അടിസ്ഥാനമാക്കിയാണ് വൈദികദർശനം രൂപം കൊണ്ടിട്ടുള്ളത്.
- തന്നെത്തന്നെ അറിയുക എന്നതാണ് വൈദികദർശനത്തിന്റെ കാതൽ
- ബാഹ്യവും ആഭ്യന്തരവുമായ ദാനം ചെയ്യലാണ് ദാനം.
- സത്യപ്രകാശം ഏറ്റുവാങ്ങിയ ഒരാൾക്ക് സഹജമായി ഉണ്ടാകുന്ന ഗുണമാണ് ദയ
- വൃഷം എന്ന പദത്തിന് ധർമ്മം എന്നും കാളയെന്നും അർഥമുണ്ട്.
- മനുഷ്യത്വമായിരിക്കണം മനുഷ്യന്റെ മതമെന്ന് ഗുരു ലളിതമായി ഉപദേശിക്കുന്നു.
- ബുദ്ധന്റെ അഷ്ടാംഗമാർഗം ജീവിതത്തിന്റെ പരമോന്നതവസ്ഥയ്ക്ക് നിദാനമാണ്.
- സത്യം, സ്നേഹം, അനുകമ്പ, നിഷ്കളങ്കത, നിർഭയത്വം, അനസൂയ, സമഭാവന എന്നീ ധർമ്മ പരിപാലിക്കുന്നവരാണ് ബുദ്ധസന്യാസിമാർ.
- ശ്രീനാരായണഗുരുവിനെ ചിലർ അഭിനവബുദ്ധൻ എന്ന് വിശേഷിപ്പിക്കാറുണ്ട്
- ബുദ്ധനെപ്പോലെ ഗുരുവും അനുകമ്പയുടെ മൂർത്തിമത്ഭാവമാണ്
- സമൂഹത്തിന്റെ ഉണർച്ചയ്ക്ക് വേണ്ടി ക്ഷേത്രങ്ങൾ സ്ഥാപിച്ച ഗുരു, ക്ഷേത്രങ്ങളോടനുബന്ധിച്ച് പാഠശാലകൾ തുടങ്ങി
- ബുദ്ധനെപ്പോലെ ഗുരുവും ധർമ്മത്തിനും പ്രാധാന്യം കൊടുത്തിരുന്നു
- അഹിംസ, സത്യം, സ്നേഹം, അവ്യഭിചാരം, മദ്യവർജ്ജനം ഇവയായിരുന്നു ഗുരുവിന്റെ പഞ്ചധർമ്മങ്ങൾ
- ധർമ്മം പുനഃസ്ഥാപിക്കുമ്പോൾ ജാതി തനിയേ ഇല്ലാതാകുമെന്ന് ബുദ്ധൻ വിശ്വസിച്ചു.
- വിശ്വചൈതന്യത്തിൽ നിന്ന് ഉയിർകൊണ്ട ശുക്രനക്ഷത്രങ്ങളാണ് ഗുരുക്കന്മാർ
- അറിവില്ലായ്മയും അജ്ഞതയുമാണ് അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും നിദാനം
- മഹത് വ്യക്തികളുടെ കഥകളിലൂടെ, നല്ല വാക്കുകളിലൂടെ നല്ല ശീലങ്ങളിലൂടെ കുട്ടികളെ വളർത്താൻ ശ്രദ്ധിക്കണമെന്ന് ഗുരു ഉപദേശിച്ചു

SGOU

## Objective Type Questions

1. ശ്രീനാരായണഗുരു ജനിച്ചതെവിടെ? എന്ന്?
2. ഗുരുവിന്റെ മാതാപിതാക്കളാരെല്ലാം?
3. നാണുവിന്റെ ആദ്യഗുരു ആര് ?
4. സത്യം തേടി ദേശങ്ങൾ തോറും അലഞ്ഞുനടക്കുന്ന കാലഘട്ടത്തിലെ ജീവിതത്തെ ഏതു പേരിലാണ് അറിയപ്പെടുന്നത്?
5. ചട്ടമ്പിസ്വാമികളുടെ ജനനസ്ഥലം എവിടെയാണ്?

6. അയ്യാവ് സ്വാമികൾ ഗുരുവിന് നൽകിയ പേരെന്ത്?
7. അയ്യാവ് സ്വാമികൾ ചട്ടമ്പിസ്വാമികൾക്ക് നൽകിയ പേരെന്ത്?
8. മരുത്വാമലയുടെ ഏറ്റവും മുകളിലുള്ള ഗുഹയ്ക്ക് പറയുന്ന പേരെന്ത്?
9. അരുവിപ്പുറം സ്ഥിതി ചെയ്യുന്നത് എവിടെ?
10. എന്തായിരിക്കണം മനുഷ്യന്റെ മതമെന്നാണ് ഗുരുവിന്റെ അഭിപ്രായം?
11. ഗുരുവിന്റെ പഞ്ചധർമ്മങ്ങൾ ഏതെല്ലാം?
12. ഗുരുവിന്റെ അഭിപ്രായത്തിൽ അന്ധവിശ്വാസത്തിനും അനാചാരത്തിനും നിദാനം എന്താണ്?

## Answers

1. തിരുവനന്തപുരം ജില്ലയിൽ ചെമ്പഴന്തിയിൽ. 1856 സെപ്തംബർ 14-ാംതീയതി
2. മാടനാശാനും കുട്ടിയമ്മയും
3. മാടനാശാൻ
4. പരിവ്രാജകജീവിതം
5. കണ്ണമ്മൂല ഉള്ളൂർകോട് എന്ന തറവാട്ടിൽ
6. ഷണ്മുഖഭക്തൻ
7. ഷണ്മുഖദാസൻ
8. പിള്ളത്തടം
9. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ
10. മനുഷ്യത്വം
11. അഹിംസാ, സത്യം, സ്നേഹം, അവ്യഭിചാരം, മദ്യവർജ്ജനം
12. അറിവില്ലായ്മയും അജ്ഞതയുമാണ്

SGOU

## Assignment

1. ഗുരുവിന്റെ ബാല്യകാലജീവിതത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക
2. ഗുരുവിന്റെ പരിവ്രാജകജീവിതത്തെക്കുറിച്ച് വിലയിരുത്തുക
3. നവോത്ഥാനനായകനെന്ന നിലയിൽ ഗുരുവിന്റെ ദർശനങ്ങളെപ്പറ്റി അപഗ്രഥിക്കുക
4. സമകാലിക സാഹചര്യത്തിൽ ഗുരുദർശനങ്ങളുടെ പ്രസക്തി വിലയിരുത്തുക
5. ഗുരുചിന്തകളിലെ ബൗദ്ധദർശന സ്വാധീനം വിശദമാക്കുക
6. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ ഗുരുചിന്തകൾ ക്രോഡീകരിക്കുക

BLOCK - 2

## Suggested Reading


1. കുമാരനാശാൻ, ബ്രഹ്മശ്രീ ശ്രീനാരായണ ഗുരുസ്വാമികളുടെ ജീവചരിത്ര സംഗ്രഹം www.sreyas.in
2. പ്രദീപൻ പാമ്പിരികുന്ന്, നാരായണഗുരു പുനർവായനകൾ, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്
3. പി കെ.ബാലകൃഷ്ണൻ, നാരായണഗുരു, ഡിസി ബുക്സ് കോട്ടയം, 2020
4. മുനി നാരായണപ്രസാദ് (എഡി), നാരായണഗുരു സമ്പൂർണകൃതികൾ, നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡെൽഹി


## Reference


1. വേലായുധൻ കോട്ടുക്കോയിക്കൽ, ശ്രീനാരായണഗുരു, കറൻറ് ബുക്സ്, തൃശൂർ.
2. കെ.എൻ. ഷാജി, നാരായണഗുരു ജീവിതം - കൃതികൾ, ദർശനം, കറൻറ് ബുക്സ്, തൃശൂർ, 2002.
3. എം. കെ. സാനു, നാരായണഗുരുസ്വാമി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
4. സുകുമാർ അഴീക്കോട്, ഗുരുവിന്റെ ദു:ഖം, ഇംപ്രിന്റ്ബുക്സ്
5. ഡോ. കെ. സുഗതൻ, ബുദ്ധനും നാണുഗുരുവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.


SGOU

# BLOCK - 3

# ആശയപോരാട്ടങ്ങളുടെ ചരിത്രഘട്ടം

SGOU

# യൂണിറ്റ് 1 സവർണ പ്രത്യയശാസ്ത്ര വിരുദ്ധമായ ആശയപോരാട്ടങ്ങൾ

## Learning Outcomes

- ഗുരുവിന്റെ കർമ്മപഥത്തെക്കുറിച്ച് അറിയുന്നു
- ശ്രീനാരായണധർമ്മപരിപാലനയോഗത്തിന്റെ സ്ഥാപനത്തിലേയ്ക്ക് നയിച്ച സംഭവവികാസങ്ങൾ മനസിലാക്കുന്നു
- ഗുരുവിദ്യാഭ്യാസമേഖലയ്ക്ക് നൽകിയ ഊന്നൽ തിരിച്ചറിയുന്നു
- ഭൗതികപുരോഗതിക്ക് ഗുരു നൽകിയ പ്രാധാന്യം ഗ്രഹിക്കുന്നു
- അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠയെക്കുറിച്ചറിയുന്നു
- ആലുവ സർവമതസമ്മേളനത്തെക്കുറിച്ചറിയുന്നു

## Prerequisite

മലയാള മണ്ണിൽ നവോത്ഥാനപ്രക്രിയ സർവ്വശക്തിയോടെ യാഥാർത്ഥ്യമായത് അരുവിപ്പുറത്തെ ശിവപ്രതിഷ്ഠയോടെയാണ്. വേദാന്താധിഷ്ഠിതമായ മനുസ്മൃതി മുന്നോട്ടുവച്ച ചാതുർവർണ്ണ്യത്തിൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ നാലുവിഭാഗങ്ങളായി സാമാന്യ ജനങ്ങളെ വേർതിരിച്ചിരുന്നു. ഈ നാലു വിഭാഗത്തിലും ഉൾപ്പെടാത്തവരെ 'പഞ്ചമർ' എന്ന വിലക്കപ്പെട്ട സമൂഹമാക്കി പൊതുധാരയിൽ നിന്നും മാറ്റി നിർത്തിയിരുന്നു. ക്ഷത്രിയർക്കോ, വൈശ്യർക്കോ, ശൂദ്രർക്കോ ഒരിക്കലും ക്ഷേത്രങ്ങൾ സ്ഥാപിക്കാനോ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കുവാനോ അധികാരം ഉണ്ടായിരുന്നില്ല. ചാതുർവ്വർണ്ണസമ്പ്രദായത്തിൽ ഉൾപ്പെടാത്ത ഈഴവസമുദായത്തിൽ ജനിച്ച ശ്രീനാരായണഗുരു അരുവിപ്പുറം എന്ന കുഗ്രാമത്തിൽ ശിവലിംഗപ്രതിഷ്ഠ നടത്തുമ്പോൾ നൂറ്റാണ്ടുകളുടെ ജാത്യാചാരമാണ് തകർന്നുവീണത്. സവർണ്ണവിഭാഗങ്ങളുടെ എതിർപ്പുകളെ വകവയ്ക്കാതെ 'ഇതു നമ്മുടെ ശിവൻ' എന്നുള്ള മറ്റൊരു നിർവ്വചനവും അവിടെവച്ചു നൽകി. "ജാതിഭേദം മതദ്വേഷം ഏതു മില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" എന്ന ഗുരുവചനം നവോത്ഥാനമന്ത്രമായി മാറുകയായിരുന്നു. ആരാണ് ക്ഷേത്രം സ്ഥാപിക്കേണ്ടത്, ആരാണ് പ്രതിഷ്ഠ നടത്തേണ്ടത്, ആരാണ് ക്ഷേത്രത്ത സംരക്ഷിക്കേണ്ടത്, ആരാണ് ക്ഷേത്രത്തെ പരിപാലിക്കേണ്ടത്, ആരാണ് ക്ഷേത്രത്തിൽ പൂജാദികർമ്മങ്ങൾ നിർവ്വഹിക്കേണ്ടത്. ആരാണ് ക്ഷേത്ര ദർശനം നടത്തേണ്ടത്, ആർക്കാണ് ക്ഷേത്രപ്രവേശനത്തിന് അർഹതയുള്ളത് എന്നിങ്ങനെ യുള്ള ഒട്ടനേകം ചോദ്യങ്ങൾക്ക് 'അവർണ്ണൻ' എന്ന ഒറ്റ ഉത്തരമാണ് അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ചരിത്രം രേഖപ്പെടുത്തുന്നത്. അക്കാരണത്താലാണ് നൂറ്റാണ്ടുകളുടെ മാമൂലുകളെ ഒരുനിമിഷം കൊണ്ട് തട്ടിത്തകർത്ത് മറ്റൊരു പ്രഭാതത്തെ ഉദയം കൊള്ളാൻ അനുവദിച്ച് നവോസ്ഥാനത്തിന്റെ പുത്തൻ വിഭാതരശ്മികൾ പ്രവഹിപ്പിച്ച കർമ്മധീരനായ യോഗിവര്യൻ എന്ന് ശ്രീനാരായ ണഗുരുവിനെ ചരിത്രം വിശേഷിപ്പിക്കുന്നത്. പിന്നീട് ഇനി ക്ഷേത്രങ്ങൾ ആവശ്യമില്ലെന്നും

SGOU

ദേവാലയങ്ങൾക്കു പകരം വിദ്യാലയങ്ങളാണു വേണ്ടതെന്നും ഗുരു അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ മഹത്ത്വത്തെ ഉയർത്തിക്കാട്ടിയ ഗുരു വിദ്യകൊണ്ട് പ്രബുദ്ധരാകുവാൻ സമൂഹത്തെ പ്രേരിപ്പിച്ചു. വെറും വിദ്യാഭ്യാസരീതിക്കപ്പുറം തൊഴിൽ വിദ്യാഭ്യാസത്തെക്കുറിച്ചും വ്യവസായരംഗത്ത് ശ്രദ്ധ ചെലുത്തേണ്ടതിനെപ്പറ്റിയും ഈ യോഗിവര്യൻ ഉൽബോധിപ്പിക്കുമ്പോൾ ഒരു സമഗ്ര നവീകരണമാണ് ഗുരു വിഭാവനചെയ്തിരുന്നത് എന്നു വ്യക്തമാകുന്നു. കേരളീയ നവോത്ഥാനത്തിന്റെ ഊർജ്ജസ്രോതസ്സായി ശ്രീനാരായണഗുരു പരിലസിക്കുമ്പോഴാണ് ഇതര സമൂഹങ്ങളും സമുദായങ്ങളും തങ്ങളുടെ കർത്തവ്യത്തെ തിരിച്ചറിയുന്നതും ചിലർ സാഹസികരായി ഇറങ്ങിത്തിരിക്കുന്നതും.

തിരുവിതാംകൂറിന്റെ തെക്കുഭാഗത്ത് നെയ്യാറ്റിൻകരയിൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ കീഴാള നവോത്ഥാനം പുലയ ജനവിഭാഗങ്ങൾക്കിടയിൽ ആരംഭിക്കുകയും തിരുവിതാംകൂറിലാകെ പടർന്നേറുകയും ചെയ്തു. സഞ്ചാരസ്വാതന്ത്ര്യത്തിനായി രണ്ടു വെള്ളക്കാളകളെ പൂട്ടിയ വില്ലുവണ്ടിയിൽ സാഹസികമായി പൊതുനിരത്തിലൂടെ യാത ചെയ്ത അയ്യങ്കാളിയുടെ 'വില്ലുവണ്ടിയാത്ര' ചരിത്രപ്രസിദ്ധമായി. അക്ഷരം എഴുതാനും വായിക്കാനും അറിയാതെ അടിമകളായി കഴിഞ്ഞിരുന്ന കീഴാളർക്ക് വിദ്യാഭ്യാസസ്വാതന്ത്ര്യം നേടുന്നതിനായി സ്വന്തമായി 1904-ൽ വെങ്ങാനൂരിൽ കുടിപ്പള്ളിക്കുടം ആരംഭിച്ച അയ്യൻകാളിയും കൂട്ടരും ആദ്യത്തെ ദളിത് വിദ്യാലയത്തിനാണ് പ്രാരംഭം കുറിച്ചത്. ശ്രീനാരായണഗുരുവിന്റെ നവോത്ഥാനമൂല്യങ്ങൾ ഉൾക്കൊണ്ടു കൊണ്ട് ദളിതർക്കായി 'സാധുജനപരിപാലനസംഘം' ആരംഭിച്ച അയ്യൻകാളി ക്രമേണ കീഴാള ജനവിഭാഗങ്ങളുടെയാകെ പ്രതിനിധിയായി മാറി. (ശ്രീനാരായണ സാഹിത്യദർശനം, ഡോ. വള്ളിക്കാവ് മോഹൻദാസ്)

## Keywords

സവർണ പ്രത്യയശാസ്ത്ര വിരുദ്ധപോരാട്ടങ്ങൾ - ശ്രീനാരായണ ധർമ്മപരിപാലന യോഗം - വിദ്യാഭ്യാസമേഖല - ക്ഷേത്രപ്രതിഷ്ഠകൾ - അരുവിപ്പുറം ശിവപ്രതിഷ്ഠ - അദ്വൈതാശ്രമ സ്ഥാപനം - സർവമതസമ്മേളനം.

## Discussion

### 3.1.1 ആശയപോരാട്ടങ്ങളുടെ ചരിത്രഘട്ടം

മനുഷ്യൻ അടിസ്ഥാനപരമായി ഒരു വർഗമാണ്. പക്ഷേ ചില മനുഷ്യരുടെ സ്വാർഥത മൂലം മറ്റുള്ളവരെ ഭരിക്കാനും സുഖിക്കാനും ഉള്ള താല്പര്യം ഉടലെടുക്കുന്നു. അങ്ങനെ മനുഷ്യനെ പല തട്ടുകളായി നിലനിർത്തി ഉന്നതശ്രേണി കൈവരിക്കുന്നവരാണ് ഫ്യൂഡൽ വ്യവസ്ഥയിലുള്ളവർ. കേരളത്തിന്റെ സ്ഥിതി അങ്ങനെയുമല്ല. വേദപഠനം ശൂദ്രന് പാടില്ല. ആരെങ്കിലും മറഞ്ഞു നിന്ന് കേൾക്കുകയാണെങ്കിൽ അവരുടെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കാനും അവർ മടിച്ചില്ല. ബ്രാഹ്മണരുടെ സ്വത്തിനോ അവരെ തൊടാനോ മക്കൾക്ക് അധികാരമില്ലായിരുന്നു. ബ്രാഹ്മണശാപം എല്ലാം നശിപ്പിക്കും എന്ന സ്മൃതിവാക്യം ഓർമ്മപ്പെടുത്തി രാജാവിനെയും മറ്റുള്ളവരെയും അടക്കി നിർത്താൻ ബ്രാഹ്മണരുടെ കൗശലത്തിനായി.

അവർണവിഭാഗം അനുഭവിച്ച ക്രൂരതകൾക്ക് കണക്കില്ല. ബ്രാഹ്മണന്റെ ചാതുർവർണ്യ വ്യവസ്ഥയനുസരിച്ച് അതിൽ ഉൾപ്പെടാത്ത അവർണൻ അയിത്തമുള്ളവനാണ്. ഓരോ ജാതിയിലും ഉൾപ്പെട്ടവർ അയിത്തം ഉണ്ടാകാതിരിക്കാൻ അകന്നു നിൽക്കേണ്ട ദൂരം വ്യത്യസ്തമായിരുന്നു. ബ്രാഹ്മണനിൽ നിന്ന് പറയൻ 64 അടിയും പുലയൻ 54 അടിയും ഈഴവൻ 36 അടിയും അകലെ നിൽക്കണം. അത് തെറ്റിച്ചാൽ ക്രൂരമായ ശിക്ഷാവിധികളായിരുന്നു. ശരീരത്തിന്റെ ഓരോ ഭാഗവും മുറിച്ചു മാറ്റി പതുക്കെ

SGOU

കൊല്ലുന്ന രീതി, ചുട്ടു പഴുത്ത കമ്പി മലദ്വാരത്തിലൂടെ കയറ്റി വായ്‌വരെയാക്കി തൂക്കിയിടുന്ന രീതി, ക്രൂരമൃഗങ്ങളുടെ മുൻപിൽ തെറ്റുകാരനെ ഇട്ടുകൊടുത്തു കൊല്ലുന്ന രീതി, ചിത്രവധം തുടങ്ങിയ ശിക്ഷാവിധികൾ അവർണൻ അനുഭവിക്കേണ്ടിവന്നു. സവർണർ വരുമ്പോൾ അവർണവിഭാഗത്തിലെ സ്ത്രീയും പുരുഷനും മേൽവസ്ത്രം മാറ്റണമായിരുന്നു. വയൽവരമ്പിലൂടെ നടക്കുന്നതിനിടയിൽ സവർണൻ വന്നാൽ മുട്ടറ്റം വെള്ളത്തിൽ ഇറങ്ങി കുമ്പിട്ട് നിൽക്കാനും അവർ വിധിച്ചിരുന്നു. വിദ്യാഭ്യാസം, ക്ഷേത്രം. പൊതുചന്ത, നല്ല വസ്ത്രം, നല്ല ആരാധനാരീതി, കലാചാതുരി എല്ലാ നിഷേധിക്കപ്പെട്ട അവർണർ മൃഗങ്ങളെക്കാൾ താഴ്ന്ന അവസ്ഥയിലായിരുന്നു അന്ന് ജീവിച്ചിരുന്നത്. ജാതിക്കും, തൊഴിലിനും, മനുഷ്യാവയവങ്ങൾക്കും, ധരിക്കുന്ന വസ്ത്രങ്ങൾക്കും ആഭരണത്തിനും മറ്റും നികുതി ഏർപ്പെടുത്തി അവർണരെ ദ്രോഹിക്കാനും, സവർണർക്ക് കഴിഞ്ഞു. തലക്കരം, മുലക്കരം, തളക്കരം, ആൽക്കരം, തറിക്കരം, വിവാഹക്കരം, ചെത്തുപാട്ടം, മേച്ചിൽക്കരം, കൊട്ടുപാട്ടുകരം, ആഭരണക്കരം തുടങ്ങി അനേകം കരങ്ങൾകൊണ്ട് അവർണർ പൊറുതി മുട്ടി.

ബ്രിട്ടീഷുകാരുടെ ഭരണകാലഘട്ടം അവർണരെ സംബന്ധിച്ചിടത്തോളം ശുഭസൂചകമായിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ പിൽക്കാലത്ത് സവർണർ തിരിഞ്ഞപ്പോൾ അവർണർ മൗനം പാലിച്ചതേയുള്ളൂ.

അന്നത്തെ ദിവാനായിരുന്ന കേണൽ മൺറോയുടെ ശുപാർശ പ്രകാരം റാണിമാരായ ലക്ഷ്മീഭായിയും പാർവതീഭായിയും അടിമക്കച്ചവടം അവസാനിപ്പിക്കാനും ആംഗലവിദ്യാഭ്യാസം തുടങ്ങാനും അനുവാദം നൽകുകയുണ്ടായി. അങ്ങനെ കേണൽ മൺറോ സർക്കാർ സ്കൂളുകൾ ആരംഭിച്ചു. ആ സ്കൂളുകളിൽ ജാതിഭേദമെന്യേ എല്ലാവർക്കും പഠിക്കാനുള്ള അവസരം നൽകി. പക്ഷേ സവർണരുടെ എതിർപ്പ് മൂലം അവർണരെ പഠിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

ദിവാന്റെ നിർദ്ദേശപ്രകാരം ക്രിസ്തീയപുരോഹിതന്മാർ പല സ്കൂളുകളും സ്ഥാപിച്ചു. അവിടെ പഠിക്കാൻ അവർണർക്ക് അവസരമുണ്ടായി. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ തുടങ്ങിയ ചർച്ച് മിഷൻ സൊസൈറ്റി 1813-ൽ കോട്ടയത്തു കോളേജ് സ്ഥാപിച്ചു. തുടർന്ന് അവർണവിഭാഗത്തിലെ ചിലർ സവർണർക്കെതിരെ പോരാട്ടം തുടങ്ങി. അതിൽ പ്രധാനിയായിരുന്നു ആറാട്ടുപുഴ വേലായുധപ്പണിക്കർ.

സമൂഹത്തിൽ അനീതിക്കും അനാചാരങ്ങളും കൊടികുത്തി വാഴുന്ന കാലഘട്ടത്തിലായിരുന്നു ഗുരുവിന്റെ ജനനം. സാധാരണ ലൗകികനെപ്പോലെ വാക്കുകൊണ്ടോ പ്രവൃത്തി കൊണ്ടോ എതിർക്കാനല്ല ഗുരു ശ്രമിച്ചത്.

തികഞ്ഞ ആത്മജ്ഞാനിയായ ഗുരുവിന്റെ ചെറിയ വചനങ്ങൾ, ശാന്തമായ വാക്കുകൾ എല്ലാം അസാധാരണമായ ഫലം കൊയ്യുന്നവയാണ്. അത് അരുവിക്കരയിലെ ശിവപ്രതിഷ്ഠയിൽ നാം കണ്ടു. അവിടെക്കുറിച്ചിട്ട അമൂല്യമായ വചസ്സുകളിൽ കണ്ടു. അതുവരെ ആരും കാണാത്ത, ഇനി ഒരിക്കലും ആവർത്തിക്കാൻ കഴിയാത്ത സമരമുറയ്ക്ക് ഗുരു തീ കൊളുത്തി. സവർണ പ്രത്യയശാസ്ത്രങ്ങൾ ഗുരുവിന്റെ ആത്മതേജസ്സിൽ നിന്ന് ഉയർന്ന ജ്ഞാനാഗ്നിയിൽ എരിഞ്ഞടങ്ങി. ഗുരുവിന്റെ അസാധാരണമായ പ്രവൃത്തിയിൽ ആകൃഷ്ടരായ ഡോ. പല്പു, കേളപ്പൻ, മൂലൂർ, സഹോദരൻ അയ്യപ്പൻ, മന്നത്ത് പത്മനാഭൻ, സി.കേശവൻ തുടങ്ങിയ അനേകം മഹത്‌വ്യക്തികൾ ഗുരുവിനെ തേടിയെത്തി. അവർ ചോദിച്ചു ഈ ഏഴകളെ നമുക്ക് എങ്ങനെ രക്ഷിക്കാൻ പറ്റും? ഗുരു പറഞ്ഞു 'അക്ഷരം ബ്രഹ്മം'. ക്ഷരം നശിച്ചുപോകുന്നതാണ് ;അക്ഷരം ആകട്ടെ നശിക്കാത്തതും. നശിക്കാത്ത അറിവിനാൽ ജനങ്ങളെ രക്ഷിക്കാനാണ് ഗുരു പറയുന്നതെന്ന തത്വം മനസ്സിലാക്കി അവർ പ്രവർത്തനമാരംഭിച്ചു. ഗുരുവിന്റെ ആത്മചൈതന്യം ഏറ്റുവാങ്ങിയ ശിഷ്യന്മാർ ഗുരുവിന്റെ കർമ്മപഥത്തിലൂടെ സഞ്ചരിച്ചു.

### 3.1.2 ശ്രീനാരായണ ധർമപരിപാലന യോഗത്തിന്റെ സ്ഥാപനത്തിലേക്ക് നയിച്ച സംഭവവികാസങ്ങൾ

1888 ലെ ശിവപ്രതിഷ്ഠയെ തുടർന്ന് ആളുകൾ അരുവിപ്പുറത്ത് തടിച്ചുകൂടാൻ തുടങ്ങി. അങ്ങനെ അത് ഒരു തീർത്ഥാടനകേന്ദ്രമായി മാറി. പിതൃതർപ്പണത്തിന് കർക്കടകത്തിൽ ആളുകൾ കൂട്ടംക്കൂടി വരാൻ തുടങ്ങിയപ്പോൾ വാവൂട്ട്

SGOU

യോഗത്തിന് രൂപം നൽകുകയുണ്ടായി. 1899–ലെ വാവൂട്ട് യോഗത്തെ അരുവിപ്പുറം ക്ഷേത്രയോഗമായി നാമകരണം ചെയ്തു വിപുലീകരിച്ചു. ഈഴവരുടെ വിദ്യാഭ്യാസത്തിനും സാമൂഹിക ഉന്നമനത്തിനും വേണ്ടി തയ്യാറായ ഒരുകൂട്ടം ചെറുപ്പക്കാർ ഗുരുവിനെ കണ്ട് സങ്കടം ഉണർത്തിച്ചു. അതിൽ പ്രമുഖരായിരുന്നു ഡോ. പല്പുവും അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ പി. വേലായുധനും. തിരുവിതാകൂർ മെഡിക്കൽ സ്കൂളിലേക്കുള്ള പ്രവേശനപരീക്ഷയിൽ ഡോ. പല്പുവിന് ഉയർന്ന മാർക്ക് ലഭിച്ചുവെങ്കിലും വിദ്യാഭ്യാസം നിഷേധിച്ചു. തുടർന്ന് മദ്രാസ് മെഡിക്കൽ കോളേജിൽ ചേർന്ന് പഠിച്ചശേഷം വന്ന അദ്ദേഹത്തിന് തിരുവിതാംകൂർ രാജഭരണം ജോലി നിഷേധിച്ചു. അനന്തരം അദ്ദേഹം മൈസൂരിൽ ഡോക്ടറായി സേവനം അനുഷ്ഠിക്കുകയുണ്ടായി.

അന്ന് ഉയർന്ന ഉദ്യോഗങ്ങൾ തമിഴ് ബ്രാഹ്മണർക്കായിരുന്നു നൽകിയിരുന്നത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് മലയാളി മെമ്മോറിയൽ, തിരുവിതാംകൂർ തിരുവിതാംകൂർകാർക്ക് ; എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. അതിൽ ഡോ. പല്പു മൂന്നാം പേരുകാരനായി പ്രതിഷേധിച്ചു. ഈഴവർക്കും മറ്റ് പിന്നാക്കവിഭാഗങ്ങൾക്കും പഠിക്കാനുള്ള അവസരങ്ങളും ജോലിക്ക് നൽകണമെന്ന് ആവശ്യപ്പെട്ട് 1896–ൽ ഈഴവ മെമ്മോറിയൽ ഡോ. പല്പുവിന്റെ നേതൃത്വത്തിൽ മഹാരാജാവിന് നിവേദനം നൽകുകയുണ്ടായി. അതിനും ഫലമുണ്ടായില്ല. ഈ സാഹചര്യത്തിലാണ് ഗുരുവിന്റെ സമീപത്തെത്തി തന്റെ പ്രശ്നങ്ങൾ ഉണർത്തിച്ചത്. ശ്രീനാരായണഗുരുവും ഡോ. പല്പുവും ഒത്തുചേർന്ന ആ ദിവസത്തെ കേരളചരിത്രത്തിലെ ശുഭദായക ദിവസം എന്നാണ് പി.കെ. ബാലകൃഷ്ണൻ വിശേഷിപ്പിച്ചത്. ശ്രീനാരായണ ധർമ പരിപാലനയോഗത്തിന് അവിടെ തറക്കല്ലിട്ടു (1903). യോഗത്തിന്റെ പ്രസിഡന്റായി ഡോ. പല്പുവിനെയും ജനറൽ സെക്രട്ടറിയായി കുമാരനാശാനെയും തീരുമാനിച്ചു. നവകേരളത്തെ വാർത്തെടുക്കുന്ന കാര്യത്തിൽ യോഗം വഹിച്ചിട്ടുള്ള പങ്ക് അവിസ്മരണീയമാണ്.

ഈ യോഗത്തിൽ ജാതി മതം നോക്കാതെ അംഗങ്ങളെ ചേർക്കാവുന്നതാണ്. എന്ന് ഗുരു അഭിപ്രായപ്പെട്ടു. ജാതി നിർമ്മാർജ്ജനം, അയിത്തോച്ചാടനം, മൗലികാവകാശസംരക്ഷണം എന്നീ കാര്യങ്ങൾക്ക് മുൻതൂക്കം നൽകിയായിരുന്നു എസ്. എൻ. ഡി. പി.യോഗം പ്രവർത്തനമാരംഭിച്ചത്. 1904–ൽ കൊല്ലത്തിനടുത്ത് പരവൂരിൽ വെച്ച് ശ്രീനാരായണഗുരുവിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയുണ്ടായി. താലികെട്ട് കല്യാണം നിർത്തലാക്കാൻ നിർദ്ദേശിച്ചതിനോടൊപ്പം പുതിയ വിവാഹരീതികളും ഗുരു നിർദ്ദേശിക്കുയുണ്ടായി. ഗുരുവിന്റെ നിർദ്ദേശപ്രകാരം യോഗത്തിലെ ധർമഭടന്മാർ എല്ലാ താലൂക്കുകളിലും പൊതുയോഗവും കുടുംബസദസുകളും സംഘടിപ്പിച്ചു. ജനങ്ങളെ മാറ്റിയെടുക്കാൻ ശ്രമിച്ചു. കുമാരനാശാൻ ‘വിവേകോദയം’മാസികയിലൂടെ ഗുരുവിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ജനങ്ങളിൽ എത്തിച്ചുകൊണ്ടിരുന്നു. മതം, സദാചാരം, വിദ്യാഭ്യാസം, വ്യവസായം തുടങ്ങിയ വിഷയങ്ങളെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ഗുരുവിന്റെ ധർമ്മഭടന്മാർക്കായി. 1905–ൽ കൊല്ലത്ത് സംഘടിപ്പിച്ച എസ്. എൻ. ഡി. പിയുടെ രണ്ടാം വാർഷികം ഏറെ ശ്രദ്ധ പിടിച്ചുപറ്റി. ജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ എന്നും യോഗം മുന്നിലായിരുന്നു.

### 3.1.3 വിദ്യാഭ്യാസമേഖലയ്ക്ക് നൽകിയ ഊന്നൽ

വിദ്യാഭ്യാസത്തിന് മാത്രമേ സമൂഹത്തെ ഉന്നതശ്രേണിയിലേയ്ക്ക് നയിക്കാൻ കഴിയുകയുള്ളൂ എന്ന് ക്രാന്തദർശിയായ ഗുരുവിന് വിശ്വാസമുണ്ടായിരുന്നു. 1888–ൽ അരുവിപ്പുറത്ത് ക്ഷേത്രത്തിനോടൊപ്പം സ്കൂൾ തുടങ്ങിയത് ആ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്. ഡോ. പല്പുവിന്റെ സാമീപ്യം ഗുരുവിന്റെ വിദ്യാഭ്യാസലക്ഷ്യത്തെ സാർവത്രികമാക്കാൻ സഹായിച്ചു. 1904–ൽ തുടങ്ങിയ വിവേകോദയം മാസികയിലൂടെ ഗുരുവിന്റെ സന്ദേശം കുമാരനാശാൻ സാധാരണ ജനങ്ങളിൽ എത്തിച്ചുകൊണ്ടിരുന്നു. മനുഷ്യന്റെ ശാരീരികവും മാനസികവും ആത്മീയവുമായ ഉയർച്ചയ്ക്ക് വിദ്യഭ്യാസം അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസം നേടുന്ന ഒരാളെ സമൂഹം ബഹുമാനിച്ചിരുന്നു. അവന്റെ ഉയർച്ചയും സമൂഹത്തിന്റെ ഉന്നതിയും വിദ്യഭ്യാസത്തിലൂടെ കരഗതമാകുന്നു. അതുകൊണ്ട് സ്ത്രീപുരുഷ

SGOU

ഭേദമില്ലാതെ എല്ലാവരും വിദ്യാഭ്യാസം നേടണമെന്ന് ഗുരു ഉപദേശിച്ചു. പണക്കാർ മൗനംപാലിക്കാതെ അതിന് വേണ്ട വിദ്യാഭ്യാസ ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശവും ഗുരു മുന്നോട്ടു വെച്ചു. ബുദ്ധിവൈഭവമുള്ള കുട്ടികളെ പുറത്തുവിട്ട് പഠിപ്പിക്കണമെന്നും ഗുരു നിർദ്ദേശിച്ചു. കുമാരനാശാൻ, നടരാജൻ തുടങ്ങിയ വിദ്യാർഥികളെ മാത്രമല്ല പഠിക്കാൻ മിടുക്കരായ പല വിദ്യാർഥികളെയും ഗുരു സഹായിച്ചുകൊണ്ടിരുന്നു. ശിവഗിരിമഠം തുടങ്ങിയപ്പോൾ അതിനോടനുബന്ധിച്ച് ഒരു നിശാപാഠശാല തുടങ്ങാനും ഗുരു മടിച്ചില്ല. ജോലി കഴിഞ്ഞുവരുന്ന പാവങ്ങളെയും സമൂഹത്തിൽ അവശതയനുഭവിക്കുന്ന ഹരിജൻ കുട്ടികളെയും സഹായിക്കുന്നതിനുവേണ്ടി രാത്രി ഏഴു മണിമുതൽ പത്തുമണിവരെ ക്ലാസ്സ് സംഘടിപ്പിച്ചു. ഒപ്പം ശുചിത്വബോധവും അവരിലുണർത്തി.

1905–ൽ ശ്രീനാരായണ ധർമ്മപ്രചാരകർക്കായി വിഷയങ്ങൾ നൽകിയപ്പോഴും പിൽക്കാലത്ത് ശിവഗിരി തീർത്ഥാടനം സംഘടിപ്പിച്ചപ്പോഴും ഗുരുവിന്റെ പ്രധാനവിഷയം വിദ്യാഭ്യാസം ആയിരുന്നു. 'വിദ്യാഭ്യാസത്തിന്റെ അസാമാന്യമായ ഗുണത്തെയും ഇതിന്റെ അഭാവത്തിൽ ഉള്ള ദോഷത്തെയും പ്രതിപാദിക്കുകയും ഈഴവ സ്ത്രീപുരുഷന്മാരിൽ പ്രാഥമിക വിദ്യാഭ്യാസം എങ്കിലും ഇല്ലാത്തവർ ആരും ഉണ്ടായിരിക്കരുതെന്നും അത്ര അഭിമാനവും അഭിരുചിയും തോന്നത്തക്കവണ്ണം അവരെ ഉത്സാഹിപ്പിക്കുകയും ചെയ്യുക, ആവശ്യമുള്ള സ്ഥലങ്ങളിൽ സമുദായവകയായോ മറ്റോ പള്ളിക്കൂടങ്ങൾ വായനശാലകൾ മുതലായവ ഏർപ്പെടുത്തുകയും മറ്റും ചെയ്യുന്നതിൽ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക' എന്ന ഗുരുവിന്റെ സന്ദേശം വിവേകോദയം മാസികയിലൂടെ സമൂഹത്തിലെത്തിക്കാൻ ആശാൻ പരിശ്രമിച്ചുകൊണ്ടിരുന്നു മലയാളവും സംസ്കൃതവും പഠിക്കണമെന്ന് നിർദ്ദേശിച്ച ഗുരു പിൽക്കാലത്ത് ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം കൊടുത്തു. ഗുരു കൽക്കട്ടയിൽ, അയച്ചു പഠിപ്പിച്ച കുമാരനാശാന്റെ ബുദ്ധിവൈഭവവും പുതിയ കാവ്യരീതിയും ശക്തിയും ഗുരുവിന്റെ സൂക്ഷ്മനേത്രങ്ങൾക്ക് കണ്ടറിയുവാൻ സാധിച്ചതാകാം ഇതിന് കാരണം.

ത്രിഭാഷാപഠനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ശിവഗിരിയിൽ ഇംഗ്ലീഷ് സ്കൂൾ തുടങ്ങി. അവിടെ ഒരു മണിക്കൂർ നേരം കൃഷിയിലും നെയ്ത്തിലും പരിശീലനം നൽകി. അങ്ങനെ ആദ്യത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഗുരു തുടക്കം കുറിച്ചു. പിന്നീട് ശിവഗിരിയിൽ ഒരു ആയുർവേദകേന്ദ്രവും നെയ്ത്തു പരിശീലന കേന്ദ്രവും നടപ്പിലാക്കി. 1926–ൽ 'FREE INDUSTRIAL AND AGRICULTURAL GURUKULA' എന്ന പേരിൽ ഇന്ത്യയിലെ ആദ്യത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനത്തിന് രൂപം നൽകി. ഏണസ്റ്റ് കെർക്കിനെയും നടരാജഗുരുവിനെയും അതിന്റെ ചുമതല ഏല്പിച്ചു. ശിവഗിരിയിലും കളവങ്കോടും മുണ്ടകുന്നത്തും താന്ത്രിക വിദ്യാപഠനകേന്ദ്രങ്ങൾ സ്ഥാപിച്ചും പുരോഹിതന്മാരിൽനിന്ന് അവർണ്ണവിഭാഗത്തെ രക്ഷിക്കാൻ ഗുരു തയ്യാറായി. കൊളംബോയിലും കാഞ്ചീപുരത്തും വേദശാസ്ത്രവും സദാചാരശാസ്ത്രവും (MORAL SCIENCE) സൗജന്യമായി പഠിപ്പിക്കാനുള്ള സംവിധാനങ്ങൾ ഗുരു നൽകി. മുട്ടത്തറയിലെ ഹരിജനങ്ങളുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് നിങ്ങൾക്ക് ഇപ്പോൾ വിദ്യയും ധനവും ഇല്ലാത്ത കുറവാണ് ഉള്ളതെന്നും അത് രണ്ടും നേടിയെടുക്കാൻ വിദ്യാഭ്യാസം ആവശ്യമാണെന്നും ഗുരു ഉദ്ബോധിപ്പിച്ചു. മാത്രമല്ല വിദ്യാഭ്യാസം ഉണ്ടായാൽ ധനവും ശുചിത്വവും താനേ വന്നുകൊള്ളും. ആത്മവിശ്വാസവും പ്രസരിപ്പും ഉണ്ടാക്കാൻ വിദ്യാഭ്യാസത്തിനും കഴിയുമെന്നും ഗുരു തുടർന്ന് പറഞ്ഞു.

1925–ൽ ഗാന്ധിജിയുമായുള്ള കൂടിക്കാഴ്ചയിലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഗുരു പറയുന്നുണ്ട്. അധഃകൃതരുടെ അവശത തീർക്കുന്നതിന് അയിത്തോച്ചാടനം മാത്രമല്ല വിദ്യാഭ്യാസവും ധനവും ആവശ്യമാണെന്ന് ഗുരു ഗാന്ധിജിയോട് പറഞ്ഞു. വിദ്യാഭ്യാസത്തിലൂടെ ജ്ഞാനോദ്ദീപനം മാത്രമല്ല ഗുരു ലക്ഷ്യമിടുന്നത്. കർത്തവ്യബോധം, സ്വഭാവശുദ്ധി, ധാരണ, ആചരണം, മനനം, കുലീനത, ഏകത തുടങ്ങിയ ഗുണങ്ങളും ഉണ്ടാകണമെന്ന് ഗുരു അഭിലഷിച്ചിരുന്നു. വിദ്യകൊണ്ട് സ്വാതന്ത്ര്യരാകുവിൻ, വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ എന്ന് ഗുരു ഉദ്ബോ

SGOU

ധിപ്പിക്കുമ്പോൾ ആ വിദ്യക്ക് വിദ്യാഭ്യാസത്തിന് അപ്പുറമുള്ള ഒരു അർത്ഥമാണുള്ളത്. വിദ്യകൊണ്ട് സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ അവൻ അവനെത്തന്നെ അറിയണം. കണ്ണാടി പ്രതിഷ്ഠയിലൂടെ അതാണ് ഗുരു വ്യക്തമാക്കുന്നത്.

തന്റെ ഉള്ളിലൂടെ കടന്ന് പോയി ശരീരത്തെയും ഇന്ദ്രിയങ്ങളെയും മനസ്സിനെയും ബുദ്ധിയെയും പ്രാണനെയും പിന്തള്ളി നിരാശ്രയനായി, സ്വാതന്ത്രനായി, പ്രകർഷേണ ജ്വലിക്കുന്ന ബുദ്ധനായി നിൽക്കാൻ മനുഷ്യന് കഴിയും. അപ്പോൾ മാത്രമേ മനുഷ്യൻ പൂർണ്ണനാവുന്നുള്ളൂ. അതാണ് ശരിയായ വിദ്യ. നാം ഗുരുവിനോളം എത്താത്തതുകൊണ്ട് നമ്മുടെ അളവ് കോൽ കൊണ്ട് നാം ഗുരുവിനെ അളക്കുന്നുവെന്ന് മാത്രം.

'അറിവുമേറിയറീഞ്ഞിടുന്നവൻത -

ന്നുരുവിലുമൊത്തു പുറത്തുമുജ്ജ്വലിക്കും'

(ആത്മോപദേശക ശതകം)

### 3.1.4 ഭൗതിക പുരോഗതിക്ക് ഗുരു നൽകിയ പ്രാധാന്യം

ഓരോ മനുഷ്യനും അസാധാരണ കഴിവുകളോടെയാണ് ഈ ലോകത്ത് വരുന്നത്. ആ കഴിവുകൾ വികസിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഇല്ലാതാകുമ്പോൾ മനുഷ്യൻ അന്ധകാരത്തിലേയ്ക്ക് കൂപ്പുകുത്തുന്നു. ശാരീരികശുദ്ധിയോ മാനസികശുചിത്വമോ ഇല്ലാത്ത ഒരു ജനവിഭാഗത്തെ ശുദ്ധീകരിച്ചെടുത്ത് മനുഷ്യരാക്കി മാറ്റാൻ പ്രയാസമാണെന്ന് എല്ലാവരും കരുതി. ആത്മീയചൈതന്യം നിറഞ്ഞുനിൽക്കുന്ന ഗുരുവാകട്ടെ ചെറിയ ചലനങ്ങളിലൂടെ ചെറുവാക്യങ്ങളിലൂടെ മൃദുനോട്ടങ്ങളിലൂടെ അവരെ ശുദ്ധീകരിച്ചെടുത്തു. അവരിൽ ആത്മവിശ്വാസമുണ്ടായപ്പോൾ വിദ്യ പകർന്നുകൊടുത്തു. വീണ്ടും ശക്തി പകരുന്നതിന് വേണ്ടി സംഘടനകൊണ്ട് ശക്തരാകാൻ ഉപദേശിച്ചു. ശക്തികളുടെ ഉടമകളോട് ശുചിത്വത്തെപ്പറ്റി പറഞ്ഞു കൊടുത്തു. വിദ്യയും വിദ്യാലയവും ദൈവമാണെന്നു കാട്ടിക്കൊടുത്തു.

നമ്മുടെ ഇഷ്ടം തന്നെയാണ് മറ്റുള്ളവരുടെ ഇഷ്ടം. അതുകൊണ്ട് മറ്റുള്ളവർക്ക് ഇഷ്ടം ഉള്ളത് നാം ചെയ്യണം. ഒരാൾ ചെയ്യുന്ന ദുഷ്ടപ്രവൃത്തികൾ ഉടൻ മറക്കാൻ കഴിയണം. നല്ല കാര്യങ്ങൾ എക്കാലവും നന്ദിയോടെ ഓർക്കണം. മൃഗങ്ങളെ ആരും ദൈവത്തിന് വേണ്ടി കൊല്ലരുത്. ഒരു ഉറുമ്പിന് പോലും ഉപദ്രവം ഉണ്ടാക്കരുത്. ലോകത്തിലുള്ള പക്ഷികൾ, മൃഗങ്ങൾ, എല്ലാം ഒന്നാണ്. പണം മനുഷ്യന് ആവശ്യമാണ്. അധികം സമ്പാദിച്ചാൽ അത് ആപത്താണ്. പണം ശ്രദ്ധയോടെ ചെലവഴിക്കണം. ആഡംബരം പാടില്ല. ഉത്സവത്തിന് കരിയോ കരിമരുന്നോ പാടില്ല. പണക്കാർ മറ്റുള്ളവരെ പഠിക്കാൻ സഹായിക്കണം. അതുപോലെ ഉത്സവത്തിന് വേണ്ടി പിരിക്കുന്ന പണം മിച്ചം വെച്ച് പാവങ്ങളെ പഠിപ്പിക്കണം. അത് നമ്മുടെ കടമയാണ്. ബുദ്ധിയെ നശിപ്പിക്കുന്നതാണ് മദ്യം. മദ്യം കുട്ടികൾക്ക് കൊടുക്കരുത്. വലിയവരും അതിൽ നിന്ന് പതുക്കെ പിന്തിരിയണം.

ആളുകൾ ഉണ്ടാക്കിയ വ്യവസ്ഥയാണ് ജാതി. അതുകൊണ്ട് ജാതി ചോദിക്കരുത്. പറയരുത്. അത് ഉണ്ടാക്കിയ ജനങ്ങളോട് വിരോധം പാടില്ല. അത് മനസ്സിനെ ചീത്തയാക്കും. മനസ്സിന്റെ ശുദ്ധിയിൽ നാം ദൈവത്തെ കാണും. നാം ദൈവമായി മാറും. ഉള്ളിലെ മനക്കണ്ണ് തെളിയുമ്പോൾ നമ്മുടെ കണ്ണ് നാം കാണും. കണ്ണാടിയിൽ പ്രകാശിച്ചു നിൽക്കുന്ന നമ്മെ നാം കാണും. അതിന് വേണ്ടിയാണ് കണ്ണാടി പ്രതിഷ്ഠ. ഭൗതിക ജീവിതത്തിന് ഗുരു നൽകുന്ന ചെറിയ ഉപദേശങ്ങളിലൂടെ വലിയ മനുഷ്യരെ സൃഷ്ടിക്കാൻ ഗുരുവിനായി. ഭൗതികതയും ആത്മീയതയും രണ്ടല്ല;ഒന്നാണ്. ഭൗതികതയാകുന്ന മുത്തുകളെ കോർത്തിരിക്കുന്ന നൂലാണ് ആത്മീയത എന്ന് പറയാതെ പറയാൻ ഗുരുവിനായി.

### 3.1.5 സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ ഗുരുദേവചിന്തകൾ ചെലുത്തിയ സ്വാധീനം

ലൗകികന് പരിമിതിയുണ്ട്, അലൗകിത പരിമിതിയല്ല. പരിച്ഛേദാവസ്ഥയിൽ നിന്ന് വ്യാപകാവസ്ഥയിലേയ്ക്ക് യാത്ര ചെയ്യാൻ എല്ലാ മനുഷ്യനും കഴിവുണ്ട്. അതാണ് മനുഷ്യജന്മത്തിന്റെ സാഫല്യാവസ്ഥ. ഇവിടെ എത്തിച്ചേരുന്ന ആളിനെ ബ്രഹ്മവിത് എന്ന് വിളിക്കുന്നു.

ബ്രഹ്മവരിയൻ, ബ്രഹ്മവരിഷ്ഠൻ എന്നീ അവസ്ഥകളിലൂടെ ഒന്നും അറിയാതെ വർത്തിക്കാനും സന്യാസിക്ക് കഴിയും. പക്ഷേ ബ്രഹ്മവിത് എന്ന പദവിയിലെത്തിയപ്പോൾ ജനങ്ങളെ രക്ഷിക്കുന്നതിന് വേണ്ടി സമൂഹമധ്യത്തിലേയ്ക്ക് ഗുരു ഇറങ്ങി വന്നു. നൂറ്റാണ്ടുകളോളം അടിച്ചമർത്തപ്പെട്ട ജനതയെ എങ്ങനെ സാമൂഹികമായും സാംസ്കാരികമായും ഉണർത്തണമെന്ന് ഗുരുവിന്റെ ആത്മചൈതന്യത്തിന് അറിയാമായിരുന്നു. അക്കാലത്തെ പുരുഷന്മാരിൽ ഭൂരിപക്ഷവും 'മദിര' കുടിച്ചു ഉന്മത്തരായിരുന്നു. സമൂഹത്തിലെ സ്ത്രീകളെ സ്ത്രീരത്നങ്ങളായി മാറ്റിയെടുക്കാൻ ഗുരു ശ്രമിച്ചു. ബഹുഭർത്തിത്വവും ബഹുഭാര്യാത്വവും നിലനിന്നിരുന്ന കാലത്ത് പാതിവ്രത്യത്തിന്റെ മഹത്വം വ്യക്തമാക്കികൊടുത്തു, കുടുംബത്തിന്റെ ഐക്യം ഊട്ടിയുറപ്പിച്ചു.

ധനം കുടുംബത്തിന് ആവശ്യമാണ്. അധിക ധനം ദുഃഖത്തിന് കാരണമാകുന്നുവെന്ന് ഗുരു നിർദ്ദേശിച്ചു. 'വ്യവസായംകൊണ്ട് സമ്പന്നരാകുവിൻ' എന്ന സന്ദേശത്തിലൂടെ സ്വയംതൊഴിൽ കണ്ടെത്താനും മറ്റുള്ളവർക്ക് തൊഴിൽ നൽകുവാനും ഉള്ള വഴി ഗുരു തുറന്ന് കൊടുക്കുന്നു. തൊഴിൽപ്രശ്നമുണ്ടാകുമ്പോൾ തൊഴിലാളിയെയും മുതലാളിയെയും കാളവണ്ടിയുടെ ഉദാഹരണത്തിലൂടെ യോജിപ്പിക്കാൻ ഗുരുവിന് കഴിഞ്ഞു. കാളയും വണ്ടിയും ഉണ്ടെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. മുതലാളിക്ക് ധനമുണ്ട്. അത് വർദ്ധിപ്പിക്കണമെങ്കിൽ തൊഴിലാളി ആവശ്യമാണ്. തൊഴിലാളികൾക്ക് ആവശ്യത്തിന് കൂലി കൊടുക്കാതിരുന്ന സന്ദർഭത്തിൽ സമരമുറ സ്വീകരിക്കാനും അദ്ദേഹം നിർദ്ദേശിച്ചു. സാഹോദര്യം, സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങൾ പ്രാവർത്തികമാക്കാൻ ഗുരു അനവരതം ശ്രമിച്ചുകൊണ്ടിരുന്നു. സംഘടനകൊണ്ട് ശക്തരാകുമെന്ന് അറിഞ്ഞ ഗുരു മുതലാളിയെയും തൊഴിലാളിയെയും സഹോദരഭാവത്തിൽ കണ്ടു. എല്ലാമതവും ഏകസാരമാണെന്ന് വ്യക്തമാക്കണമെങ്കിൽ എല്ലാ മതഗ്രന്ഥങ്ങളും ഏകാഗ്രതയോടെ വായിക്കണമെന്ന് ഗുരു ഉപദേശിച്ചു. വായനയിലൂടെ വിവേകമുണ്ടാകണം. അതിന് എല്ലാസ്ഥലത്തും ഗ്രന്ഥശാലകൾ ഉണ്ടാകണം. വായിക്കാനും അതിനെപ്പറ്റി ചർച്ച ചെയ്യാനും ഉള്ള ഇടം ക്ഷേത്രത്തിന് സമീപം ഉണ്ടായിരിക്കണം.

മനസ് ഒരു തടങ്കൽ പാളയമാണ്. മനസ്സിനെ അറിയണം. മനസ്സിനെ അറിയാൻ ശ്രമിക്കുമ്പോൾ മനസ് ഇല്ലാതാകുന്നു. മനസ് ഇറുത്തു ദേവന് അർപ്പിക്കുന്ന പൂജാരീതിയാണ് ഗുരു നിർദേശിച്ചത്. മനസ്സിന് അപ്പുറം. സ്നേഹത്തിന്റെ കരുണയുടെ അപാരതീരമാണ്. അവിടെയെത്തിച്ചേരുന്നതാണ് യഥാർത്ഥ ഭക്തി. ഭ എന്നാൽ പ്രകാശം ക്തി എന്നാൽ എത്തിച്ചേരുകയെന്നാണ് അർഥം. പ്രതിഷ്ഠയിലൂടെ അറിവിലൂടെ പ്രാർത്ഥനാരീതിയിലൂടെ, അറിവിന്റെ അപാരതീരത്തിലേയ്ക്ക് നയിക്കുന്ന ഗുരുവിന്റെ മനശാസ്ത്രസാമർഥ്യം നാം തിരിച്ചറിയണം. ചെടിയിൽ കുരുങ്ങിക്കിടന്ന പട്ടത്തെ പതുക്കെ കുരുക്കഴിച്ച് എടുത്ത് ആകാശത്തിലേയ്ക്കും മഹാകാശത്തിലേക്കും നയിച്ച ഗുരുവിന്റെ വൈഭവം വാക്കുകൾക്ക് അതീതമാണ്. വലിയൊരു ഗ്രന്ഥശേഖരത്തിലൂടെ അനന്തരതലമുറയുടെ ഭാവി സുരക്ഷിതമാക്കിയ പുണ്യാത്മാവാണ് ശ്രീനാരായണ ഗുരുദേവൻ.

### 3.1.6 ക്ഷേത്രപ്രതിഷ്ഠകൾ - അരുവിപ്പുറം ശിവപ്രതിഷ്ഠയുടെ പ്രാധാന്യം

ഗുരു അരുവിപ്പുറത്ത് കഴിയുന്ന കാലഘട്ടത്തിൽ പലരും ഗുരുവിനെത്തേടി വന്നിരുന്നു. മലയും പാറയും താണ്ടിവന്നവരിൽ അധികവും കഷ്ടപ്പെടുന്ന ജനങ്ങളായിരുന്നു. അസ്പർശരും പതിതരുമായ അവരെ കരകയറ്റേണ്ടത് തന്റെ ഉത്തരവാദിത്വമാണെന്ന് ഗുരു തിരിച്ചറിഞ്ഞു. ശിവരാത്രി ദിവസം പിതൃതർപ്പണത്തിനും ഉറക്കമൊഴിയുന്നതിനും വളരെപ്പേർ വന്നു ചേരും. ആ ദിവസം ശിവപ്രതിഷ്ഠ നടത്താൻ ഗുരു നിശ്ചയിച്ചു. കൂടെയുണ്ടായിരുന്ന ശിവലിംഗ സ്വാമിയോട് പോലും രണ്ടുദിവസം മുൻപായിരുന്നു ഗുരു ഇക്കാര്യം പറഞ്ഞത്. പ്രതിഷ്ഠാകർമ്മം ചെയ്യുന്നതിന്റെ തലേനാൾ തന്നെ വിഖ്യാതമായ ചതുഷ്പതി വെള്ളത്തുണിയിൽ ആലേഖനം ചെയ്ത് ഗുരുവിന്റെ പർണശാലയ്ക്കടുത്ത് രണ്ട് മരങ്ങളുടെ മധ്യഭാഗത്ത് വരുന്ന നിലയിൽ ഉയർത്തിക്കെട്ടിയിരുന്നു.

'ജാതിഭേദം മതദ്വേഷം -
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാ സ്ഥാനമാമിതു '

SGOU

അർദ്ധരാത്രിയിൽ ഗുരു നെയ്യാറിൽ ഇറങ്ങി. ആഴമുള്ള ശങ്കരൻകുഴിയിലേയ്ക്ക് മുങ്ങിത്താണു. ഏറെ സമയം കഴിഞ്ഞിട്ടും ഗുരുവിനെ കാണാതായപ്പോൾ ജനങ്ങൾ പരിഭ്രാന്തരായി. അവർ 'ഓം നമ ശിവായ' എന്ന പഞ്ചാക്ഷരി മന്ത്രം ഉറക്കെ ഉറക്കെ ചൊല്ലിക്കൊണ്ടിരുന്നു. എല്ലാവരുടെയും കണ്ണുകൾ ശങ്കരൻകുഴിയിൽ. അപ്പോൾ വലത് കൈയിൽ ശിവലിംഗാകൃതി പോലുള്ള ഒരു കല്ല് മാറോട് ചേർത്ത് പിടിച്ചു ഇടതുകൈകൊണ്ട് പാറയിൽ ഊന്നി ഗുരു ഉയർന്നു വന്നു. പന്തലിൽ ഒരുക്കിയിരുന്ന പീഠത്തിന് സമീപം വെളുപ്പിന് മൂന്നു മണിവരെ ഒരേ നില്പിൽ ധ്യാനനിരതനായി ഗുരു നിന്നു. 1888 മാർച്ച് 13-ന് 3 മണിക്ക് ഗുരു ആ ശിലയെ പീഠത്തിൽ ഉറപ്പിച്ചു. പ്രതിഷ്ഠയെപ്പറ്റി ഇ. എം. എസ് നമ്പൂതിരിപ്പാട് പറഞ്ഞത് ഇങ്ങനെയാണ്. "ഈഴവർക്ക് ഈശ്വരാരാധന നടത്തക്ക ക്ഷേത്രങ്ങൾ ഉണ്ടാക്കാമെന്ന് പ്രായോഗികജീവിതം മുഖേന കാണിച്ച സ്വാമിയിൽ നിന്ന് കിട്ടിയതുപോലെ ഭയങ്കരമായ ഒരടി ഇതിന് മുൻപ് കേരളത്തിലെ ജാതിമേധാവിത്വത്തിന് കിട്ടിയിട്ടില്ല." അന്നുവരെ പുരോഹിതന്മാർ ചെയ്തിരുന്ന പൂജാകർമ്മങ്ങൾ ഭക്തരെ പഠിപ്പിച്ചു. പൂജാനടത്താനും ഒരു മലയാളം സ്കൂൾ നിർമ്മിച്ച് വിദ്യാഭ്യാസം നൽകാനും ഗുരു മുതിർന്നു. അതോടെ ക്ഷേത്രപ്രതിഷ്ഠയ്ക്ക് വേണ്ടി പലരും ഗുരുവിനെ സമീപിച്ചു. ഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠകൾ ജനങ്ങളുടെ വളർച്ചയ്ക്ക് അനുസരിച്ച് ഗുരു മാറ്റികൊണ്ടിരുന്നു.

### 3.1.7 ആലുവ അദ്വൈതാശ്രമ സ്ഥാപനം -സർവമതസമ്മേളനം

1912-ൽ ഗുരു ആലുവയിൽ അദ്വൈതാശ്രമം സ്ഥാപിച്ചു. അദ്വൈത ദർശികൾ ഇരിക്കുന്ന ഇടമാണ് അദ്വൈതാശ്രമം. 'പലമതസാരവുമേകമെന്ന്' കണ്ടറിഞ്ഞ ഗുരു ആലുവ ആശ്രമത്തിലും ശിവഗിരിയിലെ വൈദിക പാഠശാലയിലും എല്ലാ മതഗ്രന്ഥങ്ങളും പഠിക്കാൻ അനുയോജ്യരായ അധ്യാപകരെ കണ്ടെത്തി കുട്ടികൾക്ക് അറിവ് നൽകി. മതപ്പോരുകൾ അവസാനിപ്പിക്കണമെങ്കിൽ എല്ലാ മതസാരവും ഒന്നാണെന്ന് അറിയണം. മതങ്ങൾ മാർഗദർശികൾ മാത്രമാണ്. മതങ്ങൾ മതം സൃഷ്ടിക്കുന്നവർക്ക് പ്രമാണമല്ല. മതങ്ങൾക്ക് അവർ പ്രമാണമാണ്. മതങ്ങൾ മാറ്റുന്നതിന് ഉള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. പക്ഷേ, ലൗകിക പുരോഗതിക്ക് വേണ്ടി മതങ്ങൾ മാറ്റുന്നതിനോട് ഗുരുവിന് എതിർപ്പുണ്ടായിരുന്നു. 1924-ൽ നാരായണമിഷൻ രജിസ്റ്റർ ചെയ്തു. 1915-ൽ സംസ്കൃത പാഠശാലകൾ ബ്രഹ്മചാരി മഠങ്ങൾ വിദ്യാർത്ഥിമന്ദിരവും സ്ഥാപിച്ചു. 1893-ൽ ചിക്കാഗോയിൽ വെച്ച് ആദ്യ ലോകമത സമ്മേളനം നടന്നു. 1924-ൽ ഇന്ത്യയിലെ ആദ്യത്തെ സർവമത സമ്മേളനം ഗുരു വിളിച്ചു കൂട്ടി. എല്ലാ മതത്തിലും പെട്ടവർ ഒന്നിച്ചിരുന്നു സ്നേഹം, ആത്മജ്ഞാനം, മതസാരം ഇവ ചർച്ച ചെയ്യണമെന്നും എല്ലാം ഒന്നാണെന്ന് വ്യക്തമാക്കണമെന്നും ഉള്ള ഗുരുവിന്റെ ചിന്തകൾ സഫലമായി.

സർവമതസമ്മേളനം - വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനും ആണ് എന്ന സന്ദേശം പ്രവേശനകവാടത്തിൽ ആലേഖനം ചെയ്തിരുന്നു. അദ്വൈതാശ്രമം സെക്രട്ടറിയായിരുന്നു സത്യവ്രതസ്വാമികൾ ഗുരുവിന്റെ സന്ദേശത്തിന്റെ കാതൽ വ്യക്തമാക്കികൊണ്ട് പ്രസംഗിച്ചു. സഹോദരൻ അയ്യപ്പൻ, സി.വി. കുഞ്ഞുരാമൻ, ടി.കെ. മാധവൻ തുടങ്ങിയവർ സമ്മേളനത്തിന് ചുക്കാൻ പിടിച്ചു. 1921-ൽ അദ്വൈതാശ്രമത്തിൽ വെച്ച് സമസ്തസഹോദരസമ്മേളനം നടന്നു. സഹോദരൻ അയ്യപ്പൻ തുടങ്ങിയതാണ് സഹോദരസംഘം. മിശ്രവിവാഹവും മിശ്രഭോജനവുമായിരുന്നു ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ. ആരെയും സഹോദരഭാവത്തിൽ കാണാൻ ഗുരുവിന് കഴിഞ്ഞിരുന്നു. ആശ്രമത്തിന് അഞ്ച് കിലോമീറ്റർ അകലെയുള്ള വേലു കൊലക്കുറ്റത്തിന് ജയിൽശിക്ഷ അനുഭവിച്ചു. അദ്ദേഹം തിരികെ വന്നപ്പോൾ ബന്ധുക്കൾ സ്വീകരിച്ചില്ല. വേലു ഗുരുവിനെ കണ്ടു. ഗുരു ഉപദേശം നൽകി മനുഷ്യനാക്കിയ ശേഷം വാല്മീകി എന്ന പേര് നൽകി. അദ്ദേഹത്തിന്റെ 40 ഏക്കർ വസ്തുവകകൾ ഗുരുവിന് സംഭാവന ചെയ്തു. നാരായണഗിരി, അനാഥാലയം, കൈത്തൊഴിൽ തുടങ്ങിയ അനേകം പ്രസ്ഥാനങ്ങൾ കൊണ്ട് പ്രശോഭിതമാണ് ഇന്ന് വാല്മീകികുന്ന്. ഭാരതത്തിൽ മറ്റെങ്ങും ദർശിക്കാൻ കഴിയാത്ത സന്യാസിശ്രേഷ്ഠനെന്ന് ഗുരുവിനെ വിശേഷിപ്പിച്ച ടാഗോർ അനന്തതയിലേയ്ക്ക് നീളുന്ന ഗുരുവിന്റെ മിഴികളെപറ്റിയും വർണിച്ചിട്ടുണ്ട് സ്നേഹത്തിന്റെയും അനുകമ്പയുടെയും മൂർത്തിമത്ഭാവമായ ആ 'പൂർണ്ണമനുഷ്യൻ' ആരെയും പുളകം കൊള്ളിക്കും

SGOU

## ഗുരു പ്രതിഷ്ഠ നടത്തിയ ക്ഷേത്രങ്ങൾ

1. ശിവപ്രതിഷ്ഠ - അരുവിപ്പുറം - തിരുവനന്തപുരം -1888
2. വേലായുധൻ നട - വക്കം - തിരുവനന്തപുരം -1888
3. ദേവേശ്വരം - വക്കം - തിരുവനന്തപുരം -1889
4. ആനന്ദവല്ലീശ്വരം - മണ്ണന്തല -തിരുവനന്തപുരം - 1889
5. പുതിയകാവ് ആനന്ദവല്ലീശ്വരം - വക്കം - തിരുവനന്തപുരം-1889
6. കോലത്തുകരക്ഷേത്രം -കുളത്തൂർ - തിരുവനന്തപുരം- 1893
7. ശ്രീ നാരായണവല്ലഭക്ഷേത്രം -പൂന്തോട്ട - എറണാകുളം -1893
8. കാവലീശ്വരക്ഷേത്രം -കായിക്കര - തിരുവനന്തപുരം -1893
9. ശ്രീനാരായണമംഗലം കാർത്തികേയക്ഷേത്രം - വേളിക്കാട് -കൊല്ലം -1893
10. ശ്രീനാരായണ ഭുവനേശ്വരി ക്ഷേത്രം - കുന്നിന ഴികത്ത്-കൊല്ലം -1894
11. സുബ്രഹ്മണ്യ ക്ഷേത്രം -ഏറത്ത് -തിരുവനന്തപുരം - 1894
12. സുബ്രഹ്മണ്യ ധർമ്മ ശാസ്താ ക്ഷേത്രം - കുന്നുംപാറ -തിരുവനന്തപുരം -1896
13. ശ്രീനാരായണ മംഗളം ക്ഷേത്രം -മുത്തകുന്നം- എറണാകുളം -1902
14. സ്വാമി മഠം - അഞ്ചുതെങ്ങ് -തിരുവനന്തപുരം -1904
15. ശിവഗിരി സുബ്രഹ്മണ്യ ക്ഷേത്രം -വർക്കല - തിരുവനന്തപുരം -1904
16. ശ്രീകുമാരമംഗലം ക്ഷേത്രം - കുമരകം - കോട്ടയം -1905
17. ഭജനമഠം - മയിലാടും കുന്ന് - തിരുവനന്തപുരം -1905.
18. ജഗന്നാഥക്ഷേത്രം - തലശ്ശേരി - കണ്ണൂർ - 1908
19. ശ്രീ അർദ്ധനാരീശ്വര ക്ഷേത്രം -കുമ്പളങ്ങി - എറണാകുളം -1909
20. ശ്രീകണ്ഠേശ്വരം ക്ഷേത്രം -കോഴിക്കോട് -1910
21. ശിവഗിരി ശിവക്ഷേത്രം -വർക്കല - തിരുവനന്തപുരം -1912
22. ശിവഗിരി ശാരദാമഠം -വർക്കല -തിരുവനന്തപുരം -1912
23. ശ്രീ ഗൗരീശ്വര ക്ഷേത്രം -ചെറായി --എറണാകുളം -1912
24. വിശ്വേശ്വര ക്ഷേത്രം -യാക്കര -പാലക്കാട് -1913
25. ഗോകർണ്ണനാഥ ക്ഷേത്രം -കുദ്രോളി -മംഗലാപുരം -1913
26. മീൻമുട്ടി ക്ഷേത്രം -കടയ്ക്കൽ -കൊല്ലം -1915
27. ശ്രീഭവാനിശ്വര ക്ഷേത്രം -പള്ളുരുത്തി - എറണാ കുളം -1916
28. ഊട്ട്പ്പറമ്പ് ക്ഷേത്രം -കടയ്ക്കാവൂർ - തിരുവനന്തപുരം -1916
29. ജ്ഞാനേശ്വരക്ഷേത്രം - അഞ്ചുതെങ്ങ് - തിരുവനന്തപുരം -1916
30. സുന്ദരേശ്വരക്ഷേത്രം -കണ്ണൂർ -കണ്ണൂർ -1916
31. ശ്രീമഹേശ്വരക്ഷേത്രം -തൃശൂർ --തൃശൂർ-1916
32. ശ്രീ സോമശേഖര ക്ഷേത്രം -പെരിക്കോട്ടുകര- തൃശൂർ-1919
33. സുബ്രഹ്മണ്യ ക്ഷേത്രം -കാസർഗോഡ് -1920
34. ശ്രീനാരായണേശ്വരക്ഷേത്രം -ചെമ്മാനത്തുകര - കോട്ടയം 1921
35. ശ്രീഭദ്രാചല സുബ്രഹ്മണ്യ ക്ഷേത്രം -എടമുട്ടം - 1921
36. കോട്ടാർപിള്ളയാർ ക്ഷേത്രം -കന്യാകുമാരി - കന്യാകുമാരി -1921
37. ചിദംബരം ക്ഷേത്രം -തൃശൂർ -തൃശൂർ -1921
38. ശ്രീകാളകണ്ഠേശ്വരക്ഷേത്രം - മുരുക്കുംപുഴ - തിരുവനന്തപുരം -1921
39. ഗണപതി ക്ഷേത്രം -ഈറോഡ് -തമിഴ്നാട് -
40. ശ്രീകണ്ഠേശ്വരം ക്ഷേത്രം-പാണാവള്ളി -1921
41. അമൃതംകുളം ശിവക്ഷേത്രം -അമൃതം കുളം -കൊ ല്ലം
42. വല്ലഭശ്ശേരിയിൽ ശിവക്ഷേത്രം-ആലംതുരുത്തി - പത്തനംതിട്ട
43. ശ്രീ ശക്തിപ്പറമ്പ് ക്ഷേത്രം -വേഴപ്ര - ആലപ്പുഴ
44. ശിവക്ഷേത്രം -ചേർന്നമംഗലം -തിരുവനന്തപുരം -1927
45. ആനന്ദഷണ്മുഖക്ഷേത്രം -എടപ്പാടി -കോട്ടയം -1927
46. മങ്കുഴി സുബ്രഹ്മണ്യ ക്ഷേത്രം-പൂഞ്ഞാർ -കോട്ടയം -1927
47. കണ്ണാടി കളവങ്കോട് ക്ഷേത്രം- ചേർത്തല -ആലപ്പുഴ
48. ഓം ഓങ്കാരേശ്വരക്ഷേത്രം-ഉല്ലല -കോട്ടയം -1927
49. ചുടുകാട് ശ്രീ ഭദ്രകാളിശ്വര ക്ഷേത്രം -പാച്ചല്ലൂർ -തിരുവനന്തപുരം
50. പ്ലാവഴികം ദേവീ ക്ഷേത്രം -വർക്കല - തിരുവനന്തപുരം-1927
51. കാട്ടുകുള ക്ഷേത്രം -മുഹമ്മ -ആലപ്പുഴ

**ആശ്രമങ്ങൾ**

ആലുവ അദ്വൈതാശ്രമം -1912
കാഞ്ചീപുരം ആശ്രമം
(ശ്രീനാരായണ സേവാശ്രമം) -1915
ചിറയിൻകീഴ് സഭ
ശ്രീനാരായണാശ്രമം -1916
ചേർത്തല ആശ്രമം -
കുമ്പളങ്ങി ശ്രീനാരായണ ഗുരുവരമഠം (1927)
വൈക്കം ബേലൂർ മഠം

SGOU

## Recap

- 1903-ൽ ശ്രീനാരായണ ധർമ്മപരിപാലനയോഗത്തിന് തുടക്കമിട്ടു
- എസ്.എൻ.ഡി.പി യോഗത്തിന്റെ ആദ്യ പ്രസിഡന്റായി ഡോ. പല്പുവും ജനറൽ സെക്രട്ടറിയായി കുമാരനാശാനും സ്ഥാനമേറ്റു
- ഗുരുവിന്റെ 'ജീവകാരുണ്യപഞ്ചക'ത്തിൽ അഹിംസ ജീവകാരുണ്യമാണെന്നും മറ്റ് ജീവികളെ ഹിംസിക്കാതിരിക്കുന്ന മനുഷ്യനാണ് വിവേകിയെന്നും പറയുന്നു
- ശ്രീനാരായണഗുരുവിനെ ചിലർ അഭിനവബുദ്ധൻ എന്ന് വിശേഷിപ്പിക്കാറുണ്ട്.
- സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ ഗുരുദേവചിന്തകൾ ചെലുത്തിയ സ്വാധീനം വളരെ പ്രസക്തമാണ്
- വിദ്യാഭ്യാസം, തൊഴിൽ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയെപ്പറ്റി യുക്ത്യധിഷ്ഠിതമായ പ്രായോഗികജ്ഞാനം ഗുരു പകർന്നു നൽകി
- കേരളചരിത്രത്തിൽ സുവർണലിപികളാൽ എഴുതപ്പെട്ട ദിനമായിരുന്നു 1888മാർച്ച് 12ലെ അരുവിപ്പുറം ശിവപ്രതിഷ്ഠ
- ആലുവ സർവ്വമതസമ്മേളനം - വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനും ആണ് എന്ന് ഗുരുസന്ദേശം
- 1921-ൽ അദ്വൈതാശ്രമത്തിൽ വെച്ച് സമസ്തസഹോദരസമ്മേളനം നടന്നു
- 1924-ൽ ഇന്ത്യയിലെ ആദ്യത്തെ സർവമത സമ്മേളനം ഗുരു വിളിച്ചു കൂട്ടി
- എല്ലാ മതത്തിലും പെട്ടവർ ഒന്നിച്ചിരുന്ന് സ്നേഹം, ആത്മജ്ഞാനം, മതസാരം ഇവ ചർച്ച ചെയ്യണമെന്നും എല്ലാം ഒന്നാണെന്ന് വ്യക്തമാക്കണമെന്നും ഉള്ള ഗുരുവിന്റെ ചിന്തകൾ സഫലമായി
- 'വ്യവസായംകൊണ്ട് സമ്പന്നരാകുവിൻ' എന്ന സന്ദേശത്തിലൂടെ സ്വയംതൊഴിൽ കണ്ടെത്താനും മറ്റുള്ളവർക്ക് തൊഴിൽ നൽകുവാനും ഉള്ള വഴി ഗുരു തുറന്ന് കൊടുക്കുന്നു
- വിദ്യാഭ്യാസം, ക്ഷേത്രം. പൊതുചന്ത, നല്ല വസ്ത്രം, നല്ല ആരാധനാരീതി, കലാചാതുരി എല്ലാ നിഷേധിക്കപ്പെട്ട അവർണർ മൃഗങ്ങളെക്കാൾ താഴ്ന്ന അവസ്ഥയിലായിരുന്നു അന്ന് ജീവിച്ചിരുന്നത്
- റാണിമാരായ ലക്ഷ്മീഭായിയും പാർവതീഭായിയും അടിമക്കച്ചവടം അവസാനിപ്പിക്കാനും ആംഗലവിദ്യാഭ്യാസം തുടങ്ങാനും അനുവാദം നൽകുകയുണ്ടായി
- സർക്കാർ സ്കൂളുകൾ ആരംഭിച്ചു. ആ സ്കൂളുകളിൽ ജാതിഭേദമെന്യേ എല്ലാവർക്കും പഠിക്കാനുള്ള അവസരം നൽകി
- ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ തുടങ്ങിയ ചർച്ച് മിഷൻ സൊസൈറ്റി 1813-ൽ കോട്ടയത്തു കോളേജ് സ്ഥാപിച്ചു
- 'അക്ഷരം ബ്രഹ്മം'. ക്ഷരം നശിച്ചുപോകുന്നതാണ് ;അക്ഷരം ആകട്ടെ നശിക്കാത്തതും.
- 1896-ൽ ഈഴവ മെമ്മോറിയൽ ഡോ. പല്പുവിന്റെ നേതൃത്വത്തിൽ മഹാരാജാവിന് നിവേദനം നൽകുകയുണ്ടായി
- കേരളചരിത്രത്തിലെ ശുഭദായക ദിവസം എന്നാണ് പി.കെ. ബാലകൃഷ്ണൻ വിശേഷിപ്പിച്ചത്
- കുമാരനാശാൻ 'വിവേകോദയം'മാസികയിലൂടെ ഗുരുവിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ജനങ്ങളിൽ എത്തിച്ചുകൊണ്ടിരുന്നു
- മലയാളവും സംസ്കൃതവും പഠിക്കണമെന്ന് നിർദ്ദേശിച്ച ഗുരു പിൽക്കാലത്ത് ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം കൊടുത്തു
- വിദ്യാഭ്യാസത്തിലൂടെ ജ്ഞാനോദ്ദീപനം മാത്രമല്ല ഗുരു ലക്ഷ്യമിടുന്നത്

- വിദ്യകൊണ്ട് സ്വാതന്ത്ര്യരാകുവിൻ, വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ എന്ന് ഗുരു ഉദ്ബോധിപ്പിക്കുമ്പോൾ ആ വിദ്യക്ക് വിദ്യാഭ്യാസത്തിന് അപ്പുറമുള്ള ഒരു അർത്ഥമാണുള്ളത്
- ശക്തി പകരുന്നതിന് വേണ്ടി സംഘടനകൊണ്ട് ശക്തരാകാൻ ഉപദേശിച്ചു
- ഒരു ഉറുമ്പിന് പോലും ഉപദ്രവം ഉണ്ടാക്കരുത്
- ആളുകൾ ഉണ്ടാക്കിയ വ്യവസ്ഥയാണ് ജാതി
- മനസ്സിന്റെ ശുദ്ധിയിൽ നാം ദൈവത്തെ കാണും
- ഗുരു നൽകുന്ന ചെറിയ ഉപദേശങ്ങളിലൂടെ വലിയ മനുഷ്യരെ സൃഷ്ടിക്കാൻ ഗുരുവിനായി
- അധിക ധനം ദുഃഖത്തിന് കാരണമാകുന്നുവെന്ന് ഗുരു നിർദ്ദേശിച്ചു
- സാഹോദര്യം, സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങൾ പ്രാവർത്തികമാക്കാൻ ഗുരു അനവരതം ശ്രമിച്ചുകൊണ്ടിരുന്നു
- വായനയിലൂടെ വിവേകമുണ്ടാകണം
- ഭ എന്നാൽ പ്രകാശം ക്തി എന്നാൽ എത്തിച്ചേരുകയെന്നാണ് അർഥം
- 1888 മാർച്ച് 13-ന് 3 മണിക്ക് ഗുരു ആ ശിലയെ പീഠത്തിൽ ഉറപ്പിച്ചു
- പൂജാനടത്താനും ഒരു മലയാളം സ്കൂൾ നിർമ്മിച്ച് വിദ്യാഭ്യാസം നൽകാനും ഗുരു മുതിർന്നു
- 1912-ൽ ഗുരു ആലുവയിൽ അദ്വൈതാശ്രമം സ്ഥാപിച്ചു
- 1924-ൽ നാരായണമിഷൻ രജിസ്റ്റർ ചെയ്തു. 1915-ൽ സംസ്കൃത പാഠശാലകൾ ബ്രഹ്മചാരി മഠങ്ങൾ വിദ്യാർത്ഥിമന്ദിരവും സ്ഥാപിച്ചു
- സർവമതസമ്മേളനം - വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനും ആണ് എന്ന സന്ദേശം പ്രവേശനകവാടത്തിൽ ആലേഖനം ചെയ്തിരുന്നു
- സഹോദരൻ അയ്യപ്പൻ തുടങ്ങിയതാണ് സഹോദരസംഘം. മിശ്രവിവാഹവും മിശ്രഭോജനവുമായിരുന്നു ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ

## Objective Type Questions

1. അരുവിപ്പുറം പ്രതിഷ്ഠ നടന്നതെന്ന്?
2. അരുവിപ്പുറം പ്രതിഷ്ഠയുടെ ലക്ഷ്യമെന്തായിരുന്നു?
3. എസ്. എൻ . ഡി. പി. സ്ഥാപിതമായതെന്ന്?
4. എസ്. എൻ. ഡി. പി. യുടെ ആദ്യ പ്രസിഡന്റും സെക്രട്ടറിയും ആരെല്ലാം?
5. ഗുരുവിന്റെ 'ജീവകാരുണ്യപഞ്ചക'ത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഗുരുദർശനമെന്തായിരുന്നു?
6. ഇന്ത്യയിലെ ആദ്യത്തെ സർവമതസമ്മേളനം ഗുരു വിളിച്ചു കൂട്ടിയതെന്ന്? എവിടെ വച്ച്?
7. സമസ്തസഹോദരസമ്മേളനം നടന്നതെന്ന്? എവിടെ വെച്ച്?
8. അരുവിപ്പുറം പ്രതിഷ്ഠയെപ്പറ്റി ഇ. എം എസ് നമ്പൂതിരിപ്പാടിന്റെ അഭിപ്രായമെന്തായിരുന്നു?
9. സഹോദരസംഘം സ്ഥാപിച്ചതാര്? സഹോദരസംഘത്തിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാം?
10. അരുവിപ്പുറം ശിവപ്രതിഷ്ഠയ്ക്ക് ശേഷം ക്ഷേത്രഭിത്തിയിൽ എഴുതിചേർത്ത വരികളേത്?
11. സർവമതസമ്മേളനത്തെപ്പറ്റി ഗുരുവിന്റെ വാക്കുകളെന്ത്?
12. ഗുരു കണ്ണാടിപ്രതിഷ്ഠ നടത്തിയതെവിടെ? എന്ന്?

## Answers

1. 1888 മാർച്ച് 12
2. എല്ലാവർക്കും ആരാധനാസ്വാതന്ത്ര്യം
3. 1903
4. ഡോ. പൽപ്പുവും കുമാരനാശാനും
5. അഹിംസ ജീവകാരുണ്യമാണെന്നും മറ്റ് ജീവികളെ ഹിംസിക്കാതിരിക്കുന്ന മനുഷ്യനാണ് വിവേകിയെന്നും പറയുന്നു.
6. 1924-ൽ ആലുവ അദ്വൈതാശ്രമത്തിൽ
7. 1921-ൽ അദ്വൈതാശ്രമത്തിൽ വെച്ച് സമസ്തസഹോദരസമ്മേളനം നടന്നു
8. 'ഈഴവർക്ക് ഈശ്വരാരാധന നടത്തക്ക ക്ഷേത്രങ്ങൾ ഉണ്ടാക്കാമെന്ന് പ്രായോഗികജീവിതം മുഖേന കാണിച്ച സ്വാമിയിൽ നിന്ന് കിട്ടിയതുപോലെ ഭയങ്കരമായ ഒരടി ഇതിന് മുൻപ് കേരളത്തിലെ ജാതിമേധാവിത്വത്തിന് കിട്ടിയിട്ടില്ല.'
9. സഹോദരൻ അയ്യപ്പൻ തുടങ്ങിയതാണ് സഹോദരസംഘം - മിശ്രവിവാഹവും മിശ്രഭോജനവുമായിരുന്നു സഹോദരസംഘത്തിന്റെ പ്രവർത്തനങ്ങൾ
10. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാണിടും മാതൃകാസ്ഥാനമാമിത്'
11. വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനും ആണ് എന്ന് ഗുരുസന്ദേശം
12. കളവങ്കോട് ക്ഷേത്രം ചേർത്തല (1927 ജൂൺ 14)

## Assignment

1. എസ്.എൻ.ഡി. പി. രൂപീകരണത്തിന്റെ പശ്ചാത്തലം വിശദമാക്കുക
2. വിദ്യാഭ്യാസമേഖലയിൽ ഗുരുവിന്റെ സ്വാധീനം ചർച്ച ചെയ്ത് വിലയിരുത്തുക
3. സാമൂഹിക, സാംസ്കാരിക മണ്ഡലത്തിൽ ഗുരു ചെലുത്തിയ പ്രഭാവം വിലയിരുത്തുക
4. ആലുവ സർവമതസമ്മേളനത്തിലൂടെ ഗുരു ഉയർത്തിയ ദർശനങ്ങൾ അപഗ്രഥിക്കുക
5. അരുവിപ്പുറം ശിവപ്രതിഷ്ഠയുടെ പ്രാധാന്യം വിലയിരുത്തുക

## Suggested Reading


1. കുമാരനാശാൻ, ബ്രഹ്മശ്രീ ശ്രീനാരായണ ഗുരുസ്വാമികളുടെ ജീവചരിത്ര സംഗ്രഹം www.sreyas.in
2. പ്രദീപൻ പാമ്പിരികുന്ന്, നാരായണഗുരു പുനർവായനകൾ, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്, 2016
3. പി കെ.ബാലകൃഷ്ണൻ, നാരായണഗുരു, ഡിസി ബുക്സ് കോട്ടയം, 2020
4. മുനി നാരായണപ്രസാദ് (എഡി), നാരായണഗുരു സമ്പൂർണകൃതികൾ, നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡെൽഹി, 2015


SGOU

BLOCK - 3

## Reference


1. വേലായുധൻ കോട്ടുക്കോയിക്കൽ, ശ്രീനാരായണഗുരു, കറൻറ് ബുക്സ്, തൃശൂർ.
2. കെ എൻ ഷാജി, നാരായണഗുരു ജീവിതം, കൃതികൾ, ദർശനം, കറൻറ് ബുക്സ്, തൃശൂർ.
3. എം. കെ. സാനു, നാരായണഗുരുസ്വാമി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
4. സുകുമാർ അഴീക്കോട്, ഗുരുവിന്റെ ദുഃഖം, ഇംപ്രിന്റ്ബുക്സ്.
5. ഡോ.കെ. സുഗതൻ, ബുദ്ധനും നാണുഗുരുവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2004
6. ഡോ.വള്ളിക്കാവ് മോഹൻദാസ്, ശ്രീനാരായണ സാഹിത്യദർശനം, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം


SGOU

# BLOCK - 4

# ശ്രീനാരായണഗുരുവും സമകാലിക നവോത്ഥാനനായകരും

SGOU

BLOCK - 4

# യൂണിറ്റ് 1 ശ്രീനാരായണഗുരുവും സമകാലിക നവോത്ഥാനനായകരും

## Learning Outcomes

- ശ്രീനാരായണഗുരുവിന്റെ സമകാലികരായ നവോത്ഥാനനായകരുടെ പ്രവർത്തനങ്ങൾ അറിയുന്നു
- മഹാത്മാഗാന്ധിയുമായുള്ള ഗുരുദേവന്റെ സമാഗമത്തെക്കുറിച്ച് അറിയുന്നു
- രവീന്ദ്രനാഥ ടാഗോറും ശ്രീനാരായണഗുരുവുമായുള്ള സംഭാഷണം ഗ്രഹിക്കുന്നു
- ഗുരുവിന്റെ ശിഷ്യപരമ്പരകളായ നടരാജഗുരു, നിത്യചൈതന്യയതി, ഡോ.പൽപ്പു എന്നിവരുടെ സംഭാവനകൾ ഗ്രഹിക്കുന്നു

## Prerequisite

കേരളചരിത്രത്തിലെ സുപ്രധാനഘട്ടമാണ് നവോത്ഥാനകാലമെന്ന് വിശേഷിപ്പിക്കപ്പെട്ട പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളും. ഈ കാലഘട്ടത്തിലുണ്ടായ സാംസ്കാരികവും മതപരവുമായ പരിഷ്കരണപ്രവർത്തനങ്ങളെയെല്ലാം ചേർത്താണ് നാം കേരളീയനവോത്ഥാനം എന്ന് വിളിക്കുന്നത്. പൊതുവായ ചില സമാനതകളുണ്ടെങ്കിലും ഈ പരിഷ്കരണപ്രസ്ഥാനങ്ങളെല്ലാം തന്നെ സൂക്ഷ്മമായ നിരവധി വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അയിത്തത്തിന്റെയും തൊട്ടുകൂടായ്മയുടേയും ലോകത്ത് തളയ്ക്കപ്പെട്ടതായിരുന്നു കേരളത്തിലെ ദലിതരുടെ ജീവിതം. കേരളത്തിലെ നവോത്ഥാന ശ്രമങ്ങൾക്ക് ശ്രീനാരായണഗുരുവിനോടൊപ്പം സമകാലികരായ സാംസ്കാരിക നായകന്മാരും അടിസ്ഥാനജനവിഭാഗങ്ങളോടൊപ്പം നിന്ന് കരുത്തുപകർന്നു. ശ്രീനാരായണഗുരുവിന് മുമ്പും പിമ്പും പ്രവർത്തിച്ച പ്രമുഖരായ സാംസ്കാരികനായകന്മാരെയും അവർ നേതൃത്വം നൽകിയ നവോത്ഥാനപ്രസ്ഥാനങ്ങളെയുമാണ് ഈ അധ്യായത്തിൽ പരിചയപ്പെടുന്നത്.

കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങൾ പകർന്നുനൽകിയ ഉണർവിലൂടെയാണ് ആധുനിക മലയാളി തന്റെ സ്വത്വത്തിലേക്ക് ചരിത്രപരമായ ചുവടുവച്ചത്. കേരളത്തിൽ നിലനിന്നിരുന്ന സവർണാധിപത്യം, ജാതീയമായ അടിച്ചമർത്തലുകൾ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, നിരക്ഷരത എന്നിവയ്ക്കെല്ലാം എതിരെ ബഹുമുഖമായ പോരാട്ടങ്ങൾ നടത്തി കേരളീയസമൂഹത്തെയാകെ നവോത്ഥാനത്തിലേക്ക് നയിച്ച സാമൂഹ്യപരിഷ്കർത്താവാണ് ശ്രീനാരായണഗുരു. പിന്നാക്കവിഭാഗങ്ങളെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്നതിന് വേണ്ടി അദ്ദേഹം ക്ഷേത്രങ്ങളും വിദ്യാലയങ്ങളും വായനശാലകളും തൊഴിൽ പാഠശാലകളും സ്ഥാപിച്ചു. തന്നെ വിമർശിക്കുന്നവരോട് പോലും ചിരിച്ചുകൊണ്ട് മാത്രം സംസാരിക്കുകയും അവർ പറയുന്നത് വിശദമായി കേൾക്കുകയും ചുരുക്കം ചില വാക്കുകളി

SGOU

ലൂടെയും പ്രവൃത്തികളിലൂടെയും അവർക്ക് മറുപടി നൽകുകയും ചെയ്യുക എന്നതായിരുന്നു ഗുരുവിന്റെ രീതി.

ശ്രീനാരായണഗുരു പൊതുവേ അറിയപ്പെടുന്നത് നവോത്ഥാനത്തിന് നേതൃത്വം കൊടുത്ത ആചാര്യൻ എന്ന നിലയിലാണ്. അരുവിപ്പുറം പ്രതിഷ്ഠയും അതിനോടനുബന്ധിച്ചു ഗുരു നൽകിയ പ്രസിദ്ധമായ അരുൾമൊഴിയും ഏവർക്കും പരിചിതമാണ്.

ജാതിഭേദം മതദ്വേഷ
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്.

എന്ന പ്രസിദ്ധശ്ലോകത്തിൽ ഗുരുവിന്റെ ഏകലോകസങ്കല്പം അടങ്ങിയിട്ടുണ്ട്; സമത്വവും, സാഹോദര്യവും, അടിസ്ഥാനമാക്കിയുള്ള ഒരു ലോകക്രമത്തിനായാണ് ഗുരു ആഗ്രഹിച്ചതും, പ്രവർത്തിച്ചതും. ശ്രീനാരായണധർമ്മ പരിപാലനയോഗം സ്ഥാപിതമായതും അതോടനുബന്ധിച്ചു കേരളസമൂഹത്തിനുണ്ടായ മാറ്റവും ഏറെ പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്. ദാർശനികനെന്ന നിലയിലും, കവിയെന്ന നിലയിലും ഗുരുവിനെ കൂടുതൽ അറിയേണ്ടതുണ്ട്. ഗുരുവിനെ അറിയുന്നതിനോടൊപ്പം ഗുരുവിന്റെ സമകാലികരായ നവോത്ഥാനനായകരുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത് ആവശ്യമാണ്. അത്തരത്തിലൊരുപഠനമാണ് ഈ ബ്ലോക്കിൽ നിർവഹിച്ചിരിക്കുന്നത്. മഹാത്മാഗാന്ധിയുമായുള്ള ഗുരുദേവന്റെ സമാഗമത്തെക്കുറിച്ചും രവീന്ദ്രനാഥടാഗോറുമായുള്ള ശ്രീനാരായണഗുരുവിന്റെ ഒത്തുചേരലും സംഭാഷണവും ഇവിടെ അപഗ്രഥിക്കുന്നു. കേരളത്തിന്റെ ആധുനീകരണത്തിൽ ഗുരുദേവന്റെ പങ്ക് ഇവിടെ വിശകലനം ചെയ്യുന്നുണ്ട്. ശ്രീനാരായണഗുരുവിന്റെ മുഖ്യസന്ദേശങ്ങൾ അപഗ്രഥിക്കുന്നുണ്ട്. ഗുരുവിന്റെ ശിഷ്യപരമ്പരകളായ നടരാജഗുരു, നിത്യചൈതന്യയതി, ഡോ.പൽപ്പു എന്നിവരുടെ സംഭാവനകൾ വിലയിരുത്തുന്നതിനൊപ്പം കുമാരനാശാൻ, സി.വി.കുഞ്ഞുരാമൻ, ടി.കെ മാധവൻ, സി. കേശവൻ, ആർ. ശങ്കർ എന്നീ വ്യക്തികളിൽ ഗുരുവിന്റെ സ്വാധീനതയെപ്പറ്റിയും സൂക്ഷ്മമായി ഇവിടെ ചർച്ച ചെയ്യുന്നു.

SGOU

## Keywords

ഗുരുവും - സമകാലികരായ നവോത്ഥാനനായകരും - മഹാത്മാഗാന്ധി - രവീന്ദ്രനാഥടാഗോർ - സമാഗമം - കേരള ആധുനീകരണം - മുഖ്യസന്ദേശങ്ങൾ - ശിഷ്യപരമ്പര - ഡോ. പല്പു - കുമാരനാശാൻ - സി. വി. കുഞ്ഞുരാമൻ - ടി. കെ. മാധവൻ - സി. കേശവൻ - ആർ. ശങ്കർ - നടരാജഗുരു - നിത്യചൈതന്യയതി - ഗുരുവിന്റെ സ്വാധീനത

## Discussion

### 4.1.1 ശ്രീനാരായണഗുരുവും സമകാലിക രായ നവോത്ഥാനനായകരും

ജാതിയധിഷ്ഠിതമായ സമൂഹത്തെ ജനാധിപത്യവത്കരിക്കുക എന്ന ചരിത്രപരമായ ദൗത്യമാണ് കേരളത്തിലെ നവോത്ഥാനനായകന്മാർ നിറവേറ്റിയത്. 19-ാം നൂറ്റാണ്ടിലെ കേരളീയ സമൂഹത്തിൽ ഐക്യത്തിന്റെയും സമത്വത്തിന്റേയും ആശയം മുന്നോട്ടുവെച്ച് കാലത്തിനുമുമ്പേ സഞ്ചരിച്ച നിരവധി നവോത്ഥാനനായകന്മാർ നാരായണ ഗുരുവിന്റെ സമകാലികരായി ജീവിച്ചിരുന്നു.

### 4.1.2 അയ്യാ വൈകുണ്ഠസ്വാമികൾ

കേരളീയസമൂഹത്തിൽ കാലത്തിനുമുമ്പേ നടന്ന നവോത്ഥാനനായകനാണ് അയ്യാ വൈകുണ്ഠസ്വാമികൾ. ഹിന്ദുമതത്തിലെ എല്ലാ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ അദ്ദേഹം ജീവിതകാലം മുഴുവൻ പോരാടി.



അയിത്തജാതിക്കാരോടൊത്ത് ശുചീന്ദ്രം ക്ഷേത്രത്തിലെ തേരിൽ കയറിപ്പിടിച്ച് ആചാരം ലംഘിക്കുകയും അതുവഴി കേരളത്തിലെ ക്ഷേത്രപ്രവേശന പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. സമപന്തിഭോജനം, കണ്ണാടിപ്രതിഷ്ഠ, എന്നിവയിലൂടെ പില്കാല നവോത്ഥാനനേതാക്കൾക്ക് വഴികാട്ടിയാവാനും അദ്ദേഹത്തിന് സാധിച്ചു. നാടാർ സ്ത്രീകൾ നടത്തിയ മാറുമറയ്ക്കൽ സമരത്തിന് വൈകുണ്ഠസ്വാമികൾ ആത്മീയവും ഭൗതികവുമായ പിന്തുണ നൽകി.

#### 4.1.2.1 സമത്വസമാജം

അധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവനും അനുഭവിക്കുന്ന ദുരിതങ്ങൾ കണ്ട് സഹിക്കാനാവാതെയാണ് അവരെ സംഘടിപ്പിച്ചുകൊണ്ട് 1836-ൽ സമത്വസമാജം സ്ഥാപിച്ചത്. സ്വാമികൾ സ്ഥാപിച്ച പതികളും, നിഴൽതാങ്കളുകളും, തുവൈയൽ പന്തികളും സമത്വത്തിന്റെ പവിത്രമായ ഇടങ്ങളായിരുന്നു.

#### 4.1.2.2 പതികൾ

ആരാധനയ്ക്ക് അനുയോജ്യമായ സ്ഥലവും ആലയവും സ്ഥിതി ചെയ്യുന്ന ആശ്രമസദൃശമായ സ്ഥലമാണ് പതികൾ. പതികളിൽ ചെറിയ കെട്ടിടങ്ങൾ മാത്രമേ ഉണ്ടാകാവൂ എന്നും അനാവശ്യമായി പണം ധൂർത്തടിക്കരുതെന്നും സ്വൈര്യമായി ഇരുന്ന് പ്രാർഥന നടത്താൻ തുറസ്സായ പരിസരങ്ങൾ വേണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ജാതി, ഉപജാതി വ്യത്യാസമില്ലാതെ ഈശ്വരനെ ഉപാസിക്കാനുള്ള പൊതുദേവാലയങ്ങളാണ് പതികൾ. അവിടെ ഇടനിലക്കാരായി പുരോഹിതന്മാർ ഉണ്ടായിരുന്നില്ല. വിഗ്രഹത്തിന് പകരം ആരാധനാമന്ദിരത്തിൽ കണ്ണാടിയാണ് സ്ഥാപിച്ചിരുന്നത്. ഗ്രാമപ്രദേശങ്ങളിലെ ചെറിയപതികളാണ് നിഴൽ താങ്കളുകൾ. മനസ്സിലെ ദുർവിചാരങ്ങൾ ഇല്ലാതാക്കി മനസ്സിനേയും ശരീരത്തേയും ശുദ്ധീകരിക്കുന്ന പ്രാർഥനാലയങ്ങളാണ് തുവൈയൽ പന്തികൾ.

#### 4.1.2.3 സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾ


കേരളത്തിൽ സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങളുടെ പേരിൽ ആദ്യമായി അറസ്റ്റു ചെയ്യപ്പെടുകയും തുറുങ്കിലടക്കുകയും ചെയ്ത വ്യക്തി അയ്യാ വൈകുണ്ഠസ്വാമികളാണ്. ശുചീന്ദ്രം ക്ഷേത്രത്തിലെ തേരോട്ടം നടക്കുന്ന സമയത്ത് തേരിന്റെ കയർ അവർണരോടൊത്ത് പിടിച്ചതിനാണ് അദ്ദേഹത്തെ 110 ദിവസത്തെ ജയിൽവാസത്തിന് ശിക്ഷിച്ചത്. ജാതീയമായ ഉച്ചനീചത്വങ്ങൾ ഇല്ലായ്മ ചെയ്യാൻ സമപന്തിഭോജനം വിജയകരമായി ആദ്യം നടപ്പിലാക്കിയത് അയ്യാ വൈകുണ്ഠസ്വാമികളാണ്. തൊഴിലാളികളെ സംഘടിപ്പിക്കുകയും വേല ചെയ്താൽ കൂലി കിട്ടണം എന്ന മുദ്രാവാക്യം മുഴക്കുകയും ചെയ്തു. വിഗ്രഹാരാധന, മൃഗബലി തുടങ്ങിയ ആചാരങ്ങളിൽ അർഥമില്ലെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. മേൽമുണ്ട് ധരിക്കൽ സമരത്തിന് നേതൃത്വം നൽകി. ഓരോ മനുഷ്യരിലും ദൈവം വിളങ്ങുന്നു എന്ന സമഭാവനയുടെ അടിസ്ഥാനത്തിൽ 1851-ൽ കണ്ണാടിപ്രതിഷ്ഠ നടത്തി. അവിടെ വരുന്ന അവർണരോട് തലപ്പാവ്

SGOU

ധരിച്ചുവരാൻ ആവശ്യപ്പെട്ടു. അങ്ങനെ അവരുടെ ആത്മവിശ്വാസം വർധിക്കട്ടേയെന്ന് സ്വാമികൾ വിചാരിച്ചു. അഖിലത്തിരട്ട്, അരുൾ നൂൽ എന്നീ കൃതികളിലൂടെ ജനങ്ങളെ ബോധവത്കരിച്ചു. "ഒന്റേ ജാതി, ഒന്റേ മതം, ഒന്റേ ദൈവം, ഒന്റേ ഉലകം, ഒന്റേ അരശ്" എന്ന ആപ്തവാക്യം അദ്ദേഹത്തിന്റേതാണ്.

### 4.1.3 അയ്യൻകാളി

താൻ ജീവിച്ചിരുന്ന കാലത്ത് മനുഷ്യൻ എന്ന പരിഗണനപോലും ലഭിക്കാതിരുന്ന ഒരു ജനതയെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ നിരവധി സമരങ്ങളാണ് അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്നത്. വിദ്യാഭ്യാസം നേടാൻ അനുവാദമില്ലാതിരുന്ന ഒരു ജനതയ്ക്കുവേണ്ടി അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിച്ചു. സാധുജനപരിപാലനസംഘത്തിന്റെ നേതൃത്വത്തിൽ 1907-ൽ കേരളത്തിലെ ആദ്യത്തെ കർഷകസമരത്തിന് നേതൃത്വം നൽകി. നാട്ടുപ്രഭുക്കൾക്കു മാത്രം വില്ലുവണ്ടിയുണ്ടായിരുന്ന കാലത്ത് വില്ലുവണ്ടി വിലയ്ക്കുവാങ്ങി തങ്ങൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ട പൊതുനിരത്തിലൂടെ സഞ്ചരിച്ച് നൂറ്റാണ്ടുകളായി നിലനിന്ന സവർണശാസനകളെ അയ്യൻകാളി വെല്ലുവിളിച്ചു. പുലയസ്ത്രീകൾ അടിമത്തത്തിന്റെ പ്രതീകമെന്നോണം കഴുത്തിലണിഞ്ഞിരുന്ന കല്ലുമാല ഉപേക്ഷിക്കാൻ അയ്യൻകാളി ആഹ്വാനം ചെയ്തു. 1914-ലെ കല്ലുമാല ബഹിഷ്കരണ സമരത്തോടെ പുലയസ്ത്രീകൾ എന്നെന്നേക്കുമായി കല്ലുമാല ഉപേക്ഷിച്ചു. 1912-ൽ അയ്യൻകാളി ശ്രീമൂലം പ്രജാസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1936-ൽ ഗാന്ധിജി വെങ്ങാനൂരിലെത്തി അയ്യൻകാളിയെ സന്ദർശിക്കുകയുണ്ടായി. പൊതുഇടങ്ങളുടെ ജനാധിപത്യവത്കരണത്തിനും അയിത്തജാതിക്കാരുടെ അവകാശം സ്ഥാപിച്ചെടുക്കലിനും വേണ്ടി അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന സമരങ്ങൾക്ക് ചരിത്രത്തിൽ സമാനതകളില്ല.



#### 4.1.3.1 സാധുജനപരിപാലനസംഘം

അയിത്തവർഗക്കാരായ ഹിന്ദുക്കളേയും മതം മാറിയിട്ടും അവഗണന നേരിടേണ്ടി വന്ന പുതുക്രിസ്ത്യാനികളേയും ചേർത്തുകൊണ്ട് 1907-ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ സാധുജന പരിപാലന സംഘം രൂപീകരിച്ചു. ശുചിത്വം, അച്ചടക്കം മുതലായ പ്രാഥമിക പ്രശ്നങ്ങളോടൊപ്പം വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനും സംഘം പ്രാധാന്യം നൽകി. സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 'സാധുജനപരിപാലിനി' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചു. സാധുജനപരിപാലനസംഘത്തിന്റെ ആഭിമുഖ്യത്തിൽ അവർണരുടെ സ്കൂൾ പ്രവേശനത്തിനായി സമരങ്ങൾ ആരംഭിച്ചു. എന്റെ കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ സമ്മതിച്ചില്ലെങ്കിൽ ഈ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ലു കുരുപ്പിക്കും എന്ന് അയ്യൻകാളി പ്രഖ്യാപിച്ചു. ഇതിന്റെ പേരിൽ പലതവണ സംഘർഷങ്ങളുണ്ടായി. ഒരു വർഷം നീണ്ടു നിന്ന ഈ സമരമാണ് കേരളത്തിലെ ആദ്യ തൊഴിലാളി സമരം. സമരത്തെത്തുടർന്ന് തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു.

#### 4.1.3.2 പെരിനാട്ടു ലഹള

അയിത്തജാതിക്കാർ അടയാളമായി ധരിച്ചിരുന്ന കല്ലും മാലയും ഉപേക്ഷിക്കണമെന്ന് അയ്യൻകാളി നിർദ്ദേശിച്ചു. എന്നാൽ ഈ തീരുമാനം സവർണർക്ക് സഹിക്കാനായില്ല. 1915 ഒക്ടോബർ 24-ന് ഞായറാഴ്ച കൊല്ലത്ത് പെരിനാട്ട് പുലയരുടെ യോഗം വിളിച്ചു. സവർണർ ആ യോഗത്തിൽ പങ്കെടുത്തവരെ ആക്രമിച്ചു. തുടർന്ന് സവർണരും അവർണരും തമ്മിൽ വലിയ സംഘട്ടനം നടന്നു. അയ്യൻകാളി കൊല്ലത്തേക്ക് വരികയും നാലായിരത്തോളം ആളുകൾ പങ്കെടുത്ത വലിയ സമ്മേളനം വിളിച്ചുചേർക്കുകയും അവിടെ വച്ച് സ്ത്രീകൾ പ്രതിഷേധാർഥം അവരുടെ മാലയറുത്ത് കൂമ്പാരമായി കൂട്ടിയിടുകയും ചെയ്തു.

### 4.1.4 ആറാട്ടുപുഴ വേലായുധപ്പണിക്കർ


എതിർക്കേണ്ട ശക്തികളോട് ഏറ്റുമുട്ടാൻ വേണ്ട കായികശേഷിയും സംഘബലവും പ്രതാ

SGOU

പവും പ്രമാണിത്വവും ജന്മനാ ആറാട്ടുപുഴ വേലായുധപ്പണിക്കർക്ക് ഉണ്ടായിരുന്നു. ഈ സൗഭാഗ്യമെല്ലാം സഹജീവികളുടെ ഉന്നമനത്തിനും സാമൂഹികമാറ്റത്തിനും വേണ്ടിയായിരുന്നു അദ്ദേഹം ഉപയോഗിച്ചത്. കായംകുളത്തെ ആയിരം സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള റൗക്കയും പന്തളത്തെ ആയിരം സ്ത്രീകൾക്ക് മൂക്കുത്തിയും നിർമിച്ചു കൊടുത്ത് അദ്ദേഹം സവർണരുടെ ചിന്താഗതികളെ എതിർത്തു. മൂക്കുത്തി ധരിച്ച് ചന്തയിൽപോയ ഒരു സ്ത്രീയുടെ മൂക്കുത്തി സവർണർ വലിച്ചുപൊട്ടിച്ചതോടെ വേലായുധപ്പണിക്കരും കൂട്ടരും അതിനെ എതിർത്തു. തുടർന്ന് സംഭവം രാജാവിന്റെ മുൻപിലെത്തി. വേലായുധപ്പണിക്കർ, തന്റെ സമൂഹത്തിന്റെ നീതിക്കു വേണ്ടി വാദിച്ചു. അവസാനം സവർണസ്ത്രീകളെപ്പോലെ വസ്ത്രം ധരിക്കാനും ആഭരണം അണിയാനുമുള്ള സ്വാതന്ത്ര്യം അവർണർക്കും ലഭിച്ചു. ഇതിനിടയിൽ അദ്ദേഹം ആറാട്ടുപുഴ ബ്രാഹ്മണയുവാവ് എന്ന് വ്യാജേന ക്ഷേത്രങ്ങളിൽ താമസിച്ച് പൂജാദികർമ്മങ്ങൾ പഠിച്ചശേഷം താൻ അവർണനാണെന്ന സത്യം ഗുരുവിനോട് പറയുകയും പരിഹാരത്തിനായി പണക്കിഴി നൽകുകയും ചെയ്തു. വൈക്കം ക്ഷേത്രത്തിൽ തൊഴുതശേഷം അവർണനാണെന്ന് വ്യക്തമാക്കി ആചാരാനുഷ്ഠാനങ്ങൾക്ക് വേണ്ടി പണക്കിഴി സംഭാവന ചെയ്തു. അഭ്യസ്തവിദ്യനും കലാകാരനുമായിരുന്ന വേലായുധപ്പണിക്കർക്ക് കഥകളി വലിയ ഇഷ്ടമായിരുന്നു. പലപ്പോഴും ആരും കാണാതെ കഥകളി ആസ്വദിച്ചു. തുടർന്ന് സവർണരുടെ എതിർപ്പ് വകവെയ്ക്കാതെ അദ്ദേഹം നിർമ്മിച്ച മംഗലത്തെ ശിവക്ഷേത്രത്തിൽ കഥകളി നടത്തിപ്പിക്കാനും അദ്ദേഹം തയ്യാറായി. അതോടെ സവർണരുടെ കണ്ണിലെ കരടായി മാറിയ അദ്ദേഹത്തെ വധിക്കാനായി സവർണ്ണമേധാവികൾ ഗൂഢതന്ത്രങ്ങൾ മെനഞ്ഞെടുക്കുകയും അത് നടപ്പാക്കുകയും ചെയ്തു.

## 4.1.5 സ്വാമി ആനന്ദതീർഥൻ

ജനാധിപത്യമൂല്യമുള്ള ഒരു സമൂഹമായി കേരളത്തെ മാറ്റിത്തീർക്കുന്നതിന് സ്വാമി ആനന്ദതീർഥനും നിരവധി കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അദ്ദേഹം വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ശ്രീനാരായണദർശനങ്ങൾ സ്വാധീനിച്ചിരുന്നു. അദ്ദേഹം കോളേജ് വിദ്യാഭ്യാസകാലം മുതൽ ദേശീയപ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലും താല്പര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും അന്നത്തെ കോൺഗ്രസ് നേതാക്കൾക്ക് അയിത്തോച്ചാടനത്തിനായി യാതൊരു പദ്ധതിയും ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. 1927-ൽ ആനന്ദതീർഥൻ ദലിതരായ കുട്ടികളെയും കൂട്ടി പാലക്കാട് നഗരത്തിലെ പൊതുനിരത്തിലൂടെ നടന്നു. യാഥാസ്ഥിതിക ഹിന്ദുക്കൾ അദ്ദേഹത്തെ അതിക്രൂരമായി മർദ്ദിച്ചു. ആനന്ദതീർഥൻ ജാതിനാശിനി സഭ എന്ന സംഘടന രൂപീകരിച്ച് മിശ്രഭോജനം, മിശ്രവിവാഹം എന്നിവയെ പ്രോത്സാഹിപ്പിച്ചു. ദലിതരുടെ വിദ്യാഭ്യാസത്തിനായി ശ്രീനാരായണവിദ്യാലയങ്ങളും ശ്രീനാരായണ ഹോസ്റ്റലുകളും സ്ഥാപിച്ചു.



### 4.1.5.1 ശ്രീനാരായണവിദ്യാലയങ്ങൾ


കേരളത്തിലെ യാഥാസ്ഥിതിക ഹിന്ദുക്കളുടെ ശക്തികേന്ദ്രങ്ങളിലൊന്നായിരുന്നു പയ്യന്നൂർ. ഹരിജനങ്ങൾക്കു നേരെ നിരവധി ആക്രമണങ്ങൾ പയ്യന്നൂരിൽ ഉണ്ടായി. അവിടെയാണ് ഒരു കെട്ടിടം വാടകയ്ക്കെടുത്ത് 1931 നവംബർ 21 ന് ആറുകുട്ടികളെ അന്തേവാസികളാക്കിക്കൊണ്ട് ശ്രീനാരായണവിദ്യാലയം ആരംഭിച്ചത്. അവിടത്തെ കുട്ടികളെ ബാസൽ മിഷൻ സ്കൂളിൽ ചേർക്കാൻ ശ്രമിച്ചെങ്കിലും സവർണർ എതിർത്തു. എന്നാൽ തലശ്ശേരി സബ്കളക്ടറായിരുന്ന കാറൽസ്റ്റോൺ കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന് പ്രത്യേകം ഉത്തരവിറക്കി. കേരളത്തിൽ വന്ന ഗാന്ധിജി 1934 ജനുവരി 12-ന് ശ്രീനാരായണവിദ്യാലയം സന്ദർശിക്കുകയും വിദ്യാലയമുറ്റത്ത് മാവുനടുകയുമുണ്ടായി. സാമ്പത്തിക കാരണത്താൻ അത് തുടർന്ന് നടത്തികൊണ്ടു പോകാൻ കഴിഞ്ഞില്ല. പക്ഷേ കേരള വിദ്യാഭ്യാസചരിത്രത്തിലെ ഒരു പ്രധാന ചുവടുവയ്പ്പായിരുന്നു ശ്രീനാരായണ വിദ്യാലയങ്ങൾ.

## 4.1.6 ചട്ടമ്പിസ്വാമികൾ

കേരളത്തിലെ നവോത്ഥാനനായകരിൽ പ്രധാനിയായ ചട്ടമ്പിസ്വാമികൾ വിദ്യാധിരാജൻ

SGOU

എന്നാണ് അറിയപ്പെട്ടിരുന്നത്. 'കേരളത്തിൽ ഞാൻ കണ്ട ഒരേയൊരു മനുഷ്യൻ' എന്നാണ് സ്വാമിവിവേകാനന്ദൻ ചട്ടമ്പിസ്വാമികളെ വിശേഷിപ്പിച്ചത്. ബഹുഭാഷാ പണ്ഡിതനായിരുന്ന അദ്ദേഹത്തിന് മലയാളത്തിനുപുറമേ തമിഴ്, സംസ്കൃതം ഭാഷകളിലും തികഞ്ഞ അവഗാഹമുണ്ടായിരുന്നു. സന്യാസജീവിതമാണ് നയിച്ചിരുന്നതെങ്കിലും



കാഷായവസ്ത്രം ധരിക്കാനോ സന്യാസി എന്നറിയപ്പെടാനോ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. ജാതീയതയുടെ അനാചാരങ്ങളെയും ജനദ്രോഹകരമായിത്തീർന്ന ബ്രാഹ്മണ്യത്തെയും ആശയം കൊണ്ടും പ്രവൃത്തികൊണ്ടും അദ്ദേഹം നേരിട്ടു. മനുഷ്യരുടെ മതബോധത്തെ നവീകരിക്കാനും പുരോഗമനപരമായ മാറ്റങ്ങൾ കൊണ്ടുവരാനും അദ്ദേഹം ശ്രമിച്ചു. വേദാന്തത്തിലും സംഗീതത്തിലും സാഹിത്യത്തിലും പ്രാചീനചരിത്രത്തിലും ചട്ടമ്പിസ്വാമികൾക്ക് അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. ഈ അറിവെല്ലാം ഒരു ജനതയെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കാൻ അദ്ദേഹം ഉപയോഗിച്ചു.

#### 4.1.6.1 സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ

ഉന്നതവിദ്യാഭ്യാസത്തിനുശേഷം സന്യാസം സ്വീകരിച്ച ചട്ടമ്പിസ്വാമികൾ കന്യാകുമാരി മുതൽ തൃശൂർ വരെ നിരന്തരം സഞ്ചരിക്കുകയും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്തു. വർണാശ്രമവ്യവസ്ഥയുടെ നിഷേധം, സ്ത്രീപുരുഷ സമത്വവാദം, സാർവത്രികവിദ്യാഭ്യാസത്തിനുള്ള ആഹ്വാനം എന്നിങ്ങനെ അതുവരെ കേരളീയസമൂഹം ചർച്ചചെയ്യാത്ത വിഷയങ്ങൾ ചട്ടമ്പിസ്വാമികൾ പൊതുവേദിയിൽ അവതരിപ്പിച്ചു. മതപുരാണങ്ങളേയും ആചാരങ്ങളേയും യുക്തിയുടെ വെളിച്ചത്തിൽ സമീപിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി. വേദങ്ങൾ പഠിക്കാനും വേദമന്ത്രങ്ങൾ ചൊല്ലാനുമുള്ള അവകാശം ബ്രാഹ്മണർക്ക് മാത്രമാണെന്ന വിശ്വാസത്തെ അദ്ദേഹം ഖണ്ഡിച്ചു. ആത്മതത്വം അറിയാൻ ആഗ്രഹിക്കുന്നവർക്കെല്ലാം വേദപഠനം നടത്താമെന്നും വേദമന്ത്രങ്ങൾ ആലപിക്കാമെന്നും സ്ഥാപിക്കാനാണ് അദ്ദേഹം വേദാധികാരനിരൂപണം എന്ന ഗ്രന്ഥം രചിച്ചത്.

സംസ്കൃതമഹത്വവാദം അസംബന്ധമാണെന്ന് ആദിഭാഷ എന്ന കൃതിയിൽ അദ്ദേഹം സ്ഥാപിക്കുന്നുണ്ട്. ഭഗവദ്ഗീത പഠിക്കാനും ചൊല്ലാനും ബ്രാഹ്മണർക്ക് മാത്രമേ അധികാരമുള്ളൂ എന്ന് വാദിച്ചവരോട് സ്ത്രീകൾ ഉൾപ്പെടെ എല്ലാവർക്കും വേദം പഠിക്കാമെന്ന് വേദപ്രമാണങ്ങൾ ചൂണ്ടിക്കാട്ടി അദ്ദേഹം സ്ഥാപിച്ചു. മതങ്ങളുടെ സാരം ഒന്നാണെന്ന് സമർഥിക്കുന്ന 'സർവമത' 'സാമരസ്യമാണ്' ചട്ടമ്പിസ്വാമികളുടെ ആദ്യകൃതി. കേരളം പരശുരാമൻ സൃഷ്ടിച്ചതാണെന്ന ഐതിഹ്യം ശുദ്ധഭോഷ്കാണെന്ന് കാണിക്കാനാണ് പ്രാചീനമലയാളം എന്ന കൃതി രചിച്ചത്. ജനനമല്ല പ്രവൃത്തിയും ഗുണവുമാണ് മനുഷ്യന്റെ ജാതി നിശ്ചയിക്കുന്നതിന് അടിസ്ഥാനമെന്ന് അദ്ദേഹം നിരന്തരം ഓർമ്മിപ്പിച്ചു. എല്ലാവരുടേയും സ്വഭാവത്തെ പരിശുദ്ധമാക്കേണ്ട വേദത്തിനുപോലും ശൂദ്രരുടെ അധ്യയനത്താൽ മഹിമ കുറഞ്ഞുപോവുമെങ്കിൽ ആ മഹിമ എത്രത്തോളം നിലനിൽകുമെന്ന് വേദാധികാരനിരുപണത്തിൽ ചട്ടമ്പിസ്വാമികൾ ചോദിക്കുന്നുണ്ട്.

### 4.1.7 വാഗ്ഭടാനന്ദൻ

മലബാറിലെ ശ്രീനാരായണഗുരു എന്നറിയപ്പെടുന്ന സാമൂഹ്യപരിഷ്കർത്താവാണ് വാഗ്ഭടാനന്ദൻ. ഹിന്ദുമതത്തിലെ അനാചാരങ്ങൾക്കും വിഗ്രഹാരാധനയ്ക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ അദ്ദേഹം നിരന്തരമായ പോരാട്ടങ്ങൾ നടത്തി. ഭാരതീയ തത്വചിന്തയുടെ ആധാരമായ അദ്വൈതദർശനത്തെ സാധാരണജനങ്ങൾക്ക് പ്രാപ്യമായ രീ



തിയിൽ അവതരിപ്പിച്ച് മനുഷ്യനെ മനുഷ്യനാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകി. മനുഷ്യന് രണ്ട് ജാതിയേയുള്ളൂ ആൺജാതിയും പെൺജാതിയും എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ആരാധ്യനായ ദൈവം ഏകനാണ് അവൻ അമ്പലങ്ങളിലല്ല, പള്ളികളിലല്ല മനുഷ്യഹൃദയങ്ങളിലാണെന്ന് അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തി. മനുഷ്യന് അറിവുനൽകാൻ പാഠശാലകളും ആശയസംവാദങ്ങൾക്ക് സംഘടനയും തൊഴിൽ



SGOU

ചെയ്ത് ജീവിക്കാൻ പരസ്പരസഹായസംഘങ്ങളും സ്ഥാപിച്ചു. കേരളത്തിൽ ഇന്ന് പ്രസിദ്ധമായ 'ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി' രൂപീകരിച്ചത് വാഗ്ഭടാനന്ദനാണ്. ആത്മവിദ്യാസംഘം സ്ഥാപിച്ച് സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

#### 4.1.7.1 ആത്മവിദ്യാസംഘം

1917–ലാണ് ആത്മവിദ്യാസംഘം സ്ഥാപിച്ചത്. കറപ്പയിൽ കണാരൻ മാസ്റ്റർ, കുന്നേത്ത് കുഞ്ഞേക്കു ഗുരിക്കൾ, പാലേരി ചന്തമ്മൻ, വണ്ണാത്തിക്കണ്ടി കണ്ണൻ എന്നിവരായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകർ. സംഘം 1924–ൽ കാരക്കാട്ട് ആത്മവിദ്യാസംഘം എൽ.പി.സ്കൂൾ ആരംഭിച്ചു. ആത്മവിദ്യാസംഘത്തിന്റെ മുഖപത്രമായ അഭിനവകേരളത്തിലൂടെ ജനങ്ങളെ ബോധവത്കരിക്കാനും സമരസജ്ജരാക്കാനും ശ്രമിച്ചു. ജാതിപ്രമാണങ്ങൾ ഹിന്ദുമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾക്ക് വിരുദ്ധമാണെന്ന് അദ്ദേഹം വാദിച്ചു. 'ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ ക്ഷണമെഴുന്നേൽപ്പിൻ' എന്നതായിരുന്നു ആത്മവിദ്യാസംഘത്തിന്റെ പ്രധാന മുദ്രാവാക്യം.

### 4.1.8 വക്കം അബ്ദുൾഖാദർ മൗലവി

വക്കം മൗലവി എന്ന പേരിൽ അറിയപ്പെട്ടിരുന്ന വക്കം അബ്ദുൾഖാദർ മൗലവി മതപണ്ഡിതൻ മാത്രമല്ല സാമൂഹികപരിഷ്കർത്താവും ധീരനായ പ്രസാധകനും പത്രാധിപരുമായിരുന്നു. കേരളത്തിലെ മുസ്ലീം നവോത്ഥാനത്തിന്റെ പിതാവ് എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. ഇസ്ലാമികസമൂഹത്തെ ആധുനികവത്കരിക്കുന്നതിൽ വക്കം മൗലവി നിർണായകമായ പങ്കു വഹിച്ചു. ആധുനിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത, സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, അനാചാരങ്ങൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവയെക്കുറിച്ച് അദ്ദേഹം സ്വന്തം സമുദായത്തെ ബോധവത്കരിച്ചു. ഭാഷാപണ്ഡിതനായ അദ്ദേഹം വിദ്യാഭ്യാസരംഗത്തും നിസ്തുലമായ സംഭാവനകൾ നൽകി. സ്വദേശാഭിമാനി പത്രം തുടങ്ങിയത് മൗലവിയായിരുന്നു. അൽ ഇസ്ലാം, മുസ്ലീം ദീപിക എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങളെക്കുറിച്ച് മുസ്ലീംസമൂഹത്തെ പഠിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. രാജ്യത്തിന്റെ ക്ഷേമത്തിനാധാരമായ ധാർമികമൂല്യങ്ങൾക്കാണ് അദ്ദേഹം പ്രാധാന്യം നൽകിയത്.

#### 4.1.8.1 വിദ്യാഭ്യാസപ്രവർത്തനങ്ങൾ

വക്കം അബ്ദുൾഖാദർ മൗലവിയുടെ കാലത്ത് തിരുവിതാംകൂറിലെ മുസ്ലീങ്ങൾ മദ്രസാപഠനം മാത്രമാണ് നടത്തിയിരുന്നത്. ഇംഗ്ലീഷ് വിഷയത്തോടും മലയാളഭാഷയോടും വിദ്വേഷം പ്രകടിപ്പിച്ചിരുന്ന അവർ അറബി മലയാളം എന്ന പുതിയഭാഷക്ക് രൂപം നൽകി. എന്നാൽ സമൂഹത്തിൽ ജീവിക്കുന്നതിനാവശ്യമായ വിജ്ഞാനം നേടാൻ അവർക്ക് സാധിച്ചില്ല. സമുദായത്തിന്റെ പുരോഗതിക്ക് വിദ്യാഭ്യാസം മാത്രമാണ് ഏക മാർഗമെന്ന ചിന്ത പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മുസ്ലീംസമുദായത്തിലെ വിദ്യാസമ്പന്നരുടെയിടയിൽ ഉയർന്നുവന്നു. മതപരവും മതേതരവുമായ വിജ്ഞാനശാഖകളെ ഒന്നിച്ചു ചേർത്തുകൊണ്ട് വിദ്യാഭ്യാസം വ്യക്തികളുടെ സമഗ്രവികാസത്തിനുവേണ്ടി പ്രയോജനപ്പെടുത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. തിരുവിതാംകൂറിലെ മുസ്ലീങ്ങളുടെ വിദ്യാഭ്യാസത്തിനായി ധാരാളം വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ആ പ്രദേശങ്ങളിൽ വിദ്യാഭ്യാസരംഗത്ത് നല്ല പുരോഗതിയുണ്ടാവുകയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ലോകത്തുള്ള വിജ്ഞാനസമ്പത്ത് ഉൾക്കൊള്ളുവാൻ അദ്ദേഹം മുസ്ലീങ്ങളോട് ആഹ്വാനം ചെയ്തു.

#### 4.1.8.2 പത്രപ്രവർത്തനം

സാമുദായിക പരിഷ്കരണത്തിലൂന്നിയാണ് വക്കം അബ്ദുൾഖാദർ മൗലവി തന്റെ പൊതുപ്രവർത്തനം നടത്തിയത്. എന്നാൽ സമൂഹത്തിലെ വിവിധ പ്രശ്നങ്ങൾക്ക് നേരെ കണ്ണടയ്ക്കാൻ അദ്ദേഹത്തിനായില്ല. അദ്ദേഹം ആരംഭിച്ച സ്വദേശാഭിമാനി പത്രത്തിന്റെ ആദ്യപത്രാധിപർ സി.പി ഗോവിന്ദപ്പിള്ളയായിരുന്നു. തുടർന്ന് കെ.രാമകൃഷ്ണപ്പിള്ള പത്രാധിപരായി. പത്രാധിപർ എന്ന നിലയിൽ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം രാമകൃഷ്ണപ്പിള്ളയ്ക്ക് നൽകി വക്കം മൗലവി എല്ലാ പിന്തുണയും അദ്ദേഹത്തിന് വാഗ്ദാനം ചെയ്തു. തുടർന്ന് സ്വദേശാഭിമാനിയിൽ ഭരണകൂടത്തെ വിമർശിച്ചു കൊണ്ട് നിരവധി ലേഖനങ്ങൾ

SGOU

പ്രസിദ്ധീകരിക്കപ്പെട്ടു. മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വിഷയങ്ങളെക്കുറിച്ച് സ്വന്തം സമുദായത്തെ ബോധവത്കരിക്കുന്നതിനായി ഇസ്ലാം, അൽ ഇസ്ലാം എന്നീ രണ്ട് മാസികകൾ വക്കം മൗലവി പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് മുസ്ലീം ദീപിക എന്ന മാസികയും അദ്ദേഹം പ്രസിദ്ധീകരിച്ചു. സ്വന്തം സമുദായത്തിലെ അനാചാരങ്ങളും അനിസ്ലാമികപ്രവർത്തനങ്ങളും പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതിന് തന്റെ പ്രസിദ്ധീകരണങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും അദ്ദേഹം ബോധവത്കരണം നടത്തി. വക്കം മൗലവി 1918-ൽ ഇസ്ലാം ധർമപരിപാലനസംഘം എന്ന സംഘടന രൂപീകരിച്ചു.

## 4.1.9 സഹോദരൻ കെ. അയ്യപ്പൻ

ശ്രീനാരായണഗുരുവിന്റെ മനുഷ്യദർശനത്തെ ശാസ്ത്രീയതയുടേയും യുക്തിചിന്തയുടേയും അടിസ്ഥാനത്തിൽ വിപുലീകരിച്ച് രാഷ്ട്രീയപ്രയോഗമാക്കി മാറ്റിയ സാമൂഹ്യപരിഷ്കർത്താവാണ് സഹോദരൻ അയ്യപ്പൻ. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന ശ്രീനാരായണ സന്ദേശത്തെ ഗുരുവിന്റെ അംഗീകാരത്തോടെ 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന് ഭേദഗതി ചെയ്തു. ജാതിമത ഭേദമന്യേ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് മിശ്രഭോജനം നടത്തിയും പുരോഗമനപരമായ നിരവധി ആശയങ്ങൾ സമൂഹത്തിൽ പ്രചരിപ്പിച്ചുകൊണ്ടും കേരളീയ നവോത്ഥാനത്തിന് ശക്തിപകർന്നു. 1917-ൽ ആരംഭിച്ച സഹോദരസംഘത്തിലൂടെ ജാതി നശീകരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജാതിക്കെതിരായി പറഞ്ഞുകൊണ്ടിരുന്നാൽ പോരാ അനുയായികളുടെ മനസിൽ നിന്ന് തന്നെ അത് നീക്കം ചെയ്യണം എന്ന നാരായണഗുരുവിന്റെ ഉപദേശപ്രകാരമാണ് സഹോദരൻ അയ്യപ്പൻ 'മിശ്രഭോജനം' എന്ന ആശയം മുന്നോട്ടുവയ്ക്കുന്നത്. 1917 മെയ് 29 ന് എല്ലാ മതസ്ഥരേയും ഒരുമിച്ചിരുത്തി മിശ്രഭോജനം നടത്താൻ അയ്യപ്പനും സുഹൃത്തുക്കളും തീരുമാനിച്ചു. വള്ളോൻ, ചാത്തൻ എന്നീ വിദ്യാർഥികളാണ് ഇതിൽ പങ്കെടുത്തത്. അതിന് ശേഷം ആളുകൾ അയ്യപ്പനെ 'പുലയനയ്യപ്പൻ' എന്ന് വിളിച്ചപ്പോൾ ഈ വിശേഷണം അദ്ദേഹം അഭിമാനത്തോടെ സ്വീകരിച്ചു. പുലയരോടൊപ്പം മിശ്രഭോജനത്തിൽ പങ്കെടുത്ത ഈഴവർക്ക് സമുദായം ഭ്രഷ്ട് കല്പിച്ചു. ഈഴവരുടെ സംഘടനയായ വിജ്ഞാനവർധിനിസഭയുടെ നേതാക്കൾ അയ്യപ്പനെ നാടുകടത്തണം എന്ന ആവശ്യവുമായി രാജാവിനെ സമീപിച്ചു. എന്നാൽ അയ്യപ്പന്റെ പുരോഗമനപരമായ ആശയങ്ങളെ പിന്തുണയ്ക്കാനാണ് രാജാവ് നിർദ്ദേശിച്ചത്.



### 4.1.9.1 സഹോദരസംഘം

1917-ൽ ജാതിനശീകരണം ലക്ഷ്യംവെച്ചുകൊണ്ട് സഹോദരസംഘം സ്ഥാപിക്കുകയും കേരളത്തിലങ്ങോളമിങ്ങോളം ശാഖകൾ ആരംഭിക്കുകയും ചെയ്തു. വിവിധ സ്ഥലങ്ങളിൽ പ്രഭാഷണങ്ങളും മിശ്രഭോജനവും ജാതിരാക്ഷസദഹനവും സംഘടിപ്പിച്ചു. അയ്യപ്പന്റെ പുരോഗമനപരമായ പ്രസംഗങ്ങൾ കേൾക്കാൻ എല്ലാ സ്ഥലത്തും വൻജനക്കൂട്ടം തടിച്ചുകൂടിയിരുന്നു. പലസ്ഥലത്തുനിന്നും യാഥാസ്ഥിതികരുടെ എതിർപ്പുകളും ക്രൂരമർദ്ദനങ്ങളും നേരിടേണ്ടിവന്നു. എന്നാൽ തന്നെ എതിർക്കുന്നവരേയും കാര്യം പറഞ്ഞു മനസ്സിലാക്കി അനുനയിപ്പിച്ചു നിർത്താൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

### 4.1.9.2 സഹോദരൻ പത്രം

1919-ൽ അദ്ദേഹം മട്ടാഞ്ചേരിയിൽ നിന്ന് സഹോദരൻ പത്രം പ്രസിദ്ധീകരിക്കാനാരംഭിച്ചു. പ്രസംഗം, കേൾക്കുന്ന സമയത്ത് മാത്രമേ ആളുകളിൽ സ്വാധീനം ചെലുത്തുകയുള്ളൂവെന്നും വ്യക്തികളുടെ ചിന്തയിൽ സ്ഥായിയായ മാറ്റങ്ങൾ ഉണ്ടാവണമെങ്കിൽ അത് പ്രസിദ്ധീകരണത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ എന്നും ഉള്ള തിരിച്ചറിവാണ് പത്രം തുടങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. സഹോദരസംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനാണ് പത്രം ആരംഭിച്ചതെങ്കിലും വിജ്ഞാനപ്രദവും രസകരവുമായ വിവിധവിഷയങ്ങൾ അതിൽ ഉൾപ്പെടുത്തിയിരുന്നു. കെടാമംഗലം പപ്പുക്കുട്ടി, ശങ്കരൻ കരിപ്പായി, വൈക്കം മുഹമ്മദ് ബഷീർ, പോഞ്ഞിക്കര റാഫി, ഇടമറുക് മുതലായവരുടെ ആദ്യകാല സൃഷ്ടികൾ സഹോദരൻ മാസികയിൽ പ്രസിദ്ധീകരിച്ചി

SGOU


ട്ടുണ്ട്. സോഷ്യലിസം, ജനാധിപത്യം, കമ്മ്യൂണിസം, ധനവിതരണം, വിപ്ലവം എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങളിൽ നിരവധി ലേഖനങ്ങൾ വിവിധ ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചു.

#### 4.1.9.3 ഗാന്ധിസവും കമ്മ്യൂണിസവും

സഹോദരൻ അയ്യപ്പൻ സാമൂഹ്യസേവനരംഗത്തിറങ്ങിയ കാലത്ത് മഹാത്മാഗാന്ധിയുടെ വ്യക്തിപ്രഭാവം ഇന്ത്യ മുഴുവൻ അലയടിച്ചു തുടങ്ങിയിരുന്നു. ഗാന്ധിസത്തിലെ പല കാര്യങ്ങളോടും എതിർപ്പ് പ്രകടിപ്പിച്ചപ്പോഴും വ്യക്തി എന്ന നിലയിൽ അദ്ദേഹം ഗാന്ധിയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. 1924-ലും 1934-ലും ഗാന്ധിജി കേരളം സന്ദർശിച്ചപ്പോൾ സഹോദരൻ അയ്യപ്പൻ അദ്ദേഹത്തെ കണ്ടിരുന്നു. വർണാശ്രമധർമം വിസ്മരിക്കാൻ നിവൃത്തിയില്ല എന്ന ഗാന്ധിജിയുടെ വാദത്തെ അയ്യപ്പൻ നിശിതമായി വിമർശിച്ചു. തന്റെ പത്രത്തിൽ ഗാന്ധിസത്തിലെ തനിക്ക് അനുകൂലിക്കാവുന്ന കാര്യത്തെ അനുകൂലിച്ചും എതിർക്കേണ്ട കാര്യങ്ങളെ എതിർത്തും നിരവധി ലേഖനങ്ങൾ അയ്യപ്പൻ എഴുതി. ഗാന്ധിജിയുടെ മതവിശ്വാസവും മതാത്മകശൈലിയും സ്വീകാര്യമായില്ലെങ്കിലും അക്രമരാഹിത്യം, ധാർമികബോധം, തുടങ്ങിയ മൂല്യങ്ങൾക്ക് സ്വന്തം കർമ്മങ്ങളിലൂടെ നൽകിയ ഊന്നൽ അദ്ദേഹം അംഗീകരിച്ചു. ഫ്രഞ്ച് വിപ്ലവത്തിന്റേയും റഷ്യൻ വിപ്ലവത്തിന്റേയും ആശയങ്ങൾ അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു.

### 4.1.10 വി. ടി. ഭട്ടതിരിപ്പാട്

കേരള നവോത്ഥാനനായകരിൽ ഏറ്റവും കരുത്തനായ ബഹുമുഖപ്രതിഭയാണ് വി.ടി. ഭട്ടതിരിപ്പാട്. കുടുമയും പൂണൂലും മനുഷ്യമനസുകളിൽ അന്ധകാരം നിറച്ചപ്പോൾ, സ്ത്രീകളെ അടുക്കളയിൽ തളച്ചിട്ടപ്പോൾ അതിനെതിരെ മുഴങ്ങിയ ധീരശബ്ദമായിരുന്നു വി.ടി. യുടേത്. സ്വന്തം സമുദായത്തിന്റെ അടിമുടിയുള്ള പരിഷ്കരണങ്ങൾക്കാവശ്യമായ നിരവധി പ്രയോഗമാതൃകകൾ വി.ടി തുറന്നിട്ടു. മറക്കുട തല്ലിത്തകർത്ത് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരാൻ സ്ത്രീകളോട് ആഹ്വാനം ചെയ്തു. ലഘുലേഖകളിലൂടെയും പ്രസംഗങ്ങളിലൂടെയും നാടകങ്ങളിലൂടെയും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രചാരണം നടത്തി. 'അമ്പലങ്ങൾക്ക് തീക്കൊളുത്തുക' പോലുള്ള ലേഖനങ്ങൾ ജനങ്ങളിൽ ആവേശം വളർത്തി. ഈ ലേഖനത്തിന്റെ പേരിൽ ശിക്ഷ ഏറ്റുവാങ്ങിയിട്ടുണ്ട്. ദരിദ്രമായ ഒരില്ലത്താണ് ബാല്യകാലം ചെലവഴിച്ചത്. വേദപഠനത്തിന് ശേഷം നിവൃത്തികേടുകൊണ്ട് ശാന്തിക്കാരനായി ജോലി ചെയ്യേണ്ടിവന്നു. ഒരു തീയ്യപ്പെൺകുട്ടിയിൽ നിന്ന് അക്ഷരാഭ്യാസം നേടിയതോടെ വായിക്കാനും അറിവുനേടാനുമുള്ള ആഗ്രഹം വർധിച്ചു. അതിനുശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകയും വായന വിപുലീകരിക്കുകയും ചെയ്തു. ലഘുലേഖകളിലൂടെയും പ്രസംഗങ്ങളിലൂടെയും നാടകാവതരണങ്ങളിലൂടെയും നമ്പൂതിരി സമുദായത്തിലെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. യാചനായാത്ര, വിധവാവിവാഹം, ഘോഷാബഹിഷ്കരണം എന്നിങ്ങനെ ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെ ആധുനികകേരളത്തിന് അടിത്തറ പാകാൻ വി.ടി ക്ക് സാധിച്ചു.



#### 4.1.10.1 സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ

ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ സമുദായങ്ങൾക്കുള്ളിൽ നടന്ന നവീകരണ പ്രവർത്തനങ്ങൾ യുവാവായിരുന്ന വി.ടി യെ ആകർഷിച്ചു. തന്റെ സമുദായത്തിലും ഇത്തരം പ്രവർത്തനങ്ങൾ ആരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന സത്യം അദ്ദേഹം മനസ്സിലാക്കി. യുവാക്കളെ ബോധവത്കരിച്ചു കൊണ്ടുമാത്രമേ യാഥാസ്ഥിതികരെ നിലയ്ക്കു നിർത്താൻ സാധിക്കൂ എന്ന് മനസ്സിലാക്കിയ വി.ടി യുവജനസംഘം രൂപീകരിച്ചു. യോഗക്ഷേമ സഭയിൽ നിന്ന് വ്യത്യസ്തമായി സമുദായത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാക്കാനും നമ്പൂതിരിസമുദായത്തെ മറ്റ് സമുദായങ്ങളോട് ചേർത്തുനിർത്താനുമാണ് യുവജനസംഘം ശ്രമിച്ചത്. ഭട്ടതിരിപ്പാട് വിദ്യാലയത്തിലെ പാവപ്പെട്ട നമ്പൂതിരി വിദ്യാർഥികളുടെ പഠനത്തിന് ധനം സമ്പാദിക്കാൻ വേണ്ടിയാണ് യാചനായാത്ര സംഘടിപ്പിച്ചത്. 1931 ഏപ്രിൽ 5 ന് ആരംഭിച്ച യാത്ര 37 ദിവസം കൊണ്ട് കേരളത്തിലെ വിവിധ

SGOU

പ്രദേശങ്ങളിലൂടെ സഞ്ചരിച്ചു. നമ്പൂതിരി സമുദായത്തിലും ദരിദ്രരുണ്ടെന്നു മനസ്സിലാക്കാനും സമുദായ മനസാക്ഷിയെ തൊട്ടുണർത്താനും ഈ യാത്ര കൊണ്ട് സാധിച്ചു.

#### 4.1.10.2 സ്ത്രീ വിമോചനം

സ്വന്തം കുടുംബത്തിലെ സ്ത്രീകളുടെ ദുരിതങ്ങൾ കണ്ടപ്പോഴാണ് ജാതിയിൽ ഉയർന്നതായിട്ടും സ്വന്തം സമുദായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് വി.ടി ഭട്ടതിരിപ്പാട് മനസ്സിലാക്കിയത്. രഹസ്യമായി വിതരണം ചെയ്ത ലഘുലേഖകളിലൂടെ മറക്കുടകൾ തല്ലിത്തകർത്ത് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരാൻ നമ്പൂതിരിസ്ത്രീകളോട് അദ്ദേഹം ആഹ്വാനം ചെയ്തു. വിവാഹക്കാര്യത്തിൽ സ്ത്രീകളുടെ അഭിപ്രായം മാനിക്കണമെന്നും എല്ലാ പെൺകുട്ടികൾക്കും സാമാന്യവിദ്യാഭ്യാസം നല്കണമെന്നും വി.ടി നിർദ്ദേശിച്ചു. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം അവതരിപ്പിച്ചതോടെ സ്ത്രീകൾ തങ്ങളുടെ ദുരവസ്ഥയെക്കുറിച്ച് ബോധവതികളാവുകയും സ്വാതന്ത്ര്യബോധമുള്ളവരാവുകയും ചെയ്തു.

#### 4.1.10.3 അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

1929 ഡിസംബർ 24 ന് തൃശൂർ എടക്കുനിയിലെ വടക്കിനിയേടത്ത് ഇല്ലത്ത് യോഗക്ഷേമസഭയുടെ വാർഷികസമ്മേളനത്തിലാണ് ആദ്യമായി 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകം അവതരിപ്പിച്ചത്. ഒറ്റ രാത്രിയിലെ അഭിനയം കൊണ്ട് തന്നെ സമൂഹത്തിൽ പരിവർത്തനം വരുത്താൻ ആ നാടകത്തിന് സാധിച്ചു. അവതരിപ്പിച്ച സ്ഥലങ്ങളിലെല്ലാം എതിർപ്പുകളുണ്ടായെങ്കിലും സ്ത്രീകളുടെ ഭാഗത്തുനിന്ന് നല്ല പിന്തുണയാണ് കിട്ടിയത്. ചില സ്ത്രീകൾ അവരുടെ ഓട്ടുവളകൾ അഴിച്ച് നാടകസംഘത്തിന് നല്കി. അന്ധവിശ്വാസങ്ങൾ വലിച്ചെറിഞ്ഞ് ഉന്നതവിദ്യാഭ്യാസം നേടിയ പുരോഗമനവാദിയായ മാധവനും അയാളെ പ്രണയിക്കുന്ന ബാല്യകാലസഖിയായ ദേവകിയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. ദുരാചാരങ്ങളുടെ ചങ്ങലയിൽ വീർപ്പുമുട്ടിയ നമ്പൂതിരി സമുദായത്തിന്റെ കോട്ട തകർക്കുവാനുള്ള ആദ്യത്തെ ആറ്റംബോംബ് എന്നാണ് ഈ നാടകം വിശേഷിക്കപ്പെട്ടത്. ഈ നാടകം കണ്ട നമ്പൂതിരിസ്ത്രീകൾ മറക്കുടകൾ ബഹിഷ്കരിക്കുകയും തങ്ങൾക്കിഷ്ടമല്ലാത്ത വിവാഹത്തിന് വിസമ്മതിക്കുകയും പൊതുസ്ഥലങ്ങളിൽ ബ്ലൗസ് ധരിക്കുകയും പൊതുവേദികളിൽ മടികൂടാതെ പ്രസംഗിക്കുകയും ചെയ്തു.

#### 4.1.10.4 വിധവാവിവാഹം

ചെറുപ്രായത്തിലുള്ള പെൺകുട്ടികളെ വൃദ്ധന്മാർക്ക് (കുടുംബത്തിന്റെ മൂത്തനമ്പൂതിരിക്ക്) വിവാഹം (വേളി) കഴിച്ചുകൊടുക്കുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. വൃദ്ധരായ ഭർത്താക്കന്മാർ മരിച്ചാൽ ഈ പെൺകുട്ടികൾ ജീവിതകാലം മുഴുവൻ ഇരുട്ടുമുറിയിൽ ആരുടേയും കണ്ണിൽപ്പെടാതെ ജീവിതം കഴിച്ചുകൂട്ടണമായിരുന്നു. അപ്ഫന്മാർ നായർസംബന്ധ വിവാഹവും നടത്തിയിരുന്നു. വി. ടി. യുടെ നേതൃത്വത്തിൽ യുവാക്കൾ രണ്ടുരീതിയിലാണ് ഇതിനോട് പ്രതികരിച്ചത്. വിവാഹം കഴിക്കാൻ വരുന്ന വൃദ്ധബ്രാഹ്മണരെ തടയുകയും അവരെ കായികമായി നേരിടുകയും ചെയ്തു. യുവാക്കളോട് വിധവകളെ വിവാഹം കഴിക്കാനാവശ്യപ്പെടുകയും ചെയ്തു. സംബന്ധ വിവാഹവും നിർത്തലാക്കി. വി.ടി യുടെ കാർമികത്വത്തിൽ 1934 സെപ്തംബർ 13 ന് നമ്പൂതിരി സമുദായത്തിലെ ആദ്യവിധവാവിവാഹം നടന്നു. വി.ടി യുടെ ഭാര്യാസഹോദരിയും വിധവയുമായ ഉമാദേവി അന്തർജനത്തെ മുല്ലമംഗലത്ത് രാമൻ ഭട്ടതിരി (എം. ആർ. ബി) വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ അനുജൻ പ്രേംജിയും വിധവാവിവാഹത്തിന് തയ്യാറായി. പിന്നീട് ധാരാളം നമ്പൂതിരി യുവാക്കൾ സധൈര്യം വിധവകളെ വിവാഹം കഴിക്കാൻ തയ്യാറായി.

#### 4.1.10.5 ഘോഷാ ബഹിഷ്കരണം

അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിന്റെ ആവേശത്തിൽ നമ്പൂതിരി സ്ത്രീകൾ പൊതുവേദികളിലേക്ക് വരാനും വിവിധ പ്രദേശങ്ങളിൽ സ്ത്രീകളുടെ യോഗങ്ങൾ വിളിച്ചു ചേർക്കാനും തയ്യാറായി. ഘോഷ(മറക്കുട) യുമായി യാത്ര ചെയ്യുന്നത് അവസാനിപ്പിക്കണമെന്നും ബ്ലൗസ് ധരിക്കണമെന്നും അത്തരം യോഗങ്ങളിൽ ആഹ്വാനം ചെയ്തു. പാർവ്വതി നെന്മേനിമംഗലം, ആര്യാ പള്ളം എന്നീ സ്ത്രീകളാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

SGOU

### 4.1.11 ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ

കേരളനവോത്ഥാന ധാരയിൽ വിപ്ലവകരമായ പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ച വ്യക്തിയാണ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ. അദ്ദേഹത്തിന്റെ പ്രാർഥനകൾ എന്നും അപത്നു വേണ്ടിയായിരുന്നു. തൊഴിലാളികളുടെ ജോലി സമയത്തിന് കൃത്യത വരുത്തണമെന്ന് അദ്ദേഹം വാദിച്ചു. ഊഴിയമെന്ന കൂലിയില്ലാത്ത വേലയ്ക്ക് അറുതി വരുത്തി. സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കാൻ ബോധവത്കരണപ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങി. മാന്നാനത്ത് അച്ചടിശാല സ്ഥാപിച്ചു. വിവിധസ്ഥലങ്ങളിൽ ഗ്രന്ഥശാലകൾ സ്ഥാപിച്ച് വായനയുടെ പ്രാധാന്യത്തെക്കുറിച്ച് യുവജനങ്ങളെ ബോധ്യപ്പെടുത്തി. മലയാളസാഹിത്യത്തിന് നിരവധി കൃതികൾ സമ്മാനിച്ചു.



#### 4.1.11.1 സാമൂഹ്യവിദ്യാഭ്യാസപ്രവർത്തനങ്ങൾ

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തിവാണകാലത്ത് അധഃസ്ഥിതവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാൻ നിരവധി പദ്ധതികൾ ചാവറയച്ചൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ശരിയായ വിദ്യാഭ്യാസം ലഭിക്കുന്നതിലൂടെ മാത്രമേ സമൂഹത്തിൽ കാതലായ മാറ്റം സംഭവിക്കുകയുള്ളൂവെന്ന് അദ്ദേഹം മനസ്സിലാക്കി. ഇടവക തോറും പള്ളിക്കൂടം സ്ഥാപിച്ച് കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ദലിത് വിഭാഗക്കാർക്ക് വഴി നടക്കാൻ പോലും സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്ത് ചാവറയച്ചൻ സ്ഥാപിച്ച സ്കൂളുകളിൽ ദലിത് കുട്ടികൾക്ക് പ്രവേശനം നൽകുകയും അവർക്ക് ഉച്ചഭക്ഷണം, പാഠപുസ്തകം, വസ്ത്രം എന്നിവ സൗജന്യമായി നൽകുകയും ചെയ്തു. വീടുകളിൽ നിന്ന് പിടിയരി സംഭാവന സ്വീകരിച്ചും ധർമ്മഭിക്ഷയെടുത്തുമാണ് അദ്ദേഹം ഇതിനുവേണ്ട പണം കണ്ടെത്തിയത്. സംസ്കൃത പഠനം സവർണരുടെ മാത്രം കുത്തകയായിരുന്ന കാലത്ത് എല്ലാ ജാതിമതക്കാർക്കും സംസ്കൃതം പഠിക്കാനായി 1846-ൽ മാന്നാനത്ത് സംസ്കൃത സ്കൂൾ സ്ഥാപിച്ചു. ദലിത് വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ താല്പര്യമുണ്ടാക്കണമെങ്കിൽ ഏതെങ്കിലും തൊഴിൽ കൂടി പരിശീലിപ്പിക്കണമെന്ന് അദ്ദേഹം മനസ്സിലാക്കി. ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസ പദ്ധതിയുടെ മാതൃകയിൽ വിദ്യാലയത്തിൽ തയ്യൽ, കൊട്ടനെയ്ത്ത്, പായനെയ്ത്ത് എന്നിവ പരിശീലിപ്പിച്ചു. കേരളത്തിലെ ആധുനിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പിതാവ് ചാവറയച്ചനാണെന്ന് പറയാം.

### 4.1.12 ശ്രീനാരായണഗുരുവും മഹാത്മാ ഗാന്ധിയും

ഇന്ത്യയുടെ സാമൂഹികാവസ്ഥ കൂടുതൽ ജീർണിച്ച കാലത്താണ് 1925-ൽ ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും ശിവഗിരിയിൽ വച്ച് കണ്ടുമുട്ടുന്നത്. എ.കെ ഗോവിന്ദദാസ് എന്ന വ്യക്തിയുടെ ഗാന്ധ്യാശ്രമം എന്ന ഭവനത്തിൽവെച്ചാണ് കൂടിക്കാഴ്ച നടന്നത്. ഗാന്ധിജിയെ കാണുന്നതിന് വേണ്ടി ധാരാളമാളുകൾ റോഡിന്റെ ഇരുവശങ്ങളിലും തടിച്ചുകൂടിയിരുന്നു. സന്ദർശനത്തിന് തീരുമാനിച്ച സമയമായ മൂന്നര മണിക്ക് തന്നെ ഗാന്ധിജി ആശ്രമത്തിൽ എത്തിച്ചേർന്നു. കൂടെ സി. രാജഗോപാലാചാരി ഉണ്ടായിരുന്നു. പിന്നാലെ ഗാന്ധിജി പ്രസരിപ്പാർന്ന മന്ദസ്മിതത്തോടെ പുറത്തിറങ്ങി. അവിടെ കൂടിയ ജനങ്ങളുടെ അഭിവാദനങ്ങൾ കൂപ്പുകൈയോടെ സ്വീകരിച്ച് അദ്ദേഹം ഗാന്ധ്യാശ്രമത്തിന്റെ പൂമുഖത്തേക്ക് നടന്നു. ശ്രീനാരായണഗുരു ഗാന്ധിജിയെ സ്വീകരിച്ചു. ശ്രീനാരായണഗുരുവിന് ഇംഗ്ലീഷ് ഭാഷ അറിയാത്തതിനാൽ കോട്ടയം ജഡ്ജിയായിരുന്ന എൻ. കുമാരനാണ് ദ്വിഭാഷിയായത്.

'സംഭാഷണമധ്യേ മനുഷ്യരിൽ പലജാതികൾ ഉണ്ടാകുന്നത് പ്രകൃത്യനുസരണമായിട്ടല്ലേ എന്ന് ഗാന്ധിജി ചോദിക്കുന്നുണ്ട്. ഉദാഹരണമായി ഒരേ വൃക്ഷത്തിലെ ഇലകളെല്ലാം ഒരേ പോലെയല്ലല്ലോ എന്നും അദ്ദേഹം പറഞ്ഞു. ഇതിന് മറുപടിയായി ഉപരിപ്ലവമായ വീക്ഷണത്തിൽ മാത്രമേ അങ്ങനെ തോന്നൂ എന്നും എല്ലാ ഇല

കളുടേയും ചാറിന് ഒരേ ഗുണമായിരിക്കുമെന്ന് ശ്രീനാരായണഗുരു ചൂണ്ടിക്കാട്ടി. അതുപോലെ ഭിന്നജാതികളിൽപ്പെവരാണെന്നു തോന്നിയാലും മനുഷ്യരെല്ലാം മൗലികമായി ഒരേ സത്തയുടെ ആവിഷ്കാരങ്ങളാണെന്ന് സ്വാമി വിശദീകരിക്കുകയും ചെയ്തു. ആ യുക്തി തനിക്ക് നല്ല ബോധ്യമായെന്ന് ഗാന്ധിജി സമ്മതിക്കുകയുണ്ടായി. അവിടെ വൈദികമഠത്തിലായിരുന്നു ഗാന്ധിജി വിശ്രമിച്ചത്. ശാരദാമഠത്തിലെ സന്ധ്യാവന്ദനസമയത്ത് ശ്രീനാരായണഗുരു രചിച്ച പ്രാർഥനദലിത് കുട്ടികൾ പാടിയപ്പോൾ ഗാന്ധിജി വളരെ സന്തോഷിച്ചു. ശ്രീനാരായണഗുരുവിന്റെ മഹത്വത്തെപ്പറ്റിയും ഖദർ ധരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സംസാരിച്ചു. ആചാരോപചാര

### ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും തമ്മിലുള്ള സംഭാഷണം

മഹാത്മജി : ഹിന്ദുക്കളുടെ പ്രമാണഗ്രന്ഥങ്ങളിൽ അയിത്താചാരം വിധിച്ചിട്ടുള്ളതായി സ്വാമിജിക്കറിവുണ്ടോ?

സ്വാമികൾ : ഇല്ല

മഹാത്മജി : അയിത്തം ഇല്ലാതാക്കാൻ വൈക്കത്ത് നടക്കുന്ന സത്യാഗ്രഹ പ്രസ്ഥാനത്തിൽ സ്വാമിജിക്ക് ഭിന്നാഭിപ്രായമുണ്ടോ?

സ്വാമികൾ : ഇല്ല

മഹാത്മജി : ആ പ്രസ്ഥാനത്തിൽ കൂടുതലായി വല്ലതും ചേർക്കണമെന്നോ വല്ല മാറ്റവും വരുത്തേണമെന്നോ അഭിപ്രായമുണ്ടോ

സ്വാമികൾ : ഇല്ല, അതു ശരിയായി നടക്കുന്നുണ്ടെന്നാണ് അറിവ്. അതിൽ മാറ്റം വല്ലതും വരുത്തേണമെന്ന് അഭിപ്രായമില്ല.

മഹാത്മജി : അധഃകൃതവർഗക്കാരുടെ അവശതകൾ തീർക്കുന്നതിന് അയിത്തോച്ചാടനത്തിന് പുറമേ മറെറന്തെല്ലാം വേണമെന്നാണ് സ്വാമിജിയുടെ അഭിപ്രായം.

സ്വാമികൾ : അവർക്കു വിദ്യാഭ്യാസവും ധനവും ഉണ്ടാകണം. മിശ്രഭോജനമോ മിശ്രവിവാഹമോ വേണമെന്ന് പക്ഷമില്ല. നന്നാവാനുള്ള സൗകര്യം എല്ലാവരേയും പോലെ അവർക്കുമുണ്ടാകണം.

മഹാത്മജി : ആധ്യാത്മികമായ മോക്ഷലാഭത്തിന് ഹിന്ദുമതം മതിയാകുമെന്ന് സ്വാമിജി വിചാരിക്കുന്നുണ്ടോ

സ്വാമികൾ : അന്യമതങ്ങളിലും മോക്ഷമാർഗം ഉണ്ടല്ലോ. ആധ്യാത്മികമായ മോക്ഷലാഭത്തിന് ഹിന്ദുമതം ധാരാളം പര്യാപ്തം തന്നെ. ലൗകികമായ സ്വാതന്ത്ര്യത്തെയാണല്ലോ ജനങ്ങൾ അധികം ഇച്ഛിക്കുന്നത്.

മഹാത്മജി : അതു സഫലമാകാതെ വരില്ല

സ്വാമികൾ : അതിന്റെ രൂഢമൂലത ഓർത്താൽ പൂർണ്ണഫലപ്രാപ്തിക്ക് മഹാത്മജി വീണ്ടും അവതരിക്കേണ്ടി വരും.

മഹാത്മജി : എന്റെ ആയുഷ്കാലത്ത് തന്നെ അതു സഫലമാകുമെന്നാണ് എന്റെ വിശ്വാസം. അധഃകൃതവർഗക്കാരിൽ തന്നെ അയിത്താചാരമുണ്ടല്ലോ. സ്വാമിജിയുടെ ക്ഷേത്രങ്ങളിൽ എല്ലാവർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ടോ

സ്വാമികൾ : എല്ലാവർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. പുലയസമുദായത്തിലേയും പറയസമുദായത്തിലേയും കുട്ടികൾ മററുള്ളവരോടൊപ്പം ശിവഗിരിയിൽ താമസിച്ചു പഠിച്ചുവരുന്നു. മററുള്ളവരുമൊത്ത് അവർ ആരാധനകളിൽ സംബന്ധിക്കുകയും ചെയ്യുന്നു.

മഹാത്മജി : വളരെ സന്തോഷം

SGOU

ങ്ങൾ ചെയ്ത് ഗാന്ധിജി ശിവഗിരിയിൽ നിന്ന് യാത്രയായി. ഇനിയും പലപ്രാവശ്യം കാണാമല്ലോ എന്ന് നാരായണഗുരു ഗാന്ധിജിയോട് പറഞ്ഞു.

## 4.1.13 ശ്രീനാരായണഗുരുവും രവീന്ദ്രനാഥ ടാഗോറും

1922 നവംബർ 22-നാണ് രവീന്ദ്രനാഥ ടാഗോർ ശിവഗിരിയിലെത്തിയത്. ആദ്യമായി കേരളത്തിലെത്തുന്ന രവീന്ദ്രനാഥ ടാഗോറിനെ കാണാൻ കേരളത്തിലെ നാനാപ്രദേശങ്ങളിൽനിന്നും ആയിരക്കണക്കിനാളുകൾ ശിവഗിരിയിലെത്തിയിരുന്നു. ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായ ഡോ. പല്പുവിന്റെ ക്ഷണമനുസരിച്ചാണ് ടാഗോറും അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ആൻഡ്രൂസും തിരുവനന്തപുരത്തുനിന്നും കൊല്ലത്തേക്ക് മടങ്ങുന്ന വഴി ശിവഗിരിയിലെത്തിയത്. ഡോ. പല്പു അന്നത്തെ അവസ്ഥയെപ്പറ്റിയും പിന്നാക്കജാതിക്കാർ ഹിന്ദു ഗവൺമെന്റിന് കീഴിൽ അനുഭവിക്കുന്ന കഷ്ടതകളെപ്പറ്റിയും എഴുതിയുണ്ടാക്കിയ പ്രബന്ധം മഹാകവിയെ വായിച്ചു കേൾപ്പിച്ചു. തുടർന്ന് ഘോഷയാത്രയായി രവീന്ദ്രനാഥടാഗോറിനെ നാരായണഗുരുവിന് സമീപത്തേക്ക് കൊണ്ടുപോയി. ഗുരു ഒരു അടച്ചിട്ട മുറിയിൽ ധ്യാനത്തിലായിരുന്നു. രവീന്ദ്രനാഥ ടാഗോർ വരാന്തയിൽ കയറിയ അതേ സമയത്ത് ഗുരു മുറിയിൽ നിന്ന് പുറത്തിറങ്ങി മഹാകവിയെ വരവേറ്റു. ഗുരുവിനെ കണ്ടയുടൻ തന്നെ ടാഗോർ അദ്ദേഹത്തെ നമസ്കരിച്ചു. തുടർന്ന് അവർ സംഭാഷണം ആരംഭിച്ചു.

അവിടത്തെ ദർശിച്ച മാത്രയിൽ എന്റെ ഹൃദയത്തിനൊരു മാറ്റമുണ്ടായി എന്നുപറഞ്ഞാണ് ടാഗോർ സംഭാഷണം തുടങ്ങിയത്. അരമണിക്കൂർ നേരം ഇരുവരും സമൂഹത്തിലെ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. അധഃകൃത വർഗക്കാരെ ഉദ്ധരിക്കുന്നതിനായി ശ്രീനാരായണ ഗുരു ചെയ്യുന്ന ശ്രമങ്ങളെപ്പറ്റി താൻ ഏറെ കേട്ടിട്ടുണ്ടെന്നും അതു വളരെ സന്തോഷകരമായിരിക്കുന്നുവെന്നും മഹാകവി പറയുകയുണ്ടായി. അങ്ങനെ പറയത്തക്കവിധത്തിൽ താനൊന്നും ചെയ്തിട്ടില്ലെന്നും മനുഷ്യർ പരസ്പരം സ്നേഹത്തോടെ വർത്തിക്കുന്നത് കാണുന്നതിന് അതിയായ ആശയുണ്ടെന്നും ശ്രീനാരായണ ഗുരു മറുപടി പറഞ്ഞു. സ്വാമി ജനങ്ങളുടെ കണ്ണ് തെളിയിച്ചു കൊടുക്കണം എന്ന് ടാഗോർ പറഞ്ഞപ്പോൾ അവരുടെ കണ്ണ് തുറന്നുതന്നെയാണിരിക്കുന്നതെന്നും എന്നിട്ടും അവർക്ക് കാണാൻ കഴിയുന്നില്ലെന്നുമാണ് ഗുരു പറഞ്ഞത്.

മഹാകവിയും ആൻഡ്രൂസും പല്ലക്കിൽ തന്നെ ശിവഗിരിയിലെ എല്ലാ സ്ഥലങ്ങളും സന്ദർശിച്ച ശേഷം അവിടെനിന്നും യാത്ര പുറപ്പെട്ടു. അത്യന്തം ആഹ്ലാദചിത്തനായാണ് രവീന്ദ്രനാഥടാഗോർ ശ്രീനാരായണഗുരുവിനോട് യാത്രപറഞ്ഞത്. ഞാൻ ദൈവത്തെ മനുഷ്യരൂപത്തിൽ കണ്ടു എന്നാണ് ആൻഡ്രൂസ് ഈ സന്ദർശനത്തെക്കുറിച്ച് പത്രലേഖകരോട് അഭിപ്രായപ്പെട്ടത്. ശിവഗിരിയിലെ സന്ദർശക ഡയറിയിൽ ടാഗോർ ഇങ്ങനെ കുറിച്ചിട്ടു. "ശ്രീനാരായണഗുരുസ്വാമിയേക്കാൾ മികച്ചതോ അദ്ദേഹത്തോട് തുല്യനോ ആയ ഒരു മഹാപുരുഷനേയും എനിക്കിന്നേവരെ കാണാൻ സാധിച്ചിട്ടില്ല. അനന്തതയിലേക്ക് നീളുന്ന അദ്ദേഹത്തിന്റെ യോഗനയനങ്ങളും ഈശ്വരചൈതന്യം തുളുമ്പുന്ന മുഖതേജസ്സും മറ്റ് വൈശിഷ്ട്യങ്ങളും അവിസ്മരണീയമാണ്."

## 4.1.14 ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ

കേരളം ലോകത്തിന് സമ്മാനിച്ച ജീവിതദർശനമായിരുന്നു ശ്രീനാരായണ ഗുരുവിന്റെ പ്രബോധനങ്ങൾ. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന മുദ്രാവാക്യം ജാതിനിർണയം എന്ന പദ്യത്തിലെ ഒരു വരിയാണ്. ഇവിടെ ഗുരു ഉദ്ദേശിക്കുന്ന ജാതിയും മതവും ഈഴവജാതിയോ ഹിന്ദുമതമോ അല്ല. മനുഷ്യമതത്തെക്കുറിച്ചാണ് ഗുരു സംസാരിച്ചത്. ഇന്ത്യയിലെ മറ്റ് സന്യാസിമാർ സ്വന്തം മതത്തെക്കുറിച്ച് പാടിപ്പുകഴ്ത്തിയപ്പോൾ ഗുരു സ്വന്തം മതത്തെക്കുറിച്ച് ഒരക്ഷരം മിണ്ടാതെ എല്ലാ മതങ്ങളുടെയും മഹത്തായ ആശയങ്ങൾ ഒന്നുചേരുന്ന മനുഷ്യമതത്തെക്കുറിച്ചാണ് സംസാരിച്ചത്. എല്ലാ മതങ്ങളുടേയും ഉദ്ദേശ്യം ഒന്നുതന്നെയാണെന്നും നദികൾ സമുദ്രത്തിൽ ചേർന്നാൽ തിരക്കുഴിയെന്നോ നടുക്കടലെന്നോ വ്യത്യാസമുണ്ടോ എന്നുമാണ് ഗുരു ചോദിച്ചത്.

'പലമതസാരവുമേകമെന്നുപാരാ

തുലകിലൊരാനയിലന്ധരെന്ന പോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ
രലവതു കണ്ടലയാതമർന്നിടേണം' -
എന്നും ഗുരു പാടിയിട്ടുണ്ട്.

ഈ ഏകമതവീക്ഷണമാണ് അദ്വൈതാശ്രമത്തിൽ സർവമതസമ്മേളനം വിളിച്ചുചേർക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. മതം വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണെന്നാണ് ആ സമ്മേളനകവാടത്തിൽ ഗുരു എഴുതിവെച്ചത്. ജാതിമതവിഭാഗീയതകളില്ലാത്ത ഒരു മനുഷ്യവർഗമാണ് ഭൂമിയിൽ ഉണ്ടാകേണ്ടതെന്ന് ഗുരു ആഗ്രഹിച്ചു. മനുഷ്യനാണ് മാനദണ്ഡം എന്ന പ്രോട്ട ഗോറസിന്റെ പ്രഖ്യാപനം തന്നെയാണ് മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന പ്രഖ്യാപനത്തിലുള്ളത്. ഈ സന്ദേശത്തിൽ മതവിശ്വാസം കൊണ്ടല്ല ഒരാൾ നന്നാകുന്നതെന്ന പരമാർഥമാണ് ഉൾക്കൊള്ളുന്നത്. ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത് എന്നും ഗുരു ജനങ്ങളോട് ആഹ്വാനം ചെയ്തു.

അരുവിപ്പുറം പ്രതിഷ്ഠ നടത്തുന്നതിന് തൊട്ടുമുമ്പ് ശ്രീനാരായണഗുരു തന്റെ പ്രഥമശിഷ്യനായ അയ്യപ്പൻപിള്ളയെക്കൊണ്ട്

"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്"

എന്ന സന്ദേശം ആലേഖനം ചെയ്യിച്ചു. ഈ അക്ഷരങ്ങളിൽ അടങ്ങിയിരിക്കുന്നത് ശ്രീനാരായണഗുരുവിന്റെ വിശ്വദർശനമാണ്. സാധാരണ ഗതിയിൽ ദീർഘമായ ഉപന്യാസങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും മാത്രം ജനങ്ങൾക്ക് പകരാൻ കഴിയുന്ന വലിയ ഒരാശയം ഈ ചുരുക്കം വാക്കുകളിലൂടെ ജനങ്ങളിലെത്തിക്കാൻ ഗുരുവിന് സാധിച്ചു. അദ്ദേഹത്തിന്റെ നവലോകദർശനത്തിന്റെ വ്യാപ്തി വളരെ വലുതാണ്. സമൂഹത്തിലെ എല്ലാ വിഭാഗീയതകളും മാനവീയതക്ക് വിരുദ്ധമാണെന്നും പുരോഗതിക്ക് തടസമാണെന്നും ഗുരു പറഞ്ഞു. അശാന്തിയുടെ ഉറവകളായ ഇത്തരം വിഭാഗീയതകളെ സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്ത് സ്നേഹവും സമത്വവും സാഹോദര്യവും പരിപോഷിപ്പിക്കുന്നതിനാണ് ഇത്തരം സന്ദേശങ്ങൾ അദ്ദേഹം സമൂഹത്തിന് നൽകിയത്. സോദരത്വേന എന്ന ശ്രീനാരായണ ഗുരുവിന്റെ വാക്കിന്റെ ബലമാണ് കേരളം പിൽക്കാലത്ത് നേടിയ എല്ലാ നേട്ടങ്ങളുടേയും ആധാരശിലയായി തീർന്നത്. നാനാതരം പരിമിതികൾക്കിടയിലും കേരളത്തെ മറ്റ് പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് ഈ സാഹോദര്യഭാവന തന്നെയാണ്.

## 4.1.15 ശ്രീനാരായണശിഷ്യപരമ്പര

### 4.1.15.1 ഡോ. പല്പു

ശ്രീനാരായണഗുരുവിന്റെ വലംകൈയായി നിന്നുകൊണ്ട് ശ്രീനാരായണധർമപരിപാലന യോഗത്തിന് രൂപം നൽകിയ വ്യക്തിയാണ് ഡോ. പല്പു. ഈഴവ സമുദായത്തിൽപ്പെട്ടയാളായതിനാൽ തിരുവിതാംകൂറിൽ അദ്ദേഹത്തിന് സർക്കാർ ജോലി നിഷേധിക്കപ്പെട്ടു. ഇതിനെ തുടർന്നാണ് അദ്ദേഹം സ്വന്തം സമുദായത്തിന്റെ ദുരവസ്ഥയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും സാമുദായികപരിഷ്കരണ പ്രവർത്തനങ്ങൾക്കായി ഇറങ്ങിത്തിരിക്കുകയും ചെയ്യുന്നത്. തിരുവനന്തപുരം ജില്ലയിലെ പേട്ടയിലാണ് ഇദ്ദേഹം ജനിച്ചത്. തിരുവിതാംകൂർ സർക്കാർ വൈദ്യശാസ്ത്ര പരിശീലനത്തിനായി നടത്തിയ പരീക്ഷയിൽ നാലാമനായി എത്തിയെങ്കിലും ജാതിയുടെ പേരിൽ ഒഴിവാക്കപ്പെട്ടു. എങ്കിലും നിരാശനാകാതെ മദ്രാസ് മെഡിക്കൽ കോളേജിൽ ചേർന്ന് പഠനം പൂർത്തിയാക്കി. തിരുവിതാംകൂർ സർക്കാരിന് കീഴിൽ ജോലിക്കപേക്ഷിച്ചെങ്കിലും ജാതീയമായ കാരണങ്ങളാൽ ജോലി നിഷേധിച്ചു. തുടർന്ന് മൈസൂർ സർക്കാരിന് കീഴിൽ ജോലി നോക്കി.



1890-ൽ മൈസൂരിൽ ജോലി ചെയ്യുന്ന സമയത്ത് ഡോ. പല്പു തന്റെ സമുദായത്തിന്റെയും സഹോദരസമുദായങ്ങളുടേയും അവശതകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും തിരുവിതാംകൂർ ഗവൺമെന്റിനും മദിരാശി ഗവൺമെന്റിനും ഹർജികളും നിവേദനങ്ങളും അയക്കാൻ തുടങ്ങി. പൊതുസ്ഥലത്ത് നടക്കാൻ പാടില്ലാതെയും പള്ളിക്കൂടത്തിൽ പ്രവേശനമില്ലാതെയും സർക്കാർ ജോലിയിൽ പുറന്തള്ളപ്പെട്ടും കിടക്കുന്ന

അധ:കൃതരുടെ ദുസ്ഥിതിയെക്കുറിച്ച് അദ്ദേഹം പത്രങ്ങളിലൂടെയും പ്രചരണം നടത്തി. 1896 സെപ്തംബർ 3-ന് ഈഴവമെമ്മോറിയൽ എന്ന പേരിൽ ഒരു നിവേദനം നൽകപ്പെട്ടു. ബാരിസ്റ്റർ ജി.പി.പിള്ളയുടെ സഹായത്തോടെ തിരുവിതാംകൂർ ഈഴവരുടെ ദുരവസ്ഥ ബ്രിട്ടീഷ് ജനതയുടേയും പാർലിമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തി. ഈ പ്രശ്നങ്ങൾ മദിരാശി സർക്കാരിന്റെ ശ്രദ്ധയിലും പെടുത്തി.

മൈസൂരിൽ താമസിക്കുന്ന സമയത്ത് സ്വാമി വിവേകാനന്ദനുമായി അടുത്തിടപഴകാനും സംസാരിക്കാനും ഡോ. പല്പുവിന് സാധിച്ചു. ഒരു ആധ്യാത്മികഗുരുവിനെ കേന്ദ്രമാക്കി അനീതികൾക്കെതിരായി പ്രവർത്തിക്കുന്നതാണ് നല്ലതെന്ന ലക്ഷ്യത്തിലാണ് ഡോ.പല്പു ശ്രീനാരായണഗുരുവുമായി അടുക്കുന്നത്. മൈസൂർ സർക്കാരിൽ നിന്ന് വിരമിച്ച അദ്ദേഹം മലബാറിന്റെ വികസനത്തിനായി മലബാർ എക്കണോമിക് യൂണിയൻ എന്ന സംരംഭം ആരംഭിച്ചു. അതിൽ നിന്ന് കിട്ടുന്ന വരുമാനം പൊതുജനനന്മയ്ക്കായി വിനിയോഗിച്ചു.

#### 4.1.15.2 കുമാരനാശാൻ

ആധുനിക കവിത്രയത്തിൽ ഒരാളെന്ന നിലയിലാണ് മഹാകവി കുമാരനാശാൻ അറിയപ്പെടുന്നത്. ശ്രീനാരായണഗുരുവിന്റെ ശിഷ്യനെന്ന നിലയിൽ സാമുദായികപരിഷ്കരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന കുമാരനാശാൻ 19 വയസ്സുള്ളപ്പോഴാണ് കായിക്കരക്കടുത്ത് ദേവേശ്വരം ക്ഷേത്രത്തിൽ വെച്ച് ശ്രീനാരായണഗുരുവിനെ കാണുന്നത്. അദ്ദേഹത്തിന്റെ ആശയങ്ങളിൽ താല്പര്യം തോന്നിയ ആശാൻ ആധ്യാത്മികജീവിതത്തിലേക്കും സാമുദായികസേവനത്തിലേക്കും വഴിമാറി. ശ്രീനാരായണഗുരുവിന്റെ നിർബന്ധപ്രകാരം കൽകട്ട സംസ്കൃത കോളേജിൽ ഉന്നതവിദ്യാഭ്യാസം ആരംഭിച്ചെങ്കിലും ഇടയ്ക്ക് പഠനം അവസാനിപ്പിച്ച് നാട്ടിലേക്ക് വന്നു. കൽക്കട്ടയിൽ നിന്ന് മടങ്ങിവരുമ്പോൾ സ്വാതന്ത്ര്യവാഞ്ഛയുള്ള ഒരു പുതിയ മനുഷ്യനായി ആശാൻ മാറിയിരുന്നു. സംസ്കൃതത്തിലും ഇംഗ്ലീഷിലും അദ്ദേഹം പ്രാവീണ്യം നേടിയിരുന്നു. 1903-ൽ എസ്.എൻ.ഡി.പി യോഗം സ്ഥാപിതമായപ്പോൾ അതിന്റെ ജനറൽ സെക്രട്ടറി സ്ഥാനവും യോഗം ദിനപത്രമായ വിവേകോദയത്തിന്റെ പത്രാധിപസ്ഥാനവും അദ്ദേഹം ഏറ്റെടുത്തു. ചിന്നസ്വാമി എന്നറിയപ്പെട്ടിരുന്നയാളും ഡോ.പല്പുവിന്റെ സുഹൃത്തും ആയതുകൊണ്ടാണ് യോഗത്തിന്റെ സെക്രട്ടറിയായി ആശാനെ തെരഞ്ഞെടുത്തത്. അദ്ദേഹത്തിന്റെ അർപണബോധവും അസാമാന്യബുദ്ധിപാടവവും ശ്രീനാരായണഗുരു നേരത്തേ മനസ്സിലാക്കിയിരുന്നു. യോഗത്തിന്റെ സെക്രട്ടറിയായതോടെ അദ്ദേഹം മുഴുവൻ സമയവും സംഘടനാപ്രവർത്തനത്തിനായി മാറ്റിവയ്ക്കുകയും ചെയ്തു.



ചിന്നസ്വാമി എന്നാണ് ആശാനെ വിളിച്ചിരുന്നതെങ്കിലും സന്യാസദീക്ഷ നൽകുന്നതിനെക്കുറിച്ച് നാരായണഗുരു ആലോചിച്ചിരുന്നില്ല. അധഃസ്ഥിതവിദ്യാർഥികൾക്ക് പ്രവേശനം നല്കാത്ത വിദ്യാലയങ്ങൾക്കെതിരെ സർക്കാരിന് നിവേദനം നൽകാനും ആചാരപരിഷ്കരണങ്ങൾക്കു വേണ്ടി സംഘടന മുഖേന ഇടപെടാനും കുമാരനാശാൻ സമയം കണ്ടെത്തി. യോഗവാർഷികം എല്ലാ വർഷവും വിപുലമായി നടത്തുന്നതിന് ആശാൻ പ്രത്യേകം ശ്രദ്ധിച്ചു. എല്ലാ സമുദായത്തിലെയും വിദ്യാഭ്യാസവിചക്ഷണരേയും സാമൂഹ്യപരിഷ്കർത്താക്കളേയും വാർഷികസമ്മേളനങ്ങളിൽ പങ്കെടുപ്പിക്കാൻ ആശാൻ പ്രത്യേകം ശ്രദ്ധിച്ചു. ശിവഗിരിയിൽ ശാരദാമഠം സ്ഥാപിക്കുന്നതിനും ആലുവയിൽ അദ്വൈതാശ്രമം സ്ഥാപിക്കുന്നതിനും ശ്രീനാരായണഗുരുവിന്റെ വലംകൈയായി പ്രവർത്തിച്ചത് കുമാരനാശാനായിരുന്നു. കുമാരനാശാന്റെ കാവ്യവ്യക്തിത്വത്തിൽ ജീവിതകാമിയായ കവിയും സന്യാസിയായ കവിയും ദ്വന്ദ്വാത്മകമായി ഉൾച്ചേർന്നിരിക്കുന്നു. ആദ്യകാലത്ത് ശ്രീനാരായണഗുരുവിനെപ്പോലെ ധാരാളം സ്തോത്രകൃതികൾ ആശാൻ എഴുതിയിരുന്നു. അക്കാലത്ത് സജീവമായിരുന്ന ക്ലാസിക് കാവ്യപാരമ്പര്യത്തോടോ മഹാകാവ്യപ്രസ്ഥാനത്തോടോ ആശാൻ താൽ

SGOU

പര്യം കാണിച്ചിരുന്നില്ല. ആശാന്റെ പ്രധാനകൃതികളായ വീണപൂവ്, നളിനി, കരുണ, ചിന്താവിഷ്ടയായ സീത, ലീല തുടങ്ങിയവയിലെല്ലാം ദുരന്തബോധത്തിന്റെ സാന്നിധ്യമുണ്ട്.

#### 4.1.15.3 സി.വി. കുഞ്ഞുരാമൻ

അധ്യാപകൻ, സാഹിത്യകാരൻ, പത്രാധിപർ, സാമൂഹ്യപരിഷ്കർത്താവ്, രാഷ്ട്രീയനേതാവ് എന്നിങ്ങനെ ജീവിതത്തിന്റെ സമസ്തമേഖലകളിലും കഴിവുതെളിയിച്ച വ്യക്തിയാണ് സി. വി. കുഞ്ഞുരാമൻ. കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമത്തിലാണ് സി.വി. കുഞ്ഞുരാമൻ ജനിച്ചത്. ഇടയ്ക്ക് വെച്ച് പഠനം അവസാനിപ്പിക്കേണ്ടിവന്നെങ്കിലും സ്വന്തം പ്രയത്നത്തിലൂടെ ധാരാളം അറിവ് സമ്പാദിക്കാനും ആ അറിവിലൂടെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രതികരിക്കാനും അദ്ദേഹം ശ്രമിച്ചു. തന്റെ സമുദായം നേരിടുന്ന ദുരിതങ്ങൾ കുട്ടിക്കാലം മുതൽ തന്നെ മനസ്സിലാക്കിയ സി.വി അതിൽ നിന്ന് മോചനം ലഭിക്കാനുള്ള പദ്ധതികളെക്കുറിച്ചാലോചിച്ചിരുന്നു. മയ്യനാട് വിദ്യാവിലാസിനി സമാജം രൂപീകരിക്കുകയും സമുദായപരിഷ്കരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. വിദ്യാഭ്യാസത്തിനുശേഷം അവർണർക്കായുള്ള ഒരു സ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി നോക്കിയിരുന്നെങ്കിലും 1912-ൽ അത് രാജിവെച്ച് പൂർണ്ണമായും സമുദായ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു.



ഇക്കാലത്താണ് സി.വി. കുഞ്ഞുരാമൻ ശ്രീനാരായണ ഗുരുവിന്റെ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടനാവുന്നത്. ക്രമേണ സ്വാമിയുടെ അനുയായികളിലൊരാളായി അദ്ദേഹം മാറി. സ്വന്തം നാവും തൂലികയും ഉപയോഗിച്ച് കേരളത്തിലങ്ങോളമിങ്ങോളം ജാതിവിരുദ്ധ സമരങ്ങൾക്ക് സി. വി. കുഞ്ഞുരാമൻ ഊർജം പകർന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും എസ്.എൻ.ഡി.പി. യോഗം ഏറെ വില കൽപ്പിച്ചിരുന്നു. എസ്.എൻ.ഡി.പി. യോഗത്തിന്റെ പല സുപ്രധാന തീരുമാനങ്ങളുടേയും പ്രേരകശക്തി സി.വി ആയിരുന്നു. ആലുവയിലെ സർവമതസമ്മേളനത്തിന്റെ പ്രധാനസംഘാടകനും അദ്ദേഹമായിരുന്നു. 1928-ലും 1931-ലും എസ്.എൻ.ഡി.പി യോഗം സെക്രട്ടറിയായി സി.വി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീനാരായണഗുരുവിനെ കാണുമ്പോഴെല്ലാം ഓരോ സുപ്രധാനവിഷയത്തെക്കുറിച്ച് ചർച്ച ചെയ്യാൻ സി.വി ഉത്സാഹം കാണിച്ചിരുന്നു. സി.വി.യുമായി സംസാരിക്കുന്നത് ബുദ്ധിക്ക് ഉണർവുണ്ടാകാൻ ഉപകരിക്കുമെന്ന് ശ്രീനാരായണഗുരു തന്നെ പലരോടും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സമുദായിക രാഷ്ട്രീയമേഖലകളിലേതിനേക്കാൾ മലയാളസാഹിത്യത്തിലാണ് സി.വി കുഞ്ഞുരാമൻ ഏറെ സംഭാവന ചെയ്തിട്ടുള്ളത്. സാമുദായികവും മതപരവും രാഷ്ട്രീയവും സാഹിത്യസംബന്ധിയുമായ നിരവധി ലേഖനങ്ങൾ അദ്ദേഹം എഴുതിക്കൊണ്ടിരുന്നു. ടി.കെ മാധവന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ദേശാഭിമാനിയിൽ സി. വി. എഴുതിയ മുഖപ്രസംഗം ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു. കുമാരനാശാന്റെ കവിതകളുടെ അന്തരാത്മാവ് കണ്ടെത്തിയ നിരൂപകനായിരുന്നു സി. വി. കുഞ്ഞുരാമൻ. സുജനാനന്ദിനിയുടെ സഹപത്രാധിപരായി പ്രവർത്തിച്ച സി.വി 1911-ൽ മയ്യനാട്ടുനിന്നും വാരികയായി കേരളകൗമുദി ആരംഭിച്ചു. പിന്നീട് മകൻ കെ.സുകുമാരൻ തിരുവനന്തപുരത്തുനിന്നും കേരളകൗമുദി പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ മുഖപ്രസംഗം എഴുതിയിരുന്നത് സി.വി ആയിരുന്നു. ആനുകാലിക വിഷയങ്ങളെ അടിസ്ഥാനമാക്കി ഇദ്ദേഹം എഴുതിയ മുഖപ്രസംഗങ്ങൾ കേരളത്തിലെ സാമൂഹിക രാഷ്ട്രീയമണ്ഡലങ്ങളിൽ നിർണായകമായ ചലനങ്ങൾക്ക് കാരണമായി. ചരിത്ര ഗവേഷകൻ എന്ന നിലയിലും സി.വി. ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. മലയാളപത്രങ്ങൾ ഇന്നുപയോഗിക്കുന്ന ശുദ്ധവും കരുത്തുറ്റതുമായ ഭാഷയുടെ പിതാവാണ് സി.വി. കുഞ്ഞുരാമൻ.

#### 4.1.15.4 ടി.കെ. മാധവൻ

കേരളം കണ്ടിട്ടുള്ള കരുത്തുററ ഒരു പ്രാസംഗികനും സാമൂഹ്യപരിഷ്കർത്താവുമാണ് ടി.കെ മാധവൻ. പതിനഞ്ചാം വയസ്സിൽ തന്നെ മാവേലിക്കര കാർത്തികപ്പള്ളി താലൂക്കുകളിൽ അധഃസ്ഥിതവിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈഴവസമാജം എന്നൊരു സംഘടന രൂപീകരിച്ച് പ്ര

SGOU

**നാരായണഗുരുവും സി.വി. കുഞ്ഞുരാമനും തമ്മിലുള്ള സംഭാഷണം**

സി.വി. കുഞ്ഞുരാമൻ : ത്യാജ്യഗ്രാഹ്യവിവേചനത്തോടുകൂടി എല്ലാ മതഗ്രന്ഥങ്ങളും പഠിക്കണമെന്നാണ് തൃപ്പാദങ്ങളുടെ ഉപദേശസാരമെന്ന് ഞാൻ മനസ്സിലാക്കട്ടെയോ? അതു ശരിയായിരിക്കുമോ?

ഗുരു : നമ്മുടെ ഉപദേശസാരം അതുതന്നെയാണ്. ആലുവ വച്ചു കൂടിയ സർവമതസമ്മേളനാവസരത്തിൽ നാം അതു പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജ്യങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലുമുള്ള ശണ്ഠ ഒന്നു മറ്റൊന്നിനെ തോല്പിക്കുമ്പോൾ അവസാനിക്കും. മതങ്ങൾ തമ്മിൽ പൊരുതാൽ ഒടുങ്ങാത്തതുകൊണ്ട് ഒന്നിനു മറ്റൊന്നിനെ തോല്പിക്കാൻ കഴികയില്ല. ഈ മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാനതത്വങ്ങളിൽ അവയ്ക്ക് തമ്മിൽ സാരമായ വ്യത്യാസമില്ലെന്നു വെളിപ്പെടുന്നതാണ്. അങ്ങനെ വെളിപ്പെട്ടുകിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന “ഏകമതം”

**ഇന്ത്യയിലെ മതങ്ങളെപ്പറ്റിയുള്ള ചോദ്യത്തിനുള്ള മറുപടി**

ഗുരു:- സനാതനമായ ഒരു ധർമ്മത്തെയോ സത്യത്തെയോ അടിസ്ഥാനപ്പെടുത്തിയല്ലാതെ യാതൊരു മതത്തിനും നിലനില്കാൻ കഴിയില്ല. മുഹമ്മദുമതവും ക്രിസ്തുമതവും സ്നേഹത്തിന് മുഖ്യത കല്പിക്കുന്നു. എന്നാൽ സാഹോദര്യം സ്നേഹത്തെയും സ്നേഹം സാഹോദര്യത്തെയും ആശ്രയിച്ചിരിക്കുന്നു എന്നറിയാതെ, സാഹോദര്യമാണു ശ്രേഷ്ഠം; അതല്ല സ്നേഹമാണ് ശ്രേഷ്ഠം, എന്നു വിവാദം ഉണ്ടാകുന്നു എങ്കിൽ അതിനെ വൃഥാവിവാദമെന്നല്ലാതെ പറയാൻ തരമുണ്ടോ? സനാതനധർമ്മങ്ങൾ തുല്യ പ്രധാനങ്ങളാണ്. ദേശകാലാവസ്ഥകളാൽ നേരിടുന്ന ആവശ്യങ്ങളനുസരിച്ച് അവയിൽ ഏതിനെങ്കിലും ഒന്നിനു മുഖ്യത കല്പിക്കേണ്ടത് ആവശ്യമായി വരും. ഹിംസ കലശലായിരിക്കുന്ന ദേശകാലങ്ങളിൽ അഹിംസാധർമ്മത്തിനു ജഗദ്ഗുരുക്കന്മാർ മറ്റു ധർമ്മത്തെക്കാൾ മുഖ്യത കല്പിക്കും. ബുദ്ധന്റെ കാലത്ത് ഹിംസ കലശലായിരുന്നു. അതിനാൽ അഹിംസാധർമ്മത്തിനു ബുദ്ധൻ മുഖ്യത കല്പിച്ചു. നബിയുടെ കാലത്ത് അറേബിയായിൽ സാഹോദര്യത്തിനു മുഖ്യത കല്പിക്കേണ്ടത് ആവശ്യമായിരുന്നിരിക്കാം. അതിനാൽ അദ്ദേഹത്തിന്റെ മതത്തിൽ സാഹോദര്യത്തിനു മുഖ്യത കാണുന്നു. ഇന്ന് ഇന്ത്യയുടെ ആവശ്യം എന്താണ്? ജാതികൾ തമ്മിലുമുള്ള മതങ്ങൾ തമ്മിലും മത്സരത്തിൽനിന്നു മോചനം. സമബുദ്ധിയോടും സമഭക്തിയോടും കൂടി മതങ്ങളെ എല്ലാവരും പഠിച്ചറിവാനും, ലഭിച്ച അറിവിനെ പരസ്പരം സ്നേഹപൂർവം വിനിമയം ചെയ്യാനും ശ്രമിക്കട്ടെ. മത്സരം മതം നിമിത്തമല്ല മദം നിമിത്തമാണെന്ന് അപ്പോൾ മനസ്സിലാവും.

(പി.കെ. ബാലകൃഷ്ണൻ, നാരായണഗുരു, പേജ്- 174, 177 )

വ ർത്തനം തുടങ്ങിയിരുന്നു. എസ്.എൻ.ഡി.പി. യോഗം രൂപീകരിച്ചപ്പോൾ സമാജത്തിന്റെ പ്രവർത്തനം അതിൽ ലയിപ്പിക്കുകയും തുടർന്ന് എസ്. എൻ.ഡി.പി യോഗത്തിന്റെ സജീവപ്രവർത്തകനായി മാറുകയും ചെയ്തു. തിരുവിതാംകൂർ നിയമസഭയിൽ ഈഴവ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട അമ്മാവന് പകരക്കാരനായി ടി.കെ മാധവൻ പതിനെട്ടാം വയസ്സിൽ നിയമസഭാസമ്മേളനത്തിൽ പങ്കെടുക്കുകയും ഈഴവരുൾപ്പെടെയുള്ള അധഃകൃതരുടെ അവശതകളെക്കുറിച്ച് ഇംഗ്ലീഷിൽ പ്രസംഗിക്കുകയും ചെയ്തു. പത്തൊമ്പതാം വയസ്സിൽ ഹരിപ്പാട് ഗവ. ഇംഗ്ലീഷ് സ്കൂളിൽ ഈഴവർക്ക് പ്രവേശനം ലഭിക്കുന്നതിനായി സർക്കാരിനെ സമീപിച്ച് ഇടപെടലുകൾ നടത്തി. അതിന്റെ ഭാഗമായി ഈഴവർക്ക് പ്രവേശനം ലഭിച്ചെങ്കിലും സവർണഹിന്ദുക്കൾ കലാപത്തിനൊരുങ്ങുകയും അത് നായരീഴവലഹളക്ക് കാരണമാവുകയും ചെയ്തു.

സാമുദായിക പരിഷ്കരണത്തെക്കുറിച്ചും രാഷ്ട്രീയ സംവിധാനത്തെക്കുറിച്ചും ടി.കെ മാധവന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. തന്റെ ആശയങ്ങൾക്ക് പ്രചാരം നൽകുന്നതിന് അദ്ദേഹം ദേശാഭിമാനി പത്രം ആരംഭിച്ചു. ഏതാനും ലക്കങ്ങൾ പ്രസിദ്ധീകരിച്ചപ്പോൾ ശ്രീനാരായണഗുരു മാധവനെ ഇക്കാര്യത്തിൽ അഭിനന്ദിച്ചു.



കൂടുതൽ ഉന്മേഷപൂർവം അവകാശങ്ങൾക്ക് വേണ്ടി വാദിക്കണമെന്ന് ഗുരു ഉപദേശിക്കുകയും ചെയ്തു. 1918-ൽ മാധവൻ ശ്രീമൂലം പ്രജാസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. സാമുദായികപരിഷ്കരണപ്രവർത്തനങ്ങൾക്ക് പുറമേ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലും ടി. കെ. മാധവൻ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കും സവർണാധിപത്യത്തിനുമെതിരെയുള്ള രണ്ട്

SGOU

സമരധാരകളും സമന്വയിപ്പിക്കണം എന്നായിരുന്നു മാധവന്റെ ആഗ്രഹം. 1922-ൽ തിരുനെൽവേലിയിൽ വെച്ച് മഹാത്മാഗാന്ധിയെ കാണുകയും സ്വാതന്ത്ര്യസമരം സമഗ്രവും ഫലപ്രദവുമാകണമെങ്കിൽ അധഃസ്ഥിതരുടെ അവകാശവാദങ്ങൾ കൂടി സ്വാതന്ത്ര്യസമരത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 1925-ൽ ശിവഗിരിയിൽവെച്ച് നാരായണഗുരുവിനെക്കണ്ട് സംവാദം നടത്തിയതോടെ ഗാന്ധിജിക്ക് ഇക്കാര്യം പൂർണ്ണമായി ബോധ്യപ്പെടുകയും ഹരിജനോദ്ധാരണം സ്വാതന്ത്ര്യസമരത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

### വൈക്കം സത്യാഗ്രഹത്തിൽ ടി.കെ. മാധവന്റെ പങ്ക്

വൈക്കം ക്ഷേത്രനിരത്തിലൂടെ ഹിന്ദുമതത്തിലെ അധഃകൃതർക്ക് നടക്കാൻ പാടില്ലെന്ന വ്യവസ്ഥയ്ക്കെതിരെയാണ് വൈക്കം സത്യാഗ്രഹം നടന്നത്. ഈ സമരം ദേശീയതലത്തിൽ ചർച്ച ചെയ്യപ്പെടണമെന്നാഗ്രഹിച്ച മാധവൻ 1923-ൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ വൈക്കം സത്യാഗ്രഹത്തിന്റെ ആവശ്യകതയെ അനുകൂലിച്ചുകൊണ്ട് പ്രമേയം അവതരിപ്പിച്ചു. 1924 മാർച്ച് 30-ന് വൈക്കം സത്യാഗ്രഹം ആരംഭിച്ചു. സവർണരുടെ ഭാഗത്തു നിന്ന് മാത്രമല്ല അവർണരുടെ ഭാഗത്തുനിന്നും സമരക്കാർക്ക് എതിർപ്പുകൾ നേരിടേണ്ടിവന്നു. ശ്രീനാരായണഗുരു വൈക്കം സത്യാഗ്രഹപന്തൽ സന്ദർശിക്കുകയും വേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു. സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് കെ. പി. കേശവമേനോനേയും ടി. കെ. മാധവനേയും ആറുമാസത്തെ തടവിന് ശിക്ഷിച്ചു. അതിഭീകരമായ പോലീസ് മർദ്ദനത്തേയും സവർണരുടെ പലരീതിയിലുള്ള ആക്രമണത്തേയും ഭയപ്പെടാതെ ഒരു വർഷത്തിലേറെ നടത്തിയ സത്യാഗ്രഹം ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം താല്കാലിക നേട്ടങ്ങൾ ഒന്നുമില്ലാതെ പിൻവലിക്കേണ്ടിവന്നു. എങ്കിലും പിന്നീട് നടന്ന ശുചീന്ദ്രം, കല്പാത്തി, ഗുരുവായൂർ എന്നിവിടങ്ങളിലെ അയിത്താചാര വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് പ്രചോദനമായതും 1936 ലെ ക്ഷേത്രപ്രവേശനവിളംബരത്തിന് വഴികാട്ടിയായതും വൈക്കം സത്യാഗ്രഹമാണെന്ന് പറയാം.

### 4.1.15.4.1 ടി. കെ. മാധവനും എസ്.എൻ.ഡി.പി യോഗവും

ടി.കെ മാധവൻ എസ്.എൻ.ഡി.പി യോഗത്തിന്റെ തുടക്കം മുതൽ അതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്നെങ്കിലും 1927-ൽ യോഗം സെക്രട്ടറിയായതോടെയാണ് ടി.കെ മാധവൻ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തത്. എസ്.എൻ.ഡി.പി. യോഗത്തെ ബഹുജനപങ്കാളിത്തമുള്ള ജനാധിപത്യസംഘടനയാക്കി വളർത്തിയത് ടി.കെ. മാധവനാണ്. ആകെ 3878 അംഗങ്ങൾ മാത്രമുണ്ടായിരുന്ന എസ്.എൻ.ഡി.പി യോഗത്തിന്റെ അംഗസംഖ്യ 50684 ആയി വർധിച്ചു. സംഘടനാപ്രവർത്തനം സജീവമായ പ്രദേശങ്ങളിലെ നിരക്ഷരർക്ക് പോലും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധമുണ്ടാവുകയും അവർ വിവിധ പ്രക്ഷോഭപരിപാടികളിൽ പങ്കാളികളാവുകയും ചെയ്തു. ടി. കെ. മാധവൻ സെക്രട്ടറിയായി ഒരു വർഷത്തിനകം ശ്രീനാരാണഗുരു സമാധിയായി. അത് അദ്ദേഹത്തെ ഏറെ തളർത്തിയെങ്കിലും തന്റെ കർമ്മപഥങ്ങളിൽ ഗുരുവിന്റെ ദർശനങ്ങളുടെ സ്വാധീനത്താൽ കൂടുതൽ ഊർജസ്വലമായി അദ്ദേഹം പ്രവർത്തിച്ചു.

SGOU

### 4.1.15.5 സി.കേശവൻ

കളങ്കമില്ലാത്ത രാഷ്ട്രീയ ജിവിതത്തിന്റെ അപൂർവമാതൃകകളിലൊന്നാണ് സി. കേശവൻ.




സാഹിത്യം, സാമൂഹ്യപരിഷ്കരണം, സ്വാതന്ത്ര്യസമരം, തൊഴിലാളി വർഗപ്രസ്ഥാനം, എന്നിങ്ങനെ ജീവിതത്തിന്റെ വിവിധമേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ച പ്രതിഭയാണദ്ദേഹം. സ്കൂൾ വിദ്യാഭ്യാസവും ബിരുദവും നിയമ ബിരുദവും എല്ലാം നേടിയെങ്കിലും ഉയർന്നജോലിയോ സ്ഥാനമാനങ്ങളോ നേടാൻ അദ്ദേഹം ശ്രമിച്ചില്ല. പഠനകാലത്തുതന്നെ പ്രസംഗപാടവം, അഭിനയചാതുരി, സംഗീതവാസന, നേതൃസിദ്ധി, സംവാദശേഷി എന്നിവകൊണ്ട് സഹപാഠികളുടേയും അധ്യാപകരുടേയും പ്രശംസ പിടിച്ചുപറ്റാൻ അദ്ദേഹത്തിന് സാധിച്ചു. ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളോടും സാമുദായിക പരിഷ്കരണ പ്രവർത്തനങ്ങളോടും താല്പര്യം തോന്നിയെങ്കിലും അദ്ദേഹത്തിന്റെ ഭക്തിയിൽ അധിഷ്ഠിതമായ വേദാന്തചിന്തയേക്കാൾ സഹോദരൻ

അയ്യപ്പന്റെയും മററും യുക്തിവാദവും നിരീശ്വരത്വവുമാണ് കേശവന് അഭികാമ്യമായി തോന്നിയത്. തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസിന്റെ സ്ഥാപകനേതാക്കളിൽ ഒരാളായ സി. കേശവൻ സ്വാതന്ത്ര്യസമരത്തിലും സജീവമായി പങ്കെടുത്തിരുന്നു. ശ്രീനാരായണപ്രസ്ഥാനം ജാതിവിരുദ്ധസമരത്തോടൊപ്പം സ്വാതന്ത്ര്യസമരവും ഏറ്റെടുക്കണമെന്ന് അഭിപ്രായപ്പെട്ട രണ്ടുപേർ സി. കേശവനും ടി.കെ മാധവനുമായിരുന്നു. സി. കേശവന്റെ നേതൃത്വത്തിൽ ഹിന്ദുമതത്തിലെ പിന്നാക്കക്കാരും മുസ്ലീം ക്രിസ്ത്യൻ ന്യൂനപക്ഷക്കാരും ഒരുമിച്ച് സംയുക്ത രാഷ്ട്രീയ സഭ രൂപീകരിച്ച് സാമുദായിക പരിഷ്കരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

1935 മെയ് 12 – ന് സി. കേശവൻ കോഴഞ്ചേരിയിൽ നടത്തിയ പ്രസംഗം തിരുവിതാംകൂർ രാഷ്ട്രീയത്തിൽ ഏറെ കോളിളക്കം സൃഷ്ടിച്ചു. ആ പ്രസംഗം നിവർത്തനപ്രക്ഷോഭത്തിനും ദിവാൻ ഭരണത്തിനെതിരേയുള്ള ചെറുതും വലുതുമായുള്ള നിരവധി പ്രക്ഷോഭങ്ങൾക്കും ഊർജം പകർന്നു. 1938–ൽ ഉത്തരവാദിത്ത ഭരണത്തിനായി നടത്തിയ പ്രക്ഷോഭത്തിനിടയിൽ അദ്ദേഹം പലതവണ അറസ്റ്റ് ചെയ്യപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം തിരുവിതാംകൂർ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് പട്ടം താണുപ്പിള്ള മന്ത്രിസഭയിലെ അംഗമായി സേവനമനുഷ്ഠിച്ചു. 1951–ൽ തിരു-കൊച്ചി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടു. 'ജീവിതസമരം' എന്ന ആത്മകഥ സൂചിപ്പിക്കുന്നതുപോലെ ജീവിതകാലം മുഴുവൻ സമരങ്ങൾക്കായി നീക്കിവെച്ച നേതാവാണദ്ദേഹം.

### 4.1.15.6 നടരാജഗുരു

ശ്രീനാരായണഗുരുവിന്റെ ശിഷ്യനും ഗുരുപരമ്പരയിലെ രണ്ടാമനുമായിരുന്നു നടരാജഗുരു. നാരായണ ഗുരുകുലത്തിന്റെ സ്ഥാപകനായിരുന്നു. ശ്രീനാരായണഗുരുവിന്റെ എല്ലാ പ്രധാന പുസ്തകങ്ങളും ഇംഗ്ലീഷിലേക്ക് തർജ്ജമചെയ്തത് ഇദ്ദേഹമാണ്. എസ്.എൻ.ഡി.പി യോഗത്തിന്റെ സ്ഥാപകനേതാക്കളിൽ ഒരാളായ ഡോ. പല്പുവിന്റെ മകനായി ബാംഗ്ലൂരിലാണ് നടരാജഗുരു ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ശ്രീലങ്കയിൽ നിന്ന് മെട്രിക്കുലേഷൻ പാസായി. മദ്രാസ് പ്രസിഡൻസി കോളേജിൽ നിന്ന് ഭൂമിശാസ്ത്രത്തിലും ജീവശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം നേടി. മദിരാശി സർവകലാശാലയിൽ നിന്ന് മനഃശാസ്ത്രത്തിൽ ബിരുദവും പാരീസിലെ സോർബോൺ സർവകലാശാലയിൽ നിന്ന് ഡിലിറ്റും ലഭിച്ചു.



പഠനത്തിനുശേഷം ശ്രീനാരായണഗുരുവിന്റെ ആശ്രമത്തിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും ഗുരു സന്യാസത്തിന്റെ പ്രയാസങ്ങൾ പറഞ്ഞ് അദ്ദേഹത്തെ പിന്തിരിപ്പിച്ചു. പിന്നീട് നടരാജഗുരുവിന്റെ ആത്മാർഥതയിൽ ബോധ്യംവന്നപ്പോൾ ആശ്രമത്തിലെ അന്തേവാസിയായി സ്വീകരിച്ചു. തുടർന്ന് ആലുവ അദ്വൈതാശ്രമത്തിലും ശിവഗിരി ആശ്രമത്തിലും ആദ്യകാലം ചെലവഴിച്ചു. വർക്കലയിലെ ശ്രീനാരായണ ആംഗലേയ വിദ്യാലയത്തിന്റെ പ്രിൻസിപ്പാളായി ജോലി നോക്കി.

ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളെ ആധുനിക ശാസ്ത്രയുഗത്തിന് ചേരുന്ന നിലയിൽ വ്യാഖ്യാനം ചെയ്യാൻ നടരാജഗുരു ശ്രമിച്ചു. ലോകത്തിൽ മതം പഠിപ്പിക്കുന്ന കേന്ദ്രങ്ങളുമുണ്ട്, ശാസ്ത്രം പഠിപ്പിക്കുന്ന കേന്ദ്രങ്ങളുമുണ്ട്. എന്നാൽ മതത്തേയും ശാസ്ത്രത്തേയും ഒരുമിച്ച് പഠിപ്പിക്കുന്നത് നാരായണഗുരുവിന്റെ ആശ്രമങ്ങളിൽ മാത്രമാണെന്ന് നടരാജഗുരു ലോകത്തോട് വിളിച്ചുപറഞ്ഞു. ഞാനൊരു തികഞ്ഞ ബ്രഹ്മോപാസകനാണ് എന്നാണ് അദ്ദേഹം തന്റെ ആത്മകഥയിൽ പറഞ്ഞിരിക്കുന്നത്. ശ്രീനാരായണഗുരുവിന്റെ ആത്മോപദേശശതകത്തിലെ 36 മുതൽ 42 വരെ ശ്ലോകങ്ങൾ വ്യാഖ്യാനിച്ചു കൊണ്ടാണ് ഗവേഷണപ്രബന്ധം തയ്യാറാക്കിയത്. മലയാളികൾക്ക് മാത്രം പരിചിതമായിരുന്ന ശ്രീനാരായണദർശനങ്ങൾക്ക് വിദേശരാജ്യങ്ങളിൽ പ്രചാരം ലഭിച്ചത് നടരാജഗുരുവിലൂടെയായിരുന്നു. നാരായണഗുരുവിന്റെ ഏകലോകസിദ്ധാന്തത്തെ കേന്ദ്രമാക്കി നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 1969 – ൽ ഏകത്വബോധത്തിലൂടെ ലോകസമാധാനം എന്ന ലക്ഷ്യത്തോടെ പത്തുദിവസം നീണ്ടുനിന്ന സർവമതസമ്മേളനം കണ്ണൂർ ജില്ലയിലെ ഏഴിമല ഗുരുകുലത്തിൽ നടത്തുകയുണ്ടായി.


നടരാജഗുരുവിന്റെ അമ്പതുവർഷത്തെ പാശ്ചാ

SGOU

ത്യ പൗരസ്ത്യ ശാസ്ത്രതത്വ പഠനങ്ങളുടെ ക്രോഡീകരണമാണ് ബ്രഹ്മത്തിന്റെ ഒരു ഏകാത്മകശാസ്ത്രം എന്ന രണ്ടു വാല്യങ്ങളുള്ള കൃതി. ഈ പുസ്തകത്തിൽ നടരാജഗുരു എല്ലാ മനുഷ്യവ്യവഹാരങ്ങളും ഒരുമിച്ച് ചേരുന്ന ഒരു ഏകാത്മകശാസ്ത്രത്തെ നിർവചിച്ചു. നടരാജഗുരുവിന്റെ അഭിപ്രായത്തിൽ ആധുനികശാസ്ത്രവും പൗരാണികജ്ഞാനവും ബ്രഹ്മവിദ്യയിൽ കാന്തത്തിന്റെ വിരുദ്ധധ്രുവങ്ങളെപ്പോലെ ഒരുമിച്ച് ചേരുന്നു. ഊട്ടിയിലെ നാരായണഗുരുകുലത്തിൽ താമസിച്ചാണ് അദ്ദേഹം ഉപനിഷത്തുക്കളും ഭഗവദ്ഗീതയും നാരായണഗുരുവിന്റെ കൃതികളും പഠിച്ചത്. വാല്യൂസ് എന്ന പേരിൽ ആശയപ്രചരണത്തിനായി ഒരു മാസിക ആരംഭിച്ചു. നടരാജഗുരുവിന്റെ മിക്ക കൃതികളും ഈ മാസികയിലാണ് പ്രസിദ്ധീകരിച്ചിരുന്നത്. സാഹിത്യം, കല, കവിത, നരവംശശാസ്ത്രം തുടങ്ങിയ വിഷയങ്ങളെല്ലാം ഈ മാസികയിൽ ചർച്ചചെയ്തിരുന്നു.

### 4.1.15.7 നിത്യചൈതന്യയതി

കമ്മ്യൂണിസ്റ്റായ സന്യാസി എന്നാണ് നിത്യചൈതന്യയതി അറിയപ്പെടുന്നത്. സ്നേഹത്തിനും ഭക്തിക്കും പുതിയഭാഷ്യം ചമയ്ക്കുകയും



പുതിയ മാർഗത്തിലൂടെ തന്റെ പ്രിയപ്പെട്ടവരെ നയിക്കുകയും സ്വയംപൂർണ്ണനായി ജീവിക്കുകയും ചെയ്ത സന്യാസിയാണ് നിത്യചൈതന്യയതി. ശ്രീനാരായണദർശനങ്ങൾ വ്യാപിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് യതി പ്രവർത്തിച്ചു തുടങ്ങിയതെങ്കിലും സ്വന്തം പ്രഭാവം കൊണ്ട് ഗുരു എന്ന തലത്തിലേക്കുയരാൻ ഇദ്ദേഹത്തിന് സാധിച്ചു. 1924 നവംബർ 2നാണ് ജയചന്ദ്രപ്പണിക്കർ എന്ന നിത്യചൈതന്യയതി ജനിച്ചത്. മെട്രിക്കുലേഷൻ പഠനത്തിനുശേഷം അദ്ദേഹം ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ സ്ഥലങ്ങളിലൂടെ സഞ്ചരിച്ചു. ഈ യാത്രയിൽ ഗാന്ധിജി ഉൾപ്പെടെയുള്ള നിരവധി മഹാന്മാരുമായി ഇടപഴകാനും ജീവിതത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും യതിക്ക് സാധിച്ചു. തിരികെ വന്ന് രമണമഹർഷിയിൽ നിന്ന് നിത്യചൈതന്യ എന്ന പേരിൽ സന്യാസം സ്വീകരിച്ചു. മതങ്ങളെ മെച്ചപ്പെടുത്തുന്നതിനേക്കാൾ സാധാരണജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചാണ് ഗുരു കൂടുതൽ ചിന്തിച്ചതും പ്രവർത്തിച്ചതും. ഒരു മതത്തിനും ദൈവത്തിനും അദ്ദേഹം കീഴടങ്ങിയില്ല. ശാസ്ത്രമായിരുന്നു അദ്ദേഹത്തിന്റെ മതം. ശാസ്ത്രീയമായ അറിവിന്റെ വെളിച്ചത്തിൽ പരിശോധിച്ചു മാത്രമേ അദ്ദേഹം ഏതുകാര്യവും തീരുമാനിച്ചിരുന്നുള്ളു. എല്ലാമതങ്ങളിലേയും നന്മയേക്കുറിച്ച് പഠിക്കുകയും അത് മനുഷ്യജീവിതത്തെ മെച്ചപ്പെടുത്താൻ ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുത്താമെന്ന് ചിന്തിക്കുകയും ചെയ്തു. എല്ലാ മതഗ്രന്ഥങ്ങളും അറിവിന്റെ ലോകത്തിലേക്കുള്ള വാതായനങ്ങളാണെന്ന് നിത്യചൈതന്യയതി തിരിച്ചറിഞ്ഞിരുന്നു.

ഭൗതികം, ആധ്യാത്മികം, സാമൂഹികം, സാമ്പത്തികം, വിദ്യാഭ്യാസം, സാഹിത്യം, സംഗീതം, ചിത്രകല, വാസ്തു എന്നീ വിഷയങ്ങൾ അദ്ദേഹം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു. താൻ എന്താണോ പറയുന്നത് അതേ പ്രകാരം ജീവിച്ചിരുന്നയാളാണ് യതി. പ്രകൃതിയിൽ നിന്നുപോലും പാഠങ്ങൾ പഠിക്കാനും പഠിപ്പിക്കാനും അദ്ദേഹം ശിഷ്യരെ ഉപദേശിച്ചു. നിത്യചൈതന്യയതി മികച്ച ഒരു ഗ്രന്ഥകാരൻ കൂടിയാണ്. വൈവിധ്യമാർന്ന വിഷയങ്ങളെക്കുറിച്ച് 120 മലയാള പുസ്തകങ്ങളും 80 ഇംഗ്ലീഷ് പുസ്തകങ്ങളും ഇദ്ദേഹം എഴുതിയിട്ടുണ്ട്. ശ്രീനാരായണഗുരുവിന്റെ ആത്മീയശൃംഖലയിൽ മൂന്നാമനായാണ് നിത്യചൈതന്യയതിയെ പരിഗണിച്ചിരുന്നത്. ശ്രീനാരായണഗുരു, നടരാജഗുരു, നിത്യചൈതന്യയതി എന്നീ മൂന്ന് ദാർശനികരും ഇന്ത്യയുടെ ആത്മാവ്, ചിന്ത എന്നിവയെ സാധാരണക്കാരുടെ ഭാഷയിൽ പ്രചരിപ്പിച്ചവരാണ്. മതങ്ങൾ വ്യക്തമാക്കാത്ത ആത്മീയജീവിതത്തെക്കുറിച്ചും ശ്രീനാരായണദർശനങ്ങളെക്കുറിച്ചും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന നിത്യചൈതന്യയതിക്ക് ലോകം മുഴുവൻ ശിഷ്യന്മാരുണ്ടായിരുന്നു. കലയേയും സംഗീതത്തേയും ഏറെ സ്നേഹിച്ച യതിയാണ് ഇന്ത്യയിൽ ആദ്യമായി കമ്പ്യൂട്ടർ ഉപയോഗിച്ച സന്യാസി.

SGOU

അമേരിക്ക. ആസ്ട്രേലിയ, ഇംഗ്ലണ്ട് എന്നിവിടങ്ങളിലെ വിവിധ സർവകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറായിരുന്നു.

സമകാലികരാഷ്ട്രീയ പ്രശ്നങ്ങളിൽ സത്യസന്ധമായ അഭിപ്രായങ്ങൾ തുറന്നു പറയാൻ നിത്യചൈതന്യയതി മടി കാണിച്ചിരുന്നില്ല. ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ രാമൻ ജനിച്ചത് അയോധ്യയിലല്ല മറിച്ച് വാല്മീകിയുടെ മനസ്സിലാണ് എന്ന് യതി പറയുകയുണ്ടായി. ഇത് ഏറെ വിവാദങ്ങൾക്കിടയാക്കിയെങ്കിലും താൻ പറഞ്ഞതിൽ നിന്ന് പിറകോട്ട് പോകാൻ യതി തയ്യാറായില്ല. സത്യസന്ധനും ധീരനും ബുദ്ധിമാനുമായിരിക്കുക എന്നതായിരുന്നു യതിയുടെ സന്യാസമാർഗം. ധനത്തിലും സ്നേഹത്തിലും അദ്ദേഹം ധൂർത്തനായിരുന്നു. ദൈവം ഒരു നാമമല്ല ക്രിയയാണ് എന്നതായിരുന്നു യതിയുടെ ഏറ്റവും വലിയ ഉപദേശം. ക്രിയയാകാത്ത ദൈവവും അനുഷ്ഠിക്കാത്ത തത്വവും നുണകളാണെന്ന് അദ്ദേഹം പറഞ്ഞു. 1999 മെയ് 14 – ന് സമാധി പ്രാപിക്കുന്നത് വരെ അക്ഷരങ്ങളിൽ കൂടിയും പ്രഭാഷണങ്ങളിൽക്കൂടിയും ഒരു വലിയ സമൂഹത്തെ സ്നേഹത്തിന്റേയും കർമ്മത്തിന്റേയും വഴിയിലൂടെ നടത്തിക്കാൻ നിത്യചൈതന്യയതിക്ക് കഴിഞ്ഞു.

#### 4.1.15.8 ആർ. ശങ്കർ

സ്വാതന്ത്ര്യസമരസേനാനി, മികച്ച ഭരണാധികാരി, രാജ്യതന്ത്രജ്ഞൻ, സംഘാടകൻ, സാമുദായിക പരിഷ്കർത്താവ് എന്നീ നിലകളിലൊക്കെ അറിയപ്പെടുന്ന വ്യക്തിയാണ് ആർ. ശങ്കർ. പിന്നാക്കസമുദായത്തിൽ നിന്ന് കേരളത്തിന്റെ മുഖ്യമന്ത്രിപദത്തിലെത്തിയ ആദ്യത്തെ വ്യക്തിയാണദ്ദേഹം. കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ ജനിച്ചു.



തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ബിരുദവും തിരുവനന്തപുരം ലോ കോളേജിൽ നിന്ന് നിയമബിരുദവും നേടി. ശിവഗിരി ഹൈസ്കൂളിൽ പ്രിൻസിപ്പാൾ ആയതോടെ എസ്.എൻ.ഡി.പി യോഗത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായി. ആധുനികകേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യചരിത്രത്തിലെ സംഭവബഹുലമായ അധ്യായമാണ് ആർ. ശങ്കറിന്റെ ജീവിതം.

വിമോചനസമരത്തിന് ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ആർ. ശങ്കറിനെ നിയമസഭാകക്ഷി നേതാവായി തെരഞ്ഞെടുത്തെങ്കിലും പട്ടം താണുപിള്ളയാണ് മുഖ്യമന്ത്രി ആയത്. 1962–ൽ പട്ടം താണുപ്പിള്ള മാറി ആർ. ശങ്കർ മുഖ്യമന്ത്രിയായി. ആർ. ശങ്കർ മുഖ്യമന്ത്രിയായ കാലത്ത് വ്യവസായവത്കരണത്തിനും വിദ്യുച്ഛക്തി സ്വയംപര്യാപ്തതയ്ക്കും ഭക്ഷ്യക്ഷാമ്മി ലഘൂകരണത്തിനും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു. പട്ടണങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗ്രാമീണതലത്തിലേക്ക് വ്യാപിപ്പിച്ചതും സമർഥരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയതും ഇദ്ദേഹമാണ്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതാവായിരുന്നു ആർ. ശങ്കർ.

പാർട്ടിയുടെ ഔദ്യോഗികസ്ഥാനങ്ങളിൽ നിന്ന് വിരമിച്ചതിനുശേഷം എസ്.എൻ.ഡി.പി യോഗം പ്രവർത്തനങ്ങളിൽ സജീവമായി. പതിമൂന്ന് കൊല്ലക്കാലം എസ്.എൻ.ഡി.പി യോഗത്തിന്റെ നേതൃസ്ഥാനത്ത് തുടർന്നു. ആർ.ശങ്കർ എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറിയായി സ്ഥാനമേൽക്കുമ്പോൾ കേരളത്തിലെ ജനസംഖ്യയിൽ മുന്നിലുള്ള ഈഴവർ സാക്ഷരതയിൽ പതിനേഴാം സ്ഥാനത്തായിരുന്നു. ഈ പോരായ്മ പരിഹരിക്കാനാണ് ആർ.ശങ്കർ കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചത്. എസ്.എൻ ട്രസ്റ്റിന്റെ കീഴിൽ 12 കോളേജുകളും കേരളത്തിലങ്ങോളമിങ്ങോളം വിദ്യാലയങ്ങളും സ്ഥാപിച്ചു. 1953–ൽ എസ്.എൻ.ഡി.പി യോഗം ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണജൂബിലി ആഘോഷം സംഘടിപ്പിച്ചപ്പോൾ അതിന് നേതൃത്വം നൽകിയത് ആർ.ശങ്കറാണ്. പാവങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി എസ്.എൻ.ട്രസ്റ്റിന് കീഴിൽ ശ്രീനാരായണ മെഡിക്കൽ മിഷൻ ആരംഭിച്ചു. മിഷന്റെ കീഴിൽ ആദ്യ ആശുപത്രി കൊല്ലത്ത് ശങ്കേഴ്സ് ഹോസ്പിറ്റൽ എന്ന പേരിൽ പ്രവർത്തിച്ചു. ഇങ്ങനെ എസ്.എൻ.ഡി.പി യോഗത്തെ കൂടുതൽ ജനകീ

SGOU

യമാക്കുന്നതിനും കെട്ടുറപ്പുള്ളതാക്കുന്നതിനും ആർ. ശങ്കർ പരിശ്രമിച്ചു.

## Recap

- കേരളീയ സമൂഹത്തിൽ ഐക്യത്തിന്റേയും സമത്വത്തിന്റേയും ആശയം മുന്നോട്ടുവെച്ച് കാലത്തിനുമുമ്പേ നടന്ന നവോത്ഥാനനായകനാണ് അയ്യാ വൈകുണ്ഠസ്വാമികൾ
- ഹിന്ദുമതത്തിലെ എല്ലാ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ വൈകുണ്ഠസ്വാമികൾ ജീവിതകാലം മുഴുവൻ പോരാടി
- സമപന്തിഭോജനം, കണ്ണാടിപ്രതിഷ്ഠ, മാറുമറയ്ക്കൽ സമരം എന്നിവയിലൂടെ പിൽക്കാല നവോത്ഥാനനേതാക്കൾക്ക് വഴികാട്ടിയാവാൻ അദ്ദേഹത്തിന് സാധിച്ചു
- മനുഷ്യൻ എന്ന പരിഗണനപോലും ലഭിക്കാതിരുന്ന ഒരു ജനതയെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ നിരവധി സമരങ്ങളാണ് അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്നത്
- വിദ്യാഭ്യാസം നേടാൻ അനുവാദമില്ലാതിരുന്ന ഒരു ജനതക്കുവേണ്ടി അയ്യങ്കാളി വിദ്യാലയങ്ങൾ സ്ഥാപിച്ചു
- അയ്യങ്കാളി 1907ൽ കേരളത്തിലെ ആദ്യത്തെ കർഷകസമരത്തിന് നേതൃത്വം നൽകി
- പുലയസ്ത്രീകൾ കല്ലുമാല ഉപേക്ഷിക്കാൻ അയ്യങ്കാളി ആഹ്വാനം ചെയ്തു
- ആനന്ദതീർഥൻ ജാതിനാശിനി സഭ എന്ന സംഘടന രൂപീകരിച്ച് മിശ്രഭോജനം, മിശ്രവിവാഹം എന്നിവയെ പ്രോത്സാഹിപ്പിച്ചു
- ആനന്ദതീർഥർ ദലിതരുടെ വിദ്യാഭ്യാസത്തിനായി ശ്രീനാരായണവിദ്യാലയങ്ങളും ശ്രീനാരായണ ഹോസ്റ്റലുകളും സ്ഥാപിച്ചു
- കേരളത്തിലെ നവോത്ഥാനനായകരിൽ പ്രധാനിയായിരുന്നു വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ
- വാഗ്ഭടാനന്ദൻ ഹിന്ദുമതത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ നിരന്തരമായ പോരാട്ടങ്ങൾ നടത്തി
- ഭാരതീയ തത്വചിന്തയുടെ ആധാരമായ അദ്വൈതദർശനത്തെ അവതരിപ്പിച്ച് മനുഷ്യനെ മനുഷ്യനാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകി
- കേരളത്തിലെ മുസ്ലീം നവോത്ഥാനത്തിന്റെ പിതാവ് എന്നാണ് വക്കം മൗലവിയെ വിശേഷിപ്പിച്ചിരുന്നത്
- ശ്രീനാരായണഗുരുവിന്റെ മനുഷ്യദർശനത്തെ ശാസ്ത്രീയതയുടേയും യുക്തിചിന്തയുടേയും അടിസ്ഥാനത്തിൽ വിപുലീകരിച്ച് രാഷ്ട്രീയപ്രയോഗമാക്കി മാറ്റിയ സാമൂഹ്യപരിഷ്കർത്താവാണ് സഹോദരൻ അയ്യപ്പൻ
- ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് എന്ന് സഹോദരൻ അയ്യപ്പൻ ആഹ്വാനം ചെയ്തു
- സഹോദരൻ അയ്യപ്പൻ ജാതിമത ഭേദമന്യേ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് മിശ്രഭോജനം നടത്തി
- ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന നവീകരണപ്രവർത്തനങ്ങളുടെ പ്രചോദനത്താൽ വി.ടി. യുവജനസംഘം രൂപീകരിച്ചു

SGOU

- സമുദായത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാക്കാനും നമ്പൂതിരിസമുദായത്തെ മറ്റ് സമുദായങ്ങളോട് ചേർത്തുനിർത്താനുമാണ് യുവജനസംഘം ശ്രമിച്ചത്
- ചാവറയച്ചൻ സ്ഥാപിച്ച സ്കൂളുകളിൽ ദലിത് കുട്ടികൾക്ക് പ്രവേശനം നൽകുകയും അവർക്ക് ഉച്ചഭക്ഷണം, പാഠപുസ്തകം, വസ്ത്രം എന്നിവ സൗജന്യമായി നൽകുകയും ചെയ്തു.
- ചാവറയച്ചൻ കേരളത്തിൽ ആധുനികരീതിയിലുള്ള തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകി.
- ഗാന്ധിജിയുമായുള്ള സംഭാഷണമദ്ധ്യേ മനുഷ്യരെല്ലാം ഭിന്നജാതികളിൽപ്പെട്ടവരാണെങ്കിലും മൗലികമായി ഒരേ സത്തയുടെ ആവിഷ്കാരങ്ങളാണെന്ന് ശ്രീനാരായണഗുരു വിശദീകരിച്ചു.
- ജീവിതത്തിന്റെ സമസ്തമേഖലകളിലുമുള്ള പുരോഗതിയാണ് ഗുരു ലക്ഷ്യമാക്കിയത്.
- സാധാരണക്കാരൻ ജീവിതത്തിന്റെ എല്ലാ പടവുകളും കയറി അതിന്റെ പൂർണ്ണതയിലെത്തുന്നതിനാവശ്യമായ കർമ്മപദ്ധതികളാണ് ഗുരു നിർദേശിച്ചത്.
- ശ്രീനാരായണഗുരുവിന്റെ ഒരേയൊരു ലക്ഷ്യം എല്ലാ ജാതിക്കാരും ഒരു പോലെ മനുഷ്യരായി ജീവിക്കുന്ന പരിതഃസ്ഥിതികൾ ഉണ്ടാക്കുക എന്നതായിരുന്നു
- അരുവിപ്പുറത്ത് രൂപീകരിച്ച അരുവിപ്പുറം ക്ഷേത്രയോഗം വിപുലപ്പെടുത്തി എസ്. എൻ.ഡി.പി യോഗം രൂപീകരിച്ചു
- 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന മുദ്രാവാക്യത്തിൽ എല്ലാ മതങ്ങളുടെയും മഹത്തായ ആശയങ്ങൾ ഒന്നുചേരുന്ന മനുഷ്യമതത്തെക്കുറിച്ചാണ് ഗുരു സംസാരിച്ചത്
- എല്ലാ മതങ്ങളുടേയും ഉദ്ദേശ്യം ഒന്നുതന്നെയാണെന്ന് അദ്ദേഹം വ്യക്തമാക്കി
- ശ്രീനാരായണ ഗുരുവിന്റെ വലംകൈയായി നിന്നുകൊണ്ട് ശ്രീനാരായണധർമപരിപാലനയോഗത്തിന് രൂപംനൽകിയ വ്യക്തിയാണ് ഡോ. പൽപ്പു
- ശ്രീനാരായണഗുരുവിന്റെ ശിഷ്യനെന്ന നിലയിൽ സാമുദായികപരിഷ്കരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഒരു സാമൂഹ്യപരിഷ്കർത്താവാണ് കുമാരനാശാൻ
- ഗുരുവിന്റെ ആശയങ്ങളിൽ താല്പര്യം തോന്നിയ ആശാൻ ആധ്യാത്മികജീവിതത്തിലേക്കും സാമുദായിക സേവനത്തിലേക്കും വഴിമാറി
- 1903 ൽ എസ്.എൻ. ഡി.പി യോഗം സ്ഥാപിതമായപ്പോൾ അതിന്റെ ജനറൽ സെക്രട്ടറി സ്ഥാനവും യോഗം ദിനപത്രമായ വിവേകോദയത്തിന്റെ പത്രാധിപസ്ഥാനവും കുമാരനാശാൻ ഏറ്റെടുത്തു
- സി.വി.കുഞ്ഞുരാമൻ ശ്രീനാരായണഗുരുവിന്റെ വ്യക്തിപ്രഭാവത്തിൽ അകൃഷ്ടനായി സ്വാമിയുടെ കടുത്ത അനുയായികളിലൊരാളായി മാറി
- സ്വന്തം നാവും തൂലികയും ഉപയോഗിച്ച് കേരളത്തിലങ്ങോളമിങ്ങോളം ജാതിവിരുദ്ധ സമരങ്ങൾക്ക് സി.വി.കുഞ്ഞുരാമൻ ഊർജം പകർന്നു
- എസ്.എൻ.ഡി.പി. യോഗത്തെ ബഹുജന പങ്കാളിത്തമുള്ള ജനാധിപത്യസംഘടനയാക്കി വളർത്തിയത് ടി.കെ മാധവനാണ്
- സ്നേഹത്തിനും ഭക്തിക്കും പുതിയഭാഷ്യം ചമയ്ക്കുകയും പുതിയ മാർഗത്തിലൂടെ തന്റെ പ്രിയപ്പെട്ടവരെ നയിക്കുകയും സ്വയംപൂർണ്ണനായി ജീവിക്കുകയും ചെയ്ത സന്യാസിയാണ് നിത്യചൈതന്യയതി
- നാരായണ ഗുരുകുലത്തിന്റെ സ്ഥാപകനായിരുന്ന നടരാജഗുരു ശ്രീനാരായണഗുരുവി

SGOU

ന്റെ എല്ലാ പ്രധാനപുസ്തകങ്ങളും ഇംഗ്ലീഷിലേക്ക് തർജമ ചെയ്തു

- ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളെ ആധുനികശാസ്ത്രയുഗത്തിന് ചേരുന്ന നിലയിൽ വ്യാഖ്യാനം ചെയ്യാൻ നടരാജഗുരു ശ്രമിച്ചു
- ആർ.ശങ്കർ സ്വാതന്ത്ര്യസമരസേനാനി, മികച്ച ഭരണാധികാരി, രാജ്യതന്ത്രജ്ഞൻ, സംഘാടകൻ, സാമുദായിക പരിഷ്കർത്താവ് എന്നീ നിലകളിലൊക്കെ അറിയപ്പെട്ടു.
- ഗുരുവിന്റെ ദർശനത്തെ മുൻനിർത്തി ആർ. ശങ്കർ എസ്.എൻ.ഡി.പി.യുടെ നേതൃത്വത്തിൽ കേരളത്തിലുടനീളം നിരവധി സ്കൂളുകളും കോളേജുകളും ആശുപത്രികളും സ്ഥാപിച്ചു

## Objective Type Questions

1. കേരളത്തിലെ ആദ്യത്തെ കർഷകസമരത്തിന് നേതൃത്വം നൽകിയതാര്?
2. പെരിനാട് ലഹള നടന്നതെന്ന്?
3. പയ്യന്നൂരിൽ ദലിതരുടെ വിദ്യാഭ്യാസത്തിനായി ശ്രീനാരായണ വിദ്യാലയങ്ങൾ സ്ഥാപിച്ച സാമൂഹ്യപരിഷ്കർത്താവാര്?
4. ആത്മവിദ്യാസംഘം സ്ഥാപിച്ചതാര്?
5. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ ആര്?
6. വാഗ്ഭടാനന്ദന് ആ പേര് നൽകിയതാര്?
7. കേരളത്തിലങ്ങോളമിങ്ങോളം മുസ്ലീം വിദ്യാലയങ്ങൾ സ്ഥാപിച്ചതാര്?
8. ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് എന്ന മുദ്രാവാക്യം ആരുടേതാണ്?
9. സഹോദരൻ അയ്യപ്പൻ പ്രസിദ്ധീകരിച്ച പത്രം
10. കേരളത്തിലെ നവോത്ഥാനനായകരിൽ വിദ്യാധിരാജൻ എന്നറിയപ്പെട്ടിരുന്നതാര്?
11. 'വേദാധികാരനിരൂപണം' എന്ന ഗ്രന്ഥം രചിച്ചത് ആര്?
12. 'അമ്പലങ്ങൾക്ക് തീക്കൊളുത്തുക' എന്ന ലേഖനമെഴുതിയതാര്?
13. വി.ടി. ഭട്ടതിരിപ്പാട് എഴുതിയ ചരിത്രപ്രധാനമായ നാടകം ഏത്?
14. മാന്നാനത്ത് അച്ചടിശാല സ്ഥാപിച്ച സാമൂഹ്യപരിഷ്കർത്താവാര്?
15. വാഗ്ഭടാനന്ദന്റെ ശരിയായ പേര് എന്തായിരുന്നു?
16. സമപന്തിഭോജനം വിജയകരമായി ആദ്യം നടപ്പിലാക്കിയ സാമൂഹ്യപരിഷ്കർത്താവാര്?
17. ഒന്റേ ജാതി, ഒന്റേ മതം, ഒന്റേ ദൈവം, ഒന്റേ ഉലകം, ഒന്റേ അരശ് എന്ന മുദ്രാവാക്യം ആരുടേതാണ്?
18. 'മലയാളി മെമ്മോറി'യൽ സമർപ്പിക്കപ്പെട്ട വർഷം ഏത്?
19. 'വിവേകോദയ'ത്തിന്റെ ആദ്യ പത്രാധിപർ ആരായിരുന്നു?
20. 'വീണപൂവ്' ആദ്യം പ്രസിദ്ധീകരിച്ച മാസിക ഏത്?
21. 'കേരളകൗമുദി' മാസിക ആരംഭിച്ച സാമൂഹ്യപരിഷ്കർത്താവ് ആര്?
22. 'ജീവിതസമരം' എന്ന ആത്മകഥ ആരുടേതാണ്?
23. 'ദേശാഭിമാനി' പത്രം ആരംഭിച്ചത് ആര്?
24. കമ്യൂണിസ്റ്റായ സന്യാസി എന്നറിയപ്പെട്ടിരുന്ന വ്യക്തി?
25. നാരായണഗുരുകുലം സ്ഥാപിച്ചതാര്?
26. കോഴഞ്ചേരി പ്രസംഗം നടത്തിയ നേതാവ്?
27. പിന്നാക്കസമുദായത്തിൽ നിന്ന് കേരളത്തിന്റെ മുഖ്യമന്ത്രിപദത്തിലെത്തിയ ആദ്യവ്യക്തി ആര്?

SGOU

28. രവീന്ദ്രനാഥടാഗോർ ശിവഗിരിയിൽ സന്ദർശനം നടത്തിയതെന്ന്?
29. എസ്. എൻ.ഡി.പി യോഗത്തിന്റെ മുഖപത്രം ഏത്?
30. രവീന്ദ്രനാഥടാഗോർ ശിവഗിരിയിലെ സന്ദർശക ഡയറിയിൽ കുറിച്ചതെന്ത്?

## Answers

1. അയ്യങ്കാളി
2. 1915 ഒക്ടോബർ 24 ന്
3. സ്വാമി ആനന്ദതീർഥൻ
4. വാഗ്ഭടാനന്ദൻ
5. വക്കം അബ്ദുൾഖാദർ മൗലവി
6. ബ്രഹ്മാനന്ദശിവയോഗി
7. വക്കം അബ്ദുൾഖാദർ മൗലവി
8. സഹോദരൻ അയ്യപ്പൻ
9. സഹോദരൻ
10. ചട്ടമ്പിസ്വാമികൾ
11. ചട്ടമ്പിസ്വാമികൾ
12. വി.ടി ഭട്ടതിരിപ്പാട്
13. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്
14. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ
15. വയലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ
16. അയ്യാ വൈകുണ്ഠസ്വാമികൾ
17. അയ്യാ വൈകുണ്ഠസ്വാമികൾ
18. 1891
19. കുമാരനാശാൻ
20. മിതവാദി
21. സി.വി കുഞ്ഞുരാമൻ
22. സി. കേശവൻ
23. ടി.കെ മാധവൻ
24. നിത്യചൈതന്യയതി
25. നടരാജഗുരു
26. സി.കേശവൻ
27. ആർ.ശങ്കർ
28. 1922 നവംബർ 22
29. വിവേകോദയം
30. ശ്രീനാരായണഗുരുസ്വാമിയേക്കാൾ മികച്ചതോ അദ്ദേഹത്തോട് തുല്യനോ ആയ ഒരു മഹാപുരുഷനേയും എനിക്കിന്നേവരെ കാണാൻ സാധിച്ചിട്ടില്ല. അനന്തതയിലേക്ക് നീളുന്ന അദ്ദേഹത്തിന്റെ യോഗനയനങ്ങളും ഈശ്വരചൈതന്യം തുളുമ്പുന്ന മുഖതേജസും മറ്റ് വൈശിഷ്ട്യങ്ങളും അവിസ്മരണീയമാണ്

SGOU

## Assignment

1. അയ്യങ്കാളിയുടെ നേതൃത്വത്തിലുണ്ടായ തൊണ്ണൂറാമാണ്ട് ലഹള, പെരിനാട്ട് ലഹളയുടെ (കല്ലുമാല സമരം) എന്നിവയുടെ പ്രാധാന്യം വിവരിക്കുക
2. ഹരിജനങ്ങുടെ ക്ഷേത്രപ്രവേശനത്തിനായി ആനന്ദതീർഥൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക
3. വാഗ്ഭടാനന്ദന്റെ നേതൃത്വത്തിൽ സ്ഥാപിതമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെക്കുറിച്ച് വിശദീകരിക്കുക
4. സഹോദരനയ്യപ്പന്റെ ജാതിവിരുദ്ധ പ്രവർത്തനത്തെക്കുറിച്ച് വിവരിക്കുക
5. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം കേരളീയ സമൂഹത്തിലുണ്ടാക്കിയ ചലനങ്ങളെ വിലയിരുത്തുക
6. ശ്രീനാരായണഗുരുവിന്റെ ക്ഷേത്രസങ്കല്പത്തെ അപഗ്രഥിക്കുക
7. ശ്രീനാരായണഗുരു സർവമതസമ്മേളനം വിളിച്ചുചേർത്തതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിലയിരുത്തുക
8. എസ്.എൻ.ഡി.പി യോഗത്തിന്റെ പ്രവർത്തനലക്ഷ്യങ്ങളെക്കുറിച്ച് അപഗ്രഥിക്കുക
9. പത്രപ്രവർത്തനരംഗത്ത് സി.വി കുഞ്ഞുരാമന്റെ സംഭാവനകൾ ക്രോഡീകരിക്കുക?
10. വൈക്കം സത്യാഗ്രഹത്തിന് പശ്ചാത്തലമൊരുക്കിയ സംഭവവികാസങ്ങളെ വിശദീകരിക്കുക
11. 'ജീവിതസമരം' എന്ന ആത്മകഥയെ അന്വർഥമാക്കുന്ന ജീവിതമായിരുന്നു സി. കേശവന്റേത് എന്ന അഭിപ്രായത്തെ വിലയിരുത്തുക
12. നിത്യചൈതന്യയതിയെ കമ്യൂണിസ്റ്റായ സന്യാസി എന്ന് വിളിക്കാനുണ്ടായ സാഹചര്യങ്ങൾ വിലയിരുത്തുക
13. നടരാജഗുരുവിന്റെ സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക
14. എസ്.എൻ.ഡി.പി യോഗത്തെ ജനകീയമാക്കിതീർക്കാൻ തക്കവിധം ആർ.ശങ്കർ നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുക

SGOU

## Suggested Reading


1. ടി.എച്ച്.പി ചെന്താരശ്ശേരി, അയ്യങ്കാളി, പ്രഭാത് ബുക്ക് ഹൗസ്, കൊല്ലം.
2. നിത്യചൈതന്യയതി, യതിചരിതം, മലയാള പഠനഗവേഷണകേന്ദ്രം, തൃശൂർ.
3. ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാനകൃതികളും, തീർഥപാദാശ്രമം, വാഴൂർ, കോട്ടയം.
4. ഡോ. ടി.കെ രവീന്ദ്രൻ, ശ്രീനാരായണഗുരു ഒരു പഠനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. വി.ടി.യുടെ സമ്പൂർണകൃതികൾ, ഡി.സി ബുക്സ്, കോട്ടയം.
6. കെ.കെ പവിത്രൻ, വാഗ്ഭടാനന്ദൻ- ആത്മീയഹിമാലയത്തിൽ, ഇംപ്രിന്റ് ബുക്സ്, എറണാകുളം.
7. നടരാജഗുരുവിന്റെ ആത്മകഥ, നാരായണ ഗുരുകുലം, ശിവഗിരി തിരുവനന്തപുരം.
8. എം.കെ സാനു, മൃത്യുഞ്ജയം കാവ്യജീവിതം, ദേശാഭിമാനി, തിരുവനന്തപുരം.
9. ഗീതാ സുരാജ്, സഹോദരൻ അയ്യപ്പൻ, സൈൻ ബുക്സ്, എറണാകുളം.

## Reference


1. പി. ഗോവിന്ദപ്പിള്ള, കേരള നവോത്ഥാനം - യുഗസന്തതികൾ, യുഗശില്പികൾ, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം
2. പി. ഭാസ്കരനുണ്ണി, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. മുനി നാരായണപ്രസാദ് (എഡി), നാരായണഗുരു സമ്പൂർണകൃതികൾ, നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡെൽഹി, 2015
4. കെ എൻ ഷാജി, നാരായണഗുരു ജീവിതം, കൃതികൾ, ദർശനം, കറന്റ് ബുക്സ് , തൃശൂർ, 2002,
5. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം.
6. പി. ഭാസ്കരനുണ്ണി, കേരളം : ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശൂർ.


SGOU

# BLOCK - 5

# ശ്രീനാരായണഗുരുവിന്റെ സാഹിതീയസംഭാവനകൾ

SGOU

BLOCK - 5

# യൂണിറ്റ് 1 ശ്രീനാരായണഗുരുവിന്റെ സാഹിതീയസംഭാവനകൾ

## Learning Outcomes

- ശ്രീനാരായണഗുരു എന്ന കവിയെ അറിയുന്നു
- ഗുരുവിന്റെ സാഹിതീയ സംഭാവനകൾ ഗ്രഹിക്കുന്നു
- വ്യത്യസ്ത ഭാഷകളിൽ ഗുരുവിനുണ്ടായിരുന്ന സ്വാധീനം ഗ്രഹിക്കുന്നു
- ഗുരുവിന്റെ സ്തോത്രകൃതികൾ പരിചയപ്പെടുന്നു
- പ്രബോധനാത്മകകൃതികളുടെ പ്രത്യേകതകൾ ഗ്രഹിക്കുന്നു

## Prerequisite

ഭാരതത്തിൽ പ്രാചീനകാലംമുതൽക്കേ സമ്പുഷ്ടമായ ആധ്യാത്മികസാഹിത്യശാഖ നിലവിലുണ്ടായിരുന്നു. ഭക്തിപ്രസ്ഥാനം രൂപപ്പെടുന്നതിനു മുമ്പേ ജ്ഞാനപ്രകാശനത്തിനായി രചിച്ച കൃതികൾ വേദങ്ങളായും ഉപനിഷത്തുക്കളായും പ്രചാരം നേടിയിരുന്നു. അവയെല്ലാം ജ്ഞാനതപസ്വികളായിരുന്ന ഋഷിമാരുടെ സംഭാവനകളായിരുന്നു. കാടകങ്ങളിലും ഗിരിഗഹ്വരങ്ങളിലും വസിച്ചിരുന്ന അവർക്ക് ലഭിച്ച സത്യാനുഭവങ്ങളാണ് കാവ്യങ്ങളായി ആവിഷ്കരിച്ചത്. ആരെഴുതി, എന്നെഴുതി എന്നൊന്നും കൃത്യമായി പറയാൻ കഴിയാത്തതുകൊണ്ട് അത്തരം കൃതികളെ പൊതുവെ “അപൗരുഷേയങ്ങൾ” എന്ന് കരുതിപ്പോരുന്നു. ലോകത്തിന്റെ ഏതുകോണിലും ഇത്തരം അപൗരുഷേയങ്ങളായ കൃതികളുണ്ട്. അവയെ ‘ഈശ്വരദത്തം’ എന്നോ ‘വെളിപാടുകൾ’ എന്നോ വിളിച്ചുപോരുന്നു. പൊടുന്നനേയുണ്ടാകുന്ന അറിവിന്റെ വെളിച്ചത്തെ വെളിപാടുകൾ എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല.

അപൗരുഷേയങ്ങളായ കൃതികൾ മനുഷ്യർ എഴുതിയതല്ല എന്നാണ് വാച്യാർത്ഥമെങ്കിലും വ്യംഗ്യമായി അതിനർത്ഥം സാധാരണ മനുഷ്യർക്കും മേലേയുള്ള പ്രതിഭാസമ്പന്നരാൽ എഴുതിയവ എന്നുതന്നെയാണ്. അത്തരം കൃതികളിൽ കാണുന്ന ഗൂഢാർത്ഥകല്പനയും ജ്ഞാനമണ്ഡലവ്യാപ്തിയും ആയിരിക്കണം അവയെ വെളിപാടുകൾ അഥവാ ഈശ്വരദത്തങ്ങൾ ആയി കണക്കാക്കുവാൻ ഇടയാക്കിയത്. അസാധാരണം എന്ന അർത്ഥത്തിൽ അപൗരുഷേയം എന്ന പ്രയോഗത്തെ കാണുന്നതായിരിക്കും യുക്തിസഹം. ഓരോ കാലത്തു ജീവിച്ചിരുന്ന സത്യാന്വേഷികൾ അവരവർക്കു ലഭിച്ച ജ്ഞാനപ്രകാശത്തെ തത്വചിന്തയുടെ രൂപത്തിൽ കാവ്യാവിഷ്ക്കരണം ചെയ്തു. അവയുടെയെല്ലാം ക്രോഡീകരണങ്ങളാകാം പില്കാലത്ത് വേദങ്ങളായും മറ്റും രൂപപ്പെട്ടത്. സത്യദർശനം ലഭിച്ച ഋഷിമാർ ആയിരുന്നു അവരെല്ലാം. ഭാരതസംസ്കാരത്തിന്റെ ഈടുവയ്പ്പുകളായി കരുതുന്ന വേദങ്ങൾ, ഉപനിഷത്തുക്കൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ എന്നിവയെല്ലാം രചിച്ചത് ഋഷിമാർ ആയിരുന്നു. ‘ഋഷി’ കവിയായിരിക്കേണ്ടത് അക്കാലത്തു ഒരാവശ്യമായിരുന്നു.

SGOU

## ഋഷികവികളും ഋഷികല്പിത കവികളും

'ഋഷി' കവിയാകുന്നതും, 'കവി' ഋഷിതുല്യരാകുന്നതും ഭാരതത്തിന്റെ ഭക്തിസാഹിത്യത്തിൽ പ്രാചീനകാലം മുതലേ കണ്ടുവരുന്ന പ്രവണതയാണ്. ഋഷിയും കവിയും അഭേദ്യരായിരുന്നു. അതുകൊണ്ടാകാം "നാനൃഷികവിഃ" എന്ന ചൊല്ലുതന്നെയുണ്ടായത്. ഋഷികളായവരുടെ തത്വചിന്തകളാണ് കാവ്യരൂപം പൂണ്ട് വേദോപനിഷത്തുക്കളായി പുറത്തുവന്നത്. കവിയുടെ ദീർഘദർശനങ്ങളാണ് തത്വചിന്തകളുടെ രൂപത്തിൽ കാവ്യങ്ങളായി മാറിയത്. ഋഷിയെപ്പോലെ, കവിഞ്ഞുകാണാൻ കഴിയുന്നവനായ കവിയെയും ഋഷിതുല്യനായി ഭാരതീയർ കരുതി.

ഋഷികവികളും ഋഷികല്പിതകവികളും ചേർന്ന് രചിച്ചവയാണ് ഭാരതത്തിലെ ആധ്യാത്മിക സാഹിത്യം മുഴുവനും. ഭാരതീയ ഭക്തിസാഹിത്യം പരിശോധിച്ചാൽ ഈ രണ്ടു ധാരകളും സജീവമായിരുന്നെന്നു കാണാം. വൈദികസാഹിത്യത്തിന് പഴക്കമേറുമെങ്കിലും രണ്ടാമതുപറഞ്ഞ ഋഷികല്പിതരായ കവികളുടെ ഭക്തിസാഹിത്യത്തിന് ജനപ്രിയത ഏറിയിരുന്നു. ഇതിഹാസങ്ങൾ പിറന്നതിനു ശേഷം അവയിലെ കഥാപാത്രങ്ങൾക്ക് അവതാരമൂർത്തിയുടെ സ്ഥാനം നൽകിക്കൊണ്ട് ഭക്താഗ്രേസരരായ കവികൾ സ്തുതിഗീതങ്ങൾ എഴുതിപ്പോന്നു. അവതാരമൂർത്തികളുടെ അദ്ഭുതകൃത്യങ്ങൾക്ക് ഈശ്വരീയത നല്കിക്കൊണ്ട് കാവ്യരചനയിലേർപ്പെട്ട കവികളെയും ഋഷിതുല്യരായി കരുതി ആദരിച്ചുപോന്നു. അക്കൂട്ടത്തിൽപ്പെടുന്നവരാണ് സൂർദാസ്, രാമദാസ്, തുളസീദാസ്, കബീർ, കണ്ണശ്ശന്മാർ, എഴുത്തച്ഛൻ തുടങ്ങിയ ഭക്താഗ്രേസരരായിരുന്ന കവികൾ. ശൈവവൈഷ്ണവ സിദ്ധന്മാരും അക്കൂട്ടത്തിൽപ്പെടുന്നു. ജ്ഞാനമാർഗമോ, തത്വചിന്തയുടെ നിർദ്ധാരണമോ അവർക്കു പ്രശ്നമായിരുന്നില്ല. ഭക്തി, ഭക്തി മാത്രം. ഭക്തിയുടെ പ്രചാരണം അവരോളം ചെയ്തവരല്ല ഋഷികവികൾ.

കണ്ണശ്ശന്മാരോ, എഴുത്തച്ഛനോ, പൂന്താനമോ, മേല്പത്തൂരോ ചെയ്തതുപോലെ ഭക്തിപ്രചാരണം ലക്ഷ്യമിട്ടുള്ള കാവ്യങ്ങളൊന്നും ശ്രീനാരായണഗുരു രചിച്ചിട്ടില്ല. ഗുരു സ്വീകരിച്ച മാർഗവും അതായിരുന്നില്ല, ലക്ഷ്യവും അതായിരുന്നില്ല. അദ്വൈതസിദ്ധമായ ജ്ഞാനസരണിയിലൂടെയാണ് നാരായണഗുരുവിന്റെ സാഹിത്യസപര്യ കടന്നുപോയത്. ശ്രീശങ്കരാചാര്യരും ശ്രീനാരായണഗുരുവും ഋഷിപരമ്പരയിൽപ്പെടുന്ന കവികളാണ്. സ്തോത്രകൃതികളും പ്രബോധനകൃതികളുമൊക്കെ അവർ രചിച്ചിട്ടുണ്ടെങ്കിലും അവരുടെ കാവ്യപന്ഥാവ് വേദർഷികളുടേത് തന്നെയായിരുന്നുവെന്ന് അവർ എഴുതിയ ദാർശനികകൃതികൾ വ്യക്തമാക്കുന്നു. കവി എന്ന നിലയിൽ ശ്രീനാരായണഗുരുവിന്റെ സ്ഥാനം അടയാളപ്പെടുത്തേണ്ടത് വേദർഷികൾക്കും ശങ്കരാചാര്യസ്വാമികൾക്കും ഒപ്പമാണ്.

SGOU

**Keywords**

ഗുരുവിന്റെ സാഹിതീയ സംഭാവനകൾ-സംസ്കൃത ദ്രാവിഡചിന്തകൾ - സ്തോത്രകൃതികൾ - പ്രബോധനാത്മകം - ദാർശനികകൃതികൾ

## Discussion

### 5.1.1 ശ്രീനാരായണഗുരുവിന്റെ സാഹിതീയസംഭാവനകൾ

ഗുരുവിന്റെ കാലഘട്ടത്തിൽ തെക്കൻ കേരളത്തിൽ സാമാന്യവിദ്യാഭ്യാസം എന്നത് മൂന്നുഭാഷകളുടെ കൂടി പഠനമായിരുന്നു. തമിഴ്, സംസ്കൃതം, മലയാളം എന്നീ ഭാഷകൾ അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ഭാഗമായിരുന്നു. സംസ്കൃതപഠനം ഉപരിവിദ്യാഭ്യാസത്തിൽ അനുപേക്ഷണീയമായിരുന്നു. മലയാളഭാഷയിൽ വ്യുല്പത്തി നേടണമെങ്കിൽപ്പോലും സംസ്കൃതപഠനം അനിവാര്യമായിരുന്നു. അതോടൊപ്പം തമിഴുമായുള്ള തായ്മൊഴി ബന്ധം 19-ാം നൂറ്റാണ്ടിലും തിരുവിതാംകൂറിൽ നിലനിന്നിരുന്നു. സ്വാഭാവികമായും ഗുരുവിനെപ്പോലെയുള്ള ഒരു ജ്ഞാനാന്വേഷിക്ക് മൂന്ന് ഭാഷകളിലും സ്വാധീനമുണ്ടായതിൽ അദ്ഭുതമില്ല. എന്ന് മാത്രമല്ല ഗുരു തന്റെ അവധൂതകാലം കഴിച്ചുകൂട്ടിയത് തമിഴ്നാട്ടിലും പരിസരപ്രദേശങ്ങളിലും ആയിരുന്നു. ശൈവസിദ്ധന്മാരുടെ പാടലുകളിൽ പാണ്ഡിത്യം നേടാനും ഗുരുവിന്റെ അവധൂതകാലം സഹായകരമായിരുന്നു. സംസ്കൃതം സ്വഗൃഹത്തിൽ നിന്നും തന്നെ പഠിച്ചതുകൂടാതെ പ്രസിദ്ധരായ ഗുരുക്കന്മാരിൽ നിന്നും കൂടുതലായി പഠിക്കാനും അവസരം ലഭിച്ചു.

ഗുരുകുല ജീവിതത്തിനിടയിലാണ് വിദ്യാർത്ഥിയായിരുന്ന നാരായണൻ തനിക്ക് കൈവന്ന സാമർഥ്യം പരീക്ഷിച്ചു നോക്കിയതും. "ശ്രീകൃഷ്ണദർശനം" എന്ന മുക്തകം വാരണപ്പള്ളി ജീവിതത്തിനിടയിൽ ലഭിച്ച ശ്രീകൃഷ്ണാനുഭവത്തിന്റെ ആവിഷ്കരണമായിരുന്നു. ഇതുപോലെ ധാരാളം സ്തോത്രങ്ങൾ പാരമ്പര്യരീതിയിൽ ഗുരുകുലവാസത്തിനിടയിൽ എഴുതിയിരുന്നു. അക്കാലത്ത് ഭാഷാപഠനങ്ങൾക്കിടയിൽ കാവ്യരചനയിലേർപ്പെടുന്നതും, ചൊല്ലി രസിക്കുന്നതും സതീർത്ഥ്യരുടെ ഇടയിൽ പതിവായിരുന്നു. ഗുരുവും അത്തരത്തിലുള്ള രചനകളിൽ നിപുണനായിരുന്നു. രസകരമായ രീതിയിൽ കവിത ചൊല്ലാനും കഴിഞ്ഞിരുന്നു. നിയോക്ലാസിക് അനുശീലനം മൂലം സിദ്ധിയോടൊപ്പം സാധനയ്ക്കും പ്രാധാന്യം ലഭിച്ചിരുന്നു. സാധനയുടെ ഭാഗമായി എല്ലാ ശിഷ്യന്മാരും കാവ്യങ്ങൾ രചിച്ച് ഗുരുക്കന്മാർക്ക് കാഴ്ചവച്ചിരിക്കാം. അനുശീലനത്തിന്റെ ഭാഗമായിരുന്നു അത്തരം രചനകൾ. ഗുരുവിന്റെ കൂടെ അക്കാലത്തുണ്ടായിരുന്ന പ്രസിദ്ധരായ രണ്ടു സതീർത്ഥ്യർ പിൽക്കാലത്തെ പ്രസിദ്ധ കവികളായിരുന്നു. പെരുനെല്ലി കൃഷ്ണൻ വൈദ്യരും, വെളുത്തേരി കേശവൻ വൈദ്യരും. അവരുമായുള്ള സമ്പർക്കവും അക്കാലത്തെ രചനാസമ്പ്രദായങ്ങളും നാരായണന്റെ സാഹിത്യസപര്യയെ സ്വാധീനിച്ചിരുന്നു. ചുറ്റുപാടുകൾ ആവശ്യപ്പെട്ടതനുസരിച്ച് കാവ്യരചനയിലേർപ്പെട്ട ഒരു കാലം ഗുരുവിനുണ്ടായിരുന്നു. ശ്രീകൃഷ്ണ ദർശനമൊഴിച്ചുള്ള മറ്റു കൃതികളൊന്നും ലഭ്യമായിട്ടില്ല. പിന്നീട് കാണുന്ന സ്തോത്രകൃതികളെല്ലാം അവധൂതകാലത്തോ ക്ഷേത്രപ്രതിഷ്ഠാവേളകളിലോ എഴുതിയവയാണ്.

തമിഴിലും സംസ്കൃതത്തിലും മലയാളത്തിലും ഒരുപോലെ കവിതയെഴുതുവാൻ ശ്രീനാരായണഗുരുവിനു കഴിഞ്ഞു. അറുപത്തിനാല് കൃതികൾ ഗുരുവിന്റേതായി അറിയപ്പെടുന്നു. മാതൃഭാഷയിലേതു പോലുള്ള കൃതഹസ്തത മറ്റു രണ്ടു ഭാഷകളിലും ഗുരുവിനു സിദ്ധമായിരുന്നു. ഒരേ സമയം ഒന്നിലധികംപേർക്കു കവിത പറഞ്ഞുകൊടുത്തെഴുതിക്കുന്ന ശീലം ഗുരുവിനുണ്ടായിരുന്നു. എന്നുമാത്രമല്ല ചില കൃതികൾ പലപ്പോഴായി പറഞ്ഞുകൊടുത്ത് എഴുതിച്ചവയുമാണ്. ദർശനമാല അങ്ങനെ പലപ്പോഴായി പറഞ്ഞു കൊടുക്കുകയും, നൂറു പദ്യം പൂർണ്ണമായപ്പോൾ കൃത്യമായി മുഴുമിപ്പിക്കുകയും ചെയ്തതായി പറഞ്ഞുകേൾക്കുന്നു. ഗുരുവിന്റെ കാവ്യരചനയുടെ ശൈലി അങ്ങനെയായിരുന്നു. ഗുരു പറഞ്ഞുകൊടുക്കുന്നു, മറ്റൊരാൾ എഴുതുന്നു. അതുകൊണ്ടുതന്നെ കൃത്യമായി ഇവ ശേഖരിക്കുവാൻ കഴിഞ്ഞിരിക്കില്ല. അതിനാൽ വ്യത്യസ്തമായ പാഠഭേദങ്ങളും ഉണ്ടായിരിക്കണം. ലഭ്യമായ കൃതികളെയും പാഠങ്ങളെയും മുൻനിർത്തി മാത്രമേ നാരായണഗുരുവിന്റെ കൃതികളെ വിലയിരുത്തുവാൻ ഇന്ന് നമുക്ക് കഴിയൂ.

SGOU

ലഭ്യമായ കൃതികളെ പൊതുവെ അഞ്ചുതരമായി തിരിക്കാം.

1. സ്തോത്രകൃതികൾ
2. പ്രബോധനകൃതികൾ
3. ദാർശനികകൃതികൾ
4. തർജമകൾ
5. ഗദ്യകൃതികൾ.

തമിഴിലും, മലയാളത്തിലും, സംസ്കൃതത്തിലും എഴുതിയ കൃതികളെയും ഉൾക്കൊള്ളിച്ചാണ് ഇത്തരമൊരു വിഭജനം നടത്തിയിരിക്കുന്നത്.

## 5.1.2 ഗുരുവിന്റെ സംസ്കൃതകൃതികൾ

വിനായകൻ, ശിവൻ, സുബ്രഹ്മണ്യൻ, ദേവി എന്നിവരെ സ്തുതിച്ചുകൊണ്ടാണ് സ്തോത്രകൃതികൾ എഴുതിയിട്ടുള്ളത്. സുബ്രഹ്മണ്യകീർത്തനം, ശിവശതകം, എന്നീ കൃതികളൊഴിച്ച് മറ്റുള്ള സ്തോത്രകൃതികളെല്ലാം ക്ഷേത്രപ്രതിഷ്ഠയുടെ വേളകളിൽ എഴുതിയിട്ടുള്ളവയാണ്. ഗുരുവിന്റെ കൃതികളായി എണ്ണം പറയുമ്പോൾ ആദ്യക്ഷേത്രപ്രതിഷ്ഠയോടൊപ്പം ഗുരു എഴുതിയ അനുഷ്ടുപ്പ് ശ്ലോകത്തെ ഉൾപ്പെടുത്താൻ മറന്നുപോവുകയാണ് പതിവ്. യഥാർഥത്തിൽ ആ ശ്ലോകമാണ് ക്ഷേത്രപ്രതിഷ്ഠയോടൊപ്പം ഗുരു എഴുതിയ ആദ്യകൃതി. അതൊരു സ്തോത്രകൃതിയല്ല. ഭക്തർക്ക് ഏറ്റുപാടാനുള്ളതുമല്ല. അവയ്ക്കെല്ലാമുപരി തന്റെ പ്രവർത്തനങ്ങളുടെ ലക്ഷ്യമെന്താണ് എന്ന് ആദ്യമായി പറഞ്ഞുകൊടുത്ത സാമൂഹികമൂല്യസംസ്ഥാപന മന്ത്രമാണിത്

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്."

### ശിവസ്തോത്രങ്ങൾ

1. ശിവപ്രസാദപഞ്ചകം
2. സദാശിവദർശനം
3. ശിവശതകം
4. അർദ്ധനാരീശ്വരസ്തവം
5. മനനാതീതം (വൈരാഗ്യ ദശകം)
6. ചിജ്ജഡ ചിന്തനം
7. കുണ്ഡലിനിപാട്ട്
8. ഇന്ദ്രിയവൈരാഗ്യം
9. ശിവസ്തവം (പ്രപഞ്ചസൃഷ്ടി)
10. കോലതീരേശസ്തവം
11. സ്വാനുഭവഗീതി (വിഭൂദർശനം)
12. പിണ്ഡനന്ദി
13. ചിദംബരാഷ്ടകം
14. തേവാരപതികങ്കൾ

### സുബ്രഹ്മണ്യസ്തോത്രങ്ങൾ

1. ഷൺമുഖസ്തോത്രം
2. ഷൺമുഖദശകം
3. ഷാൺമാതുരസ്തവം
4. സുബ്രഹ്മണ്യ കീർത്തനം
5. നവമഞ്ജരി
6. ഗുഹാഷ്ടകം
7. ബാഹുലേയാഷ്ടകം

### ദേവീസ്തോത്രങ്ങൾ

1. ദേവീസ്തവം
2. മണ്ണന്തല ദേവീസ്തവം
3. കാളീനാടകം
4. ജനനീനവരത്നമഞ്ജരി
5. ഭദ്രകാളീ അഷ്ടകം

### വിഷ്ണുസ്തോത്രങ്ങൾ

1. ശ്രീകൃഷ്ണദർശനം
2. ശ്രീ വാസുദേവാഷ്ടകം
3. വിഷ്ണ്വഷ്ടകം

ഗുരുവിന്റെ സ്തോത്രകൃതികൾ നിരവധിയാണ്. അതിൽ ചുരുക്കം ചിലവയാണിവിടെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കുന്നത്.

### 5.1.2.1 ശ്രീകൃഷ്ണദർശനം

ശ്രീനാരായണഗുരു ഉപരിപഠനാർഥം വാരാണപ്പള്ളിയിൽ താമസിച്ചിരുന്ന കാലത്ത് ഗുരുവിന് സവിശേഷമായ ഒരനുഭവം ഉണ്ടായതായി പറഞ്ഞുപോരുന്നു. ആ അനുഭവത്തെ സാക്ഷ്യപ്പെടുത്തിയെഴുതിയതാണ് ശ്രീകൃഷ്ണദർശനം എന്ന കൃതി. 1877 കാലത്തായിരിക്കണം ഇതെഴുതിയത് എന്ന് അനുമാനിക്കുന്നു. ഈശ്വരസാക്ഷാത്കാരം ലഭിക്കുമ്പോൾ ഒരു വ്യക്തിയിലുണ്ടാകുന്ന നിർവൃതിവിശേഷമാണ് ഇതിലൂടെ ഗുരു ആവിഷ്കരിക്കുന്നത്. ഒരു ജ്ഞാനാന്വേഷിയുടെ അനുഭവതലമായി ഇതിനെ വിലയിരുത്താവുന്നതാണ്. സഗുണോപാസനയിലൂടെയുള്ള സാക്ഷാത്ക്കാരമാണിത്.

SGOU

"ഭൂയോ വൃത്തി നിവൃത്തിയായ്ഭുവനവും
സത്തിൽ തിരോഭൂതമായ്
പീയൂഷധ്വനി ലീനമായ്ചുഴലവും
ശോഭിച്ചു ദീപപ്രഭ
മായാമൂടുപടം തുറന്നു മണിരംഗത്തിൽ
പ്രകാശിക്കുമ-
ക്കായാവിൻ മലർമേനി കൗസ്തുഭമണി-
ഗ്രീവന്റെ ദിവ്യോത്സവം."

(തന്റെ സത്ത വീണ്ടും ഉണ്ടെന്ന, താനുണ്ട് എന്ന, അവസ്ഥ ഇല്ലാതായി. അതിൽ നിന്നു മോചനം ലഭിച്ചു. ഭവിച്ചവയെല്ലാം തന്നെ (ഭുവനം) സത്തിലേയ്ക്ക് തിരിച്ചു മടങ്ങി (ഉള്ളവയെല്ലാം ഉണ്ടായതിലേക്ക് തന്നെ ലയിച്ചു ചേർന്നു) അപ്പോൾ അമൃതുപോലെയുള്ള ശബ്ദവും എവിടെയോ ലയിച്ചെത്തി. ചുറ്റിലും ദീപപ്രഭ ചൊരിഞ്ഞു. അപ്പോൾ മായയുടെ മൂടുപടം തുറന്ന് അന്തരംഗത്തിൽ പ്രകാശിച്ചു കൊണ്ടിരിക്കുന്ന ആ കായാമ്പൂമേനിയായ കൗസ്തുഭമണിഞ്ഞ അവന്റെ കാഴ്ച്ച കണ്ണുകൾക്ക് ദിവ്യോത്സവമായി മാറി.)

ഈ ഭൂമിയിൽ താനുണ്ടെന്ന അവസ്ഥയിൽ നിന്നും മറഞ്ഞ് ആദിമസത്തയിലേക്ക് തിരിച്ചുപോയി ഏതോ നാദത്തിലൂടെ കടന്ന്, മഹാവെളിച്ചത്തിലെത്തി. മറയായിരുന്ന മൂടുപടത്തിനപ്പുറം താൻ ഭഗവാനൊപ്പം നിൽക്കുന്ന ശൂന്യമായ ഒരനുഭവമായിട്ടാണ് ഈശ്വരസാക്ഷാത്കാരത്തെ അതു ലഭിച്ചവർ വിശദീകരിച്ചിരിക്കുന്നത്. വാരണപ്പള്ളിയിൽ വച്ച് ഈ അനുഭവത്തിലൂടെ കടന്നുപോയപ്പോൾ കുറച്ചു നേരത്തേയ്ക്ക് ബോധാവസ്ഥ തന്നെ ഗുരുവിന് നഷ്ടപ്പെട്ടതായി സതീർത്ഥ്യർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

### 5.1.2.3 വിനായകാഷ്ടകം (1881)

ഗണപതിയെ, വിനായകനെ ബ്രഹ്മപ്രതീകമായി സ്തുതിച്ചു കൊണ്ട് ശ്രീനാരായണഗുരു എഴുതിയ എട്ടു പദ്യങ്ങളാണ് 'വിനായകാഷ്ടകം'. ഗുരു തന്റെ എല്ലാ കൃതികളിലൂടെയും ഉപദേശിച്ചത് അദ്വൈത വേദാന്തമാണ്. ബ്രഹ്മവിദ്യയെയാണ് അദ്വൈത വേദാന്തം എന്ന് വിവക്ഷിക്കുന്നത്. 'താനും ഇക്കാണുന്ന സർവപ്രപഞ്ചവും ബ്രഹ്മം തന്നെയാണ്.' എന്നാണ് ഗുരുദേവൻ ഉപദേശിച്ചത്. കൊ. വ. 1083 ൽ ഗുരുദേവൻ നാഗർകോവിലിനടുത്തുള്ള കോട്ടാർ സന്ദർശിക്കുകയും അന്ന് ആ നാട്ടിലെ ആരാധനാ മൂർത്തികളായിരുന്ന മല്ലൻ, ചുടലമാടൻ, കരിങ്കാളി മുതലായ ദുർദേവതകളുടെ വിഗ്രഹങ്ങളും മറ്റും എടുത്തു മാറ്റി പിള്ളയാർ കോവിലെന്ന മനോഹരമായ ഗണപതിക്ഷേത്രം പണികഴിപ്പിച്ച് പ്രതിഷ്ഠ നടത്തുകയുണ്ടായി. തുടർന്ന് രചിച്ചതാണ് വിനായകാഷ്ടകം എന്ന് വിശ്വസിക്കപ്പെടുന്നു. വൃത്തം: ഭുജങ്ഗപ്രയാതം. വിനായകാഷ്ടകം എന്നാണ് പേരെങ്കിലും സ്തോത്രത്തിലെവിടെയും വിനായകപദം ഉപയോഗിച്ചിട്ടില്ല. വിനായകനെ സ്തുതിച്ചുകൊണ്ടു നാരായണഗുരു എഴുതിയിട്ടുള്ള എട്ടു ശ്ലോകങ്ങളടങ്ങിയ ഒരു ചെറുകൃതിയാണ് വിനായകാഷ്ടകം. ഗണപതിയെയാണ് വിനായകൻ. വിനയിക്കുന്നവൻ എന്ന അർഥത്തിലാണ് വിനായകൻ എന്ന പേര് ദേവഗണങ്ങളുടെയും പിതൃഗണങ്ങളുടെയും പതിയായ ഗണപതിക്ക് കിട്ടിയിട്ടുള്ളത്. വിനയിക്കുക എന്നാൽ എടുത്തു മാറ്റുക, ബോധനം ചെയ്യുക എന്നൊക്കെ അർഥമുണ്ട്. അവിദ്യാരൂപമായ എല്ലാ വിഘ്നങ്ങളെയും എടുത്തുമാറ്റി പ്രബോധനം അഥവാ നല്ല അറിവിന്റെ പ്രകാശം പരത്തുന്നവൻ ആണ് വിനായകൻ. ഈ അർഥത്തിലാണ് ഏതു കാര്യവും തുടങ്ങുന്നതിനു മുമ്പ്, വിഘ്നങ്ങളെല്ലാം നീങ്ങി ശുഭപര്യവസാനം ഉണ്ടാകുന്നതിനുവേണ്ടി വിഘ്നേശ്വരപൂജ ചെയ്യുന്നത്.

ഗണപതി ദേവഗണങ്ങളുടെയും പിതൃഗണങ്ങളുടെയും പതിയാണെന്നും പറഞ്ഞല്ലോ. ആര്യന്മാർ ഭാരതത്തിലേക്കു കൊണ്ടുവന്ന വൈദികസംസ്കാരത്തിന്റേതാണു ദേവന്മാർ. പിതൃപൂജയാകട്ടെ പ്രാഗ്വൈദികമായ അനാര്യസംസ്കാരത്തിന്റെതാണ്. ദേവന്മാരുടെയും പിതൃക്കളുടെയും പതിയായ ഗണപതി ആര്യാനാര്യ സംസ്കാരങ്ങളെ ശുദ്ധമായ ആത്മജ്ഞാനം കൊണ്ടു കൂട്ടിയിണക്കുകയും, ഈ രണ്ടു സംസ്കാരങ്ങൾ തമ്മിലുള്ള ഭിന്നത മൂലം ഉളവായിരുന്ന വിഘ്നങ്ങളെയെല്ലാം ഇല്ലാതാക്കുകയും ചെയ്തു എന്നു ഊഹിക്കാം. ശിവകുടുംബത്തിലെ ആദ്യസന്താനമായ ഗണപതി ശൈവസമ്പ്രദായത്തിൽ പെട്ടതാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ശൈവന്മാരും വൈഷ്ണവരും, ഏത് മംഗളകർമ്മം നടക്കുന്നതിനു മുമ്പും വിഘ്നേശ്വരനെന്ന നിലയിൽ ആരാധിക്കുന്നതും ഗണപതിയെയാണ്. അടിസ്ഥാനപരമായി നോക്കിയാൽ

SGOU

നാരായണഗുരു അദ്വൈതിയായിരുന്നു. അതേ സമയം, ഹിന്ദുമതമെന്നോ സനാതനധർമ്മമെന്നോ വിളിക്കപ്പെട്ടുപോരുന്ന പാരമ്പര്യത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള മൂല്യമുള്ള എല്ലാ അംശങ്ങളെയും അംഗീകരിച്ച് ആദരിക്കാൻ ഗുരുവിനും കഴിഞ്ഞിരുന്നു. അക്കാരണത്താൽ നിഷ്പക്ഷമായ നിലപാടു സ്വീകരിച്ചുകൊണ്ട്, എല്ലാ മതങ്ങളെയും സൗന്ദര്യം, സ്നേഹം, നന്മ ഇവയുടെയെല്ലാം വക്താവെന്ന നിലയിൽ, സമദൃഷ്ടിയോടുകൂടി ഗുരുവിനു വീക്ഷിക്കുവാൻ കഴിഞ്ഞിരുന്നു. ഗണേശനെയും സുബ്രഹ്മണ്യനെയും വിഷ്ണുവിനെയും ശിവനെയും ദേവിയെയും സ്തുതിച്ചുകൊണ്ട് സ്തോത്രങ്ങളെഴുതാൻ ഗുരുവിനു കഴിഞ്ഞു. അതേ ദൈവത്തെത്തന്നെ പ്രത്യേകമായ ഒരു രൂപകല്പനയും കൂടാതെ ദൈവദശകത്തിലൂടെയും മറ്റും വാഴ്ത്താനും ഗുരുവിനു സാധിച്ചു. ഏതെങ്കിലും ഒരു രൂപകല്പനയോടു കൂടിയായാലും അല്ലെങ്കിലും, തികഞ്ഞ അദ്വൈതവാദിയായി നിന്നുകൊണ്ടു സ്തുതിഗീതങ്ങൾ പാടാനും പ്രാർഥന നടത്താനും ഗുരുവിനു കഴിഞ്ഞിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. അവയെല്ലാം ആത്മാനുഭൂതിസമ്പന്നവും ഭക്തിരസം തുളുമ്പുന്നതുമാണ്.

**ശ്ലോകം – 1**

“നമദ്ദേവവൃന്ദം ലസദ്വേദകന്ദം
ശിരഃശ്രീമദിന്ദും ശ്രിതശ്രീമുകുന്ദം
ബൃഹച്ചാരുതുന്ദം സ്തുതശ്രീസനന്ദം
ജടാഹീന്ദ്രകുന്ദം ഭജേ?ഭീഷ്ടസന്ദം.”

ദേവസമൂഹത്താൽ വന്ദിക്കപ്പെട്ടവനും വേദങ്ങളുടെ സ്വയംപ്രകാശിക്കുന്ന നാരായവേരായി വിളങ്ങുന്നവനും പൂനിലാവൊളി ചൊരിയുന്ന ചന്ദ്രനെ തലയിൽ അണിഞ്ഞവനും, ലക്ഷ്മീസമേതനായ വിഷ്ണുവാൽ ഭജിക്കപ്പെടുന്നവനും തടിച്ചു മനോഹരമായ വയറുള്ളവനും, സനകസനന്ദാദി മുനികളാൽ സ്തുതിക്കപ്പെടുന്നവനും ജടയിൽ സർപ്പരാജാവായ വാസുകിയെ മുല്ലമാലയായി അണിഞ്ഞിരിക്കുന്നവനും ഭക്തന്മാരുടെ അഭീഷ്ടങ്ങളെ സാധിച്ച് അനുഗ്രഹിക്കുന്നവനുമായ വിനായകനെ ഞാൻ ഭജിക്കുന്നു. തേജോരൂപികളായ ദേവന്മാർ നിന്നെ സദാസമയവും നമസ്ക്കരിക്കുന്നു. ഓരോന്നിനെയും നാം ധ്യാനിക്കേണ്ടതും നമ്മുടെ ഉള്ളിൽ വർത്തിക്കുന്ന, ആത്മസത്തയായിട്ടു തന്നെയാണ്. അപ്പോഴാണു സ്തോത്രങ്ങൾ ആത്മാനന്ദരസാനുഭൂതിജന്യങ്ങളായിത്തീരുന്നത്. സ്തോത്രത്തിലെ വിനായകനെ അങ്ങനെതന്നെ ധ്യാനിക്കാം. ഇവിടെ ആ പരമാത്മസത്തയായി ദർശിക്കുന്നതും വിനായകനെയാണ്. അതിനാൽ വിനായകൻ തന്നെയാണ് എല്ലാ വേദങ്ങൾക്കും ബീജാവാപം നൽകുന്ന കന്ദമായിരിക്കുന്നത്. ഈ ധ്യാനത്തിലൂടെ നാം ചെന്നെത്തിയിരിക്കുന്നത് എല്ലാറ്റിന്റെയും പ്രഭവസ്ഥാനമായിരിക്കുന്ന, ജ്യോതിസുകൾക്കെല്ലാം ജ്യോതിസായി പരിലസിക്കുന്ന പരമാത്മസത്തയുമായുള്ള ധ്യാതാവിന്റെ ഏകീഭാവത്തിലാണ്.

**ശ്ലോകം – 8**

“ശിവപ്രേമപിണ്ഡം പരം സ്വർണ്ണവർണ്ണം
ലസദ്ദന്തഖണ്ഡം സദാനന്ദപൂർണ്ണം
വിവർണ്ണപ്രഭാസ്യം ധൃതസ്വർണ്ണഭാണ്ഡം
ചലശ്ചാരുശുണ്ഡം ഭജേ ദന്തിതുണ്ഡം”

ശിവൻ പ്രേമം മൂർത്തീഭവിച്ചവനായുള്ളവനേ, ത്രിമൂർത്തികളിൽ ധ്യാനനിരതനായിരിക്കുന്നതു ശിവനാണ്. ധ്യാനത്തിൽ സ്വയം അമർന്നിരിക്കുന്ന ശിവന്റെ രൂപം പ്രസിദ്ധമാണ്. ഒരു യോഗിയുടെ ഭാവത്തെയാണ് ശിവന്റെ ഈ രൂപം എടുത്തു കാട്ടുന്നത്. ശിവന്റെ മറെറാരു ഭാവം താണ്ഡവനടനം ചെയ്യുന്ന നടരാജൻ രൂപത്തിലുള്ളതാണ്. ശിവന്റെ ആനന്ദനൃത്തത്തിലെ നിർവൃതി ഭൂതജാലങ്ങളെല്ലാം അനുഭവിച്ചുകൊണ്ടിരിക്കുന്നതുതന്നെയാണ്. കവികളും ശില്പികളും ഈ ഭാവത്തിനു രൂപം നൽകുമ്പോൾ ഭൂതപ്രേതങ്ങളോടും ശക്തിയോടും ശിവൻ നടനമാടുന്നതായാണ് ഭാവന ചെയ്യുന്നത്. ഏതായാലും ശിവൻ നാഗരികതയുള്ള, കുലീനനായ ഒരു ദേവനല്ല. നേരേമറിച്ച്, വെറും സാധാരണക്കാരുടെ ഒരു ദേവനാണ്. വടിവൊത്തു ജീവിക്കുന്ന എല്ലാ സാഹചര്യങ്ങളെയും വലിച്ചു ദൂരത്തെറിഞ്ഞുകൊണ്ട്, സ്വതന്ത്രനായി വിഹരിക്കുന്ന ഒരു ദേവനാണു എന്നു താല്പര്യം. എല്ലാത്തരം കീഴ്വഴക്കങ്ങളെയും അതിലംഘിക്കുന്ന പരമപ്രേമത്തിന്റെ പ്രതീകമാണ് ശിവൻ. അതും പരംപൊരുളിന്റെ തന്നെ നിരുപാധികപ്രേമമാണ്. അതിന്റെ മൂർത്തഭാവമായാണ് ഇവിടെ വിനായകനെ വിഭാവന ചെയ്തിരിക്കുന്നത്. പരനായിട്ടുള്ളവനെ, സ്വർണവർണത്തോടുകൂടിയവനെ. ശിവൻ ത്രിമൂർത്തികളിൽ ഒരുവനാണെങ്കിലും,

SGOU

ശൈവമതക്കാരുടെ കണ്ണിൽ ശിവൻ തന്നെയാണ് പരമമായ പൊരുൾ. ശിവൻ സൃഷ്ടിച്ചു, ശിവൻ നിലനിർത്തി, ശിവനിൽത്തന്നെ വിലയിക്കുന്ന ഈ ലോകം വാസ്തവികതയില്ലാത്തതല്ല. പ്രപഞ്ചത്തിന്റെ വാസ്തവികത, അതിന്റെ കാരണമായിരിക്കുന്ന ശിവന്റെ വാസ്തവികതയിൽ നിന്നു ഭിന്നമല്ല. ആനന്ദസ്വരൂപനായിരിക്കുന്നതും എല്ലാ ജീവികൾക്കും ആനന്ദകാരണമായിരിക്കുന്നതും ശിവന്റെ സ്വഭാവമാണ്. ഈ പ്രപഞ്ചത്തെ മുഴുവൻ ശിവമയമായ സൗന്ദര്യത്തിന്റെ ആവിഷ്കാരമായി ദർശിക്കുകയാണ് യഥാർഥസത്യദർശികൾ ചെയ്യുന്നത്. ഇവിടെ ഈ മൂല്യങ്ങളുടെയെല്ലാം സ്വർണപ്രഭയായാണ് ഗുരു ഭഗവാനെ ദർശിക്കുന്നത്. ശോഭിക്കുന്ന ദന്തഖണ്ഡത്തോടുകൂടിയവനേ, സംയമത്താലുണ്ടാകുന്ന സന്തുഷ്ടിയുടെ മകുടോദാഹരണത്തെ ശോഭായമാനമായ തന്റെ കൊമ്പിൻ കുറ്റികൊണ്ടും വെളിവാക്കുന്നവനേ. പഞ്ചഭൂതങ്ങളിൽ ഭൂമിയുടെ ദേവനാണു വിനായകൻ. ആ അർത്ഥത്തിൽ ശനീശ്വരൻ എന്നും വിനായകനെ വിളിക്കാറുണ്ട്. ഗണപതിക്കും കോപം വരാൻ നിസാരകാരണം മതി. എന്നാൽ ഭൂമിയെപ്പോലെ തന്നെ എളുപ്പത്തിൽ പ്രസാദിക്കുകയും ചെയ്യും. അതുകൊണ്ടും ക്ഷിപ്രപ്രസാദി എന്നും വിനായകനെ വിളിക്കാറുണ്ട്. പ്രസന്നനായ ഭഗവാൻ തന്റെ കൃപകൊണ്ട് ഏവരെയും സന്തുഷ്ടരാക്കുന്നു. നിസീമമായ അവിടുത്തെ കൃപയും കാരുണ്യവും ആർക്കും ഒരു ദോഷവും വരുത്തുവാൻ അനുവദിക്കുന്നില്ല. ഭഗവാന്റെ മുഖം ആനയുടേതു പോലെയാണെങ്കിലും ആനയുടെ ശൗര്യത്തിന്റെ കേന്ദ്രസ്ഥാനമായ കൊമ്പ് ഒടിഞ്ഞിരിക്കുകയാണ്. അഹന്തക്ക് കൊമ്പും നഖങ്ങളുമുണ്ട്. മറ്റുള്ളവരുമായുള്ള ഇടപെടലുകളിൽ നാം നമ്മുടെ അഹന്തയെ മെരുക്കിയെടുക്കണം. കൊമ്പുകൾ മുറിക്കണം, കൂർത്ത നഖങ്ങൾ ചെത്തികളയണം. ഇതിന്റെ പ്രതീകമാണു വിനായകന്റെ മുറിഞ്ഞതെങ്കിലും പ്രശോഭിക്കുന്ന കൊമ്പ്. വിവർണമായ പ്രഭയുള്ള മുഖത്തോടുകൂടിയവനെ രാഗങ്ങളെല്ലാമൊഴിഞ്ഞ ശുദ്ധചിന്മാത്രത്തിന്റെ പ്രഭയുള്ളവനെ. വിനായകാഷ്ടകത്തിന്റെ ഈ അവസാന ശ്ലോകത്തിൽ വിനായകനെ ശിവനോട് ഏറ്റവും അടുപ്പമുള്ളതായി ചിത്രീകരിക്കുന്നു. ശിവന്റെ പ്രധാന സവിശേഷതകളെല്ലാം ഇവിടെ സൂചിപ്പിക്കപ്പെടുന്നു. എന്നാൽ ശിവനാകട്ടെ, മാനസികമോ ബൗദ്ധികമോ ആയ വിശേഷഗുണങ്ങൾക്കെല്ലാം അതീതനായി, ഗുണങ്ങളെയെല്ലാം ഭസ്മമാക്കി അതിനെ മേലാകെ പൂശി, വിവർണനായി വർത്തിക്കുന്നവനാണെന്നതും പ്രസിദ്ധമാണ്. ശക്തിപുത്രനായ വിനായകൻ കെട്ടിത്തിളങ്ങുന്ന സ്വർണപ്രഭയുള്ളവനായിരുന്നു. ഇവിടെയാകട്ടെ ഗുണാതീതനായ വിനായകനിൽ വിവർണമായ പ്രഭയാണ് കാണുന്നത്. സകലശത്തോടുകൂടിയവനെ, സ്വർണ കലശത്തോടുകൂടിയവനേ, തുമ്പിക്കൈയ്യിൽ സുവർണകലശം പേറിക്കൊണ്ട നിൽക്കുന്ന വിനായകരൂപം കാട്ടുന്നു. ഇളകുന്ന, അഴകുള്ള തുമ്പിക്കൈയ്യോടുകൂടിയവനെ, ആനയുടെ വിവേചനാശക്തിയുടെ ഇരിപ്പിടം തുമ്പിക്കൈയാണ്. സത്യവും അസത്യവും, ആത്മാവും അനാത്മാവും, നിത്യവും അനിത്യവും ഒക്കെ തിരിച്ചറിയുന്ന നമ്മിലുള്ള വിവേചനാശക്തിയാണു വിനായകന്റെ തുമ്പിക്കൈ. അതു ചലിക്കുന്നുണ്ട്. അതായത്, അത് സദാ ക്രിയാത്മകമാണ്. മൂല്യവിവേചനം ചെയ്യാനുള്ള നമ്മുടെ കഴിവും സദാ സമയവും ചൈതന്യവത്താണ്.

### 5.1.2.4 ശ്രീവാസുദേവാഷ്ടകം

വൈഷ്ണവപരമ്പരയിലുള്ള ദേവകളെ സ്തുതിച്ചു കൊണ്ട് നാരായണഗുരു അധികം കൃതികൾ എഴുതിയിട്ടില്ല. ആദ്യകാല രചനകളായ മൂന്നെണ്ണം മാത്രമാണ് ലഭ്യമായിരിക്കുന്നത്. ശ്രീവാസുദേവാഷ്ടകം, വിഷ്ണ്വാഷ്ടകം, ശ്രീകൃഷ്ണദർശനം എന്നിവയൊഴിച്ച് മറ്റേതെങ്കിലും കൃതികൾ ഈ വിഭാഗത്തിൽ ഗുരു എഴുതിയിരുന്നോ എന്നു നിശ്ചയമില്ല. ഗുരു എഴുതിയതിൽ കൂടുതലും ശിവകുടുംബത്തിലെ ദേവന്മാരെക്കുറിച്ചുള്ളതാണ്. വിദ്യാർഥിയായിരുന്ന കാലത്ത് വാരണപ്പള്ളിയിൽ വച്ചുണ്ടായ ദിവ്യാനുഭവത്തിൻ പ്രചോദിതനായി എഴുതിയതാണ് ശ്രീകൃഷ്ണദർശനം എന്ന കൃതി. അവധൂതകാലഘട്ടമെത്തുമ്പോൾ തമിഴ്ശൈവ പാരമ്പര്യത്തിലേക്ക് ഗുരു മാറുന്നുണ്ട്. തൈക്കാട്ട് അയ്യാസ്വാമിയുടെ സ്വാധീനവും അതിന് പ്രേരണ നൽകിയിരിക്കാം. ഏതായാലും ഇപ്പോൾ ലഭ്യമായ വിഷ്ണുസംബന്ധമായ കൃതികളെ കൂടാതെ വേറെയും കൃതികൾ ഗുരു എഴുതിയിരിക്കാം. അതെല്ലാം ക്രോഡീകരിക്കാതെ നഷ്ടപ്പെട്ടിരിക്കാം.

1884 കാലഘട്ടങ്ങളിലായിരിക്കണം ശ്രീവാസുദേവാഷ്ടകം എഴുതിയതെന്ന് വിശ്വസിക്കാം. തുടർന്ന് ഗുരുവിന്റെ പരിവർത്തനകാലമാണ്. മരുത്വാമലവാസവും അരുവിപ്പുറം പ്രതിഷ്ഠയും നാണുയോഗിയെ ശ്രീനാരായണഗുരുവിലേക്ക് നയിച്ച അനുഭവങ്ങളായിരുന്നു. വൈഷ്ണവകൃതികൾ എഴുതുമ്പോൾ ഒരു ഭക്തന്റെ പ്രലാപനങ്ങളും പ്രാർത്ഥനയുമാണ് നാം അവയിൽ കാണുന്നത്. എങ്കിലും അദ്വൈത ചിന്തയുടെ അടിസ്ഥാനതത്വങ്ങൾ തന്നെയാണ് തെളിഞ്ഞു കാണുന്നത്. ഭക്തനായിരുന്നപ്പോഴും യോഗിയായിരുന്നപ്പോഴും സാക്ഷാത്കാരം സിദ്ധിച്ച മുനിവര്യനായിരുന്നപ്പോഴും ഒരേതത്വത്തിൽ അധിഷ്ഠിതമായാണ് ഗുരു സ്വജീവിതം നയിച്ചിരുന്നതെന്ന് സ്വകൃതികൾ തന്നെ സമർഥിക്കുന്നുണ്ട്. ശ്രീവാസുദേവാഷ്ടകത്തിന്റെ രചനാരീതി വച്ചുനോക്കുമ്പോൾ ഒരു ഭക്തന്റെ സ്ഥാനത്തു നിന്നുകൊണ്ടുള്ള അർഥനയായിട്ടാണ് ഈ കൃതിയെ വിലയിരുത്താൻ കഴിയുന്നത്. സംസാരദുഃഖത്തിൽപ്പെട്ട് ഉഴലുന്ന ഭക്തൻ എല്ലാ ആമയങ്ങളും ഹരിച്ചുതരുവാൻ വേണ്ടി നടത്തുന്ന പ്രാർഥനയാണിത് എന്നു കാണാം. സംസ്കൃതഭാഷയിലാണ് രചന. വൃത്തം: വസന്തതിലകം. ഭക്തന്മാർക്ക് ഭഗവാൻ പ്രിയമുള്ളതു പോലെ ഭഗവാനും ഭക്തന്മാരോടും പ്രിയം തന്നെയാണുള്ളത്. ഈ പാരമ്പര്യത്തിലൂടെ കടന്നു പോകുമ്പോഴാണ് ഭക്തി ഉറച്ചവികാരമായി മാറുന്നത്. അതുകൊണ്ടാണ് ജ്ഞാനിവൃന്ദങ്ങൾകൂടിയും ഭഗവാനെ ആദരിക്കുന്നതും, ഭക്തൻമാർ എല്ലാ ദുഃഖങ്ങളും ഭഗവാനിലേയ്ക്കിറക്കിവയ്ക്കുന്നതും. ഒരത്താണിയായി ഭഗവാനെ കാണുമ്പോൾ മാത്രമാണ് സാധാരണഭക്തൻ തൃപ്തനാകുന്നത്. അവന് മഹാവാക്യങ്ങളിൽ പ്രതിപാദിതമാകുന്ന അഭേദതയെക്കാൾ മഹാശക്തനായ ഒന്നായി ദൈവത്തെ സങ്കല്പിക്കുന്നതിലാണ് പ്രിയം. സ്തോത്രകൃതികളുടെ പ്രത്യേകതയായിട്ടു വേണം അതിനെക്കാണുവാൻ.

### 5.1.2.4 ഭദ്രകാള്യഷ്ടകം

"ശ്രീമച്ഛങ്കരപാണി പല്ലവകിര-
ല്ലോലംബമാലോല്ലസ
ന്മാലാലോലകലാപകാളകബരീ
ഭാരാവലീ ഭാസുരീം
കാരുണ്യാമൃത വാരിരാശിലഹരീ
പീയൂഷ വർഷാവലീം
ബാലാംബാം ലളിതാളകാമനുദിനം
ശ്രീഭദ്രകാളീംഭജേ !"

ശ്രീ ശങ്കരന്റെ കൈത്താരുകൾ തട്ടിയതു മൂലം ചിതറിപ്പറക്കുന്ന നേരിയ കലപില ശബ്ദം പുറപ്പെടുവിക്കുന്ന വണ്ടുകളെന്നു തോന്നിക്കുന്ന കുറുനിരകളാലും മുടിയിൽ ചുറ്റിയിരിക്കുന്ന ആടിക്കളിക്കുന്ന മാലകളാലും കറുത്ത കബരീഭാരത്താലും ഭാസുരമായിരിക്കുന്ന ദേവിയെ, കാരുണ്യമാകുന്ന അമൃതസമുദ്രത്തിലെ ലഹരി നൽകുന്ന അമൃതം വർഷിക്കുന്ന ലളിതാളകത്തോടു കൂടിയ ബാലാംബയായ ശ്രീഭദ്രകാളിയെ, ഞാനിതാ ഭജിക്കുന്നു. മുടിയിൽ ചുറ്റിയിരിക്കുന്ന മാലയിൽ നിന്നും വണ്ടുകൾ പാറിപ്പറക്കുന്നതായിത്തോന്നുന്നത് ശിവൻ ബാലാംബയുടെ കബരീഭരത്തെ തഴുകുന്നതുകൊണ്ടാണെന്നു കവിഭാവന. അതല്ല ശിവഭഗവാൻ ബാലാംബയുടെ നെറ്റിത്തടത്തിൽ തഴുകുന്നതു കൊണ്ട് ലളിതാളകങ്ങൾ ഇളകുന്നതിനെ (കുറുനിരകൾ ഇളകുന്നതിനെ) വണ്ടുകളുടെ പാറിപ്പറക്കലായി കല്പന ചെയ്തതാണ് എന്നും അർഥമെടുക്കാം. കുറുനിരകളെ വണ്ടിനോട് ഉപമിക്കാറുണ്ട്.

ഭക്തന്മാർക്ക് എപ്പോഴും ഇഷ്ടമുള്ള ഒന്നാണ് ഭഗവത്ലീലകൾ. ഇതുകൊണ്ട് ഭക്തിക്കു മാറ്റു കൂടുന്നതല്ലാതെ ഒരിക്കലും ഭക്തിക്ക് കുറവ് സംഭവിക്കുകയില്ല. ഇത്തരം ലീലകൾ കാണുമ്പോൾ തനിക്കു സാധ്യമല്ലാത്തതാണല്ലോ ഭഗവാൻ കാഴ്ച്ച വയ്ക്കുന്നത് എന്ന് അദ്ഭുതപ്പെടും. ഇവിടെ ശിവപാർവതിമാരുടെ ഐക്യം ഭക്തനെ ആനന്ദത്തിലാഴ്ത്തുന്നു. ഭഗവത്ലീല എത്ര ഹൃദ്യമായാണ് ഗുരു ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്. ശിവപാർവതിമാർ ആലിംഗനബദ്ധരായി എന്നത് ഒരു സൂചന കൊണ്ടു മാത്രം വെളിപ്പെടുത്തുന്നു. ദേവിയുടെ മാറിലെ കുങ്കുമവർണം വെണ്ണീറുപൂശിയ ശിവന്റെ മാറിനെ ശോണമാക്കിയിരിക്കുന്നു. പാർവതിയുടെ മുടിയിഴകൾ കിരീടത്തിലെ ചുവന്നമുത്തുകൾ പോലെ തിളങ്ങിയത് ശിവന്റെ ശരീരത്തിലുള്ള ഭസ്മം പുരണ്ടിട്ടാണെന്നും വ്യംഗ്യമായിപ്പറയുന്നു. ശിവന്റെ മാറിലെ ഭസ്മം ചുവന്നതു പാർവതിയുടെ മാറിലെ കുങ്കുമം പറ്റിയതുമൂലമാണ്. ക്ലാസിക് പാരമ്പര്യത്തിലുള്ള കവിയുടെ നിഷ്ണാതത്വമാണ് ഈ കൃതിയിൽ തെളിഞ്ഞു കാണുന്നത്.

SGOU

### 5.1.2.5 ജനനീനവരത്നമഞ്ജരി

ശ്രീനാരായണഗുരുവിന്റെ ദേവീസ്തവങ്ങളിൽവച്ച് ഏറെ പ്രാധാന്യമുള്ള ഒരു കൃതിയാണ് ജനനീനവരത്നമഞ്ജരി. ദേവിയെ ജനനിയായി കണ്ടുകൊണ്ട് ആദിപരാശക്തിയെന്ന നിലയിൽ വാഴ്ത്തുകയാണ്. ഒമ്പതുശ്ലോകങ്ങളിൽ ദേവിയുടെ മഹത്വം ഒതുക്കി വർണിക്കുന്നു. "മധുരവും ശാന്തഗംഭീരവും" എന്നാണ് കുമാരനാശാൻ ഈ കൃതിയെ വിശേഷിപ്പിക്കുന്നത്. 1909-ൽ 'വിവേകോദയ'ത്തിൽ ഇത് പ്രസിദ്ധം ചെയ്തു. എങ്കിലും അതിനുമുമ്പേ ഇത് വിരചിതമായിരുന്നുവെന്ന് സൂചനകളുണ്ട്. ശിവഗിരിക്കുന്നിൽ ഗുരു വിശ്രമിക്കുന്ന കാലയളവിൽ ഇന്ന് കാണുന്ന ശാരദാക്ഷേത്രം നിൽക്കുന്നിടത്തുവച്ച് ഗുരുവിനു ദേവിയെക്കുറിച്ചുള്ള കാവ്യചോദന ഉണരുകയും അപ്പോൾ പറഞ്ഞുകൊടുത്ത് എഴുതിക്കുകയും ചെയ്തതാണെന്ന് കരുതിപ്പോരുന്നു. കരുവാ കൃഷ്ണനാശാൻ എഴുതിയെടുത്തു. (ശ്രീ കാവിള ജി. ഗംഗാധരൻ ഇപ്രകാരം രേഖപ്പെടുത്തുന്നു.) ഗുരുവിന്റെ അകമലരിൽനിന്നും അനർഗളം ഒഴുകിയതിന്റെ കാവ്യഭംഗി ഏറെ തുളുമ്പി നിൽക്കുന്നു ഈ കൃതിയിൽ. ആദിയറിവായും ആദിപരാശക്തിയായും ദേവിയെ കരുതുന്ന ഭക്തൻ ദേവിയിൽ അഥവാ ആദിയറിവിൽ ലയിക്കാൻ ആഗ്രഹിക്കുന്നു. ഇത്തരത്തിലാണ് ശ്ലോകം തുടങ്ങുന്നത്.

#### ശ്ലോകം 1

"ഒന്നായ മാമതിയിൽ നിന്നായിരം ത്രിപുടി
വന്നാശു തൻമതി മറ-
ന്നന്നാദിയിൽ പ്രിയമുയർന്നാടലാം കടലി-
ലൊന്നായി വീണു വലയും
എന്നാശയം ഗതിപെറും നാദഭൂമിയില-
മർന്നാവിരാഭ പടരും-
ചിന്നാഭയിൽ ത്രിപുടിയെന്നാണറുംപടി
കലർന്നാറിടുന്നു ജനനീ !"

അമ്മേ, ഒരേയൊരു മഹാബുദ്ധിയിൽനിന്ന് എണ്ണമറ്റ ത്രിപുടികൾ ഉണ്ടായ ഉടൻതന്നെ സ്വരൂപം മറന്ന് ഭോഗ്യവസ്തുക്കളിൽ താല്പര്യം വർധിച്ച് ദുഃഖക്കടലിൽ ആകെ മുങ്ങിമുഴുകി വലയുന്നു. എന്റെ ബുദ്ധിക്ക് നേർവഴി നല്കി നാദസ്വരൂപിണിയായ നിന്നിൽ പറ്റിച്ചേർന്ന് പ്രത്യക്ഷശോഭ നൽകുന്ന അറിവിന്റെ പ്രഭവകേന്ദ്രത്തിൽ ത്രിപുടിയെല്ലാം അറ്റുപോകുന്നതരത്തിൽ ലയിച്ച് ആനന്ദനൃത്തം ചെയ്യുന്നതിന് എന്നായിരിക്കും ഭാഗ്യമുണ്ടാകുന്നത്. ത്രിപുടിയായി മാറിയതുകൊണ്ടുണ്ടായ അജ്ഞാനത്തിൽനിന്ന് മുക്തനായി വീണ്ടും ആദിയറിവിൽ ത്രിപുടിയറ്റു ലയിച്ചുചേർന്ന് ആനന്ദത്തിൽ ആറാടുവാൻ ഭക്തൻ കൊതിക്കുന്നു.

സംബോധാനാരൂപത്തിലാണ് കൃതി രചിച്ചിരിക്കുന്നത്. അമ്മ എന്ന അർത്ഥത്തിൽ ദേവിയെ സങ്കല്പിക്കുന്നു. എല്ലാം ജനിച്ചത് അവളിൽ നിന്നാണ്. എല്ലാ അറിവും സ്ഥിതിചെയ്യുന്നതും അവളിൽത്തന്നെ. ആകരമെടുത്തവളാണ് ദേവി. ജഗദംബ അതിനാൽ ജ്ഞാനാംബ കൂടിയാണ്. ഏകമായ അറിവാണ് ദേവി. ഏകമായ അറിവിൽ നിന്ന് ഓരോന്നോരോന്നായി അനേകം ത്രിപുടികൾ ഭവിക്കുന്നു. ത്രിപുടിയെന്നാൽ മൂന്ന് വസ്തുക്കളാണ്. ജ്ഞാനം - ജ്ഞാതാവ് - ജ്ഞേയം (അറിവ് - അറിയുന്നവൻ - അറിഞ്ഞത്; കേൾവി - കേൾക്കുന്നവൻ - കേട്ടത്; ഭക്ഷണം- ഭക്ഷിക്കുന്നവൻ- ഭക്ഷിച്ചത്). ഇങ്ങനെ ഏതിനും മൂന്നവസ്ഥയുണ്ട്. അറിവ് വെവേറെ വിഭജിച്ചുപോകുമ്പോൾ, ത്രിപുടിയായി മാറുമ്പോൾ, സുഖാനുഭൂതിയിലേയ്ക്ക് പോകുകയും ആദിയറിവിനെ മറന്ന് ദുഃഖസമുദ്രത്തിൽ വീഴുകയും ചെയ്യുന്നു. നീ തന്നെയാണ് ഞാൻ എന്ന് മറന്നുപോകുന്നു. ഇതിനു പരിഹാരം വീണ്ടും ദേവിയുടെ ചിന്നാഭിയിൽ ത്രിപുടികളറ്റു കലർന്നുചേർന്ന് ആദിയറിവിൽ ലയിച്ചുല്ലസിക്കുക മാത്രമാണ്. അതിനായി ഭക്തൻ അകമഴിഞ്ഞ് പ്രാർഥിക്കുന്നു.

ഭൂമി തുടങ്ങിയ പഞ്ചഭൂതങ്ങൾക്ക് എങ്ങും നിലനിൽപ്പില്ല ഇതെല്ലാം വെറും തോന്നൽ മാത്രമാണ് അറിവിന്റെ പ്രകടിതഭാവമായ അതിന് ഈ ലോകത്തുള്ള നിലനിൽപ്പ് ദേവിയിലാണ്. എല്ലാ വിഷയങ്ങളും അവസാനിക്കുന്നത് നിന്നിലാണ്. നീ എങ്ങും നിറഞ്ഞു പ്രകാശിക്കുന്ന ചിദാകാശമാണ്. അതിന്റെ മഹത്വം അമ്മേ ആരറിയുന്നു. ആർക്കു വാഴ്ത്തുവാൻ കഴിയുന്നു. നാം ഈ ലോകത്തിൽ കാണുന്ന ഒന്നിനും നിലനില്പില്ല. ഇതെല്ലാം വെറും തോന്നൽ മാത്രമാണ്. സൂക്ഷ്മമായി അന്വേഷിച്ചാൽ പ്രകടമായ വസ്തുക്കളെല്ലാം തന്നെ അറിവിലെ വെറും തോന്നൽ മാത്രമാണ്. പഞ്ചഭൂത നിർമ്മിതമെന്നു നാം കരുതുന്ന

SGOU

വസ്തുക്കളെല്ലാം സത്യമല്ല. പഞ്ചഭൂതമെന്നതും സത്യമല്ല. സത്യമായതു ദേവി മാത്രമാണ്, അഥവാ അറിവു മാത്രമാണ്. അറിവു പ്രകാശമാണ്. പ്രകാശം എങ്ങനെയിരിക്കുമെന്ന് പറയാൻ കഴിയില്ല. ദേവി എവിടെയിരിക്കുന്നു എന്നു പറയാൻ കഴിയില്ല. എല്ലാറ്റിലും ദേവിയുണ്ട്. എല്ലാമിരിക്കുന്നതും ദേവിയിലാണ്. ആകെയുള്ള പ്രകാശസ്വരൂപമാണ് ദേവി. എല്ലാമടങ്ങുന്ന ആകാശമാണ് ദേവി.

### 5.1.2.6 കുണ്ഡലിനിപ്പാട്ട്

ശ്രീനാരായണഗുരുവിന്റെ മരുത്വാമല വാസത്തിനുശേഷവും അരുവിപ്പുറം പ്രതിഷ്ഠക്കുമിടയിലായി രചിച്ചതായി കരുതിവരുന്ന കൃതിയാണ് പാമ്പാട്ടിച്ചിന്ത് അഥവാ കുണ്ഡലിനിപ്പാട്ട്. കരുവാ കൃഷ്ണനാശാന്റെ നോട്ട്ബുക്കിൽ പാമ്പാട്ടിച്ചിന്ത് എന്ന പേരിലാണ് ഈ കൃതി കുറിച്ചുവെച്ചിരുന്നത്. പില്കാലത്തു കൈവന്ന പേരാണ് കുണ്ഡലിനിപ്പാട്ട്. കുണ്ഡലിനിശക്തിയെ ഉണർത്തുന്നതുമായി ബന്ധപ്പെട്ട് എഴുതിയതാണെന്ന ധാരണയിൽ അത്തരത്തിലുള്ള വ്യാഖ്യാനങ്ങളും ഇതിനുണ്ടായിട്ടുണ്ട്. അത് ശരിയാകണമെന്നില്ല എന്ന് ഡോ: ടി.ഭാസ്കരനും, മുനിനാരായണപ്രസാദ് സ്വാമികളും അഭിപ്രായപ്പെടുന്നു. ഹഠയോഗ മാർഗത്തിലുള്ളതാണ് കുണ്ഡലിനി എന്ന സങ്കല്പം. ശ്രീനാരായണഗുരു യോഗമാർഗങ്ങളിൽ വിമുഖനായിരുന്നുവെന്നുവേണം കരുതാൻ. തൈക്കാട്ട് അയ്യാവിൽ നിന്നും യോഗാഭ്യാസമുറകൾ അനുശീലിച്ചിരുന്നെങ്കിലും ഗുരു അത് പിന്നീട് തുടർന്നിരുന്നില്ല. കുണ്ഡലിനിയുമായി ഈ പാട്ടിനെ ബന്ധിപ്പിക്കുന്നതിൽ കഴമ്പുണ്ടെന്ന് തോന്നുന്നില്ല. ശിവചൈതന്യത്തിൽ പൂർണമായി മുഴുകുന്ന ഭക്തന്റെ ആത്മഹർഷം എന്ന നിലയിൽ ഈ കൃതിയെ വിലയിരുത്തുന്നതാകും കൂടുതൽ ഉചിതം. തമിഴ് പാരമ്പര്യത്തോടു ശ്രീനാരായണഗുരുവിന് ഏറെ അടുപ്പമുണ്ടായിരുന്നു. അതിനാൽ തമിഴ് പാരമ്പര്യപ്രകാരമുള്ള പാമ്പാട്ടിച്ചിന്ത് തന്നെയാണിതെന്നും ഗുരുവിന്റെ ശൈവസിദ്ധാന്താഭിമുഖ്യത്തിന് ഉദാഹരണമാണീ കൃതിയെന്നും തർക്കലേശമന്യേ മനസിലാക്കാൻ കഴിയും. സുബ്രഹ്മണ്യസ്തുതികളായ കാവടിച്ചിന്തുമായി ചേർന്നുപോകുന്ന തരത്തിലുള്ള രചനാസമ്പ്രദായമാണ് പാമ്പാട്ടിച്ചിന്തിനുമുള്ളത്. ഗുരുവിന്റെ ഈ കൃതിയിൽ സുബ്രഹ്മണ്യന് പകരം ശിവനെയാണ് പ്രകീർത്തിക്കുന്നത്. നാരായണഗുരു പലപ്പോഴും ശിവകുടുംബത്തെയാകെ ഒരേ പൊരുൾ എന്ന നിലയിലാണ് സംബോധന ചെയ്യുന്നത്. സുബ്രമണ്യനെയും ഗണപതിയെയും സ്തുതിക്കുമ്പോൾ ശിവപര്യായങ്ങൾ തന്നെയാണ് ഗുരു സ്വീകരിക്കുന്നത്.

**ഈരടി 1**

"ആടുപാമ്പേ പുനം തേടുപാമ്പേയരു-
ളാനന്ദക്കൂത്തു കണ്ടാടുപാമ്പേ"

ശിവന്റെ ആനന്ദനൃത്തമാണിവിടെ സൂചിതം. ശിവനിൽ ഭക്തിയുറപ്പിച്ച ഭക്തന് സർവം ശിവമയമാണ്. ഡമരുകൊട്ടി താളാത്മകമായി ഭഗവാൻ ചെയ്യുന്ന താണ്ഡവം ഊർജദായകവും ആനന്ദസന്ദായകവുമാണ്. മനസിനെ ശിവനിൽ ഉറപ്പിച്ച് ആ നൃത്തത്തിനൊപ്പം ആടുവാനാണ് ഭക്തമനസിനോടു നൽകുന്ന ഉപദേശം. പാമ്പിന് പുനം അതിന്റെ വാസഗേഹമാണ്. അതുപോലെ മനസ്സിന് സ്വാസ്ഥ്യം ലഭിക്കുന്നത് നൃത്തത്തിനൊപ്പം ചേരുമ്പോഴാണ്.

തമിഴ്നാട്ടിൽ ജീവിച്ചിരുന്ന പാമ്പാട്ടിചിന്തനാരുടെ പാടലിനോട് ഏറെ സാദൃശ്യമുള്ള കൃതിയാണിത്. ഗുരുവിന് തമിഴ് ഭാഷയോടും ഭക്തിമാർഗത്തോടുമുണ്ടായിരുന്ന ഇഴയടുപ്പത്തിന് ഉദാഹരണമാണ് ഈ കൃതി. ഗുരുവിന്റെ അപൂർവസുന്ദരമായ രചനാശൈലി ഇതിൽ തെളിഞ്ഞു കാണാൻ കഴിയും. പാമ്പ് എന്നത് ഒരു പ്രതീകം മാത്രമാണ്. ദിവ്യമായ ആനന്ദലഹരിയിലമർന്ന ഭക്തമനസിനെയാണ് ആടുപാമ്പേ എന്ന സംബോധനയിൽ വ്യക്തമാകുന്നത്. സ്വന്തം മനസിനോടുള്ള ആഹ്വാനം തന്നെയാണിത്. ഭോഗ്യവിഷയങ്ങളിലെ ആസക്തിയും ഒരർഥത്തിൽ ശിവലീല തന്നെയെന്ന് കാണാൻ കഴിയുന്നു. ആത്മാവിന്റെ ആനന്ദം കണ്ടെത്തുവാനും അതിലമരുവാനും പാമ്പാട്ടിച്ചിന്തിലൂടെ സാധകൻ ശ്രമിക്കുന്നു

പഞ്ചഭൂതങ്ങൾ ഒന്നിച്ചുചേർന്നുണ്ടായ എല്ലാ പൊരുളുകളും ശിവപാദങ്ങളിൽ ഒന്നൊന്നായി നേർത്തുനേർത്തു ലയിച്ചുചേരുമ്പോലെ സമ്പൂർണലയത്തോടെ അല്ലയോ പാമ്പേ നീ ആടുക. എല്ലാ പൊരുളുകളെയും ശിവനിൽ ലയിച്ച നിലയിൽ കാണാൻ മനസ്സിന് നൽകുന്ന ഉപദേശമാണ് പാമ്പാട്ടിച്ചിന്ത്.



SGOU

### 5.1.2.7 കാളീനാടകം

മരുത്വാമല വാസത്തിനുശേഷവും അരുവിപ്പുറം പ്രതിഷ്ഠയ്ക്കു മുമ്പുമായിരിക്കണം നാരായണഗുരു പിതൃബിംബമായി ശിവനെ കല്പന ചെയ്തുകൊണ്ട് കാവ്യരചന നടത്തിയത്. ശിവശതകം മുതലുള്ള കൃതികൾ ഇതു വ്യക്തമാക്കുന്നു. ക്രമേണ ദേവിക്കു പ്രാധാന്യമുള്ള രചനകൾ എഴുതുന്നു. ദേവീസ്തവങ്ങൾ പലതുമെഴുതിയത് 1890 നു ശേഷമായിരിക്കണം. ശ്രീകൃഷ്ണനിൽ നിന്ന് ബാലസുബ്രഹ്മണ്യനിലേക്കും തുടർന്ന് ശിവഭഗവാനിലേയ്ക്കും പിന്നെ ദേവിയിലേയ്ക്കും പകർന്നു പോകുന്ന രീതിയിലായിരുന്നു ഗുരുവിന്റെ സ്തോത്രരചനാവഴികൾ. ഒടുവിലായി ദാർശനിക കൃതികളിൽ ചെന്നുചേരുന്നു. ആത്മോപദേശശതകം, ദർശനമാല, അദ്വൈതദീപിക, അറിവ്, വേദാന്തസൂത്രം തുടങ്ങിയവ അക്കൂട്ടത്തിൽപ്പെടുന്നു. ഗുരുവിന്റെ കാവ്യപഥം ഇപ്രകാരമാണ് വികസിച്ചു വന്നത്. ദേവീസ്തവങ്ങളിലെത്തുമ്പോഴാണ് ഭക്തനെന്ന നിലയിലും കവിയെന്ന നിലയിലും ആഴമുള്ളതും ഗാംഭീര്യമാർന്നതുമായ ശൈലിക്ക് ഉടമയായി ഗുരു മാറുന്നത്. ദേവീസ്തവങ്ങളിൽ കാളീനാടകം വേറിട്ടൊരു കാവ്യഗതി പിന്തുടരുന്നതായിക്കാണാം. ഗുരു മുനിനാരായണ പ്രസാദ് കാളീനാടകത്തെ ഇങ്ങനെ വിലയിരുത്തുന്നു. "ഭാരതത്തിലെ സ്തോത്രസാഹിത്യത്തിൽ സമശീർഷമായ മറ്റൊന്നു കണ്ടെത്താനാവാതെ ശോഭിക്കുന്ന ഒരു കാവ്യശില്പമാണ് നാരായണ ഗുരുവിന്റെ കാളീനാടകം. അവിച്ഛിന്നമായൊഴുകുന്ന ഭാഷയും താളവും ഭക്തിസാന്ദ്രതയും ഈ കൃതിയെ മഹത്തരമാക്കുന്നു." ദണ്ഡകരൂപത്തിലെഴുതുന്ന കൃതികൾക്കുള്ള അനുസ്യൂതത തന്നെയാണ് ഈ കൃതിയിലും ഉള്ളത്. അതോടൊപ്പം വർധിതമായ ഭക്തിയുടെ തുടിപ്പും കാളീനാടകത്തിന് ഊർജ്ജംപകരുന്നു.

"നമോ നാദബിന്ദ്വാത്മികേ! നാശഹീനേ!
നമോ നാരദാദീഡ്യ പാദാരവിന്ദേ
നമോ നാന്മറയ്ക്കും മണിപ്പൂംവിളക്കേ!
നമോനാന്മുഖാദിപ്രിയാംബാ നമസ്തേ!"

സാമ്പ്രദായികമായ രീതിയിൽ ദേവിയെ അമ്മയായി കണ്ടുകൊണ്ടു സ്തുതിക്കുന്നു. എല്ലാത്തിന്റെയും കാരണരൂപിണിയായി ദേവിയെ കാണുന്നു. അങ്ങനെയുള്ളവളെ വണങ്ങുന്നു. ശബ്ദത്തിന്റെ ഏറ്റവും മൃദുഭാവമാണ് നാദം. രേഖയുടെ സൂക്ഷ്മരൂപമാണ് ബിന്ദു. ദേവിയുടെ ഏറ്റവും സൂക്ഷ്മമായ അവസ്ഥയാണ് നാദബിന്ദ്വാത്മികയെന്നത്. ദേവി ദൃശ്യശ്രവ്യാനുഭവത്തിന്റെ സൂക്ഷ്മാംശമായിരിക്കുമ്പോൾ നാദബിന്ദ്വാത്മികയെന്ന വിശേഷണം ദേവിക്കിണങ്ങുന്നു. ദേവിയുടെ നാശമില്ലാത്ത അവസ്ഥയുമാണത്. എന്നും ഉള്ളതിനെ മാത്രമേ നാശമില്ലാത്തതായി കരുതാൻ കഴിയൂ. രൂപങ്ങൾ ഓരോ കാലത്തും ഓരോ തരത്തിൽ പ്രത്യക്ഷമാകും. അതിനെ ദേഹം എന്നു പറയും. ദേഹം നാശമുള്ളതും ദേഹത്തെചലനാത്മകമാക്കുന്നതിനെ ദേഹിയെന്നും പറയുന്നു. ദേഹിക്കുനാശമില്ല, ദേഹിതന്നെയാണ് ദേവി. അങ്ങനെയുള്ള ദേവിയെ നാരാദാദിമുനിവൃന്ദങ്ങളും, ബ്രഹ്മാദിദേവന്മാരുംപൂജിക്കുന്നു. പൂർണമായ അനുസരണത്തിന്റെ പ്രത്യക്ഷീകരണമാണ് പാദാരവിന്ദങ്ങളിലുള്ള അർച്ചന. ഭക്തിയുടെ പൂർത്തീകരണമാണ് അത്. നാന്മറയുടെ, സമസ്തവിജ്ഞാനത്തിന്റെ ജ്ഞാനപ്രകാശസ്വരൂപമായി ദേവിയെ ആരാധിക്കുന്നു. ദേവിയുടെ തിരുനടനത്തിനായുള്ള നാന്ദിയായിക്കുറിച്ചതാണ് ഈ വരികൾ. തുടർന്ന് ദേവിയുടെ നടനവൈഭവം ആവിഷ്കരിക്കുന്നു.

സൃഷ്ടി, സ്ഥിതി, സംഹാരിണിയായ ദേവിക്ക് ഇണങ്ങുന്ന രീതിയിലുള്ള കവനശൈലിയാണ് ഗുരു ഇതിൽ സ്വീകരിച്ചിരിക്കുന്നത്. മെല്ലെത്തുടങ്ങി ആടിയുലഞ്ഞു ആർത്തട്ടഹസിക്കുന്ന നൃത്തരംഗംപോലെയാണ് പദവിന്യസനം. അർത്ഥാലങ്കാരങ്ങളേക്കാൾ ശബ്ദാലങ്കാരത്തിന് പ്രാധാന്യം ലഭിച്ചിരിക്കുന്നു. കൃതഹസ്തനായ കവിയും ദൃഢവ്രതനായ ഭക്തനും കാളിനാടകത്തിൽ ഒന്നു ചേരുന്നു. പരിണിതപ്രജ്ഞനായ ഒരു കവിക്കു മാത്രം വഴങ്ങുന്നതാണ് ദണ്ഡകരചന. കാളീനാടകത്തെ ദണ്ഡകം എന്നാണ് ഉള്ളൂർ വിശേഷിപ്പിച്ചത്. സിംഹവിക്രാന്തം എന്ന ദണ്ഡകമാണ് കാളീനാടകം

"യഥേഷ്ടം യ കാരങ്ങളെത്താൻ തുടർന്നങ്ങു-
ചെയ്തീടുമദ്ദണ്ഡകം സിംഹവിക്രാന്തമാകും"

എന്നു ലക്ഷണം. ദേവീസ്വരൂപത്തിലൂടെയോ, ശിവസ്വരൂപത്തിലൂടെയോ ചെയ്യുന്ന നൃത്തവിശേഷമാണ് പ്രപഞ്ചോല്പത്തിക്കും പ്രപഞ്ചത്തിന്റെ താളാത്മകതയ്ക്കും കാരണമെന്നാണ് ഭാരതീയ ആധ്യാത്മിക ചിന്തയുടെ വിശ്വാസം,

SGOU

പാമ്പാട്ടിച്ചിന്തിൽ ശിവന്റെ നടനവൈഭവമാണ് പ്രകീർത്തിതമായതെങ്കിൽ കാളീനാടകത്തിൽ ദേവിയുടെ നടനവൈഭവമാണ് പ്രകീർത്തിക്കുന്നത്.

"ശിവാംബാ നമസ്തേ! നമസ്തേ! നമസ്തേ!
മംഗളരൂപേ നമസ്ക്കാരം
നമസ്ക്കാരം നമസ്ക്കാരം"

മനുഷ്യർ പൊതുവേ ചെന്നു ചേരുന്നത് മൂന്നാശകളിലാണ്. പെണ്ണിൽ, പണത്തിൽ, മണ്ണിൽ. അവയുണ്ടെങ്കിൽ എല്ലാമായി എന്നു കരുതി അതിനായി ശ്രമിച്ചും പോരാടിയും ജീവിതം വ്യർഥമാക്കുകയാണ്. തന്റെ ജീവിതം അങ്ങനെ വ്യർഥമാക്കാനിടവരരുതേ എന്നാണ് പ്രാർഥന. ഇതെല്ലാം ശരീരസുഖത്തിനായി ചെയ്യുന്ന വേലകളാണ്. ശരീരമാകട്ടെ ക്ഷണികമാണ്. ലോകത്തുള്ളതെല്ലാം ക്ഷണികമാണ്. ഒന്നും അനശ്വരമല്ല. ഉള്ളത് നീ മാത്രമാണ്. നിന്റെ ഭാവവും തീരോഭാവവുമാണ് സൃഷ്ടികളിൽ ആകെ കാണുന്നത്. പ്രപഞ്ചപ്രവാഹമെന്നത് നീ നടത്തുന്ന ഭാവവും തിരോഭാവവുമാണ്. അങ്ങനെയുള്ള ദേവീ നിനക്കു നമസ്ക്കാരം. കാളിയുടെ നാടകമാണ് ഈ ഉലകം എന്ന് ഭക്തൻ തിരിച്ചറിയുമ്പോൾ എല്ലാദുഃഖങ്ങളും അവനിൽ നിന്നകലും.

### 5.1.2.8 സുബ്രഹ്മണ്യ കീർത്തനം

നാരായണ ഗുരുദേവൻ ശൈവപാരമ്പര്യത്തിൽപ്പെട്ട ദേവകളോട് അത്യധികം ആരാധനാപൂർവ്വമായ താല്പര്യം പ്രകടിപ്പിച്ചിരുന്നത് അവധൂതകാലയളവിലായിരുന്നു. തൈക്കാട്ട് അയ്യാസ്വാമികളുമായി സമ്പർക്കത്തിലായിരുന്ന കാലത്ത് ബാലസുബ്രഹ്മണ്യന്റെ ഉപാസകനായിരുന്നു ഗുരു. ശൈവസിദ്ധാന്തത്തോട് ഗുരുവിനു ആദ്യം മുതലേ ആഭിമുഖ്യമായുണ്ടായിരുന്നു. മരുത്വാമലവാസക്കാലത്തും തുടർന്നും തമിഴ് കാവ്യങ്ങൾ പഠിച്ചും രചിച്ചും ശൈവപാരമ്പര്യത്തെ സ്വാംശീകരിച്ചിരുന്നു എന്നതിന്റെ തെളിവാണ് ഗുരുരചിച്ച സുബ്രഹ്മണ്യ സ്തോത്രങ്ങളും വിനായകാഷ്ടവും, ശിവശതകവും മറ്റും. ഭാഷയുടെയും ഭക്തിയുടെയും അനർഗള പ്രവാഹം അലയടിച്ചുയരുന്ന ഒരുകൃതിയാണ് സുബ്രഹ്മണ്യകീർത്തനം. സ്രഗ്ധരാ വൃത്തത്തിൽ എഴുതിയ പതിനഞ്ചു ശ്ലോകങ്ങളാണ് ഈ കൃതിയിലുള്ളത്. ഭഗവാനോട് അപേക്ഷാരൂപത്തിൽ ഭക്തൻ നടത്തുന്ന പ്രാർഥനയാണിത്. യോഗിയായി അലഞ്ഞു നടക്കുന്ന അന്വേഷകൻ അഭിമുഖീകരിക്കേണ്ടി വരുന്ന സംഘർഷങ്ങളെ യാചനാരൂപത്തിലും ഫലിതരൂപത്തിലും അവതരിപ്പിക്കുകയാണ് ഈ കൃതിയിൽ. ശിവഭഗവാനെ സ്തുതിച്ചുകൊണ്ടു തുടങ്ങി ഒടുവിൽ സുബ്രഹ്മണ്യനിൽ ശിവഭഗവാനെ ദർശിച്ചു കൊണ്ടാണ് കാവ്യം അവസാനിക്കുന്നത്. ശൈവസിദ്ധാന്തമനുസരിച്ച് എല്ലാം ശിവനിൽ ഒടുങ്ങുന്നുവെന്നാണ് സങ്കല്പം. ഗുരുവിന് ശൈവസമ്പ്രദായത്തോടുണ്ടായിരുന്ന ആഭിമുഖ്യം തെളിഞ്ഞു കാണുന്ന കൃതിയാണ് സുബ്രഹ്മണ്യകീർത്തനം.

**ശ്ലോകം 15**

"ഉണ്ണനില്ലാഞ്ഞിരപ്പോട്ടിയുമൊരു വടിയും
കൊണ്ടു നീളേ നടക്കും
പെണ്ണെയ് പങ്കൻ കുടത്തിൻ കവിളുകവിയുമാ-
റുള്ള കള്ളുംചുമന്നും
നിർമ്മാണംപോൽ ചിലപ്പോളരയിലൊരു കരി
ത്തോലുടുത്തും നടക്കും
വന്മായം നിൻതകപ്പൻ വികൃതികൾ പറവാ-
നാദിശേഷന്നുമാമോ?"

(ഊണിനു വകയില്ലാതെ, ഒരു ഭിക്ഷാകപാലവും ഊന്നുവടിയുമായി വഴിനീളേ നടക്കുന്നവനും പെണ്ണിന്റെ ശരീരം പങ്കിട്ടെടുത്തവനും, നിറഞ്ഞു തുളുമ്പുന്ന കള്ളുകുടവും ചുമന്ന് നഗ്നനെപ്പോലെ ആനത്തോലു കൊണ്ട് അരമാത്രം മറച്ച് നടക്കുന്നവനുമായ, വന്മായക്കാരനായ നിന്റെ അച്ഛന്റെ വികൃതികൾ പറവാൻ ആദിശേഷന്നുപോലും സാധ്യമാണോ?)

ഭക്തൻ ഭഗവാനുമായി വളരെയടുത്തു കഴിഞ്ഞു. ഇനി എന്തും പറയാമെന്ന ഭാവത്തിൽ ഭക്തൻ എത്തിക്കഴിഞ്ഞു. മുരുകന്റെ അച്ഛനാണ് ശിവൻ. ശിവന്റെ ലീലകൾ പലതും സാമാന്യ ബുദ്ധിക്കു സാധൂകരിക്കുവാൻ പറ്റാത്തവയാണ്. അതിനാൽ അവയെ 'മായാവിലാസം' എന്നു കരുതിയാൽ മതി. സർവശക്തനായവൻ പിച്ചതെണ്ടുന്നു. അതും തലയോട്ടിയിൽ. ബ്രഹ്മാവിന്റെ തലയോടാണ് ശിവന്റെ കൈയിലെ ഭിക്ഷാപാത്രം. അതും അനൗചിത്യമാണ്. ഉത്തരവാദിത്തമില്ലാത്തവനെപ്പോലെ വഴിനീളേ നടക്കുന്ന പ്രകൃതം. സ്വന്തം ശരീരമില്ലാഞ്ഞിട്ടാണോ സ്ത്രീയുടെ ശരീരത്തിന്റെ പകുതിയെടുത്തിരിക്കുന്നത്. നഗ്നനായാണ് നടപ്പ്. കള്ളുങ്കുടവും കൊ



SGOU

ണ്ടു നടന്നാണ് കുടി. ഇത്തരത്തിലുള്ളവനല്ലേ നിന്റെ അച്ഛൻ എന്ന പരിഹാസമാണ് ഭക്തൻ സുബ്രഹ്മണ്യന്റെ മേൽനടത്തുന്നത്. ഇങ്ങനെ പരിഹസിക്കുവാൻ പോലും കഴിയുന്ന തരത്തിൽ ഭഗവാനും ഭക്തനുമായുള്ള ബന്ധം ഉറപ്പിച്ചു കഴിഞ്ഞു. ഭക്തൻ എന്തു പറഞ്ഞാലും ഭഗവാൻ ക്ഷമിക്കുമെന്ന ഉറപ്പാണ് ഭക്തിയുടെ പാരമ്യം.

### 5.1.2.9 ഇന്ദ്രിയവൈരാഗ്യം

ഇന്ദ്രിയങ്ങളുടെ ആസക്തിയിൽ നിന്നുമുള്ള മോചനോപാധിയായിട്ടാണ് വൈരാഗ്യത്തെ കരുതുന്നത്. ശിവഭഗവാനിൽ സ്വയം അർപ്പിച്ച് ഇന്ദ്രിയനിഗ്രഹം വരുത്തുവാനുള്ള ശ്രമമാണ് ഇതിൽ. ഇന്ദ്രിയങ്ങളെ നയിക്കുന്നത് കാമദേവനാണ്. കാമാരിക്കു മാത്രമേ കാമനെ ചുട്ടുചാമ്പലാക്കാൻ കഴിയൂ. വൈരാഗിയായ ഒരുവന്റെ പ്രാർഥനയാണ് ഇത്. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചുകൊണ്ടു മാത്രമേ ആധ്യാത്മികസാധന പൂർണ്ണതയിലെത്തിക്കുവാൻ കഴിയൂ. ഏതുരീതിയിലാകണം ഇന്ദ്രിയ വൈരാഗ്യത്തിൽ എത്തേണ്ടത് എന്നു വ്യക്തമാക്കുന്ന കൃതിയാണിത്. ഇതോടൊപ്പം പഠിച്ചിരിക്കേണ്ട കൃതിയാണ് ഗുരുവിന്റെ 'വൈരാഗ്യദശകം'. അരുവിപ്പുറം പ്രതിഷ്ഠയോടടുത്ത കാലങ്ങളിലാണ് ഇതെഴുതിയത് എന്നു ഊഹിക്കാം. ജ്ഞാനേന്ദ്രിയങ്ങൾക്കും കർമ്മേന്ദ്രിയങ്ങൾക്കും ജീവിതത്തെ സാർഥകമാക്കാൻ കഴിയില്ല. ഭഗവാന്റെ സഹായത്തോടെ മാത്രമേ ജീവിതം ഫലവത്താകുകയുള്ളൂ. എന്റെ ശരീരം ഇന്ദ്രിയങ്ങൾക്കുവിട്ടു കൊടുത്തു കൊണ്ട് മായയിൽത്തന്നെ കഴിയുകയാണ്. ഈ മായാനദിയിൽ നിന്നും കൈപിടിച്ചൊന്നു രക്ഷിക്കണം. അതു ഭഗവാനുമാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണ്. ഭഗവാനെ പുണരുമ്പോൾ മാത്രമേ ജീവിതം സാർത്ഥമാകൂ.

#### ശ്ലോകം 1

"നാദം കടന്നു നടുവേ വിലസുന്ന നിന്മെയ്
ചേതസ്സിലായ് വരിക ജന്മമറുന്നതിനായ്
ബോധം കളഞ്ഞു പുറമേ ചുഴലും ചെവിക്കൊ-
രാതങ്കമില്ല,ടിയനുണ്ടിതു തീർക്ക ശംഭോ !"

(ശംഭോ നിന്റെ നാദത്തിനുമപ്പുറത്ത് തെളിഞ്ഞു പ്രകാശിക്കുന്ന നിന്റെ മേനി (രൂപം) എന്റെ ജന്മമറുന്നതിനായി നേരിട്ടനുഭവിക്കാൻ അവസരം നൽകുക. വിവേകമില്ലാതെ ബാഹ്യമായ ശബ്ദഭ്രമങ്ങളിൽപ്പെടുന്നതിന് ചെവിക്ക് ഒരു ദുഃഖവുമില്ല. പക്ഷേ എനിക്ക് ദുഃഖമുണ്ട്. ഭഗവാനേ നീ അതില്ലാതാക്കുക.)

എല്ലാ ശബ്ദങ്ങൾക്കുമപ്പുറത്ത് നാദബ്രഹ്മമായി നിലനിന്നു പ്രകാശിക്കുന്നതാണ് ശിവസ്വരൂപം. അതു കാണുവാൻ ഈ ജന്മത്തിൽ തന്നെ സാധിക്കണം. ജന്മമൊടുങ്ങുംമുമ്പ് ശിവദർശനം ലഭിക്കണമെന്നാണ് ഭക്തന്റെ പ്രാർത്ഥന. ഇതിനു തടസമായി നിൽക്കുന്നത് ഇന്ദ്രിയസുഖങ്ങളാണ്. ഒന്നൊഴിയാതെ എല്ലാ ഇന്ദ്രിയങ്ങൾക്കും ഓരോമാതിരി കാമനകളുണ്ട്. കാമനകളെ സ്വയം നിയന്ത്രിക്കുന്നതിന് കഴിയാതെ വരുമ്പോൾ കാമാരിയായ ശിവനെത്തന്നെ ഭജിക്കുകയാണ് ഉത്തമം. ചെവി മുതലായ ഇന്ദ്രിയങ്ങൾ സുഖം അനുഭവിക്കുന്നു. പക്ഷെ ഭക്തന്റെ ചേതസിന് അതുദുഃഖമാണ് വരുത്തുന്നത്. മനസിനു സുഖം നൽകാത്ത ഇന്ദ്രിയ സുഖങ്ങളെ നീക്കിക്കളഞ്ഞ് ശിവസ്വരൂപദർശനത്തിന് അഭിലഷിക്കുകയാണ് ഭക്തൻ. വൈരാഗ്യോല്പാദനത്തിന് ഭഗവന്നാമങ്ങൾ തന്നെയാണാശ്രയം. ഭഗവന്നാമങ്ങൾ കേൾക്കാൻ ചെവിക്കു കഴിയണമെന്നാണ് പ്രാർത്ഥന.

"നാവിന്നു നിന്റെ തിരുനാമമെടുത്തുരച്ചു
മേവുന്നതിന്നെളുതിലൊന്നരുളീടണേ നീ!
ജീവൻ വിടുമ്പൊഴതിൽനിന്നുതെളിഞ്ഞിടും
പിൻനാവിന്നു ഭൂഷണമിതെന്നി നമുക്കുവേണ്ടാ"

(നാക്കിനു നമഃശിവായ എന്ന നിന്റെ തിരുനാമം ജപിച്ചുകൊണ്ട് ജീവിക്കുവാൻ എളുപ്പം അനുഗ്രഹിക്കേണമേ. ജീവൻ വിട്ടുപോകുംമുമ്പ് നിന്റെ നാമമഹത്വം വ്യക്തമാക്കണം. നിന്റെ നാമംചൊല്ലുന്നത് നാവിന്ന് അലങ്കാരമാണ്. ഇതല്ലാതെ മറ്റൊന്നും നമുക്ക് വേണ്ട)

ഇന്ദ്രിയങ്ങളെ നിയന്ത്രണത്തിലാക്കുക എന്നതാണ് ഏറെ ശ്രമകരം. സന്ന്യാസികൾക്കും താപസന്മാർക്കും മാത്രമല്ല ലൗകികർക്കും ഇന്ദ്രിയ നിയന്ത്രണം ആവശ്യമാണ്. ഇന്ദ്രിയങ്ങളെ നിരാകരിച്ചു കൊണ്ടുള്ള ജീവീതം സാധ്യവുമല്ല .

## 5.1.3 ശ്രീനാരായണഗുരുവിലെ ദ്രാവിഡ സ്വാധീനം

മലയാളഭാഷയിലും സംസ്കൃതഭാഷയിലും ഗുരുവിനുണ്ടായിരുന്ന പാണ്ഡിത്യം അതതു

SGOU

ഭാഷകളിലെഴുതിയ കൃതികൾ വ്യക്തമാക്കുന്നു. അതുപോലെ തന്നെ തമിഴ്ഭാഷയിലും ഗുരുവിന് അയത്നലളിതമായി കവിതകളെഴുതുവാൻ കഴിഞ്ഞിരുന്നു. തിരുവിതാംകൂറിൽ തമിഴ് ഒരു അന്യഭാഷായിരുന്നില്ല. അക്കാലത്തു തമിഴും പഠനമേഖലയിൽ ഉൾപ്പെട്ടിരുന്നു. ഗുരുവാകട്ടെ അവധൂതകാലയളവിൽ തമിഴ്നാട് മുഴുവൻ യാത്രചെയ്യുകയും അവിടുത്തെ ഭക്തിപാരമ്പര്യവും, കാവ്യപാരമ്പര്യവും സ്വാംശീകരിക്കുകയും ചെയ്തു. ശൈവസമ്പ്രദായത്തിൽ അധിഷ്ഠിതമായ അദ്വൈതസങ്കല്പത്തിലേയ്ക്ക് ഗുരു ആകൃഷ്ടനായത് അവധൂതകാലയളവിലാണ്. അതുകൊണ്ടാണ് ആദ്യകാല കൃതികളിൽ ശിവകുടുംബം നിറഞ്ഞു നില്ക്കാനിടയായത്. മരുത്വാമല വാസക്കാലത്തിനും അരുവിപ്പുറം പ്രതിഷ്ഠയ്ക്കുമിടയിലായിരിക്കണം തമിഴ് പാരമ്പര്യത്തിൽ ഗുരു കൂടുതൽ ഇറങ്ങിച്ചെന്നത്. ശൈവസിദ്ധന്മാരായിരുന്ന അപ്പർ, സുന്ദരമൂർത്തി, തിരുജ്ഞാനസംബന്ധർ, മാണിക്യവാചർ, തുടങ്ങിയവർ എഴുതിയ പാടലുകൾ ഗുരുവിനെ ഏറെ സ്വാധീനിച്ചിരുന്നു. ഭക്തിയുടെ ഉള്ളുരുക്കം തമിഴ്സാഹിത്യത്തിന്റെ പ്രത്യേകതയാണ്. ഗുരുവിന്റെ ആദ്യകാല രചനകളായ ശിവശതകം, സുബ്രഹ്മണ്യകീർത്തനം, തുടങ്ങിയവയിൽ ഈയൊരു ഉള്ളുരുക്കം നമുക്ക് കാണുവാൻ കഴിയും

### 5.1.3.1 തേവാരപ്പതികങ്ങൾ

ശിവനെ സ്തുതിച്ചു കൊണ്ട് ഗുരു തമിഴ് ഭാഷയിലെഴുതിയ കൃതിയാണ് തേവാരപ്പതികങ്ങൾ. അഞ്ചു പതികങ്ങളാണ് ലഭ്യമായിട്ടുള്ളത്. സുന്ദരർ, അപ്പർ, തിരുജ്ഞാനസംബന്ധർ എന്നിവരുടെ കൃതികളോട് കിടപിടിക്കുന്നവ തന്നെയാണ് ഗുരുവിന്റെ പതികങ്ങളും. തേവാരം എന്നാൽ ഈശ്വരസേവ, കീർത്തനം, ജപം എന്നിവയ്ക്ക് പൊതുവേ നൽകുന്ന പേരാണ്. എങ്കിലും നായനാരന്മാർ എഴുതിയ പാടലുകളെയാണ് തേവാരങ്ങൾ എന്നു തമിഴ്സാഹിത്യത്തിൽ പറഞ്ഞു പോരുന്നത്. തമിഴിലെ പ്രാചീന ഭക്തിസാഹിത്യത്തിന്റെ ഭാഷയിൽത്തന്നെയാണ് ഗുരുവും തേവാരപ്പതികം എഴുതിയത്. അരുമാനൂരിലെ ശ്രീനായിനാർ കോവിലിലെ ആരാധനാമൂർത്തിയെ സ്തുതിച്ചെഴുതിയതാണ് ആദ്യപതികം. ശ്രീനാരായണ ഗുരുവിന് തമിഴ് പാരമ്പര്യത്തോട്, വിശിഷ്യാ ശൈവസിദ്ധാന്തത്തോട് വളരെയധികം ആദരവുണ്ടായിരുന്നു എന്നതിന്റെ തെളിവു കൂടിയാണ് ഈ കൃതി. തേവാരപ്പതികങ്ങളിലെ ആദ്യപതികം മാത്രം ഉൾപ്പെടുത്തുന്നു.

#### നായിനാർ പതികം

**പാടൽ 1**

"ஞானோதயமே ! ஞாதுருவே!  
നാമാതിയിലാ നർക്കതിയേ!  
യാനോ നീയോ ആതിപരം,  
യാതായ് വിടുമോ പേചായേ;  
തേനാർത്തില്ലൈച്ചീരടിയാർ  
തേടും നാടാമരുമാനൂർ  
കോനേ, മാൻനേർ വിഴിപാകം  
കൊണ്ടായ് നയിനാർ നായകമേ!"

(അറിവായി ഉദിച്ചവനേ, അറിവിൻ ഉടൽ ലഭിച്ചവനേ, നാമവും രൂപവും ഇല്ലാത്തവനേ സദ്ഗതിയേകുന്നവനേ, ഞാനാണോ നീയാണോ ആദിമസത്യം എന്നതു പറയാമോ? ചിദംബരത്തുള്ള മഹാഭക്തന്മാർ അന്വേഷിച്ചലയുന്നതും അരുമാനൂർ കോവിലിൽ വാണരുളുന്നവനുമായ മാനിന്റെ കണ്ണിനു തുല്യമായ മിഴിയുള്ള നായനാർമാർക്കു നായകനായവനേ)

അറുപത്തിനാലു നായനാർമാർക്കും നായകനാണ് ശിവൻ. ശൈവസിദ്ധാന്തികൾക്ക് ശിവപ്പെരുമാൾ പരംപൊരുൾ തന്നെയാണ്. മാനവരാശിയുടെ ജ്ഞാനോദയത്തിന് കാരണമാണ് ശിവൻ. മാനവന് രൂപമുണ്ട്. പക്ഷേ ശിവഭഗവാന് രൂപമില്ല; അതുകൊണ്ട് നാമവും ഇല്ല. ഏതു നാമവും അവന്റെ നാമം തന്നെ. നാമരൂപങ്ങൾക്ക് അതീതനായ ഭഗവാനും അവനിൽ ഉറച്ചഭക്തിയുള്ളവനും ഒന്നു തന്നെയാണ്. അപ്പോൾ ആരാണ് പരമസത്യം. ഭഗവാനാണോ ഭക്തനാണോ? ഭക്തനിൽനിന്നും വേറിട്ട ഒന്നല്ല ഭഗവാൻ. മഹാഭക്തന്മാർ നിന്നെ അന്വേഷിച്ചു ചിദംബരത്തിലാണ് സാധാരണ എത്താറ്. പക്ഷേ, ശിവഭഗവാൻ ഇപ്പോൾ അരുമാനൂരിലാണ് കുടികൊള്ളുന്നത്.

**പാടൽ 10**

"കല്ലോ മരമോ കാരയമോ  
കടിനം നന്നെഞ്ചറിയേൻ യാൻ  
അല്ലോ പകലോ ഉന്നടി വി-  
ട്ടല്ലോകലമായ് നിൻറടിയേൻ  
ചൊല്ലാവല്ലാ ചുരുതി മുടി

SGOU

ച്ചൊല്ലാവല്ലായരുമാനൂർ
നല്ലാർമണിയേ മാതേവാ ! കാവായ്
നാതാനയിനാർ നായകമേ!"

(മാതവ എന്നൊരു പാഠവും കാണുന്നുണ്ട്. ഇവിടെ മാതേവാ എന്ന പാഠം സ്വീകാര്യമായി തോന്നുന്നു. മണിയേ എന്നു ദീർഘവും സ്വീകരിക്കുന്നു. തമിഴിൽ ചെയ്യുൾ വികാരങ്ങൾ എന്ന രചാനാസ്വാതന്ത്ര്യം ആണ് കവി സ്വീകരിച്ചത്. എന്റെ മനസ് കല്ലോ മരമോ കാരിരുമ്പോ പോലെ കഠിനമായിരിക്കണം. രാവിലും പകലിലും നിന്റെ പാദങ്ങളെ മറന്നതു കൊണ്ട് എല്ലാം കുഴപ്പത്തിലായി നിൽക്കുന്ന അവസ്ഥയിലാണ് അടിയൻ. ശ്രുതികളാൽ പോലും ചൊല്ലാൻ പറ്റാത്തത്ര നന്മ നിറഞ്ഞവനാണ് നീ. അരുമാനൂരിലെ മഹാദേവാ പാർവതിയുടെ മണിയായിരിക്കുന്ന ശിവനേ നീ എന്നെ കാക്കണമേ. അല്ലയോ നാഥാ നയിനാർമാരുടെ നായകനായിരിക്കുന്നവനേ)

ശിവൻ നല്ലാർമണിയായിരിക്കുന്നത് രണ്ടർഥത്തിലെടുക്കാം ഒന്ന് നല്ലാർ എന്നാൽ സ്ത്രീ. ഇവിടെ പാർവതീ ദേവി. ദേവിയുടെ ദൃഷ്ടിയിൽ ശിവഭഗവാൻ മണി (രത്നം) തന്നെ. മറ്റൊന്ന് മുനിമാരുടെ ദൃഷ്ടിയിൽ വിലമതിയാത്ത സത്യമായിരിക്കുന്നവാനാണ് ശിവഭഗവാൻ. പരമമായ അർഥമാണ് ശ്രുതികളും ഉപനിഷത്തുക്കളും വിശദീകരിക്കുന്നത്. പക്ഷേ അവയ്ക്ക് നിന്റെ മഹിമയെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. നന്മമാത്രം നിറഞ്ഞവനാണ് ശിവൻ. അവനിൽ തിന്മയില്ല. നിരുപാധികമായ നന്മയുടെ മൂർത്തരൂപമാണ് ഭഗവാൻ. മഹാദേവനായി അരുമാനൂരിൽ കഴിയുന്ന ഭഗവാൻ, ഭക്തനെ കാത്തുരക്ഷിക്കണമെന്നാണ് പ്രാർഥന. ഭഗവാനിൽ ലയിക്കണമെന്നാണ് രക്ഷിക്കലെന്നതു കൊണ്ട് ഭക്തൻ അർഥമാക്കുന്നത്.

ശൈവസിദ്ധാന്തം അദ്വൈതചിന്ത തന്നെയാണ് തുടരുന്നത്. ശിവനും ഭക്തനും ഒരേ പൊരുൾ തന്നെയെന്നാണ് ശൈവസിദ്ധാന്തം സ്ഥാപിക്കുന്നത്. ശ്രീനാരായണ ഗുരുവിന്റെ തേവാരപ്പതിങ്കൾ ലക്ഷണമൊത്ത തമിഴ് ശൈവസിദ്ധാന്ത കൃതി തന്നെയാണ്. ഗുരു തമിഴ്ഭാഷയിലും കൃതഹസ്തനായിരുന്നു. തമിഴ് പാരമ്പര്യത്തിന്റെ തുടർച്ചയാണ് ശ്രീനാരായണഗുരു എന്നു പറയുന്നതിൽ തെറ്റില്ല. ഗുരുവിന്റെ തമിഴ് കാവ്യങ്ങളെല്ലാം അതു സമർഥിക്കുന്നു.

### 5.1.4 പ്രബോധനാത്മക കൃതികൾ

ദാർശനിക കൃതികളെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്ന കൃതികളാണ് ഗുരുദേവന്റെ പ്രബോധനാത്മക കൃതികളും. പഠനസൗകര്യം മുൻനിർത്തിയാണ് പ്രബോധനാത്മക കൃതികൾ എന്ന് വിഭാഗകല്പന ചെയ്തത്. ദാർശനിക കൃതികളായി കരുതുന്ന കൃതികളും പ്രബോധനപരങ്ങളാണ്. എങ്കിലും അവയിൽ ദാർനികാംശത്തിനാണ് മുൻതൂക്കം. പ്രബോധനാത്മക കൃതികളിലും ഗുരുവിന്റെ ദർശനം തന്നെയാണ് സമന്വയിച്ചിരിക്കുന്നത്. എങ്കിലും പ്രബോധനാത്മകതയ്ക്കാണ് മുൻതൂക്കം. ദാർശനികതയുടെയും പ്രബോധനാത്മകതയുടെയും ഏറ്റക്കുറച്ചിലനുസരിച്ച് വെവേറെ തലങ്ങളിൽ തരംതിരിക്കുന്നു എന്ന് കരുതിയാൽ മതി. അടിസ്ഥാനപരമായി പ്രബോധനകൃതികളും ദാർശനികമായ ഊന്നൽകൊടുത്ത് എഴുതിയ കൃതികൾ തന്നെയാണ്. ഗുരുവിന്റെ ജീവിതവീക്ഷണങ്ങളും അപരസ്നേഹവും ഉദ്ബോധനരീതിയിൽ അവതരിപ്പിക്കുന്നു എന്നതിനാൽ ഈയൊരു വിഭജനം യുക്തിസഹവുമാണ്. ജീവിതത്തിലെ ധാർമ്മിക മൂല്യങ്ങളെയും, സദാചാരനിഷ്ഠകളെയും, അനുകമ്പാദികളെയും, ആചാരശീലങ്ങളെയും കുറിച്ച് വ്യക്തമായ നിർദ്ദേശം നൽകുക എന്നതു തന്നെയാണ് പ്രബോധനകൃതികളുടെ ഉദ്ദേശ്യം.

പ്രബോധനാത്മകമായിരിക്കുമ്പോൾ തന്നെ പ്രാർഥനയുടെ തലത്തിലേയ്ക്ക് ഉയരുന്ന രീതിയിലുള്ളതാണ് ഇവയുടെ രചനാശില്പം. ശ്രീനാരായണഗുരുവിന്റെ കവിതകളുടെ ഉദാത്തഭാവത്തെയാണ് അത് സൂചിപ്പിക്കുന്നത്. അദ്വൈതചിന്തയിലൂന്നിനിന്നുകൊണ്ടാണ് പ്രബോധനാത്മകകൃതികളും വിരചിതമായിരിക്കുന്നത്. ദാർശനികകൃതികളുടെ പൊതുസ്വഭാവം തന്നെ അദ്വൈതചിന്തയുടെ പ്രായോഗിക ആവിഷ്കാരമാണ്. സാധാരണഭക്തന്മാർക്ക് പൊതുവേ അപ്രാപ്യമാണ് ദാർശനികകൃതികൾ. അതുകൊണ്ടാകാം ആചാര്യന്മാർ അനുശാസനരൂപത്തിൽ ജീവിതമൂല്യങ്ങൾ ആവിഷ്കരിക്കുന്നത്. അതുകൊണ്ടു ഉദ്ബോധനാത്മകകൃതികൾക്ക് ദാർശനികകൃതികളേക്കാൾ ജനഹൃദയങ്ങളിൽ സ്വീകാര്യതയേറും.

SGOU

അനുകമ്പാദശകം, ജീവകാരുണ്യപഞ്ചകം, ജാതിനിർണയം, ജാതിലക്ഷണം തുടങ്ങിയ കൃതികൾക്ക് സാമൂഹിക ജീവിതത്തിൽ കൂടുതൽ ഇടംനേടാൻ കഴിഞ്ഞിട്ടുണ്ട്.

മനുഷ്യനെ നന്മയിലേക്ക് നയിക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപം കൊണ്ടവയാണ് എല്ലാ മതങ്ങളും. പക്ഷെ, കാലാന്തരത്തിൽ സംഘബലമായും അഭിമാനപ്രശ്നമായും മതങ്ങൾ മാറുമ്പോൾ പ്രധാന ലക്ഷ്യമായിരുന്ന നന്മയ്ക്ക് മതാനുയായികളുടെ ഹൃദയത്തിൽ സ്ഥാനമില്ലാതെ പോകും. അപ്പോഴാണ് മതം പലപ്പോഴും മാനവരാശിക്ക് പരുക്കേല്പിക്കുന്നതായിത്തീരുന്നത്. ഒരു മതം മാത്രമാണ് ശരി എന്നതരത്തിൽ ആചാര്യന്മാരും അനുയായികളും വാദിച്ചു തുടങ്ങുമ്പോൾ മാനവസ്നേഹമെന്നതിനപ്പുറം സങ്കുചിതവീക്ഷണങ്ങളിലേയ്ക്ക് മതം കൂപ്പുകുത്താറുണ്ട്. അത്തരം അവസരങ്ങളിലാണ് മഹാത്മാക്കളായ ആചാര്യന്മാർ ഭക്തിയുടെ പ്രചാരകന്മാരായും ഉദ്ബോധകരായും കടന്നുവരുന്നത്. ഭക്തിമാർഗത്തിലെ അഭിവാജ്യഘടകമാണ് ഉദ്ബോധനം. പ്രാർഥനയിലൂടെ അത് നിറവേറ്റുമ്പോൾ കൂടുതൽ സഫലമായിത്തീരുന്നു. ഭക്തിയിൽ ഉറച്ചുനിർത്തുന്നതിൽ ഉദ്ബോധനകൃതികൾക്കുള്ള കഴിവ് തിരിച്ചറിഞ്ഞുകൊണ്ടാണ് ആചാര്യന്മാർ അത്തരം കൃതികൾ രചിക്കുന്നത്.

### പ്രബോധനകൃതികൾ

1. ജാതിനിർണയം
2. മതമീമാംസ
3. ജാതിലക്ഷണം
4. സദാചാരം
5. ജീവകാരുണ്യപഞ്ചകം
6. അനുകമ്പാദശകം
7. ധർമ്മ
8. ആശ്രമം
9. മുനിചര്യാപഞ്ചകം

ദാർശനികമായും തത്വാധിഷ്ഠിതമായും രചിക്കുന്ന കൃതികളിൽ നിന്ന് സാധാരണ ഭക്തൻ അകന്നുപോകാറുണ്ട്. തങ്ങൾക്ക് അപ്രാപ്യമാണ് അത്തരം കൃതികൾ എന്ന അവർ കരുതാറുണ്ട്. എന്നാൽ പ്രബോധനാത്മകകൃതികൾ എളിയോർക്കിണങ്ങിനിൽക്കുന്ന തരത്തിൽ രചിക്കപ്പെട്ടവയായതുകൊണ്ട് അവർക്കിടയിൽ സ്വീകാര്യതയേറും. നാരായണഗുരുവും ലക്ഷ്യമിട്ടത് എത്രയും ആഴത്തിൽ ജനഹൃദയങ്ങളിലേയ്ക്ക് തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലായിരുന്നു. ദാർശനികകൃതികൾകൊണ്ട് തത്വബോധനം നടത്തിയ അതേ പ്രാധാന്യം ഗുരു തന്റെ ഉദ്ബോധനകൃതികൾക്കും നൽകിയിരുന്നു. ഓരോ കൃതിയും വിശദപഠനത്തിനു വിധേയമാക്കേണ്ടതുണ്ട്. എങ്കിലും തിരഞ്ഞെടുത്ത ഏതാനും പ്രബോധനാത്മകകൃതികളെ മാത്രമേ ഇവിടെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കുന്നുള്ളൂ.

അഹിംസയുടെ പ്രാധാന്യം വ്യക്തമാക്കുന്ന മൂന്ന് കൃതികളാണ് അനുകമ്പാദശകം, ജീവകാരുണ്യപഞ്ചകം, അഹിംസ എന്നിവ. സാരോപദേശപ്രധാനമാണ് 'സദാചാരം' എന്ന കൃതി. ജാതിലക്ഷണം, ജാതിനിർണയം എന്നിവ ജാതിയുടെ തത്വനിർണയമാണ് നടത്തുന്നത്. ആശ്രമത്തിലെ ജീവിതചര്യകളേയും മുനിചര്യകളെയും വിശദമാക്കുന്ന കൃതികളാണ് മുനിചര്യാപഞ്ചകം, ആശ്രമം എന്നിവ. പൊതുവെ ഈ കൃതികളെയെല്ലാം സാരോപദേശകൃതികൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

പ്രബോധനാത്മകകൃതികളിൽ എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്ന കൃതിയാണ്"അനുകമ്പാദശകം". അനുകമ്പാദശകത്തെ ഒന്നാമതായി പഠനവിധേയമാക്കുന്നു.

#### 5.1.4.1 അനുകമ്പാദശകം

ഗുരു 1914-ൽ എഴുതിയതായി കരുതുന്ന കൃതിയാണ് അനുകമ്പാദശകം. കേരളീയ സമൂഹമനസിൽ കൃത്യമായ ഒരിടം കരസ്ഥമാക്കിയ കാലയളവിൽ ഗുരു നൽകിയ പ്രസിദ്ധമായ ഉപദേശകാവ്യമാണിത്. തന്റെ കാഴ്ചപ്പാടിലും പ്രവർത്തനമണ്ഡലങ്ങളിലും ഉന്നതമായ തലത്തിൽ ഗുരു എത്തിച്ചേർന്ന കാലയളവാണ് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംദശകം. പ്രസ്തുതകാലഘട്ടത്തിലാണ് ഗുരു സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാർഗങ്ങളായി വിവിധ കർമ്മപരിപാടികൾ അവതരിപ്പിക്കുന്നത്. ക്ഷേത്രസ്ഥാപനത്തിലൂടെയും സംഘടനാരൂപീകരണത്തിലൂടെയും ധാരാളം പേർ അനുയായികളായും ഭക്തന്മാരായും ഗുരുവിനോടൊപ്പം ഇക്കാലത്തുണ്ടായിരുന്നു. അവരിൽ സംസ്കാരത്തിന്റെ നൂതനവും പൗരാണികവുമായ അംശങ്ങളെ വിളക്കിച്ചേർക്കുന്നതിൽ ഗുരു ശ്രദ്ധിച്ചിരുന്നു എന്നതിന്റെ

SGOU

ഉദാഹരണമാണ് 'അനുകമ്പാദശകം' എന്ന ലഘുകൃതി. വിയോഗിനി വൃത്തത്തിലുള്ള പത്തു പദ്യങ്ങളാണുള്ളത്. അഹിംസയുടെയും കാരുണ്യത്തിന്റെയും സൽകീർത്തിയുടെയും പ്രസക്തിയാണ് കവിതയിൽ വിവക്ഷിതമായിരിക്കുന്നത്. കരുണാകരനായിട്ടാണ് ദൈവത്തെ ഇതിൽ സങ്കല്പിച്ചിരിക്കുന്നത്. കരുണചെയ്യുന്നവനായ ദൈവത്തോടാണ് പ്രാർത്ഥിക്കുന്നത്. മറ്റൊന്നുമല്ല, തനിക്കും കരുണാകരനാകണമെന്നു തന്നെയാണ് പ്രാർത്ഥന. ദൈവം കരുണാകരനാണ്. തന്നോട് കരുണ കാട്ടണം എന്നല്ല, തനിക്കും മറ്റുള്ളവരോട് കരുണ കാട്ടണം. അതിനു സഹായം ചെയ്തു തരേണമേ.

"ഒരുപീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നല്കുകുള്ളിൽ നിൻ-
തിരുമെയ്‌വിട്ടകലാതെ ചിന്തയും."

(കരുണാകരാ, ഉറുമ്പിനുപോലും ഒരുപദ്രവവും വരുത്താതെയുള്ള തുടർസ്നേഹം (അനുകമ്പ) എപ്പോഴും എന്റെ ഉള്ളിൽ ഉദിപ്പിക്കേണമേ; അതുപോലെ നിന്റെ തിരുരൂപം എപ്പോഴും എന്റെ ചിന്തയിൽ നിന്നുപോലും വിട്ടകലാതെ ഇരുത്തേണമേ.)

നിന്റേതുപോലെ കരുണ കാട്ടുവാൻ എന്നെ പ്രാപ്തനാക്കേണമേ. ചിന്തയിൽ എപ്പോഴും നിന്റേതായ രൂപവും തോന്നിപ്പിക്കേണമേ. ഈശ്വരന്റെ പ്രവൃത്തിയും, ഈശ്വരന്റെ രൂപവും തനിക്കു നൽകേണമേ എന്ന് പ്രാർത്ഥിക്കുന്നവൻ യഥാർത്ഥത്തിൽ ഈശ്വരനായിത്തീരാൻ തന്നെയാണ് കൊതിക്കുന്നത്. ഈശ്വരന്റെ മറ്റു സിദ്ധിവിശേഷങ്ങളൊന്നും ആഗ്രഹിക്കുന്നില്ല. ഏറ്റവും നിരുപദ്രവമായ ഒരു കാര്യം മാത്രമേ ചോദിക്കുന്നുള്ളൂ. കരുണയുടെ കാര്യത്തിൽ നിന്നെപ്പോലെയാകണമേ. താൻമൂലം ഒരുറുമ്പിനുപോലും ഉപദ്രവം വരരുത്. പ്രാർത്ഥന വിശാലമായി മാറുന്നു ഇവിടെ. ദൈവം കരുണാകരനായാൽ ദൈവസൃഷ്ടമായതെല്ലാം കരുണാകരന്മാരാകണമല്ലോ എന്ന ഉദാത്തമായ ചിന്തയുണ്ടെങ്കിൽ ദൈവത്തിന്റെ തിരുരൂപവും ഉള്ളിൽ തെളിഞ്ഞു തന്നെ കാണാം. ചിന്തയിൽ ഈ തെളിഞ്ഞുകാണൽ നൽകണമെന്നാണ് പ്രാർത്ഥന.

ദൈവകാരുണ്യം മൂലമാണ് സൃഷ്ടിയും സ്ഥിതിയും സംഹാരവും നടക്കുന്നത്. സൃഷ്ടിക്കുന്നതിലും സംരക്ഷിക്കുന്നതിലും മാത്രമല്ല കാരുണ്യമുള്ളത്. സംഹരിക്കുന്നതും കാരുണ്യം തന്നെയാണ്. സുഖമരണം എന്ന സങ്കല്പം സംഹാരത്തിലെ കാരുണ്യമാണ്. സൃഷ്ടികളിലൊന്നായ താൻ ഇവിടെ സ്ഥിതി ചെയ്യുമ്പോൾ തന്നോടൊപ്പം തന്നെ അനേകം സൃഷ്ടികളും സ്ഥിതി ചെയ്യുന്നുണ്ട്. ആ സംഹരിക്കലിൽ എനിക്ക് പങ്കുണ്ടാകരുത്. കരുണാകരനായ നിനക്ക് മാത്രം അവകാശപ്പെട്ടതാണത്. പരസ്പരപൂരകമായ സ്ഥിതിചെയ്യലിന് അനുപേക്ഷണീയമാണ് ആ ബോധം. അതാണ് അനുകമ്പ. തുടരെത്തുടരായി കമ്പനം ചെയ്തുകൊണ്ടേയിരിക്കുന്ന സ്നേഹമാണ് അനുകമ്പ. സ്നേഹം അത്തരത്തിൽ പ്രവഹിക്കുമ്പോഴാണ് പാരസ്പര്യത്തോടെ ജീവികൾക്ക് വർത്തിക്കുവാൻ കഴിയുന്നത്. ജീവികൾ തമ്മിലുള്ള കരുണ്യബോധത്തിലാണ്, അനുകമ്പയിലാണ് പ്രപഞ്ചത്തിന്റെ നിലനിൽപ്. പ്രപഞ്ചം ഈശ്വരനാണ് എന്ന ബോധമുള്ളവരിൽ മാത്രം സ്ഥിതിചെയ്യുന്നതാണ് കാരുണ്യം. ജീവകാരുണ്യത്തിന്റെയും, ദൈവകാരുണ്യത്തിന്റെയും മുറിയാത്ത ഒഴുക്കാണ് പ്രപഞ്ചസംവിധാനത്തിൽ കാണുന്നത്. രണ്ടിൽ ഒന്നിന് മാത്രമായി നിലനിൽപ്പില്ല. ദൈവകാരുണ്യത്തോടൊപ്പം ജീവകാരുണ്യംകൂടി ചേരുമ്പോഴാണ് പ്രപഞ്ചം ചലനാത്മകമാകുന്നത്. അനുകമ്പ എന്ന വാക്കിൽ തുടർസ്നേഹത്തിന്റെ ചലനവേഗമുണ്ട്.

ഒരു കൃതി പഠിക്കുമ്പോൾ അതുകൊണ്ടുണ്ടാകാനിടയുള്ള ഗുണഫലത്തെ ശ്ലോകത്തിൽ പറയാറുണ്ട്. ആ സമ്പ്രദായം ഗുരുവിന്റെ മറ്റു ചില കൃതികളുടെ അവസാനത്തിലും കാണാറുണ്ട്. പ്രാചീനമായ ഒരു രചനാശൈലിയായി ഇതിനെ കരുതിയാൽ മതി. ഒരു കൃതി പഠിച്ചാൽ ലഭ്യമാകുന്ന നേട്ടങ്ങളെന്തെല്ലാമെന്ന് ചുരുക്കിപറയുകയാണ് ഫലശ്രുതിയുടെ ലക്ഷ്യം. പക്ഷെ അനുകമ്പാദശകത്തിന്റെ ഫലശ്രുതി എന്തെങ്കിലും ഗുണം ലഭ്യമാകും എന്നല്ല സൂചിപ്പിക്കുന്നത്.

"അരുമാമറയോതുമർത്ഥവും
ഗുരുവോതും മുനിയോതുമർത്ഥവും
ഒരു ജാതിയിലുള്ളതൊന്നുതാൻ
പൊരുളോർത്താലഖിലാഗമത്തിനും."

SGOU

അദ്വൈതചിന്തയ്ക്ക് അടിവരയിടുന്ന ഫല ശ്രുതിയാണിത്. ശ്രേഷ്ഠമായവേദങ്ങളിൽ പറ യുന്നതിന്റെ അർത്ഥവും ഗുരുക്കന്മാരും മുനി ശ്രേഷ്ഠന്മാരും പറയുന്ന പൊരുളിന്റെ അർ ത്ഥവും ഒരേ തരത്തിൽ പെട്ടതുതന്നെയാണ്. പരമാർത്ഥമായ പൊരുൾ ഒന്ന് മാത്രമേയുള്ളൂ എന്നതിനാൽ അഖിലാഗമത്തിന്റെയും പൊരുൾ ഒന്നുതന്നെയാണ്. അനുകമ്പ, കരുണ, അരുൾ, അൻപ് എന്നെല്ലാം പറയുന്നത് ഒരേ സത്യത്തി ന്റെ വിവിധ പ്രകാരഭേദങ്ങളാണ്. പലവിധ മത ങ്ങളിലൂടെയും ദാർശനിക കൃതികളിലൂടെയും, പുണ്യപുരുഷന്മാരിലൂടെയും വെളിവാകുന്നത് 'അരുളുള്ളവനാണ് ജീവി' എന്ന പരമാർത്ഥ സത്യം തന്നെയാണ്. ഇതിൽ മനസിനെ ഉറപ്പിച്ചു നിർത്താനുള്ള പ്രാർത്ഥനയായും ഈ കൃതിയെ കരുതാം.

### 5.1.4.2 ജീവകാരുണ്യപഞ്ചകം

കരുണയുടെ കടലാഴം ബോധ്യപ്പെടുത്തുന്ന കൃതിയാണ് ജീവകാരുണ്യപഞ്ചകം. 1914-ലാണ് ഗുരു ഇതെഴുതിയത്. അനുകമ്പാദശകവും ഇതേ കാലത്തുതന്നെയാണ് രചിച്ചിട്ടുള്ളത്. ഗുരുവി ന്റെ ആത്മീയധാരയിൽ കാതലായ മാറ്റം അനു ഭവിച്ച ഒരു കാലഘട്ടമായിരുന്നു 1910-നു ശേ ഷമുള്ളത്. താപസവൃത്തിയുടെ പാരമ്യതയിൽ ബഹുജനസമ്പർക്കത്തിൽനിന്നും വിട്ടുനിൽ ക്കുക എന്നത് ഭാരതീയ താപസ പാരമ്പര്യമാ യിരുന്നു. എന്നാൽ ശ്രീനാരായണഗുരുവാകട്ടെ ബഹുജനങ്ങളിലേയ്ക്ക് കൂടുതൽ ഇറങ്ങിവരു കയാണുണ്ടായത്. ക്ഷേത്രങ്ങൾ സ്ഥാപിച്ചതി ന്റെ മുഖ്യ ഉദ്ദേശ്യം ബഹുജനസമ്പർക്കത്തിനി ണങ്ങുന്ന രീതിയിൽ അവയെ മാറ്റിയെടുക്കുക എന്നതായിരുന്നു. തന്റെ ആശയങ്ങൾ പ്രബോ ധനതലത്തിലേയ്ക്ക് പരിവർത്തിപ്പിക്കുന്നതിനാ ണ് ഗുരു ശ്രമിച്ചത്. ആ കാലഘട്ടമായപ്പോൾ ശ്രീനാരായണഗുരുവിനെ സർവ്വാദരണീയനായി കേരളീയർ കരുതിത്തുടങ്ങിയിരുന്നു. അതിനാൽ ഭക്തരുടെ സാംസ്കാരിക പശ്ചാത്തലത്തെ പരി വർത്തിപ്പിക്കുന്നതിൽ ഗുരു കൂടുതൽ ഉത്സുക നായിരുന്നു. ഭക്തിയോളം മാനവപരിണാമത്തിന് ഉതകിയ മറ്റൊന്നില്ല. ദേവതാസ്തുതികൾക്കൊ പ്പം പ്രബോധനാത്മക ഗീതികളെയും ഘടിപ്പിച്ചു കൊണ്ടാണ് നാരായണഗുരു മോദസ്ഥിതനായി വസിച്ചുകൊണ്ട് തന്റെ പരിഷ്കരണങ്ങൾ സമൂ ഹത്തിൽ വരുത്തിത്തീർത്തത്.

സാമൂഹികജീവിതത്തിൽ പരിഷ്കരണങ്ങ ളേർപ്പെടുത്തുന്നതോടൊപ്പം തന്നെ വ്യക്തിജീ വിതത്തിൽ പുലർത്തേണ്ട നിഷ്ഠയെക്കുറിച്ചും ഗുരുവിനു കാഴ്ചപ്പാടുകളുണ്ടായിരുന്നു. സദാ ചാരം, ധർമ്മം, ഭൂതദയ തുടങ്ങിയവ വ്യക്തിയിൽ പരുവപ്പെട്ടുതുടങ്ങിയെങ്കിൽ മാത്രമേ സമൂഹ ത്തിന്റെ ആഴങ്ങളിലേക്ക് പരിഷ്കരണ പ്രവർത്ത നം കടന്നുചെല്ലുകയുള്ളൂ. പ്രാചീന തമിഴകത്ത് ആഴ്വാർമാരിലൂടെയും നായനാർമാരിലൂടെ യും മറ്റു സിദ്ധന്മാരിലൂടെയും വളർന്നു പന്ത ലിച്ച മാനവികമൂല്യങ്ങൾ ഗുരുവിനെയും സ്വാ ധീനിച്ചിരുന്നു. വിശേഷിച്ച് തിരുവള്ളുവരുടെ അരുൾമൊഴികളിൽ അദ്ദേഹം ലീനനായിരുന്നു. ജീവകാരുണ്യപഞ്ചകത്തിൽ തമിഴ് പാരമ്പര്യ ത്തിന്റെ സ്വാധീനം പ്രകടമാണ്.

#### ശ്ലോകം 1

"എല്ലാവരുമാത്മസഹോദരെ -<br>
ന്നല്ലേ പറയേണ്ടതിതോർക്കുകിൽ നം<br>
കൊല്ലുന്നതുമെങ്ങനെ ജീവികളെ -<br>
ത്തെല്ലും കൃപയറ്റു ഭുജിക്കയതും."

ആത്മസഹോദരർ എന്ന പ്രധാനപദത്തിന് ഊന്നൽ കൊടുത്തുകൊണ്ടുവേണം ഈ ശ്ലോ കം നിർദ്ധാരണം ചെയ്യാൻ. എല്ലാ ജീവികളും ആത്മാവിൽ സഹോദരങ്ങളാണ്. ആത്മാവിനെ മാതൃസ്ഥാനത്തു നിർത്തിചിന്തിച്ചാൽ ആത്മാവി നുള്ളിലാണ് എല്ലാ ജീവികളും സ്ഥിതി ചെയ്യു ന്നത്. ജീവികൾക്കുള്ളിലാണ് ആത്മാവ് സ്ഥിതി ചെയ്യുന്നത് എന്ന ധാരണയ്ക്ക് വിരുദ്ധമാണിത്. ആത്മാവിന്റെ ഉള്ളിലാണ് എല്ലാവരും. അപ്പോ ഴാണല്ലോ സഹോദരരായി മാറുന്നത്. വിശ്വം മു ഴുവൻ നിറഞ്ഞുനിൽക്കുന്ന ആത്മചേതനയെന്ന സങ്കൽപ്പത്തിൽ എല്ലാ ജീവികളും അതിനുള്ളിൽ പെടും. ആരാഞ്ഞുനോക്കിയാൽ മാത്രമേ ഈ സോദരത്വം ബോധ്യപ്പെടുകയുള്ളൂ. അത് ബോ ധ്യമായാൽ സഹോദരനെ എങ്ങനെ കൊല്ലാനും തിന്നാനും ഒരാൾക്ക് കഴിയും. ഞാൻ നീ തന്നെ യാണെങ്കിൽ ഞാൻ കൊല്ലുന്നതാരെയാണ് തി ന്നുന്നതാരെയാണ്. കൊന്നുതിന്നുക എന്നത് ചാക്രികമായ ഒരു ആഹരിക്കലാണ്. ഒന്ന് മറ്റൊ ന്നിന്റെ ഇര എന്ന രീതിയിൽ പ്രപഞ്ചത്തിലെ ജീവികൾ ആവസിക്കുന്നതായാണ് നാം ചുറ്റും

കാണുന്നത്. അഹിംസാവാദികളുടെ മുന്നിൽ അതൊരു പ്രഹേളികയാണ്. മൂല്യപരമായി നോക്കിയാൽ ഏറെ ദുഃഖകരമാണ് അത്തരം ജീവിതരീതി. കരുണയുടെ പശ്ചാത്തലത്തിലും ഒട്ടും സ്വീകാര്യമല്ല ഒരാൾ മറ്റൊരാളുടെ ഇരപിടിയനാകുന്നതും. അതിനെതിരെയുള്ള ശാശ്വതനടപടിയെന്ത്? അതിലേയ്ക്ക് മനുഷ്യനെ നയിക്കേണ്ടതെങ്ങനെ? തത്വനിർദ്ധാരണത്തിലൂടെ മാത്രമേ ശാശ്വതമായ പരിഹാരം നിർദേശിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഗുരു പരമമായ ഒരു തത്വം അവതരിപ്പിക്കുകയാണിവിടെ.

വേദാന്തികളെ സംബന്ധിച്ചിടത്തോളം സമസ്തപ്രപഞ്ചത്തിനും ആധാരമായിരിക്കുന്നത് ആത്മാവ് എന്ന് വിളിക്കുന്ന പ്രപഞ്ചസത്തയാണ്. അതുമാത്രമാണ് സത്യം. ആത്മാവ് മാത്രമാണ് സത്യമെങ്കിൽ എല്ലാ ജീവികളിലും നിറഞ്ഞിരിക്കുന്ന ആത്മസത്യത്തിന്റെ വ്യത്യസ്തരൂപങ്ങൾ സഹോദരങ്ങളാണ്. സകല ജീവജാലങ്ങളും ആത്മാവിൽ സഹോദരങ്ങളാണ്. ഈ യുക്തി വച്ചാണ് സഹജീവികളെ കൊന്നു തിന്നുന്നത് തെറ്റാണ് എന്ന് ഗുരു സമർഥിക്കുന്നത്. സഹോദരൻ സഹോദരനെ കൊന്നുതിന്നുന്നതെങ്ങനെ? കൃപയുള്ളവന് സഹജീവികളെ കൊല്ലുന്നതിനും തിന്നുന്നതിനും കഴിയുമോ? എങ്കിലും മനുഷ്യർ അവന്റെ ആഹാര ചാക്രികവ്യൂഹത്തിൽപ്പെടാത്തവയെപ്പോലും കൊന്നുതിന്നു കൊണ്ടേയിരിക്കുന്നു. അത്തരം ഹിംസയ്ക്കെതിരെ ആത്മജ്ഞാനം ഉദിപ്പിച്ച്, ഉൾപ്രേരണയാൽ തെല്ലും കൃപയറ്റ പ്രവൃത്തിയാണെന്നു ബോധ്യപ്പെടുത്തി മാത്രമേ ഇതിനു പരിഹാരം കണ്ടെത്താൻ കഴിയൂ. ജീവകാരുണ്യമാണ് ആദ്യം ഉണ്ടാകേണ്ടത്.

അഞ്ചുശ്ലോകങ്ങൾ അടങ്ങിയതുകൊണ്ട് പഞ്ചകം എന്ന വിഭാഗത്തിൽ ഇതുൾപ്പെടുന്നു. അഷ്ടകം, പഞ്ചകം, ദശകം എന്നിങ്ങനെയുള്ള വിഭാഗകൽപ്പന സ്തോത്രകൃതികളുടെയും ധർമ്മോപദേശകൃതികളുടെയും രചനാക്രമമാണ്. പ്രാചീനമായ രചനാക്രമങ്ങളെയും ആചാര്യന്മാരെയും തന്റെ കാവ്യരചനയിൽ പകർത്തുന്നതും അനുഗമിക്കുന്നതും ഗുരുവിന്റെ കാവ്യസമ്പ്രദായത്തിന്റെ പ്രത്യേകതയാണ്. തിരസ്കരിക്കേണ്ടവയെ മാത്രം തിരസ്ക്കരിക്കുകയും നിലനിർത്തേണ്ട പാരമ്പര്യത്തെ അനുഗമിക്കുകയും ചെയ്യുന്നതിൽ ഗുരു യാതൊരുമടിയും കാണിച്ചിരുന്നില്ല. അഹിംസയുടെ പ്രാധാന്യം ഉദ്ബോധിപ്പിക്കുന്നതോടൊപ്പം തന്നെ അദ്വൈത ചിന്തയുടെ അടിത്തറ അഹിംസയിലാണ് നിലകൊള്ളുന്നത് എന്നുകൂടി ഗുരു ഈ കൃതിയിലൂടെ സമർഥിച്ചിരിക്കുന്നു. ഹിംസയെ താത്വികമായിപ്പോലും ന്യായീകരിക്കാൻ ഗുരു ഒരുമ്പെടുന്നില്ല. ഭഗവദ്ഗീതയിൽ നിന്നും ഗുരുദേവകൃതികൾ വ്യത്യസ്തത പുലർത്തുന്നത് ഈയൊരു കാരണംകൊണ്ടുകൂടിയാണ്.

### 5.1.4.3 ജാതിലക്ഷണം

മനുഷ്യന് മനുഷ്യത്വം മാത്രമാണ് ജാതി. ബ്രാഹ്മണൻ തുടങ്ങിയ ജാതിയല്ലെന്ന്സ്ഥാപിച്ചുകൊണ്ട്. ജാതിയുടെ ലക്ഷണം വിവരിക്കുകയാണ്. ചാതുർവർണ്യമോ മറ്റു വിഭാഗങ്ങളോ ജാതിയല്ല. അവ ജാതിയാണെന്നു തെറ്റിദ്ധരിക്കുക മാത്രമായിരുന്നു. മനുഷ്യന്റെ യഥാർത്ഥമായ ജാതി മനുഷ്യത്വമാണ്. അതിന്റെ ലക്ഷണങ്ങൾ പരിശോധിക്കുന്ന കൃതിയാണിത്. 1914 തന്നെയാകാം ഇതിന്റെയും രചനാകാലം. ഗുരു ആത്മോപദേശ ശതകത്തിൽ പറയുന്നു: "അറിവിനെവിട്ടഥ ഞാനുമില്ല, എന്നെപ്പിരിയുകിലില്ലറിവും". അറിവ് എന്നതിനെ ഈശ്വരനെന്ന അപ്രമേയമായ ശക്തിയായിട്ടാണ് ഗുരു എപ്പോഴും അവതരിപ്പിക്കുന്നത്. ബ്രഹ്മമെന്നും ആത്മാവെന്നും വിളിച്ചുപോരുന്നത് ജഗദാധാരമായിരിക്കുന്ന സത്യത്തെയാണ്. അത് കേവലമായ അറിവാണെന്നും അറിവിലാണ് എല്ലാ പൊരുളുകളും ഉള്ളടങ്ങിയിരിക്കുന്നതെന്നുമാണ് വേദാന്തത്തിന്റെ അടിസ്ഥാന തത്വം. നാരായണഗുരുവും വേദാന്തത്തിന്റെ ഈ തത്വത്തെ തന്നെയാണ് പിന്തുടരുന്നത്. അറിവിനെ വിട്ടാൽ രൂപങ്ങൾക്ക് പ്രസക്തിയില്ല. ജലത്തെ വിട്ടാൽ തിരകൾക്കും. രൂപങ്ങൾ പോയാലും അറിവ് അവശേഷിക്കും. തിരമാഞ്ഞാലും ജലം അവശേഷിക്കും.

ഇനമെന്നിതിനെച്ചൊല്ലു-
ന്നിന്നതെന്നറിയിക്കയാൽ
ഇനമില്ലെങ്കിലില്ലൊന്നു-
മിന്നതെന്നുള്ളതൂഴിയിൽ.

ഒന്നിനെ കൃത്യമായി ഇന്നതെന്നു അറിയിക്കാൻ വേണ്ടിയാണ് ഓരോന്നിനെയും ഇനം അഥവാ ജാതി എന്ന് പറയുന്നത്. ഇനം(ജാതി) തിരിച്ചില്ലെങ്കിൽ ഒന്നിനെയും ഇന്നത് ഇന്നത്

SGOU

എന്ന് തിരിച്ചറിയാൻ കഴിയില്ല. ഇന്നതെന്ന് തിരിച്ചറിയാൻ മാത്രമാണ് ജാതി. അതല്ലാതെ മറ്റൊരു പ്രസക്തിയും ജാതിക്കില്ല എന്നാണ് ഗുരു സ്ഥാപിക്കുന്നത്. വേർതിരിച്ചറിയുക എന്ന ഒറ്റൊരുപയോഗമേ ജാതിക്കുള്ളൂ. അതുതന്നെയാണ് ജാതിലക്ഷണം.

### 5.1.4.4 ജാതിനിർണയം

മനുഷ്യർക്കിടയിൽ തെറ്റായി അനുവർത്തിച്ചുപോരുന്ന ജാതിവിവേചനത്തെ തള്ളിക്കളഞ്ഞ നാരായണഗുരു മനുഷ്യരുടെ ജാതിയെ അടയാളസഹിതം നിർണയിക്കുന്ന ലഘുകൃതിയാണ് 'ജാതിനിർണയം'. സാധാരണ നാം ധരിച്ചുപോരുന്ന ജാതിയല്ല ഗുരു സമർഥിക്കുന്ന ജാതി. മനുഷ്യർക്ക് ഒരു ജാതി എന്നാണ് ഗുരു ഉറപ്പിക്കുന്നത്. ജീവികൾക്കിടയിൽ ജാതിയുണ്ട്. ഓരോ ജീവിവർഗവും ഓരോജാതിയാണ്. സമാനമായ അടയാളങ്ങളോടെയാണ് ഓരോ ജാതിയെയും നിർണയിക്കാൻ പറ്റുന്നത്. വേർതിരിച്ചുകാണിക്കാൻ കൃത്യമായ അടയാളങ്ങൾ ഉള്ളതുകൊണ്ട് ജാതിയുമുണ്ട്. മനുഷ്യർക്ക് മനുഷ്യനാണെന്ന് തെളിയിക്കാൻ സമാനമായ അടയാളങ്ങൾ ഒത്തുചേരുമ്പോൾ മനുഷ്യത്വം അവന്റെ ഏകജാതിയായി മാറുന്നു. അഞ്ചുശ്ലോകങ്ങൾ മാത്രമുള്ള ഈ കൃതി 'മനുഷ്യനും മനുഷ്യനും തമ്മിൽ ഒരു വ്യത്യാസവുമില്ല' എന്ന ഗുരു വചനത്തിന്റെ കാവ്യാവിഷ്കരണമാണ് 1914-ൽ എഴുതിയ ഈ കൃതിയുടെ പ്രത്യേകത. ആദ്യശ്ലോകം സംസ്കൃതഭാഷയിലും ബാക്കി നാലെണ്ണം മലയാളഭാഷയിലുമാണ് എന്നതാണ്. എന്തുകൊണ്ട് ഈയൊരു രചനാസംവിധാനം സ്വീകരിച്ചുവെന്ന് വ്യക്തമായിപ്പറയാൻ കഴിയില്ല. ഭാരതത്തിൽ ധർമാനുശാസനങ്ങൾ സംസ്കൃതഭാഷയിലാണ് വിരചിക്കുന്നത്. അതിനാൽ അത് നിഷേധിക്കുന്നതും സംസ്കൃതഭാഷയിലാകട്ടെ എന്ന് ഗുരു കരുതിയിരിക്കാം. മറ്റൊരു പ്രത്യേകത സംസ്കൃതഭാഷയിൽ പറയുമ്പോൾ ചുരുക്കിയും വ്യക്തമായും ആശയങ്ങൾ സ്ഥാപിച്ചെടുക്കാൻ കഴിയുമെന്നതാണ്. ഈ കൃതിയെ സംബന്ധിച്ചിടത്തോളം മലയാളഭാഷയിലെഴുതിയ നാലു ശ്ലോകങ്ങൾക്കും ആ പ്രത്യേകതയുണ്ടെന്നു കാണാൻ കഴിയും. അത്ര സുവ്യക്തവും സുതാര്യവുമായി ചുരുക്കിയ മലയാളഭാഷയിലാണ് ആശയങ്ങൾ സമർഥമായി കൈകാര്യം ചെയ്തിരിക്കുന്നത്. സംസ്കൃതത്തിനുമാത്രമവകാശപ്പെട്ടതല്ല ഇപ്പറഞ്ഞ പ്രത്യേകതയെന്നു വ്യക്തം

ജാതിയെന്നാലെന്തെന്ന് വ്യക്തമാക്കിക്കൊണ്ടാണ് കൃതി തുടങ്ങുന്നത്. ജന്മനാ ഉള്ള സാമാന്യഭാവങ്ങളും സ്വഭാവവിശേഷങ്ങളും മനുഷ്യനിൽ ഒത്തുചേർന്നുണ്ടാകുന്ന മനുഷ്യത്വമാണ് മനുഷ്യർക്കിടയിലെ ജാതിയെന്നാണ് ഗുരു മുഖ്യമായും ഈ കൃതിയിൽ വ്യക്തമാക്കുന്നത്.

"മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവ
ഹാ! തത്വം വേത്തി കോപി ന.
അന്വയം : ഗവാം ഗോത്വം യഥാ (തഥാ)
മനുഷ്യാണാം മനുഷ്യത്വം ജാതി:
അസ്യ ബ്രാഹ്മണാദി: ഏവം ന തത്വം
കോപി ന വേത്തി ഹാ!"

ഗോക്കൾക്ക് എപ്രകാരമാണോ ഗോത്വം ജാതിയായിരിക്കുന്നത് അപ്രകാരമാണ് മനുഷ്യർക്ക് മനുഷ്യത്വം ജാതിയായിരിക്കുന്നത്. ബ്രാഹ്മണൻ മുതൽക്കിങ്ങോട്ടുള്ളത് ജാതിയല്ല. സങ്കല്പം മാത്രമാണ്. ഈ തത്വം ആരും അറിയുന്നില്ലല്ലോ, കഷ്ടം. ഒരു ധർമ്മത്തെ മുഴുവനായും ഒന്നിച്ചുചേർത്തു പറയാവുന്ന ഒരു പദമാണ് ജാതി എന്നത്. ഗോക്കളിൽ സമാനമായി കാണാവുന്ന എല്ലാ വിശേഷങ്ങളെയും, ഭാവങ്ങളെയും ചൂണ്ടിക്കാണിക്കാൻ ഗോവ് എന്ന പദത്തിന് സാധിക്കും. ഗോത്വത്തിന്റെ സൂചകമാണ് ഗോവ് എന്ന പദം. അതുപോലെ മനുഷ്യർക്കിടയിലെ സമാനമായിക്കാണുന്ന സ്വഭാവവിശേഷങ്ങൾക്ക് ആകെച്ചേർത്തു പറയാവുന്ന ജാതി പദമാണ് മനുഷ്യത്വം. മനുഷ്യത്വത്തിന്റെ സൂചകമാണ് മനുഷ്യൻ എന്ന പദം. മനുഷ്യത്വം ജാതിയാണ്. മനുഷ്യത്വത്തിന് ഇടയിൽ പിന്നെ ജാതിയില്ല. പുണർന്നു പെറുവാൻ ഏതു മനുഷ്യവിഭാഗങ്ങൾക്കും സാധിക്കുമെന്നതിനാൽ വിഭാഗങ്ങളൊന്നും ജാതിയല്ല. ഇല്ലാത്ത ഒന്ന് ഉണ്ടെന്നു തെറ്റിദ്ധരിക്കുകയാണ്. ഒപ്പം ഉള്ളതിനെ അറിയാതെയും കാണാതെയും പോകുന്നു. ഇതിനെയാണ് 'അധ്യാസം' (മറ്റൊന്നിന്മേൽ സ്ഥിതി ചെയ്യുക)എന്ന് പറയുന്നത്. മനുഷ്യത്വമെന്ന ജാതിയെ കാണാതെ ബ്രാഹ്മണൻ, ക്ഷത്രിയൻ, പറയൻ എന്നിങ്ങനെയുള്ളതാണ് ജാതിയെന്നു തെറ്റിദ്ധരിക്കുന്നു. ഈ ധാരണ അധ്യാസം മൂലം സംഭവിച്ചതാണ്.

SGOU

വളഞ്ഞുകിടക്കുന്ന പൂമാല കണ്ടിട്ട് പാമ്പാണ് എന്നു തെറ്റിദ്ധരിക്കുന്നു. ആ ധാരണ മാറാത്തിടത്തോളം പൂമാലയെ പൂമാലയെന്നറിയുന്നില്ല. മനുഷ്യനിലെ മനുഷ്യത്വം എന്നതാണ് ജാതിയെന്നറിയാതെ മനുഷ്യർക്കിടയിലാണ് ജാതിയെന്നു കരുതുന്നത് സത്യത്തെ തെറ്റായി ധരിക്കലാണ്. ജാതിയെന്നത് അധ്യാസം മാത്രമാണ്. ശരിയായത് മനുഷ്യത്വമെന്ന ജാതിയാണെന്നു മാത്രം ധരിക്കണം. അധ്യാസത്തിനെ ഇല്ലാതാക്കുന്നതിനെയാണ് അപവാദം എന്ന് പറയുന്നത്. അപവാദം എന്നാൽ കുറ്റം പറയുക എന്ന അർത്ഥമല്ല. ഒന്നിനെ നിരാകരിച്ചു ശരികണ്ടെത്തുവാൻ സഹായിക്കുന്നതാണ് അപവാദം. ബ്രാഹ്മണത്വം എന്നത് ശരിയല്ല. ഈഴവത്തമെന്നത് ശരിയല്ല. അവരിൽ സമാനമായുള്ളത് മനുഷ്യത്വമാണ് അതിനാൽ അതുവരെ ധരിച്ചുവന്നത് തെറ്റാണ്. മനുഷ്യത്വമാണ് യാഥാർത്ഥമായത് എന്ന ബോധ്യപ്പെടുത്തലാണ് അപവാദം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. നിരാകരിച്ചു നിരാകരിച്ചു യഥാർത്ഥ ജാതിതത്വത്തെയറിയാൻ ആർക്കും കഴിയുന്നില്ലല്ലോ? ആരും ശ്രമിക്കുന്നില്ലല്ലോ എന്ന് ഗുരു ദുഃഖത്തോടെ ചോദിക്കുന്നു.

"ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യന്
ഒരു യോനി ഒരാകാരം
ഒരു ഭേദവുമില്ലതിൽ."

ശ്രീനാരായണ ദർശനത്തെ അടയാളപ്പെടുത്തുന്ന സൂക്തമാണ് ഒന്നാം പാതിയിൽ കാണുന്നത്. ഭേദമില്ലായ്മയാണ് മനുഷ്യർക്കിടയിൽ വേണ്ടതെന്ന പ്രഖ്യാപനമാണ് ഒന്നാം ശ്ലോകത്തിലൂടെ ഗുരു നടത്തിയത്. ഒരു വാക്കിന്റെ പോലും അർഥം പ്രത്യേകം എടുത്തുപറയേണ്ടതില്ലാത്ത രീതിയിൽ വ്യക്തമായും ചുരുക്കിയും എഴുതിയിരിക്കുന്ന ശ്ലോകമാണിത്. ചുരുക്കിപ്പറയാൻ സംസ്കൃതഭാഷ തന്നെ വേണം എന്ന വാദം പൊളിയുന്ന സന്ദർഭം കൂടിയാണിത്. മനുഷ്യന് ഒരു ജാതിയും ഒരു മതവും ഒരു ദൈവവുമാണുള്ളത്. ഒരേ പ്രഭവസ്ഥാനവും ഒരേ രൂപവുമാണുള്ളത്. ഇതിലൊന്നിലും മനുഷ്യർക്കിടയിൽ ഭേദമില്ല. ഭേദമില്ല എന്ന് പറയുമ്പോൾ സമതയുണ്ട് എന്നർഥമെടുക്കാം. ജാതി വേറെയാണ്, മതം വേറെയാണ് ദൈവം വേറെയാണ് എന്നു വന്നാൽ സമത്വത്തിന് സാംഗത്യമില്ല. മനുഷ്യർക്കിടയിൽ ഇതെല്ലം വേറെ വേറെ ഉണ്ട് എന്ന് നാം അധ്യാരോപം ചെയ്യുകയാണ്. ജാതിവേറെ, മതം വേറെ, ദൈവം വേറെ എന്ന അധ്യാസത്തെ ഒന്നൊന്നായി നിരാകരിച്ചുകൊണ്ടുള്ള അപവാദ രീതിയാണ് ഗുരു ഈ ശ്ലോകത്തിൽ തുടരുന്നത്. ഒന്നാം പാദത്തിലെ അധ്യാസത്തെ രണ്ടാം പാദത്തിൽ അപവദിക്കുന്നു.

തുല്യതയെന്ന ആശയത്തെ യുക്തിപൂർവം പരിശോധിക്കുകയാണിതിൽ. മനുഷ്യന്റെ പ്രജനനനിയമം എല്ലാവർക്കും ഒരുപോലെയാണ്. ആകാരവും ഒരുപോലെയാണ്. അതിനാൽ ജാതിയും ഒന്നുതന്നെയാണ്. ജാതി ഇല്ലെന്നല്ല, ഉണ്ടെന്നാണ് ഗുരു പറയുന്നത്. ഒരേ സവിശേഷതകളുള്ള ഒരു കൂട്ടത്തെയാണ് ഗുരു 'ജാതി' യെന്നതുകൊണ്ട് നിർവചിക്കുന്നത്. അത് നിഷേധിക്കേണ്ടതില്ല. മനുഷ്യനിലെ മനുഷ്യത്വം എന്ന ജാതിയെ നിഷേധിക്കാൻ പറ്റില്ല. നമ്മൾ സങ്കൽപ്പിച്ചാചരിച്ചു വരുന്നതല്ല ഗുരു പറയുന്ന ജാതി. മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി. അത്തരത്തിൽ ജാതിയുണ്ട്. മനുഷ്യൻ ഒരു ജാതിയാണ്. എന്നാൽ മനുഷ്യർക്കിടയിൽ ജാതിയില്ല. എല്ലാവരും തുല്യരാണ് സമാനമായ സവിശേഷതകളുള്ളവരാണ്. ആ സവിശേഷതകളാണ് 'ജാതി'ക്കാധാരം.

മതം എന്നതുകൊണ്ട് ഗുരു അർത്ഥമാക്കുന്നത് ആത്മസുഖത്തിനായി മനുഷ്യൻ ചെയ്തുപോരുന്ന പരിശ്രമങ്ങളെയാണ്. അതിനെയും തെറ്റായി അധ്യാസം ചെയ്ത് സംഘബലത്തെയാണ് മതമായിക്കരുതിപ്പോരുന്നത്. പല പേരുകളിൽ കരുതുന്നവയൊന്നും മതമല്ല, ആത്മസുഖാന്വേഷണാർത്ഥമായി തെരെഞ്ഞെടുത്ത മാർഗങ്ങളാണ്. യഥാർത്ഥമതം ആത്മസുഖമാണ്. ആത്മസുഖത്തിനായുള്ള പ്രയത്നവും മാർഗവുമാണ്. അത് ഏവർക്കും തുല്യമാണ്. അതിൽ ഏവരും തുല്യരാണ്. അതിനാൽ മതം ഒന്നേയുള്ളു; ആത്മസുഖം മാത്രം. ഓരോ ദേശത്തും ഓരോ കാലത്തും വ്യത്യസ്തമായ മാർഗങ്ങളിലൂടെയാണ് ആത്മസുഖം തേടുന്നത്. അതിനെ വ്യത്യസ്ത മതങ്ങളായി തെറ്റായി ധരിക്കുന്നു. ഇവിടെയും അധ്യാസം തന്നെയാണ് നടക്കുന്നത്. ആത്മസുഖത്തെക്കാണുന്നില്ല. പകരം സംഘബലത്തെ സുഖമായി തെറ്റിധരിക്കുന്നു.

SGOU

ഒരിക്കൽ ഗുരു തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ ആ മുറിയിൽ ഉണ്ടായിരുന്ന ഒരു രാജാവും ഒരു നമ്പൂതിരിയും ഗുരുവിന്റെ സംസാരവും പെരുമാറ്റവും കണ്ട് ആകൃഷ്ടരായി. ഗുരുവുമായി പരിചയപ്പെടാൻ നമ്പൂതിരി സംഭാഷണം ആരംഭിച്ചു.

'നിങ്ങളുടെ പേരെന്താണ്?'
'നാരായണൻ.'
'ജാതിയിൽ ആരാണ്?'
'കണ്ടാൽ അറിഞ്ഞുകൂടേ?'
'അറിഞ്ഞുകൂടാ.'
'കണ്ടാൽ അറിഞ്ഞുകൂടെങ്കിൽ പിന്നെ കേട്ടാൽ അറിയുന്നതെങ്ങിനെ?' അതുകൊണ്ടാണ്.

പേരൂരു തൊഴിലീ മൂന്നും
പോരുമായതു കേൾക്കുക
ആരു നീയെന്നു കേൾക്കേണ്ട
നേരുമെയ്തന്നെ ചൊല്കയാൽ

എന്നു ഗുരു അനുശാസിച്ചത്. നിർവൃതിപഞ്ചകത്തിലും ഈ സൂചനയുണ്ട്. അവർണരെന്നു പറയുന്നവർക്ക് ജാതിയുടെ പേരിൽ അധമത്വബോധം തോന്നാറുണ്ട്. അത് അനാവശ്യമാണെന്നു ഗുരു പറയുന്നു. എല്ലാവരും ഒരേ ജാതിയിൽപ്പെട്ടവരായതുകൊണ്ട് ഒരു ജാതി താഴ്ന്നതെന്നോ വേറൊരു ജാതി മുന്തിയതെന്നോ പറയുക വയ്യ.

(ഡോ. ടി.ഭാസ്കരൻ, ശ്രീനാരായണ ദർശനം, പേജ് 63)

പ്രപഞ്ചത്തിന്റെ ഉൽപ്പത്തിക്കും, നിലനിൽപ്പിനും, തുടർച്ചക്കും കാരണമായിട്ട് ഒരു ശക്തിയുണ്ടെന്ന് ആസ്തികനും നാസ്തികനും വിശ്വസിക്കുന്നു. രണ്ടുകൂട്ടരുടേതും വിശ്വാസമാണ്. കൃത്യമായ തെളിവുകളുടെയോ അനുഭവങ്ങളുടെയോ അടിസ്ഥാനത്തിലല്ല ദൈവത്തിൽ വിശ്വസിക്കുന്നതും ദൈവത്തെ നിരാകരിക്കുന്നതും. അപ്രമേയമായ ഒരു ശക്തിവിശേഷമായി കരുതിപ്പോരുന്ന ഒന്നാണ് വിശ്വാസിക്ക്, ഈശ്വരൻ. പ്രപഞ്ചത്തിന്റെ അപ്രമേയതയെ പ്രകൃതിയുടെ പ്രതിഭാസം എന്ന് നിരീശ്വരനും കരുതുന്നു. 'വിശ്വാസി, പല പേരുകളിൽ ആ പ്രമേയത്തെ സങ്കല്പിച്ചുപോരുന്നു. ഒരേ സത്യത്തെ പല പേരുകളിൽ വിളിച്ചു. അതുകൊണ്ട് എല്ലാവർക്കും തുല്യമായ സങ്കൽപ്പമാണ് ദൈവത്തെക്കുറിച്ചുള്ളതും. ദൈവസങ്കൽപ്പത്തിലും മനുഷ്യർ തുല്യരാണ്. മനുഷ്യർക്ക് ജാതി ഒന്നാണ്, മതം ഒന്നാണ്, ദൈവവും ഒന്നാണ്. അദ്വൈതചിന്തയിലൂടെ നോക്കിയാലും ഗുരുവചനം യുക്തിസഹമാണ്.

"ഒരു ജാതിയിൽ നിന്നല്ലോ
പിറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോൾ
ഒരു ജാതിയിലുള്ളതാം."

നരജാതി ഒരു ജാതിയാണെന്ന് അടിവരയിട്ടു പ്രഖ്യാപിക്കുകയാണ്. ഒരു ജാതിയിലുള്ള ആണും പെണ്ണും ഇണചേർന്നാണല്ലോ സന്തതിയുണ്ടാകുന്നത്. ഇതോർത്താൽ മതി നരജാതിയിൽ ഒരു ജാതിയെ ഉള്ളൂവെന്നു മനസ്സിലാക്കാൻ. മനുഷ്യർക്ക് മനുഷ്യത്വമാണ് ജാതി എന്നത് തത്വപരമായി ശരിയാണ്, നിസ്തർക്കമാണ്. തത്വപരമായ ശരി പ്രായോഗികതലത്തിലും ശരിയായേ പറ്റൂ. യുക്തിപൂർവം പരിശോധിച്ചു നോക്കുകയാണ് ഇവിടെ. ഒരു ജാതിയാണോ എന്ന് പരിശോധിക്കുന്നതിന് ആ ജാതിയിലുള്ള ആണും പെണ്ണും ഇണചേർന്ന് സന്തതിയുണ്ടാകുന്നുണ്ടോ എന്ന് ശ്രദ്ധിച്ചാൽ മതി. വളരെ ലഘുവായ പരീക്ഷണമാണിത്. സൃഷ്ടിയുമായി ബന്ധപ്പെടുത്തി മാത്രമാണ് ജാതി നിർണയിക്കേണ്ടത്.

"നരജാതിയിൽ നിന്നത്രേ
പിറന്നീടുന്നു വിപ്രനും
പറയൻ താനു,മെന്തുള്ള-
തന്തരം നരജാതിയിൽ?"

നരജാതിക്കിടയിൽ ജാത്യന്തരങ്ങളില്ല എന്നതാണ് ഈ ശ്ലോകത്തിന്റെ മുഖ്യതാല്പര്യം. മനുഷ്യജാതിയിൽ നിന്നുതന്നെയാണ് വിപ്രനും പറയനും പിറക്കുന്നത്. നരജാതിയിൽ ഉൾപ്പെടുന്ന അവർ തമ്മിൽ എന്ത് അന്തരമാണുള്ളത്, ഒരന്തരവും ഇല്ല. മനുഷ്യനെ കണ്ടിട്ട് ഇത് ബ്രാഹ്മണനാണ്, ഇതു പറയനാണ് എന്നൊക്കെ കരുതുന്നത് ഇല്ലാത്ത ഒന്നിനെ അവരിൽ അധ്യാരോപിച്ചതുകൊണ്ടാണ്. കാണേണ്ടതു കാണാതെ, തെറ്റായതിനെ കാണുന്നത് പോലെയാണ് മനുഷ്യൻ എന്ന യാഥാർഥ്യത്തെ മാറ്റിവച്ചിട്ട് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ,

SGOU

ചണ്ഡാളൻ തുടങ്ങിയവർ എന്ന് പറയുന്നത്. വിപ്രനും പറയനും മനുഷ്യൻ മാത്രമാണെന്നും, മനുഷ്യത്വം മാത്രമാണ് അവരുടെ ജാതിയെന്നും സൂക്ഷ്മാർഥത്തിലോ സ്ഥൂലാർഥത്തിലോ അവർ തമ്മിൽ ഒരു ഭേദവുമില്ലെന്നും അധ്യാസത്താലുണ്ടായ ധാരണയെ നിരാകരിച്ചു മനസിലാക്കണം.

ബ്രാഹ്മണൻ ഏറ്റവും ഉയർന്നവൻ ചണ്ഡാളൻ ഏറ്റവും താഴ്ന്നവൻ എന്ന് കരുതേണ്ടി വരുന്നത് അവരുടെ ജീവിത സാഹചര്യങ്ങളുമായി ചേർത്തുവച്ചുണ്ടാക്കിയ ധാരണയാലാണ്. ജീവിത സാഹചര്യം ജാതിക്ക് ഹേതുവല്ല. മനുഷ്യർക്കിടയിൽ സ്ഥായിയായി നിലനിൽക്കുന്ന തുല്യത അവൻ ഒരു ജാതിയാണെന്നതിൽ മാത്രമാണ്. മറ്റുകാര്യങ്ങളിൽ അവർക്കിടയിൽ തുല്യതയേക്കാൾ വ്യത്യാസങ്ങളായിരിക്കും കൂടുതലായുള്ളത്. അത് ജാതിയല്ല. വിപ്രനും പറയനും നരജാതിയാണ്. അതിൽ ഒരന്തരവും ഇല്ല. മനുഷ്യത്വം എന്ന അളവുകോൽ വച്ചുമാത്രമേ ജാതിയെ നിർണയിക്കാനാവൂ എന്ന് ഗുരു യുക്തിസഹമായി സമർഥിക്കുന്നു. എല്ലാവരും ഈ തത്വം അറിയേണ്ടതുണ്ട്. വർണവ്യവസ്ഥയ്ക്കെതിരെ ഏറ്റവും ലളിതമായ ശൈലിയിലൂടെയും പദപ്രയോഗങ്ങളിലൂടെയും ചമച്ച കവിതകളാണ് ജാതിനിർണയവും ജാതിലക്ഷണവും. ജാതിനിർണയത്തിലെ ആദ്യത്തെ ശ്ലോകത്തിൽ തന്നെ മുഖവുരയില്ലാതെ പ്രമേയത്തിലേക്ക് പ്രവേശിക്കുകയാണ് കവി. ഗോക്കൾക്ക് ഗോത്വം ജാതിയായിരിക്കുന്നതുപോലെ തന്നെയാണ് മനുഷ്യർക്ക് മനുഷ്യത്വം ജാതിയായിരിക്കുന്നതെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ് കവി. ഇതിന്റെ ഭാഗമായി തന്നെയാണ് ജാതിനിർണയവും ജാതിലക്ഷണവും എഴുതിയിരിക്കുന്നത്. ഇണചേർന്ന് സന്തതികളെ ഉല്പാദിപ്പിക്കുന്നവരെല്ലാംതന്നെ ഒരു ജാതിയാണ്. തമ്മിൽ പുണർന്നും ഇണചേർന്നും കൂടി കഴിയുന്നവരെല്ലാം ഒരേ ജാതിയിലാണെന്ന നവീനചിന്തയാണ് ജാതിലക്ഷണത്തിൽ നാരായണഗുരു അവതരിപ്പിക്കുന്നത്. കണിശമായ വാക്കുകളും ഘടനയും അടങ്ങുന്ന ചലനാത്മകമായ കവിതയാണ് ജാതിലക്ഷണം. ജാതി എന്ന മൂർത്തമായ അനുഭവവും അതിനോടുള്ള താത്വികമായ സമീപനവും തുറന്നുകാട്ടുന്ന കവിതയാണിത്.

### 5.1.4.5 സദാചാരം

ജീവിതത്തിന്റെ നന്മയ്ക്കായി ആചരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ഉപദേശരൂപേണ സംഗ്രഹിക്കുന്ന കൃതിയാണ് സദാചാരം. സദ് ആചാരം, നല്ല പ്രവൃത്തികൾ എന്ന അർഥമെടുക്കാം. നന്മതിന്മകൾ നിറഞ്ഞ ഒന്നാണ് ജീവിതം. ഇതിനെ രണ്ടിനെയും തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ അവയെ അറിഞ്ഞുകൊണ്ട് ജീവിതം നയിക്കാൻ കഴിയുകയുള്ളൂ. ജീവിക്കുക എന്നതിൽ നിന്നും വ്യത്യസ്തമാണ് ജീവിതം നയിക്കുക എന്നത്. മനുഷ്യൻ ഒഴികെ മറ്റെല്ലാ ജീവികളും ജീവിക്കുന്നു. മനുഷ്യൻ ജീവിതം നയിക്കുന്നു. നയിക്കുക എന്നതിൽ ബോധപൂർവകമായ ഒരിടപെടൽ ഉണ്ട്. മനുഷ്യജീവിയെ മറ്റുജീവികളിൽ നിന്നും വ്യത്യസ്തനാക്കുന്നത് അവൻ ജീവിതം നയിക്കുന്നു എന്നതിനാലാണ്. ജീവിതം ബോധപൂർവ്വം നയിക്കുമ്പോൾ മാത്രം കടന്നു വരുന്നതാണ് സദാചാരം.

#### ശ്ലോകം 2

"ധർമ്മം സദാ ജയിക്കുന്നു, സത്യം
ജയിക്കുന്നിങ്ങു സർവ്വദാ
അധർമ്മവും ജയിക്കുന്നി-
ല്ലസത്യവുമൊരിക്കലും."

ജീവിതത്തിൽ സത്യവും ധർമ്മവും ഉള്ള പ്രവൃത്തികൾ എപ്പോഴും ജയിക്കുന്നു. അധർമ്മവും അസത്യവും ഉള്ള പ്രവൃത്തികൾ ഒരിക്കലും ജയിക്കുന്നില്ല എന്ന് താല്പര്യം. ജീവിതവിജയത്തിന് വേണ്ടി നാം ചെയ്യുന്ന പ്രവൃത്തികൾ സത്യധർമ്മങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്ന് ഉറപ്പിക്കുകയാണ്. എപ്പോഴും വിജയിക്കുന്നത് സത്യത്തിലും ധർമ്മത്തിലും അധിഷ്ഠിതമായിരിക്കുന്ന പ്രവൃത്തികൾ മാത്രമാണ്. ഒരിക്കലും അധർമ്മവും അസത്യവുമായ പ്രവൃത്തികൾക്ക് വിജയിക്കാൻ കഴിയില്ല. സത്യത്തിലും ധർമ്മത്തിലും സദാ ചരിച്ചുകൊണ്ടുവേണം വിജയി മുന്നേറേണ്ടത് എന്നാണ് അടുത്ത പാഠമായി നൽകിയിരിക്കുന്നത്.

ഇത്തരം നിരവധി കാര്യങ്ങളെയാണ് സദാചാരമായി നാരായണഗുരു ഉൾപ്പെടുത്തിയിരിക്കുന്നത്. ജീവിതത്തിൽ ഒരിക്കലും മറക്കരുതാത്തതെന്ത്? ധർമ്മത്തിന്റെ പ്രത്യേകത എന്ത്? സദ്കർമ്മവിഘാതം വരുത്തിയാൽ എന്ത് സം

SGOU

ഭവിക്കും? സജ്ജനങ്ങളും കീർത്തിയും തമ്മിലുള്ള ബന്ധമെന്ത്? ആയുസ്സിനേക്കാൾ ശ്രേഷ്ഠമായതെന്ത്? കൊടുത്തത് തിരിച്ചു വാങ്ങിയാൽ ഉണ്ടാകുന്നതെന്ത്? നിസ്വന്റെ പ്രത്യേകതയെന്ത്? എന്നിങ്ങനെയുള്ള കാര്യങ്ങളാണ് സദാചാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ന് സദാചാരം എന്ന വാക്കിനുണ്ടായിരിക്കുന്ന അർഥപരിമിതി എത്രയെന്ന് ഈ കൃതി നമ്മെ ബോധ്യപ്പെടുത്തുന്നു.

## 5.1.5 ശ്രീനാരായണഗുരുവിന്റെ ദാർശനികകൃതികൾ

1. ആത്മോപദേശശതകം
2. ദൈവദശകം
3. ദർശനമാല
4. അദ്വൈതദീപിക
5. അറിവ്
6. ബ്രഹ്മവിദ്യാപഞ്ചകം
7. നിർവൃതിപഞ്ചകം
8. ശ്ലോകത്രയീ
9. ഹോമമന്ത്രം
10. വേദാന്തസൂത്രം

ഗുരുവിന്റെ ആദ്ധ്യാത്മിക ദർശനം വെളിപ്പെടുത്തുന്ന കൃതികളാണ് ആത്മോപദേശശതകം, ദർശനമാല, അദ്വൈതദീപിക, അറിവ് തുടങ്ങിയവ. സ്ത്രോത്രകൃതികളിലും പ്രബോധനകൃതികളിലും പ്രകടമാകുന്നത് ഗുരുവിന്റെ ആദ്ധ്യാത്മിക ദർശനങ്ങൾ തന്നെയാണെങ്കിലും ആത്മോപദേശശതകവും, ദർശനമാലയും കുറേക്കൂടി ഉയർന്നതലത്തിൽ നിൽക്കുന്നു എന്നതിനാൽ ഗുരുദർശനം പഠിക്കുന്നവർ കൂടുതൽ ശ്രദ്ധയോടെ പ്രസ്തുതകൃതികളെ സമീപിക്കേണ്ടതാണ്. ഗുരുവിന്റെ അദ്വൈതസങ്കല്പവും പ്രപഞ്ചവീക്ഷണവും, ആത്മാന്വേഷണവും പ്രധാനമായും ഈ രണ്ട് കൃതികളിൽ പൂർണമായും നമുക്ക് കാണുവാൻ കഴിയും.

ദർശനമാലയിലെ പത്ത് അധ്യായങ്ങളിലുമായി നൂറ് ശ്ലോകങ്ങൾ അനുഷ്ടുപ്പുവൃത്തത്തിൽ രചിച്ചിരിക്കുന്നു. 1914-നുശേഷം എഴുതിയതാണ് ദർശനമാല. ഭാരതീയദർശനങ്ങളുടെ തനിയാവർത്തനമല്ല ഈ കൃതി. ഗുരുവിന്റെ ദാർശനിക വീക്ഷണമായി ഈ കൃതിയെ കാണുന്നതായിരിക്കും ഉചിതം.

### 5.1.5.1 ആത്മോപദേശശതകം

നാരായണഗുരുവിന്റെ ദാർശനിക സമ്പ്രദായം വ്യക്തമാക്കുന്ന രണ്ടു കൃതികളാണ് ആത്മോപദേശശതകവും ദർശനമാലയും. അദ്വൈതരഹസ്യം മലയാളഭാഷയിൽ വിശദമാക്കുന്നു എന്നതാണ് ആത്മോപദേശശതകത്തിന്റെ പ്രത്യേകത. ദർശനമാലയാകട്ടെ സംസ്കൃതഭാഷയിലാണ് വിരചിതമായിരിക്കുന്നത്. അദ്വൈതചിന്തയെ സൂക്ഷ്മാർത്ഥത്തിൽ വിശകലനം ചെയ്തവതരിപ്പിക്കുന്നു എന്നതാണ് ഗുരുവിന്റെ ഈ രണ്ടു കൃതികളുടെ പ്രത്യേകത. ആത്മോപദേശശതകം ഉപദേശരൂപേണ നൽകുന്ന സത്യാവിഷ്കാരമാണ്. സ്ഥൂല-സൂക്ഷ്മതലങ്ങളിലുള്ള വിശ്വത്തിന്റെ സംവിധാനഘടനയെ വ്യക്തമാക്കുകയാണ് ദർശനമാലയിൽ. ആത്മോപദേശശതകവും ദർശനമാലയും അദ്വൈതചിന്താപദ്ധതിയുടെ പ്രായോഗിക ജ്ഞാനം വെളിപ്പെടുത്തുന്ന മികവാർന്ന രചനകളാണ്. അതീവ ലളിതമായ ഭാഷയിൽ ദർശനാവിഷ്കരണം ചെയ്യുന്ന ആത്മോപദേശശതകം നൂറുപദ്യങ്ങൾ അടങ്ങിയതാണ്. ആത്മജ്ഞാനം തേടുന്ന ഒരാൾക്കു നൽകുന്ന ഉപദേശമായി വേണം ഈ കൃതിയെ കരുതാൻ. പ്രപഞ്ചവും താനുമായുള്ള ബന്ധത്തെക്കുറിച്ച് ആത്മാന്വേഷിക്കുണ്ടാകുന്ന സന്ദേഹങ്ങൾക്ക് ലഭി ക്കുന്ന പൂർണമായ ഉത്തരമാണ് ആത്മോപദേശശതകം.

താൻ ആരാണ്? താൻ ഏതൊരു ശക്തിയുടെ ഭാഗമാണ്? ആ ശക്തിക്കുള്ളിൽ തന്റെ സ്ഥാനമെവിടെ? തുടങ്ങിയ ഗഹനമായ ആശയങ്ങൾ ആത്മോപദേശശതകം അവതരിപ്പിക്കുന്നു.ആത്മസത്തയെന്നത് എന്താണെന്ന് വ്യക്തമാക്കിക്കൊണ്ടാണ് കാവ്യം തുടങ്ങുന്നത്. സർവത്തിനും കാരണമായ ഒരു 'കരു' എന്ന നിലയിലാണ് പ്രപഞ്ചശക്തിയെ ഗുരു കല്പിച്ചിരിക്കുന്നത്. ആ കരുവിന്റെ സത്താപരമായ നില്പ്പെവിടെ? അതിന്റെ ഉണ്മ ഏതു തരത്തിലാണ് പ്രപഞ്ചത്തിൽ വ്യാപിച്ചിരിക്കുന്നത്.? ഇത്തരം സന്ദേഹങ്ങൾക്ക് നിവാരണം എന്ന നിലയിലാണ് ഓരോ ശ്ലോകവും ക്രമീകരിച്ചിരിക്കുന്നത്. ഓരോ ഇതളും വിടർത്തി ഒരു പൂവിന്റെ മധുകേന്ദ്രത്തിൽ എത്തിച്ചേരുന്നതു പോലെയാണ് ഈ കൃതിയുടെ സംരചനാശില്പം ഭദ്രമാക്കിയിരിക്കുന്നത്.



SGOU

'ഞാൻ' ആരാണെന്ന് ഓരോ ഇതളും വിടർത്തി അന്വേഷിച്ച് ഒടുവിൽ 'അഹം' സച്ചിദമൃതമെന്ന് മനസ്സിലാക്കി സൂക്ഷ്മമായ കരുവിൽ മൃദുവായി അമരുവാൻ ആത്മാന്വേഷിയെ പ്രാപ്തനാക്കുന്നു. തന്റെ ദാർശനിക പദ്ധതിയെ ക്രമബദ്ധമായി ആവിഷ്കരിക്കുവാൻ കഴിയുന്നു എന്നതാണ് നാരായണഗുരുവിനെ ഭക്തിപ്രസ്ഥാന കവികളിൽ നിന്നും ഭിന്നനാക്കുന്നത്. ഭക്തകവി എന്നതിനേക്കാൾ ദാർശനികകവി എന്ന് ഗുരുവിനെ അടയാളപ്പെടുത്തുന്നത് ഈ വ്യതിരിക്തത മുൻനിർത്തിയാണ്. ഋഷിപാരമ്പര്യത്തിന്റെ തുടർച്ചയാണ് ശ്രീനാരായണഗുരുവിൽ നമുക്കു കാണാൻ കഴിയുന്നത്.

ആത്മോപദേശശതകം 1897 – ൽ എഴുതി പൂർത്തിയാക്കിയിരിക്കണമെന്നു ഡോ. ടി. ഭാസ്ക്കരൻ അനുമാനിക്കുന്നു. 1904 ൽ കുമാരനാശാൻ ഇതിന് വ്യാഖ്യാനം എഴുതി. പുസ്തകരൂപം പ്രാപിക്കും മുമ്പ് തന്നെ ഭക്തജനങ്ങൾ ഇതിലെ ശ്ലോകങ്ങൾ ചൊല്ലിത്തുടങ്ങിയിരുന്നുവെന്ന് ആശാൻ പറയുന്നുണ്ട്. തത്വോപദേശത്തെ കവിതാമാധുരിയോടെ അവതരിപ്പിക്കുന്ന ശ്രേഷ്ഠകാവ്യമായാണ് ആശാൻ ആത്മോപദേശ തകത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. ഓരോ ശ്ലോകത്തിന്റെയും അർഥവും അന്വയവും എന്ന രീതിയിൽ പഠനം തുടരുമ്പോഴാണ് ഗഹനമായ വിഷയം എത്ര ലളിതമായാണ് ഗുരു വിശദമാക്കുന്നത് എന്നു മനസ്സിലാകുന്നത്. ഞാൻ എന്താണ്? ഏതിന്റെ ഭാഗമാണ്? എന്നു തുടങ്ങിയുള്ള അന്വേഷണങ്ങൾക്കുള്ള മറുപടിയാണ് ഇതിലെ ഞാൻ എന്നതിനെ അറിയാനുള്ള ഏറ്റവും പ്രാഥമികമായ പാഠം ഞാൻ എന്നതിനെ ഉപേക്ഷിക്കുകയാണെന്ന് ഒന്നാം ശ്ലോകം തന്നെ വ്യക്തമാക്കുന്നു.

### ശ്ലോകം 1

"അറിവിലുമേറിയറിഞ്ഞിടുന്നവൻത-
ന്നുരുവിലുമൊത്തു പുറത്തുമുജ്ജ്വലിക്കും
കരുവിനു കണ്ണുകളഞ്ചുമുള്ളുടക്കി
ത്തെരുതെരെ വീണു വണങ്ങിയോതിടേണം"

(സാധാരണമായി ലഭിക്കുന്ന ഇന്ദ്രിയബോധത്തേക്കാൾ ഉപരിയായുള്ള അറിവിനെ ഉൾക്കൊണ്ടു ഒരാളുടെ സ്വരൂപത്തിലും പുറത്തായിട്ടും പ്രകാശിച്ചു കൊണ്ടിരിക്കുന്ന കരുവിനെ ഇന്ദ്രിയനിയന്ത്രണം ചെയ്ത് താഴ്മയോടെ നമിച്ചു കൊണ്ട് വീണ്ടും വീണ്ടും ചൊല്ലിയുറപ്പിക്കേണം)

ഞാൻ ആരാണെന്ന അന്വേഷണത്തിൽ പ്രധാനം ഞാൻ എന്ന ബോധം ഒഴിവാക്കുകയെന്നതാണ്. അതിനാലാണ് കണ്ണുകളഞ്ചുമുള്ളടക്കുന്നതും തെരുതെരെ വീണു വണങ്ങിയോതുന്നതും. ഈ ഒരുപദേശമാണ് ഗുരു മോക്ഷാർഥിയായ ആത്മാന്വേഷിയോടു ആദ്യമേ തന്നെ നൽകുന്നത് അദ്വൈതത്തിന്റെ തലത്തിലേയ്ക്ക് എത്തിച്ചേരേണ്ട ഒരാൾ നിശ്ചയമായും ആസ്തിക്യവാദിയായിരിക്കണം. എല്ലാറ്റിനും കാരണമായ ഒരു കരുതൽ ഉണ്ട് എന്ന വിശ്വാസത്തിൽ ഉറച്ചു നിന്നു കൊണ്ട് വിനീതമായ മനസോടെയുള്ള പ്രാർത്ഥനയാണ് ആത്മാന്വേഷി ആദ്യം ചെയ്യേണ്ടത്. മോക്ഷാർഥിയാവാൻ വേണ്ടിയുള്ളതാണ് ഈ ഉപദേശം. മോക്ഷാർഥിയാണ് ഇതിന്റെ അധികാരി. ഒരു കൃതിയെഴുതുമ്പോൾ അത് ആർക്ക് വേണ്ടിയുള്ളതാണ് എന്തിനു വേണ്ടിയുള്ളതാണ്? എന്താണതു കൊണ്ടുള്ള പ്രയോജനം? ഏതു രീതിയാണ് അവലംബിക്കേണ്ടത് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം നല്കേണ്ടതുണ്ട്. അനുബന്ധചതുഷ്ടയം എന്ന് അതിനെ പറഞ്ഞു പോരുന്നു.

അധികാരി, വിഷയം, സംബന്ധം, പ്രയോജനം എന്നിവയാണ് അനുബന്ധ ചതുഷ്ടയം. ഇവിടെ മോക്ഷാർഥിയാണ് അധികാരി, അയാൾക്ക് വേണ്ടിയുള്ളതാണ് ഈ കൃതി. വിഷയം, അറിവ് തന്നെ. കരുവിനെക്കുറിച്ചുള്ള അറിവു തന്നെ. വിഷയത്തെയും ഗ്രന്ഥത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകത്തെ സംബന്ധം എന്നു പറയുന്നു. ഈ കൃതി പഠിക്കുന്നതു കൊണ്ട് ലഭിക്കുന്നത്. അറിവു നേടൽ അഥവാ മോക്ഷമാർഗം തുറക്കൽ ആണ്. അതാണ് പ്രയോജനം. ആത്മോപദേശശതകം അനുബന്ധ ചതുഷ്ടയം പൂർണ്ണമായി അനുവർത്തിക്കുന്ന കൃതിയാണ്.

പരമാർത്ഥമായിട്ടുള്ളത് ആത്മാവാണ്. അതിന്റെ പ്രതീതി മാത്രമാണ് ലോകം. ലോകത്തിന്റെ സത്ത ആത്മാവ് തന്നെയാണ്. ആത്മാവിൽ നിന്നു വേറിട്ടൊരു സത്ത ലോകത്തിനില്ല. ഉണ്ടെന്നു ചിലർ പറയുന്നത് അവർ ചിന്തിക്കാത്തതു കൊണ്ടാണ്. വേറൊരു സത്തയുണ്ട് എന്നു പറയുന്നത് ഭ്രമകല്പനയാണ്.

ഒരു നല്ല രൂപഭംഗിയൊത്ത പൂമാലകണ്ടിട്ട് ചിന്തിക്കാത്തവൻ പാമ്പായി തെറ്റിദ്ധരിക്കാം. ചിലപ്പോൾ വളഞ്ഞു പുളഞ്ഞുള്ള ആകൃതി കൊണ്ടാകാം അല്ലെങ്കിൽ മാല ഇരുട്ടത്തു കിടക്കുന്നതു കൊണ്ടാകാം, ദൂരക്കാഴ്ച കൊണ്ടാകാം. ഇതൊന്നും മാല പാമ്പാകാൻ കാരണമല്ല. സൂക്ഷ്മമായി അടുത്തു ചെല്ലുമ്പോൾ മാല മാലതന്നെയെന്നു ഉറപ്പിക്കുന്നു.

സൂക്ഷ്മമറിഞ്ഞാൽ ലോകം ആദിമസത്ത തന്നെയെന്നു മനസിലാകും. രജ്ജുസർപ്പന്യായം ഭാരതീയ തത്വചിന്തയുടെ ഒരു സ്ഥിര വിഷയമാണ്. ഗുരു ഇവിടെ രജ്ജു(കയർ) വിനു പകരം നലമിയലും മലർമാലയാക്കി അതിനെ പരിഷ്ക്കരിച്ചിരിക്കുന്നു.

### 5.1.5.2 ദൈവദശകം

ഒരു മനുഷ്യായുസ്സ് മുഴുവൻ സമൂഹത്തിനു വേണ്ടി ജീവിച്ച് കേരളത്തിന്റെ സാമൂഹികമണ്ഡലത്തിൽ പരിവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീനാരായണഗുരുദേവന്റെ കൃതിയാണ് ദൈവദശകം. മാനവികത, സാഹോദര്യം, തുല്യത തുടങ്ങിയ ആശയങ്ങളുടെ പ്രതിനിധാനമാണ് ഗുരുവിന്റെ കൃതികളിൽ പ്രധാനമായും കാണാനാവുക. ഗുരുദേവനെ അടുത്തറിയാൻ ശ്രമിക്കുമ്പോൾ പലപ്പോഴും നാം അദ്ദേഹത്തെ ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിലാണ് പരിഗണിക്കാറുള്ളത്. എന്നാൽ അതിനപ്പുറത്ത് ഗുരുദേവന്റെ സാഹിത്യലോകത്തെയും നാം അറിയേണ്ടതായിട്ടുണ്ട്. ദാർശനികചിന്തകളെ സൗന്ദര്യാത്മകമായി ആവിഷ്കരിക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ കാവ്യലോകത്തിന്റെ പ്രധാന സവിശേഷത. ഈ സവിശേഷത ഉൾക്കൊള്ളുന്ന ഗുരുദേവന്റെ പ്രശസ്തമായ കൃതിയാണ് ദൈവദശകം. ഇത് ഒരു പ്രാർത്ഥന മാത്രമല്ല ഇതിൽ ദാർശനികതയും കാവ്യസൗന്ദര്യവും ഒരുപോലെ സമ്മേളിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ ദർശനങ്ങളെ പിന്തുടരാതെ എല്ലാ മതസ്തർക്കു ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ രചിച്ച മതാതീതമായ ഒരു പ്രാർത്ഥനയാണിത്. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ജീവിതപരിസരങ്ങളെ പരിഗണിക്കുന്ന ഗുരു, ഇതിൽ മാനവികമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു. ജാതിമത ഭേദമന്യേ എല്ലാ അശരണർക്കും ആലപിക്കാനും ആശ്വസിക്കാനും കഴിയുന്ന ഒരു കീർത്തനമാണ് ശ്രീനാരായണ ഗുരു രചിച്ച 'ദൈവദശകം'.

ദുഃഖവും ആപത്തുകളും നിറഞ്ഞ സംസാരസമുദ്രത്തിൽ കഷ്ടപ്പെടുന്നവർക്ക് ദൈവമേ അങ്ങുമാത്രമാണ് ഏക ആശ്രയമെന്നും ആ സമുദ്രത്തിന്റെ നാവികനായ അങ്ങ് ഞങ്ങളെ കാത്തു കൊള്ളണേയെന്നും മനുഷ്യജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണവും വസ്ത്രവും തന്നു രക്ഷിക്കണേയെന്നും ദൈവത്തോട് പ്രാർഥിക്കുന്നു. മിഥ്യയായ, നശ്വരമായ ഈ പ്രപഞ്ച രഹസ്യങ്ങളിൽ നിന്നും മനുഷ്യനെ രക്ഷിച്ചു മോക്ഷം നൽകുന്ന ഗുരു തന്നെയാണ് ദൈവം. ദൈവം എല്ലാ മായകളും നീക്കി സായൂജ്യം നൽകണമെന്നും ആ ദൈവം സത്യവും ജ്ഞാനവും ആനന്ദവുമാണെന്നും ആ ദൈവം ആ തേജസ്സിൽ നിന്നിറങ്ങി മനുഷ്യനോടൊപ്പം വന്ന് നിത്യവും സങ്കടങ്ങൾ തീർക്കണേയെന്നു പ്രാർഥിക്കുന്നു. ഗുരുവും ഇത്തരത്തിൽ ആധ്യാത്മികതലത്തിൽ നിന്നും ഇറങ്ങി സാധാരണ ജനങ്ങൾക്കു വേണ്ടി പ്രവർത്തിച്ചയാളാണ്. ദൈവത്തോട് പ്രാർത്ഥിക്കുന്ന നിലയിലുള്ള പത്ത് പദ്യങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ടാണ് ഈ കൃതിക്ക് ദൈവദശകം എന്ന പേർ സിദ്ധിച്ചിട്ടുള്ളത്. ദൈവം എന്ന വാക്ക് മലയാളത്തിൽ എല്ലാ മതക്കാരും ഈശ്വരൻ എന്ന അർഥത്തിൽ പ്രയോഗിക്കാറുണ്ട്. ദൈവത്തെ സംബോധന ചെയ്തുകൊണ്ട് നമ്മുക്കേവർക്കും ഐഹികമായുള്ള ശ്രേയസ്സിന് വേണ്ടി പ്രാർത്ഥിക്കുകയാണ്. ദൈവത്തിന് മാനുഷിക മൂല്യങ്ങൾ കല്പിക്കുന്നു, മതാതീത ദൈവസങ്കല്പം ദാർശനികചിന്തകളെ സൗന്ദര്യാത്മകമായി ആവിഷ്കരിക്കുന്നു എന്നതാണ് ഗുരുദേവന്റെ കാവ്യലോകത്തിന്റെ പ്രധാന സവിശേഷത. നവോത്ഥാന ആശയങ്ങളുടെ പ്രതിഫലനമാണ് ഗുരുദേവകൃതികളിൽ കാണുന്നത്. മനുഷ്യന് ജീവിതസാഗരം തരണം ചെയ്യാനുള്ള മാർഗം ദൈവമാണെന്ന് ഓർമ്മിപ്പിക്കുന്നു മാനുഷിക മൂല്യങ്ങളുടെ വിളനിലമായി ദൈവത്തെ കാണുന്നു, ഭൗതികമായ ആവശ്യങ്ങൾക്കും ഗുരു തന്റെ ദൈവസങ്കല്പത്തിൽ പരിഗണന നൽകുന്നുണ്ട്. ചുരുക്കത്തിൽ ദൈവമെന്നത് മനുഷ്യസമുദായത്തിന് ഗുണപ്രദമായിത്തീരുന്ന ഒന്നാകുന്നു എന്നു കൂടി അംഗീകരിക്കണം.

SGOU

'ദൈവദശകം' എന്ന കൃതിയിൽ സൃഷ്ടികർത്താവ് എന്ന നിലയിൽ നാം ദൈവത്തെ കാണുന്നു. മനുഷ്യർ ദൈവത്തിന്റെ സൃഷ്ടിയിൽ പെടുന്നവരാണ്. ദൈവദശകം ചൊല്ലുന്നത് ജീവിതത്തിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗമെന്ന നിലയിലല്ല. ജീവിതത്തിൽ വരുന്ന എല്ലാ സുഖദുഃഖങ്ങളെയും ദൈവത്തിന്റെ നീതിക്കും അനുഗ്രഹത്തിനും വിട്ടുകൊടുക്കുന്നതിലാണ് ദൈവദശകത്തിലെ രഹസ്യം അടങ്ങിയിരിക്കുന്നത്. അതുകൊണ്ടാണ് ദൈവദശകം പോലുള്ള കൃതികൾ ഇന്നും എന്നും പ്രസക്തമാവുന്നത്

**വരികൾ**

1. 'ദൈവമേ, കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ,
നാവികൻ നീ ഭവാബ്ധിക്കൊ
രാവിവൻതോണി നിൻപദം'

ദൈവമേ! അങ്ങ് ഞങ്ങളെ കൈവിടാതെ കാത്തുകൊള്ളണേ. ജീവിതം ഒരു സാഗരമാണ്. അതിൽ ദുഃഖവും ദുരിതവുമാകുന്ന തിരയും ചുഴലിക്കാറ്റുമുണ്ട്. അതിൽ മുങ്ങിത്താഴാതെ സംസാരസാഗരം കടക്കാനുള്ള വലിയ ആവിക്കപ്പലാണ് നിന്റെ പാദങ്ങൾ. ആ വലിയ ആവിക്കപ്പലിന്റെ നാവികൻ അങ്ങാണ്. ഇവിടെ ദൈവത്തിന്റെ പാദങ്ങളെ ജീവിതസാഗരം കടക്കാനുള്ള ആവിക്കപ്പലായും ദൈവത്തെ അതിന്റെ നാവികനായും കല്പിച്ചിരിക്കുന്നു. സ്വയം പ്രകാശിക്കുന്നവനേ! അങ്ങ് എന്നെയും എന്നോടുകൂടിയുള്ളവരേയും കാത്തുകൊൾക. കൈവിടാതെ നീ ഞങ്ങളെ രക്ഷിക്കുകയും ഉൾക്കൊള്ളുകയും വേണം.

10. ആഴമേറും നിൻ മഹസ്സാ–
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.

നിന്റെ ജ്യോതിസ്സാകുന്ന ആഴമുള്ള സമുദ്രത്തിൽ ഞങ്ങൾ ഒന്നൊഴിയാതെ എല്ലാവരും ആണ്ട്, അതിൽ നിത്യം സുഖമായി വാഴണം. ദൈവത്തിന്റെ മഹസ്സാകുന്ന ആഴിയുടെ സർവാതിശയിയാകുന്ന ആഴത്തിൽ നല്ലതുപോലെ ആണ്ട് വാഴണം എന്നു തന്നെയല്ല ആ നിലയിൽ എന്നെന്നും നിത്യജീവിതം നയിക്കുമാറാകണം, സുഖമായി വാഴുമാറാകണം. അതായത്, ആത്മാവിന്റെ ലക്ഷണമാണ് സുഖം. ജനനമരണാത്മകമായ സംസാരത്തിൽ നിന്നും മോക്ഷം ലഭിക്കുകയെന്നതുതന്നെയാണ് ആത്മാവിന്റെ ആസുഖസ്വരൂപത. ആ അനുഗ്രഹം ദൈവദശകത്തിന്റെ ശ്രദ്ധയോടെയുള്ള അനവരതമായ പരിശീലനത്താൽ നാം സഫലമാക്കേണ്ടതാണ്. ഈ ശ്ലോകത്തെ സാധാരണജനങ്ങൾ ഇഹലോകസുഖത്തിനു വേണ്ടി പ്രാർഥിക്കുന്ന രീതിയിലെടുത്താൽ ഈശ്വരകാരുണ്യത്താൽ നമ്മുടെ എല്ലാവരുടേയും നിത്യജീവിതം സുഖമായിത്തീരണം എന്ന് ഒരർഥം. ഈശ്വരകാരുണ്യത്താൽ ആത്യന്തികമായ മോക്ഷം നേടുന്നു എന്നു മറ്റൊരർഥം.

മതാതീതമായ ദൈവസങ്കല്പത്തിലേക്കും അത്മീയതയിലേക്കും നയിക്കുന്ന ഈ പ്രാർഥന ഗുരു രചിച്ചതിനു കാരണം കേരളീയ നവോത്ഥാനത്തിന്റെ സ്വാധീനമാണെന്നു പറയാം. ഇത്തരം കൃതികൾ കാലാതീതമായി ഇന്നും എന്നും പ്രസക്തമാകുന്നു.

### 5.1.5.3 ദർശനമാല

## അധ്യാരോപദർശനം

കാണുന്ന ഒരു വസ്തുവിൽ മറ്റൊന്നിനെ ചേർത്തുവച്ചു കാണുന്നതിനെയാണ് അധ്യാരോപം എന്നു പറയുന്നത്. നാം കാണുന്ന ഈ ലോകം ഇല്ലാത്തതാണ്. ഉണ്ടെന്നുള്ളത് ഒരു തോന്നൽ മാത്രമാണ്. യഥാർഥമായത് എല്ലാ വസ്തുക്കളിലുമുള്ള ഒരേസത്ത മാത്രമാണ്. അതിനെ ബ്രഹ്മം ആത്മാവ്, അറിവ്, സത്ത്, ചിത്ത്, ആനന്ദം എന്നെല്ലാം പറയുന്നു. ഈ ലോകത്തെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് കാവ്യംതുടങ്ങുന്നത് .ലോകം ആദിയിൽ അസത്ത് ആയിരുന്നു. അതിനെ പരമേശ്വരൻ സങ്കല്പംകൊണ്ടു നിർമ്മിച്ചു.

**ശ്ലോകം 1**

"ആസീദഗ്രേ/സദേവേദം
ഭുവനം സ്വപ്നവത്പുനഃ
സസർജ സർവ്വം സങ്കല്പ-
മാത്രേണ പരമേശ്വരഃ"

അന്വയം : ഇദം ഭുവനം അഗ്രേ അസത് ഏവ ആസീത്, പുനഃപരമേശ്വരഃസർവ്വം സങ്കല്പ മാത്രേണ സ്വപ്നവത് സസർജ: (ഈ പ്രപഞ്ചം മുമ്പ് അസത്തായിരുന്നു. പിന്നീട് സർവ്വശക്തൻ എല്ലാ ലോകങ്ങളും വെറും സങ്കല്പം കൊണ്ട് സ്വപ്നത്തിലെന്ന പോലെ സൃഷ്ടിച്ചു.)

SGOU

സർപ്പമല്ലാത്ത കയറിൽ ഒരാൾ ക്ഷണനേരത്തേക്ക് സർപ്പത്തെ കാണുന്നു. ആ ക്ഷണനേരത്തിൽ അയാളെ സംബന്ധിച്ചിടത്തോളം കയറുകഷ്ണം പാമ്പുതന്നെ. അതല്ലാത്ത വസ്തുവിൽ അതിനെ കാണുന്നതാണ് അധ്യാരോപം എന്നതു കൊണ്ടർഥമാക്കുന്നത്. പാമ്പല്ലാത്ത ഒന്നിൽ പാമ്പിനെകാണുന്നത് പോലെയാണ് ലോകം അസത്തായിരുന്നു എന്ന് പറയുന്നത്. ഈലോകം അസത്തായിരുന്നു എന്നു പറഞ്ഞാൽ ഈ ലോകം ഇല്ലായിരുന്നുവെന്ന് അർഥമെടുക്കാം. സർവ്വശക്തൻ പൊടുന്നനെ സങ്കല്പംകൊണ്ട് ലോകം സൃഷ്ടിച്ചെടുത്തു. ഒരു വിത്തിനുള്ളിൽ മരത്തിന്റെ ഒരങ്കുരം മാത്രമിരിപ്പുണ്ട്. വികൽപ്പരഹിതമായ ആ അങ്കുരത്തെ കാല-ദേശ സാഹചര്യങ്ങളനുസരിച്ച് ഒരു മരമാക്കി മാറ്റിയത് ഏതോ ഒരു ശക്തിവിശേഷമാണ്. ഒരു മായാവിയെപ്പോലെ പ്രവർത്തിക്കുന്ന ആ ശക്തിയെ ഗുരു ഇവിടെ പരമേശ്വരൻ എന്നു പറയുന്നു. പരമേശ്വരന്റെ സങ്കല്പത്തിൽ മാത്രമേ ജഗത്ത് ഉള്ളൂ. വാസ്തവത്തിൽ ഇല്ലാത്തതാണ് ജഗത്ത്. പരമേശ്വരൻ സങ്കല്പിക്കും മുമ്പ് (അഗ്രേ) ഇല്ലാത്തതും സങ്കല്പിച്ചു കഴിഞ്ഞു (പുനഃ) മാത്രം ഉള്ളതുമാണ് പ്രപഞ്ചം. അതായത് സങ്കല്പം മാത്രമാണ് പ്രപഞ്ചം. ലോകം ഇല്ലാത്തതായിരുന്നു അസത്തായിരുന്നു.

**ശ്ലോകം 10**

“ധാനാദിവ വടോയസ്മാത്
പ്രാദുരാസീദിദം ജഗത്
സബ്രഹ്മാ സശിവോ വിഷ്ണുഃ
സപരഃ സർവ്വ ഏവസഃ”

അന്വയം : ധാനാത് വടഃ ഇവ ഇദം ജഗത് യസ്മാത് പ്രാദുരാസീത് സഃബ്രഹ്മാ, സഃ, ശിവഃ, സഃവിഷ്ണുഃ, സഃപരഃ, സർവ്വഃ,എവസഃ

(വിത്തിൽ നിന്ന് വടവൃക്ഷം പോലെ ഈ ലോകം യാതൊരുവനിൽ നിന്ന് ഉത്ഭവിച്ചുവോ അവൻ ബ്രഹ്മാവാണ്, വിഷ്ണുവാണ്, ശിവനാണ് അവൻ പരമനാണ്, സർവ്വവും അവനാണ്)

ഏറ്റവും സൂക്ഷ്മമായ വിത്തിൽ നിന്നാണ് ഏറ്റവും വലിയ ആലുണ്ടാകുന്നത്. അതുപോലെ ഏറ്റവും സൂക്ഷ്മമായവനാണ് ഈശ്വരൻ. അവനിൽ നിന്നാണ് ഇക്കാണായസ്ഥൂലപ്രപഞ്ചമുണ്ടായത് എന്നതും ആശ്ചര്യം തന്നെ, ഇപ്രകാരം ഏതൊരുവനിൽ നിന്ന് ഈ വിശ്വം രചിക്കപ്പെട്ടുവോ അവന് എന്തുപേരും ചേരും. ബ്രഹ്മാവെന്നോ, ശിവനെന്നോ, സർവ്വനെന്നോ, പരമമായവനെന്നോ, എന്തുപേരും ഇണങ്ങും. ത്രിമൂർത്തി സ്വരൂപനായ ഈശ്വരനിൽ നിന്ന് ഈ പ്രപഞ്ചം ഉണ്ടായെന്നോ ഈശ്വരനിൽ നിന്നന്യമായി ഈ പ്രപഞ്ചം നിലനിൽക്കില്ലെന്നോ പരമനായ, വികാരമില്ലാത്ത, ഈശ്വരനിൽത്തന്നെ ഈ വിശ്വം നിലനിൽക്കുന്നുവെന്നോ അർഥമെടുക്കാം. ഈശ്വരൻ തന്നെയാണ് പ്രപഞ്ചത്തിന്റെ നിമിത്തകാരണവും ഉപാദാനകാരണവും എന്ന് വ്യക്തം. അതല്ലാത്തതിൽ അതിനെ ആരോപിക്കലാണ് അധ്യാരോപം. ജഗദ് ഭാവമില്ലാത്ത ബ്രഹ്മത്തിൽ, ജഗദ്ബുദ്ധി (ജഗത്തുണ്ടെന്ന്) ആരോപിച്ചിരിക്കുന്നതിനാൽ ഈ അധ്യായത്തിന് അധ്യാരോപദർശനം എന്നു പേർ വിളിക്കുന്നു. തത്വനിർണയം ചെയ്യാൻ ആദ്യം അധ്യാരോപം നടത്തണം. അതിനും ശേഷമേ നിർഗുണബ്രഹ്മത്തെ ഉപദേശിക്കുവാൻ കഴിയൂ. ബ്രഹ്മത്തിൽ ആരോപിതമായ പ്രപഞ്ചത്തെ അപവദിക്കുന്നതു കൊണ്ട് അടുത്ത അധ്യായത്തെ അപവാദദർശനം എന്നു വിളിക്കുന്നു.

### 5.1.5.4 അദ്വൈതദീപിക

രണ്ടല്ലാത്ത അവസ്ഥയെന്നാണ് അദ്വൈതം എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നത്. പരമമായ സത്യം ഒന്നേയുള്ളൂ. പലതായി കാണുന്നതെല്ലാം ഒരേപൊരുൾ തന്നെ. പലതായതെല്ലാം നശിക്കുന്നതാണ്. എന്നാലും അവയിലെല്ലാമുള്ള പൊരുൾ ഒന്നുതന്നെയാണ്. അദ്വൈത ദർശനത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള ഒരു വിളക്ക് എന്നാണ് ഈ കൃതി കൊണ്ട് ഗുരു ഉദ്ദേശിക്കുന്നത്. പത്തൊമ്പതു ശ്ലോകങ്ങൾ ഇതിലുണ്ട്. ആത്മോപദേശശതകത്തിന്റെയും ദർശനമാലയുടെയും രത്നച്ചുരുക്കമായി ഈ കൃതിയെ വിശേഷിപ്പിക്കാം. അദ്വൈതത്തെ ഗുരു എങ്ങനെയാണ് വിവക്ഷിച്ചിരിക്കുന്നത് എന്ന് ഈ കൃതി വ്യക്തമാക്കുന്നു. ശൈവസിദ്ധാന്ത പ്രകാരമുള്ള അദ്വൈതസങ്കല്പമാണ് നാരായണഗുരുവിൽ കാണുന്നതെന്ന് മുനിനാരായണ പ്രസാദ്, ഡോ. ടി. ഭാസ്കരൻ, എന്നിവർ സൂചിപ്പിച്ചിട്ടുണ്ട്. അതു ശരിവയ്ക്കുന്ന അദ്വൈത ദീപിക 1894-ൽ പൂർണരൂപത്തിൽ രചിച്ചുവെന്ന് കരുതുന്നു. അദ്വൈതസിദ്ധി എന്നായിരുന്നു വി

വേകോദയത്തിൽ പ്രസിദ്ധീകരിച്ചപ്പോൾ ഇതിന്റെപേര്.

### ശ്ലോകം 1

"പോരായിരം പ്രതിഭയായിരമിങ്ങിവറ്റി
ലാരാലെഴും വിഷയമായിരമാംപ്രപഞ്ചം
ഓരായ്കിൽനേരിതുകിനാവുണരുംവരെയ്ക്കും
നേരാ,മുണർന്നളവുണർന്നവനാമശേഷം"

(എണ്ണമറ്റ നാമങ്ങളും എണ്ണമറ്റ കല്പനകളും അവയിലെല്ലാം ചേർന്നിരിക്കുന്ന ആയിരക്കണക്കിനു വിഷയങ്ങളുമാണ് ഈ പ്രപഞ്ചം. അതേക്കുറിച്ച് ചിന്തിച്ചില്ലെങ്കിൽ ഈ പ്രപഞ്ചം നേരാണ്. എപ്രകാരമെന്നാൽ സ്വപ്നത്തിൽ നേരായിരുന്നവ ഉണർന്നാൽ ഇല്ലാതായി, ഉണർന്നിരിക്കുന്നവൻ മാത്രം അവശേഷിക്കുന്നതുപോലെ)

ദ്വൈതം എന്നാൽ രണ്ടുള്ളത്. നാം കാണുന്ന പ്രപഞ്ചവസ്തുക്കൾ ഓരോന്നും വേറെയാണ് എന്നു കരുതുന്നതിനെ ദ്വൈതബുദ്ധി എന്നു പറയുന്നു. അവയെല്ലാം എണ്ണിയാൽ തീരില്ല. അവയ്ക്ക് ആയിരക്കണക്കിനു പേരുണ്ട്. ആയിരക്കണക്കിനുകല്പനകളുണ്ട്. എന്നാൽ ഇതിലെല്ലാം ഒരു പൊരുൾ മാത്രമേയുള്ളൂ എന്നു കരുതുന്നത് അദ്വൈതബുദ്ധി. ആ പൊരുൾ എന്താണ്? ഈ അന്വേഷണത്തെയാണ് സത്യാന്വേഷണം എന്നു പറയുന്നത്. അന്വേഷിക്കാതിരിക്കുന്നതിനെയാണ് ഓരായ്കിൽ എന്നതുകൊണ്ട് ഗുരു സൂചിപ്പിച്ചത്. ഓരാതിരിക്കുന്ന അവസ്ഥയ്ക്ക് തുല്യമാണ് ഉറക്കം. ഉറക്കത്തിൽ കാണുന്ന സ്വപ്നവസ്തുക്കൾക്ക് തുല്യമാണ് പ്രപഞ്ചവസ്തുക്കൾ. ഉറക്കം തെളിഞ്ഞാൽ അവശേഷിക്കുന്നത് ഉണരുന്നവൻ മാത്രം. ചിന്തിക്കുന്നവനും ഉണർന്നവനു തുല്യമാണ്. ചിന്തിച്ചു കഴിഞ്ഞാൽ സത്യംമാത്രം അവശേഷിക്കും. കാണുന്ന പ്രപഞ്ചം ഇല്ലാത്തതെന്നു ബോദ്ധ്യപ്പെടും. എല്ലാത്തിലും ഉള്ളത് ആത്മാവ് മാത്രം.

ഇതെങ്ങനെ ബോധ്യമാകും. ഇന്ദ്രിയഗോചരമായ പ്രാപഞ്ചിക വസ്തുക്കൾ ഉള്ളതാണെന്നു നാം ധരിക്കുന്നു. ഉള്ളതാണെങ്കിലും അവയെ അനുഭവിക്കുന്നതിന് ഒരറിവു വേണം. ഒരുവശത്ത് ദൃശ്യവസ്തുക്കളും മറുവശത്ത് അവയെ അനുഭവിക്കുന്ന അറിവും ഉണ്ടായിരിക്കണം. ഈ വസ്തുക്കളിലുള്ള സത്യവും, അതിനെ അനുഭവിക്കുന്ന അറിവും ഒന്നുതന്നെയെന്നു ബോദ്ധ്യപ്പെടുന്നതാണ് അദ്വൈതബോധം.

ഒരു വസ്തുവിന്റെ പേര് ഉച്ചരിക്കുമ്പോൾ തന്നെ അതിന്റെ രൂപം ഉള്ളിൽ വിരിഞ്ഞു. അതാണ് പ്രതിഭ. അറിവിൽ ഉണ്ടായതാണത്. അറിവ് തന്നെ വിളിച്ചതാണ് പേരുകൾ. അറിവിൽ നിന്നുണ്ടായതാണ് രൂപങ്ങളും. അറിവു രൂപമെടുത്തതാണ് വിഷയങ്ങളും. പേരും പ്രതിഭയും വിഷയങ്ങളും, അറിവു തന്നെ. നിരുപാധികമായ അറിവിന്റെ സോപാധികമായ ഘടകങ്ങളാണ് പേരും പ്രതിഭയും വസ്തുക്കളും. ചിന്തിച്ചില്ലെങ്കിൽ അതെല്ലാം ഉള്ളതുതന്നെ. പ്രപഞ്ചാനുഭവം സ്വപ്നം പോലെയാണ്. സ്വപ്നത്തിൽ എല്ലാം ഉള്ളതാണ്. ഉണർന്നാൽ സ്വപ്നത്തിൽ കണ്ടവയെല്ലാം അവനുള്ളിലേക്ക് മറയും. അവൻ മാത്രം അവശേഷിക്കും. പ്രപഞ്ചം ഉണ്ടെന്ന അനുഭവത്തെ അജ്ഞാനം എന്നു പറയുന്നു. അതു സ്വപ്നസമാനമാണ്. ഉണർന്നു കഴിഞ്ഞാലുണ്ടാകുന്ന അവസ്ഥയ്ക്കു തുല്യമാണ് ജ്ഞാനാനുഭവം. ഇതിനെ മുക്തിയെന്നു പറയാം. അപ്പോൾ ആത്മാവിനെ അറിയുന്നു. എല്ലാം ആത്മാവാണെന്ന് അറിയുന്നു.

### 5.1.5.5 അറിവ്

ശ്രീനാരായണഗുരു പരംപൊരുളിനെ സൂചിപ്പിക്കാൻ എപ്പോഴും ഉപയോഗിക്കുന്ന പദമാണ് 'അറിവ്'. ദൃശ്യമായ ഈ പ്രപഞ്ചത്തെ അവയവംപ്രതി പിരിച്ചു ചെന്നാൽ തന്മാത്രയും കടന്ന് ചെല്ലുന്ന ബോധതലത്തെയാണ് അറിവ് എന്നതു കൊണ്ട് ഗുരു അർഥമാക്കുന്നത്. ആത്മോപദേശശതകത്തിലും അദ്വൈതദീപികയിലും ഗുരു പലമട്ടിൽ ഈ ആശയം ആവിഷ്ക്കരിച്ചിട്ടുണ്ട്. 'നീരും നുരയും,' 'നൂലും വസ്ത്രവും', 'കയറും പാമ്പും' എന്നിങ്ങനെ പലപ്പോഴും ഉദാഹരിച്ചിട്ടുണ്ട്. ആധുനികശാസ്ത്രജ്ഞന്മാരും ദ്രവ്യത്തിന്റെ അവയവം പിരിച്ചുള്ള അന്വേഷണത്തിന്റെ ഒടുവിൽ ദ്രവ്യത്തിന്റെ ആത്യന്തിക കണിക ഒരിക്കലും ദ്രവ്യംതന്നെയാകില്ല എന്നാണ് പറയുന്നത്. അതുബോധമായിരിക്കാം എന്ന നിഗമനത്തിലാണ് എത്തുന്നത്.

SGOU

ദൃശ്യപ്രപഞ്ചത്തിന്റെ ആധാരമായ പരമാവധിബോധം എന്ന ഏക സത്യത്തെയാണ് അറിവ് അഥവാ ഈശ്വരൻ എന്നു ഗുരു വ്യക്തമാക്കുന്നത്. അരുവിപ്പുറംപ്രതിഷ്ഠയ്ക്കു ശേഷമുള്ള ദശകത്തിലാണ് ഗുരുവിന്റെ ദാർശനിക കൃതികൾ മിക്കതും എഴുതിയിട്ടുള്ളത്.

#### ശ്ലോകം 1

"അറിയപ്പെടുമിതു വേറ-
ല്ലറിവായിടും തിരഞ്ഞിടും നേരം
അറിവിതിലൊന്നായതു കൊ-
ണ്ടറിവല്ലാതെങ്ങുമില്ല വേറൊന്നും."

(പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അറിയുന്ന ഈ പ്രപഞ്ചം (ഇത് എന്നറിയുന്ന ഏതും) അതിനാധാരമായ അറിവിൽ നിന്നും വേറല്ല എന്ന് അന്വേഷിക്കുമ്പോൾ അറിയാൻ കഴിയും ഈ പ്രപഞ്ചത്തിൽ ആകെ അറിവ് എന്ന ഒന്നുമാത്രമേയുള്ളൂ എന്നതിനാൽ അറിവല്ലാതെ മറ്റൊന്നും മറ്റെവിടെയും കാണാൻ കഴിയില്ല). അറിയപ്പെടുന്ന ഇതിന് (ദൃശ്യവസ്തുക്കൾ, കാര്യജാലങ്ങൾ) അറിവിൽ നിന്നും വേറിട്ടൊരു ഉണ്മയില്ല. നാം വസ്തുക്കളെ കാണുന്നു. അത് ഇടംപിടിച്ചിരിക്കുന്നത് കാണുന്ന നമ്മുടെ അറിവിലാണ്. കാണുന്ന വസ്തുവും വസ്തുവിനെ അറിയുന്ന നാമും നമുക്കു ലഭിച്ച അറിവും ഒന്നാണോ? അറിയപ്പെടുന്നതെല്ലാം അറിവിന്റെ ഭാവഭേദങ്ങളാണ് കാരണം, ലോകം മുഴുവൻ അറിവേയുള്ളു എന്നതു തന്നെയാണ് നാം ഒരു വസ്തുവിനെ 'ഇത്' ഇന്നത് എന്നറിയുന്നത് ആവസ്തു ഒരറിവായി നമ്മിൽ സ്ഥിതിചെയ്തിരുന്നതു കൊണ്ടാണ്. നമ്മൾ കണ്ടിട്ടില്ലാത്ത ഒന്നിന് നാമം നൽകാൻ കഴിയാത്തത് നാം ഇതിനെ ഇതുവരെ അറിഞ്ഞിരുന്നില്ല എന്നതു ഇത് കൊണ്ടാണ്.

നമ്മുടെ അറിവിൽ ഇരുന്നതിനെയാണ് നാം കണ്ട വസ്തുവിൽ വിഷേപിച്ചത്. ആ അർഥത്തിൽ നമ്മുടെ അറിവിൽ നിന്നും വിഭിന്നമല്ല നാം കണ്ട കസേര, നാംകണ്ട കുതിര, നാംപേരു വിളിച്ചതെല്ലാം. നാം കണ്ടതും അറിഞ്ഞതുമായ 'ഇത്' ഗുണിയാണ്. ഗുണങ്ങൾ ചേർന്ന വസ്തുവാണ് കാലും കൈത്തണ്ടും ഇരിപ്പിടവും ചാരും ചേർന്നപ്പോൾ (ആ ഗുണങ്ങൾ എല്ലാം) 'ഇത്' കസേരയായി, ഗുണിയായി. അപ്പോൾ നാം അറിഞ്ഞത് എന്താണ്? ഗുണങ്ങളെയാണ്. ഗുണങ്ങളിൽ നിന്നു നാം ഗുണിയെ ഗണിച്ചെടുത്തു. അപ്പോൾ നമ്മുടെ അറിവിൽ ഗുണി പതിഞ്ഞു. അറിവിലാണ് ഗുണിയിരിക്കുന്നത്. ഇത് വേറല്ല അറിവാം എന്നു പറഞ്ഞതിന്റെ പൊരുൾ ഇത്തരത്തിൽ ധരിക്കണം. അറിവിലാണ് ഗുണിയിരിക്കുന്നത്, ഗുണിയിലാണ് ഗുണങ്ങൾ ഇരിക്കുന്നത്. യഥാർത്ഥത്തിൽ ഗുണിയും ഗുണവും അറിവിലിരിക്കുന്നു. ഇങ്ങനെ ചിന്തിച്ചാൽ അറിയുന്ന താനുൾപ്പടെ അറിയപ്പെട്ട ഇത് ഉൾപ്പടെ അറിയാൻ സഹായിച്ച ശക്തി ഉൾപ്പടെ എല്ലാം തന്നെ അറിവാണ്.

#### ശ്ലോകം 15

"അറിയപ്പെടുമതിനൊത്തീ-
യറിവേഴൊന്നിങ്ങു താനുമെട്ടായി
അറിവിങ്ങനെ വെവ്വേറാ-
യറിയപ്പെടുമെന്നതും വിടുർത്തീടിൽ."

(അറിയപ്പെടുന്ന 'ഇത്' എന്നതിനോട് ചേർത്തു ചിന്തിച്ചാൽ ഒരേ അറിവിനു തന്നെ ഏഴുതരത്തിലുള്ള ഭാവംപകരൽ ഉണ്ട്. അതോടൊപ്പം അറിയുന്ന ഞാനും ഏഴുതരം വിഷയഭാവങ്ങളും ചേർന്നു എട്ടായിട്ട് അറിവ് നിൽക്കുന്നു. ഒരേ അറിവ് വേറെവേറെ പലതായി അറിയപ്പെടും, ഓരോന്നായി അപഗ്രഥിച്ചാൽ)

അറിയുന്നവന്റെ വശത്തു നിന്ന് (അഹന്താപക്ഷം) നോക്കുമ്പോൾ അറിവിനെ എട്ടുതരത്തിൽ കണ്ടു. അറിയപ്പെടാത്ത വസ്തുവിന്റെ വശത്തു നിന്നു നോക്കുമ്പോൾ അറിവിനു എട്ടായിട്ടു ഭാവം പകരുന്നു. ഇരുപക്ഷത്തും തുല്യനിലയിൽ അറിവ് രൂപപ്പെടുന്നു. അപഗ്രഥന വിധേയമാക്കുമ്പോഴാണ് ഈ തരം തിരിവ് കാണുന്നത്. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ ഇന്ദ്രിയവിഷയങ്ങളും അറിവിനുമപ്പുറത്തുള്ള അറിവും അറിയുന്നതിലുൾപ്പെടുന്ന അറിവും ചേർന്ന് ഏഴ് ജ്ഞേയ വിഷയങ്ങൾ ഉണ്ട്. കൂടാതെ അറിയുന്നവനായ 'ഞാൻ' ജ്ഞേയവിഷയം തന്നെയാണ്. അങ്ങനെ എട്ടുതരമായി അറിവിനെ അപഗ്രഥിക്കാം. ഈ വിഭജനക്രമമെല്ലാം അപഗ്രഥന വിഷയമാക്കി അറിവിനെ മാറ്റുമ്പോഴുള്ളതാണ്. അനുഭൂതി പ്രധാനമാണ് അറിവ്. അവിടെ അപഗ്രഥനത്തിനോ വകതിരിക്കലിനോ പ്രസക്തിയില്ല. അറിവിലമർന്ന് അതു മാത്രമാകലാണ് അനുഭൂതിയുടെ തലം. അറിവ് സമം അനുഭൂതി എന്നു ധരിക്കുകയാണ് വേണ്ടത്.

SGOU

## Recap

- ജനതയുടെ സംസ്കൃതിയെ പോഷിപ്പിക്കുന്നതിന് സഹായിച്ച ഭക്തിയിലടിസ്ഥാനമാക്കിയ സാഹിത്യകൃതികൾ.
- അപൗരുഷേയങ്ങളായ കൃതികൾ
- ഋഷികവികളുടെ പ്രത്യേകതകൾ
- ഗുരുവിന്റെ ഭാഷാപ്രാവീണ്യം
- പ്രബോധനാത്മക കൃതികളുടെ പ്രത്യേകത
- അഹിംസയുടെ പ്രാധാന്യം ജീവിതത്തിൽ
- അനുകമ്പയുടെ പ്രാധാന്യം ജീവിതത്തിൽ
- ജാതിയുടെ നിരർത്ഥകതയുടെ ചർച്ച
- ഒരു ജാതി ഒരുമതം ഒരുദൈവം മനുഷ്യന്
- ദുഃഖനിവാരണത്തിന് പ്രാർത്ഥനയുടെ പ്രാധാന്യം
- ജനനീനവര്തനമഞ്ജരിയിലെ മായാസങ്കല്പം
- കാളീനാടകത്തിന്റെ ഗാംഭീര്യം
- സുബ്രഹ്മണ്യകീർത്തനത്തിലെ ഭക്തനും, ഭഗവാനും തമ്മിലുള്ള ബന്ധകല്പന
- ഗുരുവിന്റെ ജ്ഞാനപ്രകാശനകൃതികൾ - വേദങ്ങളും, ഉപനിഷത്തുകളും അടങ്ങിയ പൗരാണികകൃതികൾ.
- ഋഷികവി- വേദങ്ങളും, ഉപനിഷത്തുക്കളും എഴുതിയ കവികൾ
- ഋഷികല്പിത കവികൾ - ഭക്തിപ്രസ്ഥാനത്തിലെ കവികൾ. സ്വന്തമായ ദർശനത്തെക്കാൾ പ്രചാരമുള്ള ദർശനങ്ങളെ മുഴുവനും സ്വീകരിച്ച് കവിത എഴുതിയവർ
- അവധൂതകാലം - സന്യാസമാർഗത്തിലേയ്ക്ക് കടക്കുംമുമ്പുള്ള ഗുരുവിന്റെ സത്യാന്വേഷണ കാലം.
- സാമൂഹികമൂല്യ (socio-ethical) സംസ്ഥാപനമന്ത്രം - അരുവിപ്പുറം ക്ഷേത്രഭിത്തിയിൽ എഴുതിയ ശ്ലോകം
- ഗുരുവിന്റെ പ്രബോധനാത്മക കൃതികൾ - ജീവിതം നയിക്കേണ്ടതെങ്ങനെ എന്ന ഉപദേശം നൽകുന്ന കൃതികൾ
- അരുളുള്ളവനാണ് ജീവി - അനുകമ്പാദശകത്തിൽ ഗുരു പ്രയോഗിച്ച പ്രസിദ്ധമായ വാക്യം (എല്ലാ ജീവികളിലും അനുകമ്പയുണ്ട് എന്നർത്ഥം)
- നിഷ്ഫലഗന്ധപുഷ്പം - ഗുരുവിന്റെ മനോഹരമായ ഒരു പ്രയോഗം. ഒരു പ്രയോജനവുമില്ലാത്തവൻ എന്നർത്ഥം
- ഹാ തത്വം വേത്തി കോപിന- മനുഷ്യന് മനുഷ്യത്വമാണ് ജാതിയെന്ന തത്വം
- മാനാപമാനസമമാനസരാജഹംസം - മാനവും അപമാനവും ഒന്നുപോലെ കരുതുന്ന ശ്രേഷ്ഠവ്യക്തി.
- കരു - ഈശ്വരൻ, അറിവ് എന്നെല്ലാമർത്ഥം
- പാടൽ കൃതികൾ - തമിഴ് കവിതകളെ പൊതുവേ പറയുന്ന രീതി

## Objective Type Questions

1. ജ്ഞാനപ്രകാശത്തിനായി പ്രാചീനഭാരതത്തിൽ നിലനിന്നിരുന്ന കൃതികൾ ഏതെല്ലാം?
2. അപൗരുഷേയം എന്നാലെന്ത്?
3. ഭാരതത്തിൽ കവികളെ ആരായിട്ടാണ് കണക്കാക്കിയിരുന്നത്?
4. ഭാരതസംസ്കാരത്തിന്റെ ഈടുവയ്പുകളായി കണക്കാക്കുന്ന കൃതികളേതെല്ലാം?
5. ഋഷികവികളും, ഋഷികല്പിതകവികളും തമ്മിലുള്ള പ്രധാന വ്യത്യാസമെന്ത്?
6. കേരളത്തിലെ ഭക്തിപ്രസ്ഥാന ചരിത്രത്തിൽ ഉൾപ്പെടുന്ന കവികൾ ആരെല്ലാം?
7. ശ്രീനാരായണഗുരു ഏതെല്ലാം ഭാഷയിൽ കാവ്യങ്ങൾ എഴുതിയിരുന്നു?
8. ഗുരുവിനു ദിവ്യദർശനം ലഭിച്ചവേളയിൽ എഴുതിയ ശ്ലോകം ഏത്?
9. ശ്രീനാരായണഗുരുവിന്റെ സതീർത്ഥ്യരായിരുന്ന രണ്ടു പ്രസിദ്ധകവികൾ ആരെല്ലാം?
10. ഗുരുദേവ കൃതികളെ പ്രധാനമായി എത്ര ഇനമായി തിരിക്കാം, ഏതെല്ലാം?
11. അരുവിപ്പുറം പ്രതിഷ്ഠയുടെ വേളയിൽ ഗുരു എഴുതിയ ഒറ്റശ്ലോകം ഏതു?
12. പ്രബോധനാത്മക കൃതികൾ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ഏതെങ്കിലും ഒരു കൃതിയെ പരിചയപ്പെടുത്തുക?
13. ഗുരുദേവൻ ഉപദേശിച്ച നവാക്ഷരീമന്ത്രം ഏതാണ്?
14. ജീവകാരുണ്യപഞ്ചകം എഴുതിയത് ഏതു വർഷത്തിലാണ്?
15. അഹിംസയുടെ പ്രാധാന്യം വിവരിക്കുന്ന ഗുരുദേവകൃതിയേത്?
16. ജീവജാലങ്ങൾ ഓരോന്നും ഓരോ ഇനത്തിൽപ്പെടുമെന്ന് ഗുരു സമർഥിക്കുന്നതെങ്ങനെ?
17. ജാതിയുടെ നിരർഥകത സൂചിപ്പിക്കുന്ന രണ്ടു കൃതികൾ?
18. 'സദാ ജയിക്കുന്ന'തായി ഗുരു പറയുന്നത് ഏതെല്ലാം കാര്യങ്ങളെയാണ്
19. ആദ്യകാലരചനകളിൽ ഗുരു പ്രതിപാദിച്ച ദേവസങ്കല്പം ഏതായിരുന്നു?
20. കുമാരനാശാൻ ജനനീനവരത്ന മഞ്ജരിയെ വിശേഷിപ്പിച്ചതെങ്ങനെ?
21. കാളീനാടകത്തിന്റെ വൃത്തമായി ഉള്ളൂർ കല്പിച്ചിരിക്കുന്നത്?
22. ഗുരുദേവൻ കവിതയിൽ ഉപയോഗിച്ച രണ്ടു ഇംഗ്ലീഷ് പദങ്ങൾ ഏതാണ്?
23. ഈ ലോകം സൃഷ്ടിച്ചവർ ആരൊക്കെയാണെന്നാണ് ദർശനമാലയിൽ വിശേഷിപ്പിക്കുന്നത്?
24. 'അദ്വൈതം' എന്നതുകൊണ്ട് അർഥമാക്കുന്നതെന്താണ്?
25. ദർശനമാല എഴുതിയിരിക്കുന്നത് ഏതു ഭാഷയിലാണ്?
26. ആത്മോപദേശശതകത്തിൽ അന്വേഷിക്കുന്നത് എന്താണ്?
27. അനുബന്ധചതുഷ്ടയം ഏതെല്ലാം?
28. നാരായണഗുരുവിന്റെ പ്രധാനപ്പെട്ട ദാർശനിക കൃതികൾ ഏതെല്ലാം?
29. ഗുരു സംസ്കൃത പാരമ്പര്യത്തിനുപുറമേ സ്വീകരിച്ച കാവ്യപാരമ്പര്യം ഏതായിരുന്നു?
30. തേവാരപ്പതികത്തിലെ ശിവൻ എവിടെ സ്ഥിതിചെയ്യുന്നുവെന്നാണ് സൂചിപ്പിക്കുന്നത്?
31. ശൈവസിദ്ധാന്തപ്രകാരം അദ്വൈതചിന്തയെ എങ്ങനെ വിലയിരുത്താം?

SGOU

BLOCK - 5

## Answers

1. വേദങ്ങളും ഉപനിഷത്തുകളും
2. മനുഷ്യരെഴുതിയതല്ലെന്നു വിശ്വസിക്കുന്ന കൃതികൾ, ആരെഴുതിയെന്നു തീർപ്പുകല്പിക്കാൻ പറ്റാത്തവ
3. ഋഷിമാർ
4. വേദങ്ങൾ, ഉപനിഷത്തുക്കൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ തുടങ്ങിയവ
5. സ്വന്തമായി ദർശനമുള്ളവർ ഋഷികളും, വിവിധയിനം ദർശനങ്ങൾ പ്രചരിപ്പിക്കുന്നവർ ഋഷികല്പിതരുമാണ്
6. ചീരാമൻ, ചെറുശ്ശേരി, കണ്ണശ്ശന്മാർ, എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയവർ
7. സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകൾ
8. ശ്രീകൃഷ്ണ ദർശനം എന്ന ഒറ്റശ്ലോകം
9. പെരുന്നെല്ലി കൃഷ്ണൻ വൈദ്യർ, വെളുത്തേരി കേശവൻ വൈദ്യർ
10. സ്തോത്രങ്ങൾ, പ്രബോധന കൃതികൾ, ദാർശനിക കൃതികൾ, ഗദ്യകൃതികൾ, തമിഴ് കൃതികൾ
11. ജാതിഭേദം മതദ്വേഷ
    മേതുമില്ലാതെ സർവ്വരും
    സോദരത്വേനവാഴുന്ന
    മാതൃകാസ്ഥാനമാമിത്
12. മനുഷ്യർക്ക് അവരുടെ ജീവിതത്തിനുതകുന്ന ഉപദേശങ്ങൾ നൽകുന്ന കൃതികളെയാണ് പ്രബോധനാത്മക കൃതികൾ എന്ന് പറയുന്നത്. ജീവകാരുണ്യപഞ്ചകം ഉദാഹരിക്കാവുന്നതാണ്
13. അരുളുള്ളവനാണ് ജീവി
14. 1914-ൽ
15. ജീവകാരുണ്യപഞ്ചകം
16. പുണർന്നുപെറുമെല്ലാമൊരിനമാം
17. ജാതിലക്ഷണം, ജാതിനിർണയം
18. ധർമ്മവും, സത്യവും
19. ശ്രീകൃഷ്ണൻ
20. മധുരവും ശാന്തഗംഭീരവും എന്ന്
21. സിംഹവൃത്താന്തം എന്ന ദണ്ഡകം
22. റെയിൽ, ജയിൽ
23. വിഷ്ണു, ശിവൻ, ബ്രഹ്മാവ്, പരമൻ, സർവ്വൻ എന്നിങ്ങനെ
24. രണ്ടല്ലാത്ത അവസ്ഥയെന്ന്
25. സംസ്കൃതം
26. ഞാൻ ആരാണ് എന്ന്
27. അധികാരി, വിഷയം, സംബന്ധം, പ്രയോജനം
28. ആത്മോപദേശശതകം, ദർശനമാല,വേദാന്തസൂത്രം,അദ്വൈതദീപിക , അറിവ്
29. തമിഴ് ശൈവപാരമ്പര്യം
30. ആരുമാനൂരിൽ
31. ശിവനാണ് എല്ലാത്തിന്റെയും ആധാരം. ശിവനിൽ നിന്നും ഭിന്നമായി ഒന്നുമില്ല. പ്രപഞ്ചവും പ്രപഞ്ചാധാരമായതും ഒന്നിച്ചുമാത്രമേ നിൽക്കൂ. അദ്വൈതസങ്കല്പത്തിലെ മായാവാദം ശൈവസിദ്ധാന്തത്തിനു സ്വീകാര്യമല്ല.

SGOU

## Assignment

1. ശ്രീനാരായണഗുരുവിന്റെ കാവ്യപന്ഥാവ് ഏതു രീതിയിലാണ് വികസിച്ചത് എന്നു സ്തോത്രങ്ങളെയും, പ്രബോധനാത്മക കൃതികളെയും അടിസ്ഥാനമാക്കി വിശദീകരിക്കുക
2. ഗുരുവിന്റെ ആത്മസങ്കല്പം ആത്മോപദേശശതകത്തിൽ പ്രതിപാദിതമാകുന്നതെങ്ങനെ പാഠ്യഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക
3. ഗുരുവിന്റെ പ്രബോധനാത്മകകൃതികൾക്ക് ഒരാസ്വാദനം തയ്യാറാക്കുക
4. അദ്വൈതദീപികയിൽ പ്രപഞ്ചത്തെയും ബോധതലത്തെയും ഏതു രീതിയിലാണ് ബന്ധിപ്പിച്ചിരിക്കുന്നത് വിശദീകരിക്കുക
5. ഗുരുവിന്റെ കൃതികളെ തരംതിരിച്ച് അപഗ്രഥിക്കുക

## Suggested Reading


1. പി.കെ. ബാലകൃഷ്ണൻ, നാരായണഗുരു, ഡി.സി. ബുക്സ്, കോട്ടയം
2. ഡോ. ടി. ഭാസ്കരൻ, (എഡി.) ശ്രീനാരായണഗുരുവും മാനവികതയും, മാതൃഭൂമി ബുക്സ്, കോഴിക്കോട്
3. ടി.ഭാസ്കരൻ, ശ്രീനാരായണഗുരു വൈഖരി, എസ്.എൻ.ഡി.പി. യൂണിയൻ, പെരുമ്പാവൂർണണ
4. എഡി: കെ. എൻ ഷാജി, നാരായണഗുരു, വിഷ്ണുനാരായണൻ നമ്പൂതിരി, ഗുരുവാങ്മയം കറന്റ് ബുക്സ്, തൃശൂർ
5. പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, ശ്രീനാരായണ ഗുരുദേവകൃതികൾ, ശ്രീ നാരായണ ധർമ്മസംഘം, വർക്കല, തിരുവനന്തപുരം


## Reference


1. ഡോ. ടി. ഭാസ്കരൻ, ശ്രീനാരായണഗുരുവിന്റെ സമ്പൂർണകൃതികൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
2. ഡോ. ഗീതാസുരാജ്, ശ്രീനാരായണഗുരുവിന്റെ സ്തോത്രങ്ങൾ – ഒരു പഠനം, നാരായണ ഗുരുകുലം, വർക്കല, തിരുവനന്തപുരം
3. മുനി നാരായണപ്രസാദ് (എഡി), നാരായണഗുരു സമ്പൂർണകൃതികൾ, നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡെൽഹി, 2015
4. വേലായുധൻ കോട്ടുക്കോയിക്കൽ, ശ്രീനാരായണഗുരു, കറന്റ് ബുക്സ്, തൃശൂർ, 2007
5. കെ. എൻ. ഷാജി, നാരായണഗുരു ജീവിതം, കൃതികൾ, ദർശനം, കറന്റ് ബുക്സ് , തൃശൂർ,2002,
6. പി.എൻ.ഗോപീകൃഷ്ണൻ, ഗുരുവും ആശാനും പിൻഗാമികളും, മാതൃഭൂമി ബുക്സ്, കോഴിക്കോട്
7. സുകുമാർ അഴീക്കോട്, ഗുരുവിന്റെ ദു:ഖം, ഇംപ്രിന്റ്ബുക്സ്, 1993
8. ഡോ. കെ. സുഗതൻ, ബുദ്ധനും നാണുഗുരുവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2004


SGOU

# BLOCK - 6

# ശ്രീനാരായണഗുരുവും കേരള ത്തിന്റെ ആധുനീകരണവും

SGOU

# യൂണിറ്റ് 1 ശ്രീനാരായണഗുരുവും കേരളത്തിന്റെ ആധുനീകരണവും

## Learning Outcomes

- ശ്രീനാരായണഗുരുവും കേരളത്തിന്റെ ആധുനീകരണവും എന്ന വിഷയം ഗ്രഹിക്കുന്നു
- ശ്രീനാരായണഗുരുവിന്റെ മതനവീകരണത്തെക്കുറിച്ചറിയുന്നു
- അരുവിപ്പുറം പ്രതിഷ്ഠയെക്കുറിച്ച് അറിവുലഭിക്കുന്നു
- ഗുരുവിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ അറിയുന്നു
- ശ്രീനാരായണപ്രഭാവം മലയാളസാഹിത്യകൃതികളിൽ എത്രത്തോളമുണ്ടെന്ന് ഗ്രഹിക്കുന്നു

## Prerequisite

കേരളം ഇംഗ്ലീഷുകാരുടെ അധിനിവേശത്തോടെ സംസ്കാരികമായും സാങ്കേതികമായും നിരവധിമാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. കൊളോണിയലിസത്തിന്റെ ഇടപെടലിന്റെ ഫലമായി വസ്ത്രത്തിലും ആഹാരരീതിയിലും തൊഴിലിലും സാഹിത്യരൂപങ്ങളിലുമെല്ലാം തന്നെ കാതലായ മാറ്റങ്ങളുണ്ടായി. സകല മേഖലകളിലും പരിഷ്കാരങ്ങൾ കടന്നുവന്ന പ്രക്രിയയെയാണ് നാം ആധുനികത എന്നു വിളിച്ചത്. കേരളീയ ആധുനികതയുടെ പ്രാരംഭ പ്രക്രിയകൾക്ക് നാന്ദികുറിക്കുന്നത് നാരായണഗുരുവിന്റെ പ്രവർത്തനങ്ങളോടെയാണ് എന്ന് കണക്കാക്കപ്പെടുന്നു. അതുവരെ നിലനിന്നിരുന്ന ലിഖിതവും അലിഖിതവുമായ എല്ല നിയമങ്ങളെയും ആചാരങ്ങളെയും ലംഘിച്ച സാമൂഹ്യപരിഷ്കർത്താവായിരുന്നു എന്നുള്ളളതുകൊണ്ടു തന്നെ ആധുനികതയുടെ പ്രവാചകനായി തന്നെയാണ് ഗുരുവിനെ വിലയിരുത്തേണ്ടത്.

ജാതിമേൽക്കോയ്മയിലുള്ള ക്ഷേത്രകേന്ദ്രിതമായ സമൂഹമായിരുന്നു കേരളീയരുടേത്. എല്ലാവർക്കും ക്ഷേത്രത്തിൽ പ്രവേശനം ഇല്ലായിരുന്നുവെങ്കിലും എല്ലാവരും ക്ഷേത്രത്തോടനുബന്ധിച്ചുള്ള ആചാര അനുഷ്ഠാനങ്ങൾ പാലിച്ചിരുന്നു. അശുദ്ധം അയിത്തമായി മാറുന്നത് ഭാഷാഭേദം കൊണ്ടാണെങ്കിലും ആചാര അനുഷ്ഠാനങ്ങളാണ് കൂടുതൽ ആഴവും പരപ്പും നൽകിയത്. അശുദ്ധി എന്നാൽ അശുദ്ധമാകുമ്പോൾ മാറാവുന്നതാണെങ്കിലും അയിത്തം അങ്ങനെയല്ല. അശുദ്ധനായ മേൽജാതിക്കാരന് കുളിച്ചാൽ ശുദ്ധം തിരികെ ലഭിക്കും എന്നാൽ അയിത്ത ജാതിക്കാരൻ എത്ര കുളിച്ചാലും അയിത്തം മാറില്ല. കാരണം അത് ജാതിയുമായി ബന്ധപ്പെട്ടതാണ്. കുളിച്ചാൽ മാറുന്നതല്ല ജാതി ആയിത്തവും അങ്ങനെ തന്നെ. ഈ ഒരു ദുരന്തകാലത്തെ ക്രമേണ മാറ്റിയതിനെയാണ് കേരളീയർ ആധുനികത എന്ന് പറയുന്നത്. ഭക്ഷണത്തിലും വസ്ത്രത്തിലും പാർപ്പിടത്തിലും ആചാരാനുഷ്ഠാനങ്ങളിലും കുടുംബ

സംഗമങ്ങളിലും മാറ്റങ്ങൾ സംഭവിച്ചു. മനുഷ്യർ ജന്മം കൊണ്ട് തന്നെ പല ജാതികളിൽ പെട്ടവരാണ്. എന്നാൽ ഇന്ത്യൻ ജാതിവ്യവസ്ഥയുടെ അടിസ്ഥാന സങ്കൽപത്തെ നാരായണഗുരു തള്ളിക്കളഞ്ഞു. മനുഷ്യൻ എന്ന ഒരു ജാതിയിൽ പിറന്നവർക്ക് പല ജാതികൾ ആവാൻ കഴിയില്ല എന്ന് യുക്തി അദ്ദേഹം അവതരിപ്പിച്ചു. ഇന്ത്യയിൽ മറ്റെവിടെയും ഇല്ലാത്ത വിധം ജാതി വ്യവസ്ഥ ഏറ്റവും രൂക്ഷമായിരുന്ന പഴയ കേരളീയ സമൂഹത്തെ ഒരു ആധുനിക പൗരസമൂഹമായി മാറ്റിയെടുക്കുന്നതിൽ മനുഷ്യരെല്ലാം ഒരു ജാതിയാണ് എന്ന ഈ നാരായണ ദർശനം തന്നെയാണ് ഒരു കേന്ദ്ര ആശയമായി പ്രവർത്തിച്ചത്.

## Keywords

ആധുനീകരണം - മതനവീകരണം, അരുവിപ്പുറം പ്രതിഷ്ഠ - വിദ്യാഭ്യാസം - എസ്.എൻ.ഡി.പി. - മലയാളസാഹിത്യം - തർജ്ജമ - ഗദ്യകൃതികൾ

SGOU

## Discussion

### 6.1.1 ശ്രീനാരായണഗുരുവും കേരളത്തിന്റെ ആധുനീകരണവും

ശ്രീനാരായണ ഗുരുദേവദർശനം മാനവികതയെക്കുറിച്ചും സമാധാനത്തെക്കുറിച്ചുമാണ് പ്രവചിക്കുന്നത്. ജീവിതത്തിന്റെ സമസ്തമേഖലകളിലുമുള്ള പുരോഗതിയാണ് ഗുരു ലക്ഷ്യമാക്കിയത്. സാധാരണക്കാരൻ ജീവിതത്തിന്റെ എല്ലാ പടവുകളും കയറി അതിന്റെ പൂർണ്ണതയിലെത്തുന്നതിനാവശ്യമായ കർമ്മപദ്ധതികളാണ് ഗുരു നിർദ്ദേശിച്ചത്. ജീവിതത്തിൽ ഒരിക്കൽപോലും ക്ഷോഭിച്ച് സംസാരിക്കാതെ ജീവിതകാലമത്രയും മഹത്തായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത വ്യക്തിയാണ് ശ്രീനാരായണ ഗുരു.

#### 6.1.1.1 മതനവീകരണം

ശ്രീനാരായണഗുരുവിന്റെ ഒരേയൊരു ലക്ഷ്യം എല്ലാ ജാതിക്കാരും ഒരു പോലെ മനുഷ്യരായി ജീവിക്കുന്ന പരിതസ്ഥിതികൾ ഉണ്ടാക്കുക എന്നതായിരുന്നു. സ്വാമി വിവേകാനന്ദൻ കേരളത്തെ ഒരു ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കാലത്താണ് ഗുരു സാമൂഹ്യസേവനം ആരംഭിക്കുന്നത്. ജാതിയുടെ പേരിലുള്ള അത്യാചാരങ്ങൾ ചെറുപ്പം മുതൽ തന്നെ ഗുരുവും അനുഭവിച്ചിരുന്നു. ഹിന്ദുമതത്തിൽ പൊതുവേയും ഈഴവ സമുദായത്തിൽ പ്രത്യേകിച്ചും നിലനിന്നിരുന്ന അനാചാരങ്ങൾ ഒന്നൊന്നായി ഇല്ലാതാക്കാൻ ഗുരു സമൂഹത്തിലേക്കിറങ്ങിച്ചെന്ന് പ്രവർത്തിച്ചു.

> ജാതിഭേദം മതദ്വേഷം
> ഏതുമില്ലാതെ സർവ്വരും
> സോദരത്വേന വാഴുന്ന
> മാതൃകാസ്ഥാനമാണിത്.
>
> ആധുനിക മലയാളകവിതയുടെ രാഷ്ട്രീയപാരമ്പര്യം തുടങ്ങുന്നത് ഇത് നാലുവരികളിൽനിന്നാണ്. അതിനാൽ മതപരിഷ്കരണവാദം നിർദ്ദേശിക്കുന്നതുപോലെ അത് അവർണന്റെ വിഗ്രഹപ്രതിഷ്ഠ ആയിരുന്നില്ല, കേരളം എന്ന ആധുനിക 'മാതൃകാസ്ഥാന'ത്തിന്റെ തറക്കല്ലിടലായിരുന്നു.
>
> (പി.എൻ. ഗോപീകൃഷ്ണൻ, ഗുരുവും ആശാനും പിൻഗാമികളും, പേജ് 32-33)

സമുദായമധ്യത്തിൽ വേരൂന്നിയുറച്ചിട്ടുള്ള അനാചാരങ്ങൾ നശിപ്പിക്കുന്നതിന് അന്ധവിശ്വാസങ്ങളാകുന്ന വേരുകൾ പിഴുതുകളയണമെന്നും അറിവിന്റെ അഗ്നികൊണ്ട് മാത്രമേ അതിന് സാധിക്കൂവെന്നും ഗുരു തിരിച്ചറിഞ്ഞു. ക്ഷേത്രത്തിൽ പ്രവേശനമില്ലാതിരുന്ന

ഈഴവർ കാളി, മാടൻ മറുത, ചാത്തൻ എന്നിങ്ങനെയുള്ള ദുർദ്ദേവതമാരെ ആരാധിക്കുകയും ഇത്തരം ക്ഷേത്രങ്ങളിൽ ആട്, കോഴി എന്നിവയെ ബലികൊടുക്കുകയും ചെയ്തിരുന്നു. ഗുരു നേരിട്ട് പോയി ഇത്തരം അനാചാരങ്ങൾ അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും അത്തരം ക്ഷേത്രങ്ങൾ ഇല്ലാതാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇത്തരം ഭക്തന്മാരെ ആധ്യാത്മികമായി ഉയർത്തുന്നതിന് വേണ്ടിയാണ് ഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചത്.

### 6.1.1.2 അരുവിപ്പുറം പ്രതിഷ്ഠ

1888-ൽ അരുവിപ്പുറത്ത് പുഴയിൽനിന്ന് മുങ്ങിയെടുത്ത കല്ല് ഒരു തറയിൽ പ്രതിഷ്ഠിച്ച് ഗുരു മതനവീകരണത്തിന് തുടക്കമിടുകയായിരുന്നു. ആ ക്ഷേത്രത്തിനുമുന്നിൽ 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്നെഴുതിവച്ചു. തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം നാല്പതോളം ക്ഷേത്രങ്ങൾ ഗുരു സ്ഥാപിച്ചു. ഇനി ക്ഷേത്രങ്ങളല്ല വിദ്യാലയങ്ങളും വായനശാലകളുമാണ് നമുക്ക് വേണ്ടത് എന്ന നിലപാടായിരുന്നു പിന്നീട് ഗുരു സ്വീകരിച്ചത്. തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ പുതിയ ക്ഷേത്രം സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് തന്നെ സമീപിച്ച ഭക്തരോട് ക്ഷേത്രസ്ഥാപനത്തിന്റെ കാലം പോയ്ക്കഴിഞ്ഞെന്നും ക്ഷേത്രത്തിനുപകരം അവിടെ ഒരു തൊഴിൽവിദ്യാലയം സ്ഥാപിച്ച് അവിടത്തെ കുട്ടികൾക്ക് തൊഴിൽ പരിശീലനം നല്കുകയാണ് വേണ്ടതെന്നുമാണ് ഗുരു പറഞ്ഞത്.

പൂജാദികളും ഉത്സവങ്ങളും നടക്കുന്ന ക്ഷേത്രങ്ങളും, പൂജകളൊന്നുമില്ലാതെ ധ്യാനത്തിന് മാത്രം സൗകര്യമുള്ള ഒരു ബിംബത്തോടുകൂടിയ ശാരദാമഠവും, ബിംബവും ക്ഷേത്രവുമൊന്നുമില്ലാത്ത അദ്വൈതാശ്രമവും സ്ഥാപിച്ചതിലൂടെ സമൂഹത്തിന് ശരിയായ ദിശാബോധമാണ് ശ്രീനാരായണ ഗുരു നൽകിയത്. മനുഷ്യൻ അവരുടെ ആധ്യാത്മികാഭിവൃദ്ധിക്കനുസരിച്ച് അനുഷ്ഠിക്കുന്നതും അനുഷ്ഠിക്കേണ്ടതുമായ ആരാധനാക്രമത്തെ വിശദമാക്കാനാണ് സ്വാമികൾ ശ്രമിച്ചത്. ബിംബത്തിനുപകരം മുഖക്കണ്ണാടി പ്രതിഷ്ഠിച്ചതിലൂടെ അന്ധവിശ്വാസത്തിനുപകരം അവനവനെ ആരാധിക്കുന്നതാണ് നല്ലതെന്ന് ബോധ്യപ്പെടുത്തി. ബിംബത്തിന് പകരം സത്യം, ധർമം, ദയ, സ്നേഹം എന്ന് ചായം കൊണ്ടെഴുതിയ ഒരു പലകയാണ് മുരുക്കുംപുഴ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചത്.

എല്ലാ മതങ്ങളിലും അടങ്ങിയ സനാതനതത്വങ്ങൾ ഒന്നുതന്നെയാണെന്ന് കാണിക്കാൻ വേണ്ടി വിവിധമതങ്ങളിലെ പണ്ഡിതന്മാരെ വിളിച്ചു ചേർത്ത് അവരവരുടെ മതങ്ങളെപ്പറ്റി വിശദീകരിക്കുവാൻ ആലുവയിലെ അദ്വൈതാശ്രമത്തിൽ ഒരു സർവമതസമ്മേളനം വിളിച്ചുചേർത്തു. മതം വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണെന്ന അതിന്റെ മുദ്രാവാക്യം തന്നെ ആ സമ്മേളനത്തിന്റെ ഉദ്ദേശ്യത്തെ വെളിപ്പെടുത്തുന്നതാണ്.

### 6.1.1.3 വിദ്യാഭ്യാസപ്രവർത്തനങ്ങൾ

വിശ്വമാനവികതയുടെ പ്രവാചകനും അധഃസ്ഥിത ജനസമൂഹത്തിന്റെ വിമോചകനും കേരളം കണ്ട മികച്ച വിദ്യാഭ്യാസവിചക്ഷണനുമാണ് ശ്രീനാരായണഗുരു. അധഃകൃതരുടെ വിമോചനം വിദ്യാഭ്യാസം കൊണ്ട് മാത്രമേ സാധിക്കൂ എന്ന് ഗുരു മനസ്സിലാക്കിയിരുന്നു. അതിനാലാണ് "വിദ്യകൊണ്ട് പ്രബുദ്ധരാവുക" (സ്വതന്ത്രരാവുക) സംഘടനകൊണ്ട് ശക്തരാവുക എന്ന മുദ്രാവാക്യം ഗുരു മുന്നോട്ടുവെച്ചത്. സമഗ്രവും ശാസ്ത്രീയവുമായ വിദ്യാഭ്യാസ സങ്കല്പമായിരുന്നു ഗുരുവിനുണ്ടായിരുന്നത്. ഈ വീക്ഷണത്തിന്റെ അന്തിമമായ ലക്ഷ്യം വിശ്വമാനവികതയിലധിഷ്ഠിതമായ ആനന്ദദായകവും ശ്രേയസ്കരവുമായ ജീവിതം നയിക്കുന്നതിനും ആത്മനിർവൃതിയുടെ പരമസ്വാതന്ത്ര്യത്തെ പ്രാപിക്കുന്നതിനും മനുഷ്യനെ സജ്ജമാക്കുക എന്നതാണ്. അപരിഷ്കൃതവും സംസ്കാരശൂന്യവുമായ ജീവിതാവസ്ഥകളിൽ നിന്നും പരിഷ്കൃതമായ ഒരു സാംസ്കാരികസാമൂഹികാവസ്ഥയിലേക്ക് മനുഷ്യനെ പരിവർത്തനപ്പെടുത്തുന്നവയായിരുന്നു ഗുരുവിന്റെ വിദ്യാഭ്യാസ പരിപാടികൾ.

ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും തൊഴിൽ പരിശീലനകേന്ദ്രങ്ങളും ആരംഭിക്കാൻ ഗുരു മുന്നിട്ടിറങ്ങി. ജാതിവ്യവസ്ഥ ഒരു വലിയ വിഭാഗം ജനങ്ങളെ അപരിഷ്കൃതവും മനുഷ്യത്വരഹിതവുമായ ജീവിതം

SGOU

നയിച്ച് ദാരിദ്ര്യത്തിലേക്കും അജ്ഞാനത്തിലേക്കും ചവിട്ടിത്താഴ്ത്തിയ കാലത്താണ് അവരുടെ സർവതോന്മുഖമായ വികാസം ലക്ഷ്യംവെച്ച് ഗുരു വിദ്യാഭ്യാസപദ്ധതികൾ ആവിഷ്കരിച്ചത്.

ജാതിവ്യവസ്ഥക്കനുസരിച്ച് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തൊഴിൽചെയ്യുന്നതിന് വിദ്യാഭ്യാസം ആവശ്യമില്ലെന്നായിരുന്നു സവർണർ വാദിച്ചിരുന്നത്. പുരോഗമനചിന്താഗതിക്കാരായ യുവാക്കൾ സവർണർക്ക് മാത്രം അധികാരപ്പെട്ട സംസ്കൃതാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസത്തെ ചോദ്യംചെയ്തു തുടങ്ങി. ഗുരു എല്ലാ സമുദായക്കാരും വിദ്യാഭ്യാസം നേടണമെന്നും പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിച്ച് കൃഷിയും വ്യവസായവും ആരംഭിക്കണമെന്നും ആഹ്വാനം ചെയ്തു.

### 6.1.2 സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾ - എസ്.എൻ.ഡി.പി. യോഗം

കേരളത്തിലെ സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടുപോകുന്നതിനാണ് 1903 മെയ് 15-ന് എസ്. എൻ.ഡി.പി യോഗം സ്ഥാപിക്കുന്നത്. സാമുദായിക സമത്വത്തിനുവേണ്ടിയുള്ള സംഘടിതയത്നം കേരളത്തിൽ ആദ്യമായുണ്ടായത് എസ്. എൻ.ഡി.പി യോഗത്തിന്റെ ആരംഭത്തോടെയാണ്. ഡോ.പല്പുവാണ് ഇത്തരമൊരു സംഘടന രൂപീകരിക്കണമെന്ന ആവശ്യം ആദ്യം ഉന്നയിച്ചത്. അപ്പോഴാണ് അരുവിപ്പുറത്ത് രൂപീകരിച്ച ക്ഷേത്രത്തിന്റെ നടത്തിപ്പിനായി സ്ഥാപിച്ച അരുവിപ്പുറം ക്ഷേത്രയോഗം വിപുലപ്പെടുത്തി ഗുരുവിന്റെ അധ്യക്ഷതയിൽ വലിയൊരു സംഘടന രൂപീകരിക്കാൻ ശ്രമിച്ചത്. വാവൂട്ട് യോഗമെന്ന പേരിലാണ് ഈ ക്ഷേത്രയോഗം ആദ്യം അറിയപ്പെട്ടത്. പിന്നീട് തിരുവനന്തപുരത്തെ ഈഴവപ്രമാണിമാരെ ഉൾപ്പെടുത്തി എസ്.എൻ.ഡി.പി യോഗം രൂപീകരിക്കുകയും ചെയ്തു.

നാരായണ ഗുരുവിന്റെ ആദർശങ്ങൾ പ്രചരിപ്പിക്കുക, ഈഴവർ, തീയർ തുടങ്ങിയ അവശസമുദായങ്ങളെ സാമൂഹികവും ആത്മീയവുമായ പുരോഗതിയിലേക്ക് നയിക്കുക, സന്യാസമഠങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കുക തുടങ്ങിയവയായിരുന്നു യോഗത്തിന്റെ മുഖ്യലക്ഷ്യങ്ങൾ. യോഗത്തിന്റെ മുഖപത്രമായ വിവേകോദയം ദ്വൈമാസിക കുമാരനാശാന്റെ പത്രാധിപത്യത്തിൽ 1904-ൽ ആരംഭിച്ചു. തുടക്കം മുതൽ പതിനാറ് കൊല്ലക്കാലം കുമാരനാശാനായിരുന്നു എസ്. എൻ. ഡി. പി യോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചത്. വിദ്യകൊണ്ട് പ്രബുദ്ധരാകാനും വ്യവസായം കൊണ്ട് അഭിവൃദ്ധിപ്പെടാനും സംഘടനകൊണ്ട് ശക്തരാകാനും ശ്രീനാരായണഗുരു നൽകിയ ആഹ്വാനം പ്രാവർത്തികമാക്കിയത് ഈ യോഗം വഴിയായിരുന്നു.

ഈഴവസമുദായത്തിൽ തിരണ്ടുകുളി കല്യാണവും പുടവകൊട കല്യാണവും നിലനിന്നിരുന്നു. സ്ത്രീ ആറുമാസം ഗർഭിണിയായാൽ പുളികുടി എന്ന ചടങ്ങും നടത്തിയിരുന്നു. ഒരാൾ മരിച്ചാൽ നാല്പതു ദിവസം നീണ്ടുനിൽക്കുന്ന മരണാനന്തര ചടങ്ങുകൾ നടത്തിയിരുന്നു. ഇത്തരം അനാചാരങ്ങൾ സമുദായത്തെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളി വിട്ടു. ഇതവസാനിപ്പിക്കാൻ ഗുരു സമൂഹത്തിലേക്കിറങ്ങിച്ചെന്ന് പ്രവർത്തിച്ചു. 1904-ൽ കൊല്ലം പരവൂരിൽ ശ്രീനാരായണഗുരുവിന്റെ അധ്യക്ഷതയിൽ ഈഴവരുടെ വിപുലമായ യോഗം വിളിച്ചുചേർക്കുകയും താലികെട്ട് കല്യാണം, തിരണ്ടുകുളി, പുളികുടി മുതലായ അനാചാരങ്ങൾ നിർത്തൽ ചെയ്യാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ഗുരു തന്നെ നേരിട്ട് ഇത്തരം ചടങ്ങുകൾ നടക്കുന്ന വീടുകളിൽ ചെല്ലുകയും ചടങ്ങുകൾ നിർത്തിവെപ്പിക്കുകയും ചെയ്തു.

വിവേകോദയം മാസികയിൽ ഈഴവർ അനുഷ്ഠിക്കേണ്ട ആചാരങ്ങൾ പ്രസിദ്ധപ്പെടുത്തി. ഈഴവസ്ത്രീകൾ അന്ന് മാറുമറയ്ക്കുന്ന പതിവുണ്ടായിരുന്നില്ല. വിവിധ സ്ഥലങ്ങളിൽ യോഗം വിളിച്ചുചേർത്ത് ശ്രീനാരായണഗുരു മാറുമറയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുത്തി. വിവാഹത്തിന് ധാരാളം ആളുകൾ ആവശ്യമില്ലെന്നും കൂടിയാൽ പത്തുപേർ മാത്രം മതിയെന്നും അദ്ദേഹം നിർദ്ദേശിച്ചു. കോട്ടാർ, കടൂക്കര എന്നീ സ്ഥലങ്ങളിൽ സഞ്ചരിക്കുകയും സമാധികോവിലിൽ മദ്യവും മാംസവും വെച്ച് നടത്തിയിരുന്ന പൂജ അവസാനിപ്പിക്കുകയും ചെയ്തു. നിരന്തരമായ നിവേദനങ്ങളുടേയും പ്രക്ഷോഭങ്ങളുടേയും ഫലമായി ഈഴവവിദ്യാർഥികൾക്ക് സർക്കാർ സ്കൂളുകളിൽ പ്രവേശനം ലഭിച്ചു. പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിച്ച്

SGOU

കൃഷി, വ്യവസായം എന്നിവയിലേർപ്പെടാനും പുതിയ തൊഴിലുകൾ പരിശീലിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

സർപ്പക്കാവുകളും നാഗസ്ഥാനങ്ങളും കേന്ദ്രമാക്കി ധാരാളം അന്ധവിശ്വാസങ്ങൾ നിലനിന്നിരുന്നു. സർപ്പക്കാവുകൾ വൃത്തിയാക്കാൻ പോലും ആളുകൾക്ക് ഭയമായിരുന്നു. ഗുരു തന്നെ നേരിട്ടിറങ്ങി നാഗസ്ഥാനങ്ങൾ കാടുവെട്ടിത്തെളിച്ച് ശുചിയാക്കി. പലക്ഷേത്രങ്ങളിലും നടന്നിരുന്ന മൃഗബലി പോലുള്ള ആചാരങ്ങൾ അവസാനിപ്പിച്ചു. ഒരു സമുദായത്തെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്നതിനാവശ്യമായ വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ഗുരു സംഘടിപ്പിച്ചത്.

> ഒരു മതം മാത്രമേ ലോകത്തിൽ ഉണ്ടായിരുന്നുള്ളുവെങ്കിൽ നാരായണഗുരു 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന വാക്യം പറയുകയില്ല. അങ്ങനെ ആയിരുന്നെങ്കിൽ ഗുരു പറയുക മതം കൊണ്ട് മനുഷ്യൻ നന്നാകണം എന്നായേനെ! എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്നത് 'എന്റെ മതംകൊണ്ട് മനുഷ്യൻ നന്നാകണം,' എന്നാണ്.
>
> (സുകുമാർ അഴീക്കോട്, ഗുരുവിന്റെ ദുഃഖം, പേജ് 69)

### 6.1.3 ശൈവസിദ്ധാന്തവും നാരായണഗുരുവും

ശ്രീനാരായണഗുരു അദ്വൈതിയാണെന്ന് കരുതുന്നതുപോലെ തന്നെ ശൈവസിദ്ധാന്തിയാണെന്നു കരുതുന്നവരും ഉണ്ട്. അവധൂതകാലത്ത് ശ്രീനാരായണഗുരു ഏറെ സഞ്ചരിച്ചിരുന്നത് തെക്കേ ഇന്ത്യയിൽ, വിശേഷിച്ച് തമിഴ് നാട്ടിലായിരുന്നു. നായനാർമാരുടെ പാടലുകളും പതികങ്ങളും ഗുരുവിനെ ഏറെ സ്വാധീനിച്ചിരുന്നു. തേവാരപ്പതികങ്കൾ എന്ന കൃതി ഗുരുവിന്റെ മികച്ച രചനകളിൽ ഒന്നാണ് ' ശിവപ്പെരുമാനെ സ്തുതിച്ചുകൊണ്ടെഴുതിയ തമിഴ് ഭക്തിഗീതമാണത്. തമിഴ് ഭാഷയിലുള്ള ഗുരുവിന്റെ പ്രാവീണ്യം അദ്ഭുതാവഹമാണ്. നായനാർ പാടലുകളോടും തമിഴിലെ മറ്റു തേവാരങ്കളോടും കിടപിടിക്കുന്ന ഭാഷാശൈലിയും രചനാസൗഷ്ഠവവും ഗുരുവിന്റെ തേവാരപതികങ്കങ്ങളിലുണ്ട്. തമിഴ്നാടിന്റെ തെക്കൻ പ്രാന്തങ്ങളിൽ ഗുരു രചിച്ച തേവാരപതികങ്കങ്ങൾ സന്ധ്യാകീർത്തനമായി ചൊല്ലിയിരുന്നതായും പറഞ്ഞുകേൾക്കുന്നു. ഏതായാലും ശൈവപാരമ്പര്യത്തോടും തമിഴ് ഭാഷയോടും, തമിഴരായ ഭക്തന്മാരോടും ഗുരുവിന് ഏറെ ആദരവുണ്ടായിരുന്നു. തമിഴ്നാട്ടുകാരുടെ ഭക്തിയിൽ ഗുരു പരിപൂർണ തൃപ്തനുമായിരുന്നു. തമിഴ്നാട്ടിലെ ശൈവസിദ്ധപാരമ്പര്യം ഗുരുവിൽ ഏറെ പ്രകടമാണ്. ടി. ഭാസ്കരൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: "ലോകം മിഥ്യയാണെന്ന താത്വികമായ അറിവ് അനുഭൂതിയാക്കി മാറ്റാനാണല്ലോ അദ്വൈതി ശ്രമിക്കുന്നത്. ഈ അറിവിലുള്ള വിശ്വാസത്തിന്റെ ദാർഢ്യമനുസരിച്ചിരിക്കും സാധനയിലെ പുരോഗതി. അപ്പോൾ ലൗകികകാര്യങ്ങളോട് അവജ്ഞയും അവയുമായി ബന്ധപ്പെടുമ്പോൾ എന്തോ ചെയ്യാൻ പാടില്ലാത്തത് ചെയ്യുകയാണെന്ന് വിചാരവും സ്വാഭാവികമായി അയാളെ അലട്ടുന്നു. ഇതല്ല സ്വാമിയുടെ നില. സ്വാമികൾ കർമം ചെയ്തുകൊണ്ട് കർമബന്ധമറുക്കാൻ നിശ്ചയിച്ചു. ഇത് ശൈവസിദ്ധാന്തത്തിന്റെ സ്വാധീനം മൂലമാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു." (ശ്രീനാരായണദർശനം, ടി.ഭാസ്കരൻ, പേജ് 21) റൊമേയ്ൻ റൊളാങ് ഗുരുവിനെ കർമം ചെയുന്ന ജ്ഞാനി എന്നാണല്ലോ വിശേഷിപ്പിച്ചത്. കർമസംഗപരിത്യാഗികളായ ജ്ഞാനികളുടെ കൂടാരമായ ഭാരതത്തിൽനിന്നും ഇങ്ങനെയൊരാളെക്കുറിച്ച് അറിഞ്ഞതിലുള്ള അദ്ഭുതമാകാം റൊമേയ്ൻ റൊളാങ്ങിന് ഗുരുവിനെ ഇത്തരത്തിൽ വിശേഷിപ്പിക്കാൻ ഇടവന്നത്. തികച്ചും സത്യവുമാണ് ആ പ്രസ്താവന. ലൗകികകാര്യങ്ങളിൽ ഇടപെടാത്ത പാരമ്പര്യമാണ് ഭാരതീയ സന്യാസത്തിനു പൊതുവേയുള്ളത്. ഗുരുവിനൊപ്പം ജീവിച്ചിരുന്ന ചട്ടമ്പിസ്വാമികൾ ബ്രഹ്മജ്ഞാനത്തിൽ മുഴുകി ആത്മസുഖം അനുഭവിക്കുമ്പോഴാണ് നാരായണഗുരു കേരളമാകെയും, തമിഴ്നാട്ടിലും തെക്കൻ കർണാടകയിലും ശ്രീലങ്കയിലും ചുറ്റി സഞ്ചരിച്ച് കർമങ്ങൾ ചെയ്തുകൊണ്ട് മോദസ്ഥിതനായി വസിച്ചത്. ഈ രീതിയോട് ചട്ടമ്പിസ്വാമിക്കുള്ള താല്പര്യക്കുറവ് അവർ തമ്മിൽ കണ്ടുമുട്ടുമ്പോഴുള്ള ഒരു സംവാദത്തിൽ പ്രകട

SGOU

മാകുന്നുണ്ട്. നാരായണന് പ്രവർത്ത്യാരുദ്യോഗ മുണ്ടോ എന്നാണ് ചട്ടമ്പിസ്വാമികൾ ചോദിച്ചത്. ആരില്ല പ്രവൃത്തിയുണ്ട് എന്നാണ് ചട്ടമ്പിയോട് നാരായണൻ മറുപടി നൽകിയത്. (നാരായണ ഗുരു, പി.കെ. ബാലകൃഷ്ണൻ പുറം,197, 2015) പ്രവൃത്തിയിലെ ആരില്ലായ്മയാണ് കർമം ചെയ് തിങ്ങസംഗനായ് ജീവിയ്ക്കണമെന്ന ഈശാവാ സ്യ രഹസ്യം. നാരായണഗുരുവിൽ കാണുന്നത് കർമം ചെയ്തുകൊണ്ടുള്ള കർമപാശമറുക്കൽ തന്നെയാണ്.

കൃപ ചെയ്യണമെങ്കിലും പ്രയത്നം കൂടാതെ കഴിയില്ലല്ലോ. ഇവിടെയാണ് ശങ്കരന്റെ മായാ വാദവും ശൈവസിദ്ധാന്തവും വേർപിരിയുന്നത്. നാരായണഗുരുവും ചട്ടമ്പിസ്വാമിയും വേർപിരി യുന്നത്.

കഷ്ടം ദീനം പിടിച്ചോ മദിരയതുകുടിച്ചോ കിടക്കുന്നവരെ ഉദ്ധരിക്കുകയെന്നത് ബ്രഹ്മസാ ക്ഷാൽക്കാരം എന്ന നദിയിൽ മുഴുകുന്നതിനു തുല്യമായിട്ടാണ് ഗുരു കണ്ടിരുന്നത്. അതു കൊണ്ടാണല്ലോ സഹോദരനയ്യപ്പൻ ദൈവനി ഷേധം നടത്തുന്നുവെന്ന ആരോപണത്തെ, അയ്യപ്പന്റെ പ്രവൃത്തിയിൽ ദൈവമുണ്ടല്ലോ എന്ന യുക്തികൊണ്ട് ഗുരു സമാധാനിപ്പിച്ച ത്. പ്രവൃത്തിയിൽ ദൈവത്തെ കാണുന്ന രീതി ശൈവസിദ്ധാന്തത്തോട് അടുത്തു നിൽക്കുന്നു.

## 6.1.4 ശ്രീനാരായണപ്രഭാവം മലയാള സാഹിത്യത്തിന്റെ വിവിധമണ്ഡലങ്ങ ളിൽ

### 6.1.5 തർജ്ജമകൾ

1. ഈശാവാസ്യോപനിഷത്ത്
2. തിരുക്കുറൾ
3. ഒടുവിലൊഴുക്കം

ഗുരുവിന്റെ വേദാന്തസൂത്രവും, ഹോമമന്ത്ര വും, ദർശനമാലയും, ജാതിനിർണയവും, നിർ വൃതിപഞ്ചകവും പോലുള്ള രചനകൾ വേദ ഭാഷയുടെ പൂർണ്ണപ്രകാശനം തന്നെയാണ്. വേദസത്തയ്ക്കൊപ്പം ശൈവസിദ്ധാന്തവും കൂടി ച്ചേർന്നതായിരുന്നു ഗുരുവിന്റെ വാങ്മയം. വിസ് മയാവഹമായ ശില്പഭദ്രത ഗുരുകൃതികൾക്കു ണ്ട്. ആധുനിക ഇസങ്ങൾ ഉണ്ടാകും മുമ്പുതന്നെ അദ്ദേഹത്തിന്റെ കൃതികളിൽ പ്രപഞ്ചത്തെയും ഈശ്വരനെയും പ്രത്യക്ഷമാക്കുന്നു. തുടർന്ന് ഇന്ദ്രിയങ്ങളെയും മനസ്സിനെയും ആവിഷ്കരി ക്കുന്നു. പിന്നീട് മനസ്സിന്റെ ചാഞ്ചാട്ടങ്ങളെയും ഒടുവിൽ മനസ്സിനപ്പുറത്തുള്ള അന്തര്യാമി കാഴ് ചകളും കാട്ടിത്തരുന്നു. ഒന്നാംകിട കവിയായ ഗുരു വളരെ ശില്പഭദ്രമായാണ് കവിതകൾ രചി ച്ചിരിക്കുന്നത്. പ്രധാനമായും മൂന്നു കൃതികളു ടെ തർജ്ജമകളാണ് ഗുരു നിർവഹിച്ചിട്ടുള്ളത്. ഈശാവാസ്യോപനിഷത്ത്, തിരുക്കുറൾ, ഒടു വിലൊഴുക്കം എന്നിവയാണ് പൂർണ്ണ വിവർത്ത നകൃതികളായിട്ടുള്ളത്. നിരവധി ചെറുശ്ലോക ങ്ങളുടെ വിവർത്തനങ്ങളും ഗുരു ചെയ്തിട്ടുണ്ട്. വിവർത്തന ശാഖയ്ക്കും അദ്ദേഹം സംഭാവ നകൾ നൽകുകയുണ്ടായി. തിറുക്കുറൾ എന്ന പ്രസിദ്ധമായ തമിഴ് ഗ്രന്ഥമാണ് മലയാളത്തിലേ യ്ക്ക് മൊഴിമാറ്റം നടത്തിയത്.

### 4.1.6 ഗദ്യകൃതികൾ

1. ഗദ്യപ്രാർത്ഥന
2. ദൈവചിന്തനം
3. ആത്മവിലാസം
4. ചിജ്ജഡചിന്തകം

കാവ്യങ്ങളോടൊപ്പം തന്നെ ഗദ്യകൃതികളും ഗുരു രചിച്ചിട്ടുണ്ട്. ഗദ്യകൃതികൾ വളരെ കുറച്ചു മാത്രമേ ഗുരു രചിച്ചിട്ടുള്ളൂ. ഗദ്യപ്രാർത്ഥന, ദൈ വചിന്തനം, ആത്മവിലാസം, ചിജ്ജഡചിന്തകം എന്നിവയാണ് ഗുരുവിന്റെ പ്രധാന ഗദ്യകൃതി കളാണ്. നിലവിലുള്ള സാമൂഹ്യവ്യവസ്ഥയുടെ കീഴ്‌വഴക്കങ്ങൾ എല്ലാം ലംഘിച്ചുകൊണ്ട് നാരാ യണഗുരു സാഹിത്യരചനയിലൂടെ സാമൂഹ്യമാ റ്റത്തിന് ശ്രമിക്കുമ്പോൾ അത് തിരുത്തപ്പെടാനാ വാത്ത ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്. പ്രത്യക്ഷമായ എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടി ല്ലാത്ത നാരായണഗുരു ദൈനംദിന ഇടപെടലു കളിലൂടെ ബ്രാഹ്മണ്യത്തിനെതിരെ പൊരുതി. ഇനം ഏതെന്ന് ചോദിച്ചാൽ മനുഷ്യൻ എന്ന് ഉത്തരം പറയുന്ന കാലത്തിലേക്കുള്ള വളർച്ചയ് ക്ക് വളമാകുക എന്ന് ലക്ഷ്യത്തിനുവേണ്ടിയാണ് ഗുരു തന്റെ കൃതികൾ ഭൂരിഭാഗവും ആവിഷ്കരി ച്ചിരിക്കുന്നത്.

വിരലിലെണ്ണാവുന്ന കൃതികൾ മാത്രമാണ് ഗുരു ഗദ്യത്തിലെഴുതിയത്. എഴുതപ്പെട്ട സാ ഹിത്യകൃതികളിൽ മാത്രം ഒതുങ്ങുന്നില്ല ഗുരു

SGOU

ദേവൻ ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ. ഉപദേശങ്ങൾ പോലെ അവിട വിടെയായി അദ്ദേഹം കോറിയിട്ട വാക്കുകൾ ഭാഷാഭംഗിയും ആശയഗാംഭീര്യവുമുള്ള രത്ന ങ്ങളാണ്. ഏറ്റവും നല്ല ഒരുദാഹരണം പറയാം. 'ജാതിഭേദം മതദ്വേഷം / ഏതുമില്ലാതെ സർവ്വരും / സോദരത്വേന വാഴുന്ന / മാതൃകാ സ്ഥാനമാണി ത്' എത്ര ലളിതമായ വാക്കുകളാണിവ. അതു പോലെ ആലുവയിൽ 2-ാം ലോകമതസമ്മേളനം സംഘടിപ്പിച്ചപ്പോൾ ഗുരു അതിന്റെ കവാടത്തിൽ എഴുതിവെച്ചു. 'വാദിക്കാനും ജയിക്കാനുമല്ല/അ റിയാനും അറിയിക്കാനുമാണ്' എന്ന്. ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ, എല്ലാവർക്കും മന സ്സിലാവുന്ന ഭാഷയിൽ അതിഗംഭീരമായ ആശ യങ്ങൾ അതിമനോഹരമായി അവതരിപ്പിക്കാൻ മഹാൻമാരായ എഴുത്തുകാർക്കേ സാധിക്കുക യുള്ളു. നാരായണഗുരു അത്തരം എഴുത്തുകാ രുടെ നിലയിലാണ്. മറ്റ് മേഖലകളിലുള്ള ഗു രുവിന്റെ പർവതസമാനമായ ഔന്നത്യം മൂലം അദ്ദേഹത്തിന്റെ സാഹിത്യമേഖലയിലെ സംഭാ വനകൾ തിരിച്ചറിയപ്പെടാതെ പോവുകയാണ്.

### 6.1.7 ഗുരുപ്രഭാവം മലയാളസാഹിത്യ കൃതികളിൽ

1928 - ൽ ശ്രീനാരായണഗുരു അന്തരിക്കുന്നത് വരെ സാമൂഹ്യമാറ്റത്തിനു വേണ്ടിയിട്ടുള്ള പോ രാട്ടങ്ങൾക്ക് നേതൃത്വം നൽകി. എന്നാൽ, ശ്രീനാ രായണഗുരുവിന്റെ സംഭാവനകൾ മലയാളത്തി നും മലയാള ഭാഷക്കും എത്രത്തോളം ഗുണം ചെയ്തു എന്ന് വേണ്ടത്ര ചർച്ചചെയ്യപ്പെട്ടിട്ടില്ല. മലയാള ഭാഷയും സാഹിത്യവും ഗുരുദേവനും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുന്നതിന് വളരെ യധികം പ്രസക്തിയുണ്ട്. ചരിത്രബദ്ധവും ചരി ത്രാതിവർത്തിയുമായ നവോത്ഥാനകാലത്തിന്റെ പുനരാവിഷ്കരണം കൂടിയാണ് ഗുരുവിന്റെ കൃ തികളിലൂടെ സാർത്ഥകമാക്കിയിരിക്കുന്നത്.

നാരായണഗുരുവിന്റെ കൃതികളെ സംബ ന്ധിച്ചുള്ള നിരവധി വ്യാഖ്യാനങ്ങൾ നമുക്ക് ലഭ്യമാണ്. ഇന്ത്യയിലെ മുൻനിര കവികളും നിരൂപകരുമായ ഡോ.കെ. സച്ചിദാനന്ദൻ നാരാ യണഗുരുവിന്റെ സാഹിത്യപരവും ദാർശനികവു മായ സംഭാവനകളെക്കുറിച്ച് വിപുലമായി എഴു തിയിട്ടുണ്ട്. തന്റെ കവിതകളിൽ ലാളിത്യവും ആഴവും സമന്വയിപ്പിക്കാനും അദ്ദേഹത്തിന്റെ ആത്മീയവും സാമൂഹികവുമായ സന്ദേശങ്ങൾ വിശാലമായ പ്രേക്ഷകർക്ക് പ്രാപ്യമാക്കാനു മുള്ള ഗുരുവിന്റെ കഴിവ് സച്ചിദാനന്ദൻ തന്റെ ഉപന്യാസങ്ങളിൽ എടുത്തുകാണിക്കുന്നു. ജാ തി അടിസ്ഥാനമാക്കിയുള്ള വിവേചനത്തിന്റെ അസംബന്ധം തുറന്നുകാട്ടാൻ തന്റെ കവി തകളിൽ വിവേകവും ആക്ഷേപഹാസ്യവും ഉപയോഗിക്കാനുള്ള ഗുരുവിന്റെ കഴിവിനെ സച്ചിദാനന്ദൻ പ്രത്യേകിച്ചും അഭിനന്ദിക്കുന്നു. ഗുരുവിന്റെ കവിത, ആഴത്തിൽ ദാർശനികമാ ണെങ്കിലും, ജാതിയുടെ യുക്തിരഹിതമായ സമ്പ്രദായങ്ങളെ തള്ളിക്കളയാനും കൂടുതൽ യു ക്തിസഹവും സമഗ്രവുമായ ആത്മീയത സ്വീക രിക്കാനും ആളുകളെ പ്രേരിപ്പിക്കുന്ന ഒരു സാമൂ ഹിക വ്യാഖ്യാനരൂപമായും വർത്തിക്കുന്നു.

സാഹിത്യകാരൻ എന്ന നിലയിൽ ശ്രീനാരാ യണ ഗുരുവിനെ സമൂഹം വേണ്ടത്ര മനസ്സിലാ ക്കിയിട്ടില്ല. അദ്ദേഹം മലയാളം സംസ്കൃതം തമിഴ് ഭാഷകളിലായി എഴുപതിലധികം കൃതി കൾ രചിച്ചിട്ടുണ്ട്. സംസ്കൃത വ്യാകരണത്തി ലും വേദാന്തത്തിലും അഗാധമായ പാണ്ഡിത്യം ഗുരുവിനുണ്ടായിരുന്നു. നാരായണ ഗുരുവിന്റെ സാഹിത്യസംഭാവനകൾ വിലയിരുത്തുമ്പോൾ രണ്ട് കാര്യങ്ങൾ കാണേണ്ടതുണ്ട്. അദ്ദേഹം രചിച്ച കൃതികളാണ് അതിലൊന്ന്. ഗുരുദേവന്റെ ആദർശങ്ങളെ പിൻപറ്റി എഴുതപ്പെട്ട രചനക ളും ഇതോടൊപ്പം കാണണം. അതുകൂടി ചേരു മ്പോൾ മാത്രമാണ് ഗുരുദേവസാഹിത്യം സമ്പൂർ ണമാവുക. കുമാരനാശാൻ മുതൽ പ്രൊഫ. എം. കെ. സാനുവരെ നിരവധി പ്രഗത്ഭരായ എഴുത്തു കാർ ഗുരുദേവന്റെ ആശയങ്ങളെകുറിച്ച് എഴുതി. അവരുടെ സംഭാവനകൂടി ഉൾച്ചേർക്കുമ്പോൾ കണ്ണെത്താദൂരത്തേക്ക് പടർന്ന് കിടക്കുന്ന കടൽ പോലെയാണ് ഗുരുദേവസാഹിത്യം എന്ന് പറയേണ്ടി വരുന്നു.

നാരായണഗുരു സാഹിത്യസൃഷ്ടികൾ നട ത്തുന്ന കാലം വളരെ പ്രത്യേകതയുള്ളതാണ്. കുഞ്ചൻനമ്പ്യാർക്ക് ശേഷം ഒരു നൂറ്റാണ്ട്കാലം മലയാള സാഹിത്യരംഗം ശുഷ്കമായിരുന്നു. ഈ കാലഘട്ടത്തിൽ ഒരുപാട് കാവ്യഗ്രന്ഥങ്ങളു ണ്ടായെങ്കിലും ഒട്ടും പുതുമയുള്ളതായിരുന്നില്ല. എന്നാൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവ

SGOU

സാനത്തോടെ ഇത് വീണ്ടും സജീവമായി. പ്രതാപം വീണ്ടെടുക്കുന്ന മലയാളസാഹിത്യത്തിന് ദാർശനികതയുടെ ദിവ്യശോഭ നൽകാൻ നാരായണഗുരുവിന്റെ ദർശനങ്ങൾക്ക് സാധിച്ചു. അദ്ദേഹം പ്രധാനമായും കവിയായിരുന്നു. മലയാളകവിതയ്ക്ക് ദിശാബോധം നൽകിയ വ്യക്തിയാണദ്ദേഹം. അതോടൊപ്പം പുരോഗമനസാഹിത്യം എന്ന് നാമിപ്പോൾ വിശേഷിപ്പിക്കുന്ന സാഹിത്യശാഖയ്ക്ക് വിത്തിട്ടത് അദ്ദേഹമാണ്. കേന്ദ്രസാഹിത്യ അക്കാദമി ഭാരതീയ സാഹിത്യശിൽപ്പികളെപറ്റി പുറത്തിറക്കിയ പുസ്തകത്തിൽ ഇക്കാര്യം എടുത്ത് പറയുന്നുണ്ട്. കവിതയിലെ ആശയങ്ങളെക്കുറിച്ച് ഗുരുവിന് നല്ല ബോധ്യമുണ്ടായിരുന്നു. മഹാകവി കുമാരനാശാൻ ഗുരുവിന്റെ കാവ്യസംബന്ധിയായ ഉപദേശങ്ങൾ സ്വീകരിച്ചിരുന്നു. അന്നത്തെ മലയാള കവിതാസാഹിത്യത്തിൽ വെൺമണിശൃംഗാരം നിറഞ്ഞ കവിതകളായിരുന്നു കൂടുതലും. ഇത് തെറ്റായ മൂല്യബോധം സൃഷ്ടിക്കുമെന്ന് ഗുരുവിന് തോന്നിയിരുന്നതിനാലാണ് കവിതയിൽ ശൃംഗാരം അധികമായി കടന്നുവരരുതെന്ന് ഗുരു ആശാനെ ഉപദേശിക്കുകയുണ്ടായത്.

യഥാർഥത്തിൽ പുരോഗമന സാഹിത്യത്തിന് നാന്ദികുറിച്ചത് നാരായണഗുരുവാണ്. 'കല ജീവിതത്തിന് വേണ്ടി' എന്നു കരുതിയവരാണ് പുരോഗമന സാഹിത്യകാരൻമാർ. എന്നാൽ, 1914 - ൽ തന്നെ നാരായണഗുരു സമത്വവും സാഹോദര്യവും ഉയർത്തിക്കാട്ടുന്ന 'ജാതിനിർണയം' എന്ന കൃതി രചിച്ചുകഴിഞ്ഞിരുന്നു. 'ഒരു ജാതി ഒരുമതം / ഒരുദൈവം മനുഷ്യന് / ഒരു യോനി ഒരാകാരം / ഒരുഭേദവുമില്ലതിൽ' എന്ന് അദ്ദേഹം എഴുതി. 'നരനും നരനും തമ്മിൽ / സാഹോദര്യമുദിക്കണം / അതിന് വിഘ്നമായുള്ള- / തെല്ലാമില്ലാതെയാക്കണം'. എന്ന കാര്യത്തിലും ഗുരുവിന് സംശയമില്ല. ഈ കൃതികളാണ് മലയാള സാഹിത്യത്തിൽ പുരോഗമന സാഹിത്യത്തിന് തുടക്കം കുറിച്ചത്. ആശാനെപോലുള്ളവർ ഗുരുദേവൻ നൽകിയ പതാക ഏറ്റുവാങ്ങുകയാണ് ചെയ്തത്. സംസ്കൃതത്തിൽ നല്ല അറിവുണ്ടായിരുന്ന നാരായണഗുരു മലയാളത്തിലെഴുതുമ്പോൾ ശുദ്ധമലയാളം തന്നെയാണ് പ്രയോഗിച്ചത്. ഏറ്റവും ലളിതമായിരുന്നു അദ്ദേഹത്തിന്റെ ശൈലി. ഉപനിഷത്തിലെയും മറ്റും ഗഹനമായ ആശയങ്ങൾ ഇത്ര ലളിതമായി വ്യാഖ്യാനിച്ചവർ മലയാളത്തിൽ അധികമില്ല. ഗുരുവിന്റെ 'അറിവ്' എന്ന പുസ്തകം ഇതിനുള്ള ഉദാഹരണമാണ്. ശ്രീനാരായണ ഗുരുവാകട്ടെ പച്ചമലയാളത്തിലാണ് ഈ കൃതി എഴുതിയത്.

ഗുരുവിന്റെ ദർശനസ്വാധീനത്താൽ നിരവധി കൃതികളാണ് മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടുള്ളത്. നാരായണഗുരുവിന്റ ജീവിതത്തെക്കുറിച്ചറിയാൻ എല്ലാവർക്കും ആകാംക്ഷയുണ്ട്. നാരായണഗുരു ആത്മകഥ എഴുതിയിട്ടില്ലാത്തതിനാൽ അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയാനായി നമ്മെ സഹായിക്കുന്നത് ജീവചരിത്ര കൃതികളാണ്. മലയാളത്തിൽ ഏറ്റവുമധികം ജീവചരിത്രങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രീനാരായണഗുരുവിനെയും ആശാനെയും പറ്റിയാണ്. കേരളീയ ജീവിത നവോത്ഥാനത്തിന്റെ അമരത്ത് നിലകൊള്ളുന്ന ഗുരുവിനെപ്പറ്റി പലതരത്തിൽ ജീവചരിത്രങ്ങൾ ഇപ്പോഴും പുറത്തു വന്നുകൊണ്ടിരിക്കുന്നു. എം. കെ. സാനുവിന്റെ 'നാരായണഗുരുസ്വാമി എന്ന ജീവചരിത്രം അക്കാദമിക രംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്.

ശ്രീനാരായണ ഗുരുവിനെക്കുറിച്ച് മലയാളത്തിൽ വന്ന ആദ്യപുസ്തകം _ ശ്രീനാരായണ ഗുരുസ്വാമി(മയ്യനാട് കെ. ദാമോദരൻ) ഈ കൃതിയുടെ അവതാരിക എഴുതിയത് ഇ.വി. കൃഷ്ണപിള്ളയാണ്. കുമാരനാശൻ (നാരായണഗുരു) മൂർക്കോത്ത് കുമാരൻ (ശ്രീനാരായണ ഗുരുസ്വാമി) പി.കെ. ബാലകൃഷ്ണൻ (നാരായണഗുരു) നിത്യചൈതന്യയതി (നാരായണഗുരു) എസ്. രമേശൻനായർ (ഗുരുപൗർണമി) ഡോ.ടി. ഭാസ്കരൻ (ശ്രീനാരായണഗുരു) കെ. ദാമോദരൻ (ശ്രീനാരായണഗുരുസ്വാമി ജീവചരിത്രം) വേലായുധൻ കോട്ടുക്കോയിക്കൽ, (ശ്രീനാരായണ ഗുരു), കെ. എൻ. ഷാജി ( നാരായണഗുരു ജീവിതം, കൃതികൾ, ദർശനം) സുകുമാർ അഴീക്കോട് (ഗുരുവിന്റെ ദു:ഖം) ഡോ.കെ. സുഗതൻ. (ബുദ്ധനും നാണുഗുരുവും) ഡോ.ടി. ഭാസ്കരൻ (ശ്രീനാരായണഗുരുവും മാനവികതയും) ഡോ. ടി. ഭാസ്കരൻ (ശ്രീനാരായണഗുരു വൈഖരി) വിഷ്ണുനാരായണൻ നമ്പൂതിരി, (ഗുരുവാങ്മയം) വിജയാലയം വിജയകുമാർ (ശ്രീനാരായണ ഗുരു : ഒരു സംഗ്രഹപഠനം) തുടങ്ങിയവ ശ്രദ്ധേയങ്ങളാണ്. നിരവധി നോവലുകളും കഥകളും

SGOU

ഗുരുവിന്റെ പ്രഭാവത്താൽ രചിക്കപ്പെട്ടിട്ടുണ്ട്. കെ. സുരേന്ദ്രന്റെ ഗുരു, പെരുമ്പടവം ശ്രീധരന്റെ നാരായണം, ഇരിഞ്ചയം രവിയുടെ ഗുരുമാനസം തുടങ്ങിയ നോവലുകളും വി. ഷിനിലാലിന്റെ "ഗരിസപ്പാ അരുവി അഥവാ ഒരു ജലയാത്ര" എന്ന കഥയും ഗുരുവിന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ളതാണ്.

ശ്രീനാരായണഗുരുവിനെ പലരും പല തരത്തിലാണ് വിലയിരുത്തുന്നത്. ചിലർക്ക് അദ്ദേഹം ഒരു ആത്മീയ പുരുഷനാണ്. ചിലർക്ക് നവോത്ഥാനനായകനാണ്. ചിലർക്ക് അദ്ദേഹം മഹാനായ സാഹിത്യകാരനാണ്. മറ്റുചിലർക്ക് ആകെട്ടെ അദ്ദേഹം ദൈവവുമാണ്. എന്നാൽ, ഗുരു ഒരു യാഥാർത്ഥ്യമാണ്. വിശ്വാസത്തേക്കാൾ എത്രയോ ഉയരത്തിലാണ് യാഥാർത്ഥ്യത്തിന്റെ സ്ഥാനം. അതുകൊണ്ട് ദൈവം എന്ന സങ്കൽപ്പത്തേക്കാൾ ഉന്നതങ്ങളിലാണ് ശ്രീനാരായണ ഗുരു എന്ന യാഥാർത്ഥ്യം നിലകൊള്ളുന്നത്.

## Recap

- ശ്രീനാരായണ ഗുരുദേവദർശനം മാനവികതയെക്കുറിച്ചും സമാധാനത്തെക്കുറിച്ചുമാണ് പ്രവചിക്കുന്നത്
- സ്വാമി വിവേകാനന്ദൻ കേരളത്തെ ഒരു ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കാലത്താണ് ഗുരു സാമൂഹ്യസേവനം ആരംഭിക്കുന്നത്
- 1888-ൽ അരുവിപ്പുറത്ത് പുഴയിൽനിന്ന് മുങ്ങിയെടുത്ത കല്ല് ഒരു തറയിൽ പ്രതിഷ്ഠിച്ച് ഗുരു മതനവീകരണത്തിന് തുടക്കമിടുകയായിരുന്നു
- കേരളത്തിലങ്ങോളമിങ്ങോളം നാല്പതോളം ക്ഷേത്രങ്ങൾ ഗുരു സ്ഥാപിച്ചു
- ബിംബത്തിനുപകരം മുഖക്കണ്ണാടി പ്രതിഷ്ഠിച്ചതിലൂടെ അന്ധവിശ്വാസത്തിനുപകരം അവനവനെ ആരാധിക്കുന്നതാണ് നല്ലതെന്ന് ബോധ്യപ്പെടുത്തി
- മതം വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണെന്ന അതിന്റെ മുദ്രാവാക്യം
- അധഃകൃതരുടെ വിമോചനം വിദ്യാഭ്യാസം കൊണ്ട് മാത്രമേ സാധിക്കൂ എന്ന് ഗുരു മനസ്സിലാക്കിയിരുന്നു.
- യോഗത്തിന്റെ മുഖപത്രമായ വിവേകോദയം ദ്വൈമാസിക കുമാരനാശാന്റെ പത്രാധിപത്യത്തിൽ 1904-ൽ ആരംഭിച്ചു
- വേദസത്തയ്ക്കൊപ്പം ശൈവസിദ്ധാന്തവും കൂടിച്ചേർന്നതായിരുന്നു ഗുരുവിന്റെ വാങ്മയം
- ഗദ്യപ്രാർത്ഥന, ദൈവചിന്തനം, ആത്മവിലാസം, ചിജ്ജഡചിന്തകം എന്നിവയാണ് ഗുരുവിന്റെ പ്രധാന ഗദ്യകൃതികളാണ്
- 'വാദിക്കാനും ജയിക്കാനുമല്ല/അറിയാനും അറിയിക്കാനുമാണ്'
- മലയാളം സംസ്കൃതം തമിഴ് ഭാഷകളിലായി എഴുപതിലധികം കൃതികൾ രചിച്ചിട്ടുണ്ട്.
- മലയാളകവിതയ്ക്ക് ദിശാബോധം നൽകിയ വ്യക്തിയാണദ്ദേഹം
- കവിതയിലെ ആശയങ്ങളെക്കുറിച്ച് ഗുരുവിന് നല്ല ബോധ്യമുണ്ടായിരുന്നു
- യഥാർഥത്തിൽ പുരോഗമന സാഹിത്യത്തിന് നാന്ദികുറിച്ചത് നാരായണഗുരുവാണ്
- സംസ്കൃതത്തിൽ നല്ല അറിവുണ്ടായിരുന്ന നാരായണഗുരു മലയാളത്തിലെഴുതുമ്പോൾ ശുദ്ധമലയാളം തന്നെയാണ് പ്രയോഗിച്ചത്
- ഗുരുവിന്റെ 'അറിവ്' എന്ന പുസ്തകം
- മലയാളത്തിൽ ഏറ്റവുമധികം ജീവചരിത്രങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രീനാരായണഗുരുവിനെയും ആശാനെയും പറ്റിയാണ്

SGOU

- ശ്രീനാരായണ ഗുരുവിനെക്കുറിച്ച് മലയാളത്തിൽ വന്ന ആദ്യപുസ്തകം _ ശ്രീനാരായണ ഗുരുസ്വാമി
- 'ഗരിസപ്പാ അരുവി അഥവാ ഒരു ജലയാത്ര" എന്ന കഥ ഗുരുവിന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ളതാണ്.
- ഗുരു ഒരു യാഥാർത്ഥ്യമാണ്.

## Objective Type Questions

1. ബിംബത്തിനുപകരം ശ്രീനാരായണഗുരു പ്രതിഷ്ഠിച്ചതെന്ത്?
2. എസ്.എൻ.ഡി.പി യോഗത്തിന്റെ മുഖപത്രം ഏതാണ്?
3. ഗുരുവിന്റെ പൂർണ വിവർത്തന കൃതികൾ ഏവ?
4. ശ്രീ നാരായണഗുരുസ്വാമി എന്ന ജീവചരിത്രം എഴുതിയതാരാണ്?
5. ഗരിസപ്പാ അരുവി അഥവാ ഒരു ജലയാത്ര ആരുടെ കൃതിയാണ്?
6. ഗുരുവിന്റെ ജീവിതത്തെ ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച നോവൽ ഏത്?
7. ഗുരുവിന്റെ ദുഃഖം എന്ന കൃതിയുടെ രചയിതാവ് ആരാണ്?
8. ശ്രീ നാരായണഗുരു അരുവിക്കരയിൽ ശിവപ്രതിഷ്ഠ നടത്തിയ വർഷം?
9. വാധിക്കാനും ജയിക്കാനും അല്ല അറിയാനും അറിയിക്കാനും ആണ് ആരുടെ പ്രശസ്തമായ വാക്കുകൾ ആണിത്?
10. ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ ആദ്യത്തെ സെക്രട്ടറി ആര്?

## Answers

1. മുഖക്കണ്ണാടി
2. വിവേകോദയം
3. ഈശാവാസ്യോപനിഷത് ,തിരുക്കുറൾ, ഒടുവിലൊഴുക്കം
4. മയ്യനാട് കെ. ദാമോദരൻ
5. വി.ഷിനിലാൽ
6. നാരായണം
7. സുകുമാർ അഴീക്കോട്
8. 1888 ഫെബ്രുവരി
9. ശ്രീനാരായണഗുരു
10. കുമാരനാശാൻ

SGOU

## Assignment

1. ശ്രീനാരായണഗുരുവും കേരളത്തിന്റെ ആധുനീകരണവും എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക
2. അരുവിപ്പുറം പ്രതിഷ്ഠയെക്കുറിച്ച് വിവരിക്കുക
3. ശ്രീനാരായണഗുരുവിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ വിലയിരുത്തുക
4. എസ്.എൻ.ഡി.പി. യോഗത്തെക്കുറിച്ച് വിശദീകരിക്കുക
5. മലയാളസാഹിത്യത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ശ്രീനാരായണപ്രഭാവം എന്ന വിഷയത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക

## Suggested Reading


1. പി.കെ. ബാലകൃഷ്ണൻ, നാരായണഗുരു, ഡി.സി. ബുക്സ്, കോട്ടയം
2. ഡോ. ടി. ഭാസ്കരൻ, (എഡി.) ശ്രീനാരായണഗുരുവും മാനവികതയും, മാതൃഭൂമി ബുക്സ്, കോഴിക്കോട്
3. ടി.ഭാസ്കരൻ, ശ്രീനാരായണഗുരു വൈഖരി, എസ്.എൻ.ഡി.പി. യൂണിയൻ, പെരുമ്പാവൂർ
4. എഡി: കെ. എൻ ഷാജി, നാരായണഗുരു, വിഷ്ണുനാരായണൻ നമ്പൂതിരി, ഗുരുവാങ്മയം കറന്റ് ബുക്സ്, തൃശൂർ
5. പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, ശ്രീനാരായണ ഗുരുദേവകൃതികൾ, ശ്രീ നാരായണ ധർമ്മസംഘം, വർക്കല, തിരുവനന്തപുരം
6. ഡോ.ധർമ്മരാജ് അടാട്ട്, ശ്രീശങ്കരനും ശ്രീനാരായണഗുരുവും മൈത്രി ബുക്സ്, തിരുവനന്തപുരം
7. സച്ചിദാനന്ദസ്വാമി, ശ്രീനാരായണദർശനം 21-ാം നൂറ്റാണ്ടിൽ, സച്ചിദാനന്ദസ്വാമി സ്വാമിഗീതാനന്ദഗായത്രി ആശ്രമം ട്രസ്റ്റ്


## Reference


1. ഡോ. ടി. ഭാസ്കരൻ, ശ്രീനാരായണഗുരുവിന്റെ സമ്പൂർണകൃതികൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
2. ഡോ. ഗീതാസുരാജ്, ശ്രീനാരായണഗുരുവിന്റെ സ്തോത്രങ്ങൾ - ഒരു പഠനം, നാരായണ ഗുരുകുലം, വർക്കല, തിരുവനന്തപുരം
3. മുനി നാരായണപ്രസാദ് (എഡി), നാരായണഗുരു സമ്പൂർണകൃതികൾ, നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡെൽഹി, 2015
4. വേലായുധൻ കോട്ടുക്കോയിക്കൽ, ശ്രീനാരായണഗുരു, കറന്റ് ബുക്സ്, തൃശൂർ, 2007
5. കെ. എൻ. ഷാജി, നാരായണഗുരു ജീവിതം, കൃതികൾ, ദർശനം, കറന്റ് ബുക്സ്, തൃശൂർ, 2002
6. പി.എൻ.ഗോപീകൃഷ്ണൻ, ഗുരുവും ആശാനും പിൻഗാമികളും, മാതൃഭൂമി ബുക്സ്, കോഴിക്കോട്
7. സുകുമാർ അഴീക്കോട്, ഗുരുവിന്റെ ദു:ഖം, ഇംപ്രിന്റ്ബുക്സ്, 1993
8. ഡോ. കെ. സുഗതൻ, ബുദ്ധനും നാണുഗുരുവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2004
9. ഡോ.വള്ളിക്കാവ് മോഹൻദാസ്, ശ്രീനാരായണസാഹിത്യദർശനം, എൻ.ബി.എസ്, കോട്ടയം
10. എം.എസ്. ജയപ്രകാശ്, ശ്രീനാരായണഗുരുവും സാംസ്കാരിക വിപ്ലവവും മൈത്രി ബുക്സ്, തിരുവനന്തപുരം
11. ഡോ.ടി.ഭാസ്കരൻ, ശ്രീനാരായണദർശനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്


SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ..................................**

**Name : ……............................**

**FOUR YEAR UNDER GRADUATE DEGREE EXAMINATIONS**
**SEMESTER IV - BA MALAYALAM (HONOURS)**
**MAJOR DISCIPLINE SPECIFIC ELECTIVE COURSE - SGB24ML202ME -**
**ഗുരുപ്രഭാവം**
**MODEL QUESTION PAPER- SET- A**
**2024-25 - Admission Onwards**

**Time: 3 Hours** **Max Marks: 70**

## SECTION A

**I. ഏതെങ്കിലും എട്ട് ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോ മാർക്ക് വീതം** **(1× 8 = 8)**

1. തൊണ്ണൂറാമാണ്ട് സമരത്തിന് നേതൃത്വം നൽകിയതാര്?
2. അയ്യാ വൈകുണ്ഠസ്വാമികൾ സ്ഥാപിച്ച സംഘടനയുടെ പേരെന്ത്?
3. അരുവിപ്പുറം പ്രതിഷ്ഠയുടെ ലക്ഷ്യമെന്തായിരുന്നു?
4. നാരായണഗുരു കണ്ണാടി പ്രതിഷ്ഠ നടത്തിയതെവിടെ? എന്ന്?
5. ഗുരുവായൂർ സത്യാഗ്രഹം നടന്നതെന്ന്? ലക്ഷ്യമെന്തായിരുന്നു?
6. ക്ഷേത്രപ്രവേശന വിളംബരം നടന്നതെന്ന്?
7. എസ്.എൻ.ഡി.പി. സ്ഥാപിതമായതെന്ന്?
8. വാഗ്ഭടാനന്ദൻ നടത്തിയ പന്തിഭോജനം ഏതു പേരിലറിയപ്പെടുന്നു?
9. ഒന്റേ ജാതി, ഒന്റേ മതം, ഒന്റേ ദൈവം, ഒന്റേ ഉലകം, ഒന്റേ അരശ് എന്ന മുദ്രാവാക്യം ആരുടേതാണ്?
10. ചാന്നാർലഹളയുടെ ഉദ്ദേശ്യലക്ഷ്യമെന്തായിരുന്നു?

SGOU

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടുമാർക്ക് വീതം**

**(2× 6 = 12)**

11. അരുവിപ്പുറം പ്രതിഷ്ഠയെപ്പറ്റി ഇ. എം എസ് നമ്പൂതിരിപ്പാടിന്റെ അഭിപ്രായമെന്തായിരുന്നു?
12. കേരളത്തിലെ ഭക്തിപ്രസ്ഥാന ചരിത്രത്തിൽ ഉൾപ്പെടുന്ന കവികൾ ആരെല്ലാം?
13. നാരായണഗുരുവിന്റെ പ്രധാനപ്പെട്ട ദാർശനിക കൃതികൾ ഏതെല്ലാം?
14. ഗുരുവിന്റെ ആത്മസങ്കല്പം ആത്മോപദേശശതകത്തിൽ പ്രതിപാദിതമാകുന്നതെങ്ങനെ?
15. ചാന്നാർ ലഹളയ്ക്ക് കാരണമായ കേരളത്തിലെ സാമൂഹ്യ സാഹചര്യങ്ങൾ വിദശമാക്കുക
16. ഹരിജനങ്ങുടെ ക്ഷേത്രപ്രവേശനത്തിനായി ആനന്ദതീർഥൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക?

17. ദൈവദശകം എന്ന കൃതിയുടെ പ്രസക്തി എന്ത്?
18. ആലുവ സർവമത സമ്മേളനത്തിലൂടെ ഗുരു ഉയർത്തിയ ദർശനങ്ങൾ ഏതെല്ലാം?

## SECTION C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചുമാർക്ക് വീതം**
**(5× 6 = 30)**

19. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ ഗുരുചിന്തകൾ ക്രോഡീകരിക്കുക
20. ഗുരുവിന്റെ പരിവ്രാജകജീവിതത്തെക്കുറിച്ച് വിശദീകരിക്കുക?
21. സഹോദരൻ അയ്യപ്പന്റെ ജാതിവിരുദ്ധ പ്രവർത്തനത്തെക്കുറിച്ച് വിവരിക്കുക?
22. ജീവിതസമരം എന്ന ആത്മകഥയെ അന്വർഥമാക്കുന്ന ജീവിതമായിരുന്നു സി. കേശവന്റേത് എന്ന അഭിപ്രായത്തെ വിലയിരുത്തുക
23. പ്രബോധനാത്മക കൃതികൾ എന്നാലെന്താണ്? ഗുരുവിന്റെ ഏതെങ്കിലും ഒരു കൃതിയെ പരിചയപ്പെടുത്തി സമർഥിക്കുക
24. നിത്യചൈതന്യയതിയെ കമ്യൂണിസ്റ്റായ സന്യാസി എന്ന് വിളിക്കാനുണ്ടായ പ്രവർത്തനങ്ങൾ വിലയിരുത്തുക
25. എസ്.എൻ.ഡി.പി യോഗത്തിന്റെ പ്രവർത്തനലക്ഷ്യങ്ങളെക്കുറിച്ച് അപഗ്രഥിക്കുക
26. 19-ാം നൂറ്റാണ്ടിലെ കേരള നവോത്ഥാനരംഗത്ത് ക്രിസ്ത്യൻ മിഷണറിമാരുടെ സംഭാവനങ്ങൾ വിലയിരുത്തുക

## SECTION D

**IV.ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്ത് മാർക്ക് വീതം**
**(10× 2 = 20)**

27. നവോത്ഥാനനായകനെന്ന നിലയിൽ ഗുരുവിന്റെ ദർശനങ്ങളെപ്പറ്റി അപഗ്രഥിക്കുക
28. 19-ാം നൂറ്റാണ്ടിലെ നവോത്ഥാനകാലത്തെ ജാതിവിരുദ്ധ സമരങ്ങളെപ്പറ്റി അപഗ്രഥിക്കുക
29. ഗുരുവിന്റെ സമകാലികരായ നവോത്ഥാനനായകരുടെ പ്രവർത്തനങ്ങളെ ക്രോഡീകരിക്കുക
30. ഗുരുദേവകൃതികളെ പ്രധാനമായി എത്ര ഇനമായി തിരിക്കാം, ഏതെല്ലാമെന്ന് വിശദമാക്കുക

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ..................................**

**Name : ……............................**

**FOUR YEAR UNDER GRADUATE DEGREE EXAMINATIONS**
**SEMESTER IV - BA MALAYALAM (HONOURS)**
**MAJOR DISCIPLINE SPECIFIC ELECTIVE COURSE - SGB24ML202ME -**
**ഗുരുപ്രഭാവം**

**MODEL QUESTION PAPER- SET- A**

**2024-25 - Admission Onwards**

**Time: 3 Hours** **Max Marks: 70**

---

## SECTION A

**I. ഏതെങ്കിലും എട്ട് ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോ മാർക്ക് വീതം.** **(1× 8 = 8)**

1. സഹോദരൻ അയ്യപ്പൻ പന്തിഭോജനം സംഘടിപ്പിച്ച വർഷം?
2. വൈക്കം സത്യാഗ്രഹത്തിന്റെ ഉദ്ദേശ്യലക്ഷ്യമെന്തായിരുന്നു?
3. എസ്.എൻ.ഡി.പി.യുടെ ആദ്യ പ്രസിഡന്റും സെക്രട്ടറിയും ആരെല്ലാം?
4. സമസ്തസഹോദരസമ്മേളനം നടന്നതെന്ന്? എവിടെ വെച്ച്?
5. ഇന്ത്യയിലെ ആദ്യത്തെ സർവമതസമ്മേളനം കൂടിയതെന്ന്? എവിടെ വച്ച്?
6. സമപന്തിഭോജനം ആദ്യം നടപ്പിലാക്കിയ സാമൂഹ്യപരിഷ്കർത്താവാര്?
7. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ജാഥാ ക്യാപ്റ്റൻ ആരായിരുന്നു?
8. വി.ടി ഭട്ടതിരിപ്പാട് എഴുതിയ ചരിത്രപ്രധാനമായ നാടകം ഏത്?
9. നവോത്ഥാനനായകരിൽ വിദ്യാധിരാജൻ എന്നറിയപ്പെട്ടിരുന്നതാര്?
10. 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് എന്ന മുദ്രാവാക്യം ആരുടേതാണ്?

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടുമാർക്ക് വീതം** **(2× 6 = 12)**

11. സഹോദരസംഘം സ്ഥാപിച്ചതാര്? സഹോദരസംഘത്തിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാം?
12. ആലുവ സർവമത സമ്മേളനത്തെപ്പറ്റി ഗുരുവിന്റെ വാക്കുകളെന്തായിരുന്നു?
13. ചാന്നാർ ലഹള അറിയപ്പെടുന്നത് ഏതെല്ലാം പേരുകളിലാണ്? ലക്ഷ്യമെന്തായിരുന്നു?
14. എസ്.എൻ.ഡി. പി. രൂപീകരണത്തിന്റെ പശ്ചാത്തലം വിശദമാക്കുക?
15. രവീന്ദ്രനാഥടാഗോർ ശിവഗിരിയിലെ സന്ദർശക ഡയറിയിൽ കുറിച്ചതെന്ത്?

SGOU

16. നടരാജഗുരുവിന്റെ സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾ എന്തെല്ലാം?
17. കല്ലുമാല സമരത്തെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക?
18. ഗുരുവിന്റെ പ്രബോധനാത്മകകൃതികൾ ഏതെല്ലാം?

## SECTION C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചുമാർക്ക് വീതം**
**(5× 6 = 30)**

19. വിദ്യാഭ്യാസമേഖലയിൽ ഗുരുവിന്റെ സ്വാധീനം വിശദീകരിക്കുക
20. വൈക്കം സത്യാഗ്രഹത്തിന് പശ്ചാത്തലമൊരുക്കിയ സംഭവവികാസങ്ങളെപ്പറ്റി വിശദീകരിക്കുക
21. തിരുവിതാംകൂറിലെ ആദ്യത്തെ കർഷക തൊഴിലാളി സമരമെന്ന നിലയിൽ തൊണ്ണൂറാമാണ്ട് ലഹളയുടെ പ്രാധാന്യം വ്യക്തമാക്കുക
22. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം കേരളീയ സമൂഹത്തിലുണ്ടാക്കിയ ചലനങ്ങളെപ്പറ്റി വിശദീകരിക്കുക
23. ശ്രീനാരായണഗുരുവിന്റെ ക്ഷേത്രസങ്കല്പത്തെ വിവരിക്കുക
24. വാഗ്ഭടാനന്ദന്റെ നേതൃത്വത്തിൽ സ്ഥാപിതമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക
25. ശ്രീനാരായണഗുരു സർവമതസമ്മേളനം വിളിച്ചുചേർത്തതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായി രുന്നു?
26. ഗുരുവിന്റെ ബാല്യകാല ജീവിതസവിശേഷതകൾ വിശദീകരിക്കുക?

SGOU

## SECTION D

**IV.ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്ത് മാർക്ക് വീതം**
**(10× 2 = 20)**

27. സമകാലിക സാഹചര്യത്തിൽ ഗുരുദർശനങ്ങളുടെ പ്രസക്തി വിലയിരുത്തുക
28. നാരായണഗുരുവിന്റെ കാവ്യങ്ങളുടെ പ്രത്യേകതകൾ സ്തോത്രങ്ങളെയും, പ്രബോധനാത്മക കൃതികളെയും അടിസ്ഥാനമാക്കി വിശദീകരിക്കുക
29. കേരളചരിത്രത്തിലെ നവോത്ഥാന കാലത്തിലെ പ്രധാനസമരമായിരുന്നു തൊണ്ണൂറാമാണ്ട് ലഹള-വിശദീകരിക്കുക?
30. ഗുരുദർശനം പ്രവർത്തനമണ്ഡലത്തിൽ സ്വീകരിച്ച പ്രമുഖശിഷ്യന്മാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുക

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ്‌വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin : 673002
Ph: 04952920228
email:rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery
Kannur, Pin : 670106
Ph: 04952990494
email:rctdirector@sgou.ac.in

### Tripunithura
Govt. College
Tirpunithura, Ernakulam
Kerala, Pin : 682301
Ph: 04842927436
email:rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad
Kerala, Pin : 679303
Ph: 04662912009
email:rcddirector@sgou.ac.in


SGOU

# DON'T LET IT BE TOO LATE

# SAY NO TO DRUGS

## LOVE YOURSELF AND ALWAYS BE HEALTHY



SGOU

SREENARAYANAGURU OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# ഗുരുപ്രഭാവം

COURSE CODE :SGB24HD102AC

SGOU

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-996171-6-2